# കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്
# 'ജനകീയാസൂത്രണം'
# സമഗ്രവികസനരേഖ



വികസന സെമിനാർ
1997 ജനുവരി 25 ശനി



എൻെറ ജീവിതമാണ് എൻെറ സന്ദേശം.

"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്, എന്നാൽ, ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

49-5

# കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്
# 'ജനകീയാസൂത്രണം'
# സമഗ്രവികസനരേഖ

വികസന സെമിനാർ

1997 ജനുവരി 25 ശനി






□ശ്രീ കുട്ടപ്പൻ വെട്ടിക്കനാൽ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



□ശ്രീ തമ്പാൻ തോമസ്
പ്രസിഡന്റ്



□ശ്രീമതി ജയശ്രീ പ്രസന്നൻ
വൈസ് പ്രസിഡന്റ്

## കീ–റിസോഴ്സ് പേഴ്സൺസ്

1. ശ്രീമതി. ലതികാ സുഭാഷ്
2. പ്രൊഫ: കെ.ആർ.ചന്ദ്രമോഹൻ
3. കുമാരി. മറിയമ്മ സ്കറിയാ

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. പി.എസ്.കുഞ്ഞൻ (ജനകീയാസൂത്രണം-പഞ്ചാ: കൺവീനർ)
2. കോട്ടയം മണി (ജോ: കൺവീനർ)
3. സാബു മാത്യു
4. സി.വി.ലൂക്കോസ്
5. പി.പ്രകാശ്
6. റ്റി.കെ.ശ്രീകുമാർ
7. റെജി മാത്യു
8. ഷാജി ജോസഫ്
9. ജയസൂര്യൻ
10. പി.എ.ശ്രീധരൻനായർ
11. കെ.ആർ.കൃഷ്ണൻനായർ

## കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

1. ശ്രീ.തമ്പാൻ തോമസ് (പ്രസിഡന്റ്)
2. ശ്രീമതി. ജയശ്രീ പ്രസന്നൻ (വൈസ് പ്രസിഡന്റ്)
3. ശ്രീ. കുട്ടപ്പൻ വെട്ടിക്കനാൽ (ചെയർമാൻ സ്റ്റാൻഡിംഗ് കമ്മിറ്റി)
4. ശ്രീ. കെ.എൻ.ശിവരാമപിള്ള (മെമ്പർ)
5. ശ്രീമതി. C.N. വാസന്തിക്കുട്ടി "
6. ശ്രീ. E.P. ചെല്ലപ്പൻ "
7. ശ്രീമതി. രമാദേവി രവീന്ദ്രൻ "
8. ശ്രീ. ഐപ്പ് മുതലക്കോണം "
9. ശ്രീ. T.C റോയി "
10. ശ്രീ. P.J സുധീന്ദ്രകുമാർ "
11. ശ്രീമതി. ചിന്നമ്മ വർഗ്ഗീസ് "
12. ശ്രീ. T.R. ഹാഷിക് "
13. ശ്രീമതി. ആലീസ് ജോസഫ് "
14. ശ്രീ. P.K. നാരായണപിള്ള "

**ഈ പഞ്ചായത്തിൽനിന്നും ഉള്ള ബ്ലോക്ക് പ്രതിനിധികൾ:**

1. പ്രൊഫ: K.R. ചന്ദ്രമോഹൻ
2. ശ്രീമതി. ബേബിക്കുട്ടി മാത്യു
3. കുമാരി മറിയമ്മ സ്കറിയ

**ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ**

1. ശ്രീമതി. ലതിക സുഭാഷ്
2. ശ്രീ. C.K. ജീവൻ

**ശ്രീ. രമേശ് ചെന്നിത്തല MP., ശ്രീ. തോമസ് ചാഴിക്കാടൻ MLA. എന്നിവരും ഈ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു.**

# താളുകൾ മറിക്കുമ്പോൾ


1. ആമുഖം ........................................ 4

2. സാമൂഹ്യ-സാംസ്കാരിക ചരിത്രം ........................ 6

3. പഞ്ചായത്ത് പൊതുവിവരണം ........................ 10

4. കൃഷി-ജലസേചനം ........................................ 13

5. കുടിവെള്ളം-പൊതുജനാരോഗ്യം ........................ 35

6. വിദ്യാഭ്യാസം ........................................ 51

7. വ്യവസായം ........................................ 62

8. വൈദ്യുതി ........................................ 66

9. വനിതാക്ഷേമം,

പട്ടികജാതി-പട്ടികവർഗ്ഗ വികസനം ........................ 78

10. മൃഗസംരക്ഷണം - മത്സ്യബന്ധനം ........................ 90

11. ഗതാഗതം ........................................ 96

12. വിഭവ സമാഹരണം ........................................ 111

13. സംസ്കാരം ........................................ 115

14. സഹകരണം ........................................ 118

15. പാർപ്പിടം - സാമൂഹ്യക്ഷേമം ........................ 121

16. ഉപസംഹാരം ........................................ 128

തോമസ് ചാഴികാടൻ
(ഏറ്റുമാന്നൂർ)
മെമ്പർ
കേരള നിയമസഭ
ചാഴികാട്ട്
എസ്. എച്ച്. മൗണ്ട്
കോട്ടയം–686 006

ഫോൺ:
കോട്ടയം–560678
തിരുവനന്തപുരം–443970
ഉഴവൂർ–0482–240678

സ്ഥലം: [illegible]

തീയതി: 11-1-96.

പ്രിയപ്പെട്ട ബെന്നി തോമസ്,

ജനകീയ ആസൂത്രണ പരിപാടിയോടനുബന്ധിച്ച് കുമാരനല്ലൂർ പഞ്ചായത്തിന്റെ വികസന രേഖ തയ്യാറാക്കുന്നതായി അറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പഞ്ചായത്തുതല വികസന സെമിനാറിൽ ഈ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ പദ്ധതി രേഖ സമർപ്പിക്കുന്നതിനും, പ്രസ്തുത പദ്ധതികൾ അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് വിജയകരമായി പൂർത്തീകരിക്കുന്നതിനും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സന്തോഷത്തോടെ

(ഒപ്പ്)

തോമസ് ചാഴികാടൻ



To

ശ്രീ. ബെന്നി തോമസ്
പ്രസിഡന്റ്
കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്.

# ആമുഖം

വളരെകാലം പഴക്കമുള്ള ഒരു സങ്കല്പമാണു ഗ്രാമം. പൗരാണികകാലത്തു തങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ മിക്കതും നിറവേറ്റാൻ കഴിയുന്ന സ്വയം സമ്പൂർണ്ണഗ്രാമങ്ങൾ നിലനിന്നിരുന്നു.

എന്നാൽ വൈദേശിക ഭരണകാലഘട്ടത്തിൽ ഈ ഭരണക്രമം തകർക്കപ്പെട്ടു. പിന്നീട് ഇൻഡ്യയിലെ സ്വാതന്ത്ര്യസമരത്തോടൊപ്പം അധികാരം ജനങ്ങളിലേക്ക് എന്ന സങ്കല്പം വളർന്നു വന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് ആയിരുന്നു ആ സങ്കല്പം.

സ്വതന്ത്ര ഇൻഡ്യയുടെ ഭരണഘടനയിൽ നിർദ്ദേശകതത്വങ്ങളുടെ പട്ടികയിൽ മാത്രമേ പഞ്ചായത്ത് രാജിന് സ്ഥാനം ലഭിച്ചുള്ളു.

1950–ൽ തിരു-കൊച്ചിഗ്രാമപഞ്ചായത്ത് നിയമം നിലവിൽവന്നെങ്കിലും 1953ലാണ് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നത്.

1959 ഡിസംബർ 8–ാം തീയതി പഞ്ചായത്തു ബിൽ നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും 1960 ലാണ് നിയമസഭ പഞ്ചായത്തു ബിൽ പാസ്സാക്കിയത്.

നിലവിലുണ്ടായിരുന്ന പഞ്ചായത്തു സമിതികൾക്കു പരിമിതമായ അധികാരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വികസനരംഗത്തു നടക്കുന്ന ഗവണ്മെൻറിൻെറ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥന്മാരിലൂടെയാണ് നടപ്പിലാക്കപ്പെട്ടിരുന്നത്.

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് രാജ്-നഗരപാലിക നിയമം ഇൻഡ്യയിൽ നടപ്പിലാക്കപ്പെട്ടു. തുടർന്ന് കേരള നിയമസഭ 94–ലെ പഞ്ചായത്ത് രാജ് നിയമത്തിൻെറ അടിസ്ഥാനത്തിൽ 1995 ഒക്ടോബർ 2ന് തെരഞ്ഞെടുക്കപ്പെട്ട പുതിയ പഞ്ചായത്ത് സമിതികൾ അധികാരത്തിൽ വന്നു.

പഞ്ചായത്ത് രാജ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ അധികാരങ്ങൾ പഞ്ചായത്ത് സമിതികൾക്ക് കൈവന്നുവെങ്കിലും വികസനരംഗത്ത് നേതൃത്വം കൈയ്യാളുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തുകളുടെ അധികാരപരിധിയിലേക്ക് കൊണ്ടുവന്നിട്ടുള്ള വകുപ്പുകളിലൂടെ മുകളിൽ നിന്ന് വരുന്ന സ്കീമുകൾ ഉദ്യോഗസ്ഥന്മാർ മുഖേന നടപ്പിലാക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുവാൻ കഴിയാത്ത ഈ പദ്ധതികൾ പലകാരണങ്ങളാലും പൊതുവേ പരാജയപ്പെടുന്നു.

പഞ്ചായത്തു സമിതികൾക്ക് വികസന പ്രവർത്തനങ്ങളുടെ നേതൃത്വമേറ്റെടുക്കുവാൻ കഴിയും എന്ന വിശ്വാസം ജനങ്ങളിലുണ്ടാകാത്തതിൻെറ തെളിവാണ് പഞ്ചായത്ത് രാജ് അടിസ്ഥാനത്തിൽ ആദ്യംകൂടിയ ഗ്രാമസഭകളിലെ കുറഞ്ഞ പങ്കാളിത്തവും ശക്തമാകാത്ത ചർച്ചകളും.

പഞ്ചായത്തുകളെ വികസനപ്രവർത്തനങ്ങളുടെ നേതൃത്വം ഏല്പിച്ച് ശക്തമാക്കിയാൽ മാത്രമേ! പഞ്ചായത്ത് രാജ് നിയമം ഫലപ്രദമാക്കാൻ സാധിക്കൂ എന്ന ആശയത്തിൻെറ അടിസ്ഥാനത്തിലാണ് കേരള ഗവണ്മെൻറും, ആസൂത്രണബോർഡും "ഒമ്പതാം പദ്ധതി ജനകീയ പദ്ധതി" എന്ന പരിപാടിക്കു രൂപം നൽകിയത്.

ഇതിനായി ചേർന്ന വിശേഷാൽ ഗ്രാമസഭകളിലൂടെ വന്ന ജനങ്ങളുടെ നിർദ്ദേശങ്ങൾ പഠിച്ചും, ദ്വിതീയ വിവരശേഖരണം, ഉദ്യോഗസ്ഥതലവിശകലനം, നിലവിലുള്ള സ്കീമുകളുടെ വിലയിരുത്തൽ തുടങ്ങിയ പഠനങ്ങളിലൂടെ തയ്യാറാക്കുന്ന വികസന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 9–ാം പദ്ധതി യ്ക്കുവേണ്ട സ്കീമുകൾ തയ്യാറാക്കി നൽകുകയും ചെയ്യുന്നു.

വികസനരംഗത്ത് പ്രതിസന്ധി നേരിടുന്ന കേരളത്തിൽ വിഭവങ്ങളുടെ പരമാവധി ഉപയോഗം നേടിയെടുക്കുവാൻ ഈ പരിപാടിയിലൂടെ ശ്രമിക്കുന്നു.

ആസൂത്രണപ്രക്രിയ്ക്കുവേണ്ടി സംസ്ഥാന, ജില്ല, പഞ്ചായത്തു തലപരിശീലനങ്ങൾ നടന്നു.

ജില്ലാതല പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 16 പരിശീലകരും (ഡി. ആർ. പി) 25–9–'96–ൽ, പഞ്ചായത്തുതലപരിശീലനത്തിൽ 208–പ്രവർത്തകരും പങ്കെടുത്തു.

വിശേഷാൽ ഗ്രാമസഭകൾ ആവേശകരമായിരുന്നു. സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾ പങ്കെടുത്ത വികസനതുറകളെ സംബന്ധിച്ച് 12 വിഷയഗ്രൂപ്പുകളായി തിരിഞ്ഞ് സജീവമായ ചർച്ചകൾ നടത്തി കാതലായ നിർദ്ദേശങ്ങൾ ഉയർത്തി.

## ഗ്രാമസഭകളിലെ പങ്കാളിത്തം

| വാർഡ് | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|
| | സ്ത്രീ | പുരുഷൻ | ആകെ |
| I | 60 | 123 | 183 |
| II | 68 | 109 | 177 |
| III | 23 | 206 | 229 |
| IV | 41 | 110 | 151 |
| V | 10 | 163 | 173 |
| VI | 56 | 182 | 238 |
| VII | 35 | 183 | 218 |
| VIII | 2 | 82 | 84 |
| IX | 33 | 160 | 193 |
| X | 17 | 135 | 152 |
| XI | 77 | 130 | 207 |
| XII | 28 | 75 | 103 |
| XIII | 33 | 130 | 163 |
| XIV | 27 | 88 | 115 |
| ആകെ | 510 | 1876 | 2386 |

20–10–96ൽ എല്ലാ രാഷ്ട്രീയകക്ഷികളുടെയും സാമൂഹ്യസംഘടനകളുടെയും വിപുലമായ യോഗം ജനകീയാസൂത്രണത്തിൻെറ ഭാഗമായി പഞ്ചായ ത്തിൽ വിളിച്ചു ചേർത്തു.

രണ്ടാം ഘട്ടമായി നടന്ന ജില്ലാതല പരിശീലനത്തിൽ 9 പേരും (ഡി. ആർ.പി) പഞ്ചായത്തുതലപരിശീലനത്തിൽപതിനൊന്ന് ഉദ്യോഗസ്ഥർ ഉൾപ്പെടെ 72 പേരും പങ്കെടുത്തു. ഇതു കൂടാതെ പഞ്ചായത്തു പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെയും, സ്കൂൾ ഹെഡ്മാസ്റ്റർ മാരുടെയും യോഗം കൂടി. ദ്വിതീയ വിവരശേഖരണത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെട്ടു.

ഈ വിധയോഗങ്ങളും പരിശീലനങ്ങളും കൊണ്ട് വികസനത്തെ സംബന്ധിച്ച മുൻ കാഴ്ചപ്പാട് മാറുകയും ഒരു പുത്തൻ സ്ക്കാരത്തിനു വിത്തു പാകുവാനും സാധിച്ചു.

ഗ്രാമ പഞ്ചായത്തു മെമ്പർമാർ ചെയർമാൻമാരായി 12 കോർ കമ്മറ്റികൾ രൂപീകരിച്ചു. 12 വികസന മേഖലകൾക്കും വേണ്ടിയുള്ള വികസന റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ റിപ്പോർട്ടുകൾ ജില്ലാ പരിശീലകർ പരിശോധിക്കുകയും പഞ്ചായത്തു ഭരണസമിതി റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വികസന റിപ്പോർട്ടു രചനയ്ക്കാവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ നെടുകെയും കുറുകെയും രണ്ടു പഠനപര്യടനങ്ങൾ നടത്തി. ഇതിൽ പഞ്ചായത്തു മെമ്പർമാർ, ജില്ലാ പരിശീലകർ, ഉദ്യോഗസ്ഥർ, കൃഷിക്കാർ, പണ്ഡിതർ എന്നിവർ പങ്കെടുത്തു. ഇതിൽ നിന്നും കിട്ടിയ അറിവുകളും, അനുഭവങ്ങളും ജനകീയ ആസൂത്രണ പ്രവർത്തകർക്ക് പുത്തൻ വെളിച്ചം നൽകി.

പഞ്ചായത്തിൽ നടത്തപ്പെടുന്ന വികസന സെമിനാറിൽ അവതരിപ്പിക്കുന്ന വികസന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പ്രോജകടുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള കർമ്മസമിതികൾ രൂപീകരിക്കും – ഈ പ്രോജക്ടുകൾ പഞ്ചായത്തു ഭരണസമിതി അംഗീകരിച്ചു മുൻഗണനാക്രമം നിശ്ചയിച്ചു നൽകുമ്പോൾ ജനകീയ ആസുത്രണത്തിൻെറ ഒരു ഘട്ടം പൂർത്തിയാവുക യാണ്.

പഞ്ചായത്ത് സമർപ്പിക്കുന്ന പ്രോജകടുകൾക്ക് അംഗീകാരവും ധനസഹായവും നൽകുന്നത് സംസ്ഥാന ഗവണ്മെൻറാണ്.

ഇത്തരത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ഗ്രാമപഞ്ചായത്ത് ശക്തമാകുകയും കേരളത്തിൻെറ വികസന രംഗത്ത് ഒരു പുത്തൻ അനുഭവമായിത്തീരുകയും ചെയ്യും.

***

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

കേരളത്തിലെ മുപ്പത്തിരണ്ട് ബ്രാഹ്മണ ഗ്രാമങ്ങളി ലൊന്നായ കുമാരനല്ലൂരിൻെറ പ്രാചീന ചരിത്രം ഐതി ഹ്യങ്ങളുമായി കെട്ടു പിണഞ്ഞു കിടക്കുന്നു. സഹസ്രാ ബ്ദങ്ങളുടെ പഴക്കമാണ് കുമാരനല്ലൂരിനുള്ളത്.

സുബ്രഹ്മണ്യനെ പ്രതിഷ്ഠിക്കുവാൻ വേണ്ടി നിർമ്മിച്ചക്ഷേത്രത്തിൽ ദേവി കുടിയിരുന്നതിനാൽ 'കുമാരനല്ല ഈ ഊര്' എന്ന ചൊല്ലിലൂടെ കുമാരനല്ലൂർ എന്ന സ്ഥലനാമം ഉണ്ടായി എന്നതാണ് ഐതിഹ്യം. എന്നാൽ തെക്കേഇൻഡ്യയിൽ പൊതുവേ, നല്ല ഊര് എന്ന അർത്ഥത്തിൽ നല്ലൂർ എന്നഗ്രാമപേരു കളോടൊപ്പം പ്രയോഗിക്കുക സാധാരണമായിരുന്നു. ആ നിലയ്ക്ക് കുമാരൻെറ നല്ല ഊർ കുമാരനല്ലൂർ ആയി എന്നും അനുമാനിക്കാം.

കുമാരനല്ലൂർ ദേവീക്ഷേത്രത്തിൻെറ ചരിത്രത്തിൽ നിന്നു മാത്രമേ കുമാരനല്ലൂരിൻെറ ചരിത്രം പറയുവാൻ കഴിയുകയുള്ളു. ഉദ്ദേശം 1500 വർഷത്തെ പഴക്കം ഈ ക്ഷേത്രത്തിനുണ്ട് എന്നു കണക്കാക്കുന്നു.

മധുരയിൽ നിന്നും ഒരു ബ്രാഹ്മണപൂജാരിയുടെ രക്ഷയ്ക്കായിട്ടെത്തിയ മധുരമീനാക്ഷിയാണ് കുമാരനല്ലൂരമ്മ എന്നു വിശ്വസിക്കപ്പെടുന്നു. 'മധുര: എന്ന ഇല്ലം ഇന്നും കുമാരനല്ലൂർ ക്ഷേത്രത്തിനുസമീപം ഉണ്ട്.

കൊത്തുപണികൾ കൊണ്ടും ചുവർചിത്രങ്ങൾ കൊണ്ടും മനോഹരമായിരിക്കുന്ന ഈ ക്ഷേത്രം കേരളത്തിലെ പ്രശസ്തമായ ദേവീക്ഷേത്രമാണ്. എ.ഡി.പത്താം നൂറ്റാണ്ട് കാലഘട്ടത്തിലെ ശിക്ഷാ ക്രമങ്ങളെകുറിച്ച് സൂചിപ്പിക്കുന്ന വട്ടെഴുത്തിലുള്ള ഒരു ലിഖിതം ഈ ക്ഷേത്രത്തിലുണ്ട്.

കേരളചരിത്രവുമായി ബന്ധപ്പെട്ട് തെക്കുംക്കുർ രാജവംശത്തിലെ ഒരു ശാഖയായ എടത്തിൽ രാജവംശം ഈ പഞ്ചായത്തിലെ നട്ടാശ്ശേരികരയിൽ ഉണ്ട്. തെക്കുംകുർ രാജ്യം മാർത്താണ്ഡവർമ്മ കീഴടക്കിയപ്പോൾ കോഴിക്കോടു സാമൂതിരിയുടെ സംരക്ഷണയിലെത്തിയ ഗർഭിണിയായ ഒരു രാജ കുടുംബാംഗത്തിൻെറ പുത്രനിലൂടെയാണ് ഈ രാജവംശത്തിൻെറ ആരംഭം. മാർത്താണ്ഡവർമ്മയുടെ കാലത്തു തന്നെ ഈ ശാഖയ്ക്ക് നട്ടാശ്ശേരിയിൽ കൊട്ടാരം പണിത് ആസ്ഥാനം നൽകിയതായി ഇപ്പോൾ ജീവിച്ചിരിക്കുന്ന രാജകുടുംബാംഗങ്ങളിൽ തലമുതിർന്ന രാമവർമ്മരാജാ അഭിപ്രായപ്പെടുന്നു.

ചരിത്രസംഭവങ്ങൾകൊണ്ടും ചരിത്രപുരുഷന്മാ രുടെ പാദസ്പർശം കൊണ്ടും ധന്യമാണ് കുമാരനല്ലൂർ. മദ്ധ്യതിരുവിതാംകൂറിൽ പിന്നീട് ശക്തമായിരുന്ന അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജ്യം സ്ഥാപിച്ചത് കുമാരനല്ലൂരിൻെറ സന്താനമായ ഒരു ബ്രാഹ്മണ നായിരുന്നു. എന്ന് ചരിത്രം പറയുന്നു.

പ്രാചീന കവിത്രയങ്ങളിൽ ഒരാളായ കുഞ്ചൻ നമ്പ്യാർ, ഈ ക്ഷേത്രത്തിൽ 12 ദിവസം ഭജനമിരുന്ന് ശ്രീകുമാാലയസ്ത്രോതം രചിക്കുകയും തുള്ളൽ പ്പാട്ടുകളിൽ കുമാരനല്ലൂരമ്മയെ സ്മരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീകൃഷ്ണ ഭക്തയായ കുറൂരമ്മ ഈ ക്ഷേത്ര ത്തിൽ 12 ദിവസം ഭജനമിരുന്ന്, ദേവീ സ്തുതികൾ രചിച്ചിട്ടുണ്ട്. വില്വമംഗലത്തുസ്വാമിയാർ, ശ്രീശങ്കരാ ചാരർ എന്നിവർക്ഷേത്രം സന്ദർശിച്ചിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു.

തിരുവിതാംകൂർ രാജാക്കന്മാരായ മാർത്താണ്ഡ വർമ്മ (1746) ധർമ്മരാജാ, സ്വാതി തിരുനാൾ (1847), സേതുലക്ഷ്മിഭായി (1928), ശ്രീചിത്തിരതിരുനാൾ (1939) തുടങ്ങിയവരും ദിവാന്മാരായിരുന്ന പി.രാജഗോപാലാചാരി, സർ.സി.പി.രാമസ്വാമിഅയ്യർ, രാഘവയ്യ, കൃഷ്ണൻ നായർ സർവാട്ട്സ് എന്നിവരും ക്ഷേത്രം സന്ദർശിച്ചിരുന്നതായി രേഖകൾ ഉണ്ട്.

ക്ഷേത്രപ്രവേശനവിളംബരത്തെ തുടർന്ന് അധ: സ്ഥിതർക്ക് ആദ്യമായി ഒരു സ്വകാര്യ ക്ഷേത്രം ദർശനത്തിനായി തുറന്നു നൽകിയ വിവരം അറിഞ്ഞ് സന്തോഷചിത്തനായി 1939 ൽ മഹാത്മാഗാന്ധി ഈ ക്ഷേത്രം സന്ദർശിക്കുകയും ശ്രീകോവിൽ നടയിൽ മൗനിയായി നിന്ന് ദേവീ ദർശനം നടത്തുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജി. രാമചന്ദ്രൻ, അധഃസ്ഥിത സമുദായനേതാക്കളായിരുന്ന ടി.വി.തേവൻ, പി.സി.ആദിച്ചൻ തുടങ്ങിയവരും ക്ഷേത്രദർശന ത്തിനെത്തിയിരുന്നു.

കുമാരനല്ലൂർ കേന്ദ്രമാക്കിയുണ്ടായിരുന്ന ദേശക്കൂ ട്ടവും, ദേശവഴിയും, പ്രാദേശിക ഭരണകൂടങ്ങളായി

പ്രവർത്തിച്ചിരുന്നു. ടിപ്പുവിന്റെ തിരുവി താംകൂർ ആക്രമണത്തെ ചെറുക്കുന്നതിനായി 1500–ഓളം സൈനിക്കരെ ദേശക്കൂട്ടം അയച്ചു കൊടുത്തിട്ടുള്ളതായി പറയപ്പെടുന്നു.

മന്ത്രതന്ത്രങ്ങൾ പ്രശസ്തമായ 'സൂര്യകാലടിമന' ഈ പഞ്ചായത്തിൽ നട്ടാശ്ശേരികരയിൽ സ്ഥിതി ചെയ്യുന്നു. സൂര്യകാലടി ഭട്ടതിരിമാർതെക്കുംക്കൂർ രാജാവിന്റെ ഗുരുക്കന്മാരായിരുന്നു.

സൂര്യകാലടികുടുംബം പൊന്നാനിയിൽ നിന്നും കോട്ടയത്തു മീനച്ചിലാറിന്റെ (കാണാർ) വടക്കേകര യിൽ എത്തിപാർപ്പിറപ്പിച്ചു. സൂര്യനെ ഉപാസിക്കുന്ന ഇവരുടെ പേരിനോടൊപ്പം സൂര്യനാമം ചേർക്കുന്നു. സമൂഹത്തിന്റെ വിവിധമേഖലകളിലുള്ളവർ ഇവിടെയെത്തി പ്രതിവിധി നേടിപ്പോവുന്നു. ജയപ്രകാശ് നാരായണൻ, കെ. എം. മുൻഷി തുടങ്ങിയ ദേശീയ നേതാക്കൾ കാലടിമന സന്ദർശിച്ചിട്ടുണ്ട്.

നാലുനൂറ്റാണ്ടുകൾക്കുമുമ്പ് ചെമ്പകശ്ശേരി രാജകുടുംബം നസ്രാണികൾക്കായി പണികഴിപ്പിച്ചു നൽകിയ കുടമാളൂർ സെൻറ് മേരീസ് പള്ളി ഈപഞ്ചാ യത്തിന്റെ അതിർത്തിക്കു വെളിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും ഇവിടത്തെ ക്രിസ്ത്യാനി കളുടെ പ്രധാന ആരാധനകേന്ദ്രമാണ്.

1923 ൽ സ്ഥാപിതമായ ഈ പഞ്ചായത്തിലെ മുടിയൂർക്കരയിൽ സ്ഥിതിചെയ്യുന്ന തിരു കുടുംബ ദേവാലയം കുടമാളൂർ പള്ളിയുടെ കുരിശുപള്ളി യായിരുന്നു.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ വീശിയ സാമൂഹ്യമാറ്റത്തിന്റെ കാറ്റ് ഏറ്റ് യാഥാസ്ഥിതികത്വ ത്തിന് ഇളക്കം തട്ടി. വിവിധവിഭാഗ മാളുകൾ സ്വതന്ത്രമായ ജീവിതവ്യാപാരങ്ങളിലേക്ക് ഇറങ്ങി വന്നു. ഗതാഗതമാർഗ്ഗങ്ങൾ അവികസതമായിരുന്ന കാലഘട്ടത്തിൽ ജലഗതാഗതത്തെ ജനങ്ങൾ ആശ്രയിച്ചിരുന്നു.

1902 ൽ മെയിൻ സെൻട്രൽ റോഡ് എന്ന എം.സി. റോഡ് പഞ്ചായത്തിനെ പകുത്തുകൊണ്ട് തെക്കു വടക്കായി നിലവിൽ വന്നു. തുടക്കത്തിൽ മൺ റോഡായി, കുണ്ടു കുഴിയുമായി കിടന്നിരുന്ന ഈ റോഡിൽ 1920 ൽ നാഗമ്പടത്തും, നീലിമംഗലത്തും പാലങ്ങൾ തീർന്നതോടെ മോട്ടോർ ഗതാഗതം ആരംഭിച്ചു.

സംക്രാന്തിയിൽ ഇന്നും കർക്കിടമാസം 31 ന് നടന്നുവരുന്ന "സംക്രമവാണിഭം" പഴമയുടെ തുടർച്ച യാണ്. ജനങ്ങൾക്കാവശ്യമുള്ള എല്ലാ സാധനങ്ങളും വാങ്ങുവാനും ഉല്പാദകർക്ക് വില്ക്കുവാനുമുള്ള പഴയൊരു സംവിധാനമാണിത്.

പാറമ്പുഴ തടി ഡിപ്പോ തിരുവിതാംകൂറിലെ ആദ്യകാല തടി ഡിപ്പോ ആണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ നമ്പൂതിരി വിദ്യാലയങ്ങൾക്കും, ആശാൻ കളരി കൾക്കും പകരമായി സ്കൂളുകൾ നിലവിൽ വന്നു. വിദ്യാഭ്യാസരംഗത്തെ ഈ മാറ്റം കുമാരനല്ലൂരിലും ഉണ്ടായി. കുമാരനല്ലൂർ ഗവ. യു.പി. സ്കൂൾ, പുത്തേട്ട് ഗവൺമെൻറ് യു.പി.സ്കൂൾ തുടങ്ങിയവയാണ് ആദ്യകാലസ്കൂളുകൾ. 1911 –ൽ ചുപ്രത്ത് തൊമ്മൻ വർഗ്ഗീസ് എന്ന വ്യക്തി സ്വന്തമായി സ്ഥാപിച്ച സ്കൂൾ പിന്നീട് മുടിയൂർക്കര ഗവ.എൽ.പി.സ്കൂളായി. കോട്ടയം രൂപതയുടെ കീഴിൽ 1924 –ൽ ബിഷപ്പ് അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി ചെങ്ങള ക്കാട്ടുകുന്നിൽ സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ സ്ഥാപിച്ചു. വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് മുൻമന്ത്രി എം.പി. ഗോവിന്ദൻ നായർ, ഇപ്പോഴത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ. ജോസഫ്, കോട്ടയം രൂപതാമെത്രാൻ ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി മുൻ ഡി.ജി.പി. എം. കെ. ജോസഫ് എന്നിവർ.

1906 ൽ നമ്പൂതിരി കുട്ടികൾക്കായി ആരംഭിച്ച കുമാരനല്ലൂർ ദേവിവിലാസം സ്കൂൾ 1948ൽ ഹൈ സ്കൂൾ ആയി ഉയർത്തി. ഇതിനുശേഷം പഞ്ചായ ത്തിൽ നിരവധി വിദ്യാലയങ്ങൾ ഉണ്ടായി.

ഈ നുറ്റാണ്ടിന്റെ തുടക്കത്തിൽ നിരവധി സാമൂഹ്യമാറ്റങ്ങൾ കേരളത്തിൽ ഉണ്ടായിക്കൊണ്ടി രുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ അടിമവ്യാപാരം നിരോധിച്ചുവെങ്കിലും അയിത്തം വീണ്ടും നിലനിന്നു. ഇതിനെതിരായ ശ്രീനാരായണ ഗുരുവിന്റെ പ്രവർത്ത നങ്ങൾ ഈ പഞ്ചായത്തിലും മാറ്റങ്ങൾ ഉണ്ടാക്കി. നാഗ മ്പടം മഹാദേവക്ഷേത്രം 1915 ൽ ഗുരുദേവൻ സ്ഥാ പിച്ചു. 1928 ൽ ശ്രീനാരായണഗുരു ശിവഗിരി തീർത്ഥാ ടനത്തിന് അനുമതി നൽകി 1933 ജനുവരി 1ന് ആരംഭിച്ച ശിവഗിരി തീർത്ഥാടനത്തിൽ ഇന്നും ജനലക്ഷങ്ങൾ പങ്കെടുക്കുന്നു. ഇതിനെല്ലാം പിന്നിൽ പ്രവർത്തിച്ച ടി.കെ.കിട്ടൻറൈട്ടരുടെ നാമധേയം ഈ അവസര ത്തിൽ സ്മരണീയമാണ്. എസ്.എൻ.ഡി.പി. യൂണി യന്റെ നിരവധിശാഖകൾ ഈ പഞ്ചായത്തിലുണ്ടായി.

മന്നത്ത് പത്നാഭന്റെ നേതൃത്വത്തിൽ സാമൂഹ്യ

മാറ്റങ്ങൾ നായർ സമുദായത്തിൽ ചലനങ്ങൾ ഉണ്ടാക്കി. കൂട്ടുകുടുംബവ്യവസ്ഥക്കുപകരം ആളോഹരി വീതം പഴയ സംവിധാനങ്ങളെ മാറ്റി മറിച്ചു. കരയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. 1927 ൽ നമ്പൂതിരി യോഗക്ഷേമസഭയുടെ സമ്മേളനം കുമാരനല്ലൂർ ക്ഷേത്രത്തിനു മുമ്പിൽ നടന്നു. പൂവള്ളി മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാടായിരുന്നു അദ്ധ്യക്ഷൻ.

വിദ്യാഭ്യാസ-വ്യാവസായിക മേഖലയിലും കാർഷികമേഖലയിലും സംഭാവനകൾ നൽകികൊണ്ട് ക്രസ്ത്യൻ സമുദായം സമൂഹത്തിൽ ഒരു നിർണ്ണായക ശക്തിയായി മാറി.

തിരുവിതാംകൂറിൽ നടന്നരാഷ്ട്രീയ പ്രസ്ഥാനങ്ങൾ കുമാരനല്ലൂരിലും പ്രതികരണം സൃഷ്ടിച്ചു. കോൺഗ്രസ് പ്രവർത്തനത്തിൻെറ ഭാഗമായ ഖാദിപ്രചാരണവും, ഹിന്ദിപ്രചാരണവും വ്യാപകമായി നടന്നു. ഹിന്ദിപ്രചാരണത്തിൽ പങ്കു നിർവ്വഹിച്ച വരാണ് കാക്കനാട്ടുകൃഷ്ണൻ കുട്ടിനായർ അന്തരിച്ച സോമ വർമ്മരാജാതുടങ്ങിയവർ.

സ്റ്റേറ്റു കോൺഗ്രസ് പ്രവർത്തനത്തിൻെറ ഭാഗമായി 1939 ൽ ഈ ജോൺ. ഫിലിപ്പോസ്, അക്കാമ്മ ചെറിയാൻ തുടങ്ങിയ നേതാക്കൾക്ക് കുമാരനല്ലൂരിൽ സ്വീകരണം നൽകി.

കുമാരല്ലൂരിൻെറ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു നാമധേയമാണ് സി.എൻ. തുപ്പൻ നമ്പൂതിരിപ്പാട് (ചെങ്ങഴിമറ്റം). തിരുവിതാംകൂർ ശ്രീമൂലം അസംബ്ളിയിൽ എം.എൽ.സി. ആയിരുന്ന അദ്ദേഹം കുമാരനല്ലൂരിൻെറ പുരോഗതിക്കു ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കുമാരനല്ലൂരിലെ സാമൂഹ്യപ്രവർത്തനങ്ങളുമായി ബന്ധമുള്ള ഒരാളായിരുന്നു കോൺഗ്രസ്സ് നേതാവുക്കൂടിയായിരുന്ന എം.ആർ.ജി. പണിക്കർ.

ആണ്ടൂർ ശങ്കരപ്പിള്ള നേതൃത്വം നൽകി 1936 ൽ കുമാരനല്ലൂരിൽ സ്ഥാപിച്ച സഹകരണസംഘം ഇന്ന് കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്കിൻെറ ഭാഗമായി മാറി.

1950 ന് ശേഷം ധാരാളം മാറ്റങ്ങൾ കുമാരനല്ലൂരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾക്കു വിവിധ സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ നിർണ്ണായക സംഭാവനകൾ നൽകിയിട്ടുണ്ട്

സംസ്ഥാനരൂപീകരണത്തിനുശേഷം കേരളത്തിൽ നടന്ന ഭൂപരിഷ്കരണം കൃഷിക്കാരന് ഭൂമിയിൽ അവകാശം ലഭിക്കാനിടയാക്കിയതും സാമൂഹ്യ പുരോഗതിക്ക് ആക്കംക്കൂട്ടി.

1957 ൽ കോട്ടയം - എറണാകുളം റെയിൽവേ തുറന്നതോടെ കുമാരനല്ലൂരിലൂടെ റെയിൽ ഗതാഗതം ആരംഭിച്ചു. പാസഞ്ചർ വണ്ടികൾ നിർത്തുന്ന ഒരു സ്റ്റേഷനും ഇവിടെയുണ്ട്.

1962 ൽ സ്ഥാപിച്ച കോട്ടയം മെഡിക്കൽ കോളേജ് ഈ പഞ്ചായത്തിനോട് ചേർന്നാണുള്ളത്.

1982 ൽ സ്ഥാപിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ഈ പഞ്ചായത്തിനു സമീപം സ്ഥിതിചെയ്യുന്നു.

മെഡിക്കൽ കോളേജിൻെറയും, സർവ്വകലാശാലയുടെയും സ്ഥാപനത്തോടുകൂടി കുമാരനല്ലൂരിൻെറ മുഖഛായയിൽ മാറ്റം വന്നിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട നിരവധി സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ധാരാളം പണ്ഡിതന്മാരും, ഭിഷഗ്വരന്മാരും ഇവിടെ താമസം ഉറപ്പിച്ചു. മഹത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ.വി.എൻ. രാജശേഖരൻ പിളള ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ്. മെഡിക്കൽ കോളേജ് മുൻപ്രിൻസിപ്പൽ സി.പി.മാധവൻ കുട്ടി, സൂപ്രണ്ടുമാരായ മാത്യു വർഗ്ഗീസ് കെ.പി. തോമസ്സ്, പി.ജി.രാമകൃഷ്ണപിളള എന്നിവർ ഈ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരാണ്.

തിരുവിഴാ ജയശങ്കർ, ജയവിജയ തുടങ്ങി കലാകാരന്മാരുടെ ഒരു നിരതന്നെയുണ്ട്.

## ദേവാലയങ്ങൾ

ഈ പഞ്ചായത്തിലെ വിശ്വകർമ്മസമുദായം വക ക്ഷേത്ര ങ്ങളിലൊന്നാണ് ശ്രീനാഗരാജാക്ഷേത്രം. കുമാരനല്ലൂർ ദേവീക്ഷേത്രനിർമ്മാണവുമായി ബന്ധപ്പെട്ട് തമിഴ് നാട്ടിൽ നിന്നും കൊണ്ടുവരപ്പെട്ട തമിഴ് വിശ്വകർമ്മ സമുദായത്തിൻെറ വകയാണ് ഈ ക്ഷേത്രം.

മുടിയൂർക്കര ധർമ്മശാസ്താക്ഷേത്രം തൃക്കയിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രം, തിടമ്പൂർ മഹാദേവ ക്ഷേത്രം, മള്ളൂർക്കുളങ്ങര ശിവക്ഷേത്രം, ഗോവിന്ദപുരം ക്ഷേത്രം, എടത്തിൽ ദേവീക്ഷേത്രം നട്ടാശ്ശേരി വിശ്വകർമ്മകുലവർദ്ധിനിക്ഷേത്രം, തറവേലടത്ത് ക്ഷേത്രം, ക്രോതോത്ത് കൃഷ്ണക്ഷേത്രം. മാധവത്ത് ശ്രീകൃഷ്ണക്ഷേത്രം, സൂര്യാകാലടി ഗണപതി കോവിൽ, യക്ഷിയമ്പലം, അത്യാകുളംക്ഷേത്രം തുടങ്ങിയവയാണ് ഹിന്ദുആരാധനാലയങ്ങൾ 1956 ൽ സ്ഥാപിച്ചതാണ് മുടിയൂർക്കര ഗുരുമന്ദിരം.

ശാന്തി നിലയം പള്ളി, പുല്ലരിക്കുന്നു പള്ളി മള്ളൂശ്ശേരി സെൻറ് തോമസ് പള്ളി, സി.എസ്.ഐ. പള്ളി, ചവിട്ടുവരി സെൻറ് തോമസ് പള്ളി, ബത്‌ലേഹം പള്ളി പാറമ്പുഴ, സംക്രാന്തി ലിറ്റിൽ ഫ്ലവർ ചർച്ച്, നീലിമംഗലം ഗ്രീഗോറിയോസ് ചാപ്പൽ, നട്ടാശ്ശേരി സെൻറ് തോമസ് മാർത്തോമ്മാപള്ളി, നീലിമംഗലം സെൻറ് മേരീസ് പള്ളി, മൂടിയൂർക്കര തിരുക്കുടുംബ പള്ളി, ദയറാപള്ളി, മെഡിക്കൽ കോളേജ് മാർത്തോമ്മാപള്ളി തുടങ്ങിയവയാണ് പ്രധാന ക്രിസ്ത്യൻ ദേവലായങ്ങൾ. കുമാരനല്ലൂർ, വാരിശ്ശേരി, മുണ്ടകം, സംക്രാന്തി, മടക്കമുകളേൽ എന്നീ സ്ഥല ങ്ങളിൽ മുസ്ലിം ദേവലായങ്ങൾ സ്ഥിതി ചെയ്യുന്നു.

നിരവധി പ്രസിദ്ധീകരണങ്ങൾ ഈ പഞ്ചായത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നു. മാതൃഭൂമി, മംഗളം എന്നീ ദിനപ്പത്രങ്ങളും മംഗളം, സഖി തുടങ്ങിയ വാരികകളും ഇവിടെനിന്നുള്ള പ്രസിദ്ധീകരണങ്ങളിൽ പ്രധാനപ്പെട്ടതാണ്.

പുല്ലരിക്കുന്നുജീവധാര, കുമാരനല്ലൂർ സ്നേഹ സേന, ചൂട്ടുവേലി ശുഭാനന്ദാശ്രമം നട്ടാശ്ശേരി സർവ്വോദയം, S.H. മൗണ്ട് സെമിനാരി, ചർച്ച് ഓഫ് ക്രൈസ്റ്റ് ദേവലായം തുടങ്ങി നിരവധി സാമൂഹ്യമത സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

അതിവേഗത്തിൽ നഗരവല്കരണം നടന്നു കൊണ്ടിരിക്കുന്ന ഒരു പഞ്ചായത്ത് ആണ്ഇത്. മുഴുവൻ പ്രദേശങ്ങളും കോട്ടയം വികസനപരിധിയ്ക്കുള്ളി ലാണ്.

പുതിയതായി ധാരാളം ജനങ്ങൾ ഈ പഞ്ചായ ത്തിലെത്തി സ്ഥിരതാമസമുറപ്പിച്ചു കൊണ്ടിരിക്കുന്നു.

ഈ വളർച്ച മുന്നിൽ കണ്ടുകൊണ്ടുള്ള ആസുത്ര ണമാണ് ഇവിടെ ആവശ്യമായിരിക്കുന്നതും.

❋❋❋

# പഞ്ചായത്ത് - പൊതുവിവരണവും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | കുമാരനല്ലൂർ |
| വില്ലേജ് | : | പെരുമ്പായിക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഏറ്റുമാനൂർ |
| താലൂക്ക് | : | കോട്ടയം |
| ജില്ല | : | കോട്ടയം |
| അസംബ്ലി മണ്ഡലം | : | ഏറ്റുമാനൂർ |
| വീസ്തീർണ്ണം | : | 14.06 ച.കി.മീ |
| ജനസംഖ്യ | : | 39041(1991 സെൻസസ്) |
| സ്ത്രീകൾ | : | 19426 " |
| പുരുഷന്മാർ | : | 19615 " |
| സാക്ഷരർ | : | 33305 |
| വാർഡുകൾ | : | 14 |
| പ്രസിഡണ്ട് | : | തമ്പാൻ തോമസ് |
| വൈസ് പ്രസിഡണ്ട് | : | ജയശ്രീ പ്രസന്നൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | കുട്ടപ്പൻ വെട്ടിക്കനാൽ |

## ഭരണപരമായ ചരിത്രം.

1953 ൽ കുമാരനല്ലൂർ പഞ്ചായത്ത് നിലവിൽ വന്നു. 53 ൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പഞ്ചായത്തു സമിതിയുടെ പ്രസിഡണ്ട് സി.കെ. നിലകണ്ഠൻ നായർ ആയിരുന്നു. എ.ജി. ഗോവിന്ദൻ നായർ, സി.എം. ചാക്കോ, വി.ആർ.രാമൻ കുട്ടി, വി.ആർ. നാരായണപിള്ള, ഒ.വി.ലൂക്കോസ്, എം.കെ. രാമകൃഷ്ണപിള്ള, പി.വി.ലൂക്കോസ്, റ്റി.സി. ജോസഫ്, സി.ആർ.കുമാരൻ എന്നിവരായിരുന്നു അംഗങ്ങൾ.

രണ്ടാമത്തെ ഭരണസമിതി 1963 ലാണ് തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽ വന്നത്. 63 മുതൽ 79 വരെയുള്ള 16 വർഷങ്ങൾ ഈ ഭരണസമിതി നിലനിന്നു. ആദ്യത്തെ 20 വർഷക്കാലം സി.കെ.നീലകണ്ഠൻ നായരായിരുന്നു പ്രസിഡണ്ട്. 1973 മുതൽ 79 വരെ പി.എം. ജോസഫ് പ്രസിഡണ്ടായി. ഔസേപ്പ് മത്തായി, കെ.കെ. നാരായണൻ നായർ, തോമസ് കത്തനാർ, ഐ.ജെ. തോമസ്, കെ.എൻ. ഗോപാലപിള്ള, വി.എസ്. ഗോവിന്ദൻ, വി.ആർ. രാമൻകുട്ടി, വി. ആർ. നാരായണപിള്ള, മേരി ഉതുപ്പാൻ എന്നിവരായിരുന്നു അംഗങ്ങൾ. 1967 ൽ കെ.കെ. നാരായണൻ നായർ, തോമസ് കത്തനാർ എന്നിവർ രാജിസമർപ്പിച്ചു. ഇവർക്കുപകരം യഥാക്രമം കെ.വി. രാജപ്പൻ നായർ, പി.റ്റി. കുര്യാക്കോസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

1979 ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. കെ.കെ. നാരായണൻ നായരായിരുന്നു പ്രസിഡണ്ട്. എം.റ്റി. മാത്യു, പി.എം.ജോസഫ്, വി.പി. സുകുമാരൻ, ഇ.കെ.രാഘവൻ, കെ.എൻ. ശിവരാമപിള്ള, ഓ.ജെ.തോമസ്, സി.കെ. ശങ്കരൻ നായർ ചാക്കോ മത്തായി, തോമസ് ജോൺ, ഓ.വി.ലൂക്കോസ്, ചെല്ലമ്മ ദാമോദരൻ എന്നിവരായിരുന്നു അംഗങ്ങൾ

1979 ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ 84ൽ പിരിച്ചുവിട്ടു. പിന്നീട് തെരഞ്ഞെടുപ്പു നടത്തിയത് 1988 ലാണ്. 88 മുതൽ 95 വരെ ഭരണത്തിലിരുന്ന ഈ സമിതിയുടെ പ്രസിഡണ്ട് പി.കെ. നാരായണപിള്ളയായിരുന്നു. കെ.എൻ. ഗംഗാധരൻ നായർ (90 ൽ അന്തരിച്ചു), സി.പി. ഗോപാലകൃഷ്ണപിള്ള, വിനോജോസ്, പി.എം. കുര്യാക്കോസ്, എം.യു.മേരി പുന്നൂസ്, കെ.എ.ഷാഹുൽ ഹമീദ്, വി.പി. സുകുമാരൻ, പി.എൻ. ശിവാനന്ദൻ, തമ്പാൻ തോമസ്, ചിന്നമ്മ മത്തായി, ബെന്നി കുര്യൻ, വി.എം. വിജയകുമാർ എന്നിവരായിരുന്നു അംഗങ്ങൾ.

1995 സെപ്തംബർ 25 ന് നടന്ന തെരഞ്ഞെടുപ്പിലൂടെ പഞ്ചായത്ത് രാജ്-നഗരപാലികാ നിയമനുസരിച്ചുള്ള പുതിയ ഗ്രാമപഞ്ചായത്ത് സമിതി ഒക്ടോബർ 2ന് അധികാര ത്തിൽ വന്നു. ഇതോടൊപ്പം ബ്ലോക്ക്-ജില്ലാ പഞ്ചായ ത്തുകളുടെ ആദ്യസമിതിയും തെരഞ്ഞെടുക്ക പ്പെട്ടു. പുതിയഗ്രാമപഞ്ചായത്തു പ്രസിഡണ്ടായി തമ്പാൻ തോമസ് തെരഞ്ഞെടുക്കപ്പെട്ടു. കെ.എൻ. ശിവരാമപിള്ള, സി.എൻ. വാസന്തിക്കുട്ടി, ഈ.പി.ചെല്ലപ്പൻ, രമാദേവി രവീന്ദ്രൻ, ഐപ്പ് മുതലക്കോണം, റ്റി.സി. റോയി, കുട്ടപ്പൻ വെട്ടിക്കനാൽ,

ജയശ്രീ പ്രസന്നൻ (വൈസ് പ്രസിഡണ്ട്) പി.ജെ. സുധീന്ദ്രകുമാർ, ചിന്നമ്മ വർഗ്ഗീസ്, റ്റി.ആർ. ഹാഷിക്, ആലീസ് ജോസഫ്, പി.കെ. നാരായണപിള്ള എന്നിവരുൾപ്പെടുന്ന പതിനാലാംഗസമിതിയാണ് ഇപ്പോൾ ഭരണത്തി ലുള്ളത്. ഫിലോമിനാ ചെറിയാനാണ് ഇപ്പോഴത്തെ സെക്രട്ടറി.

തുടക്കം മുതൽ 1974 വരെ പഞ്ചായത്ത് ഓഫീസ് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു. 1974 ൽ ഇപ്പോഴുള്ള സ്വന്തം കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി.

കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിൻെറ കീഴിലുള്ള സ്ഥാപനങ്ങളും ഓഫീസുകളും താഴെപ്പറയുന്നവ യാണ്.

1. പഞ്ചായത്ത് ഓഫീസ് മന്ദിരം-മുകളിലത്തെനില ഓഫീസ്, താഴത്തെ നില ഷോപ്പിംഗ് കോംപ്ലക്സ്.
2. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ – ഓഫീസിനോടു ചേർന്ന് സ്ഥിതിചെയ്യുന്നു.
3. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് – ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി പുതിയതായി നിർമ്മിച്ച കെട്ടിടം, ഓഫീസിനു സമീപം.
4. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ആരംഭിക്കുവാൻ വേണ്ട സഹായങ്ങൾ പഞ്ചായത്ത് നൽകി.
5. പഞ്ചായത്ത് കളിസ്ഥലം. പഞ്ചായത്ത് ഓഫീസിനു തെക്കുവശത്ത് എം.സി.റോഡിനു കിഴക്കു വശത്തായി സ്ഥിതിചെയ്യുന്നു.
6. പഞ്ചായത്തു ലൈബ്രറി, കുമാരനല്ലൂർ ക്ഷേത്ര ത്തിനു സമീപം.
7. പഞ്ചായത്ത് ആയുർവേദാശുപത്രി. ഒന്നാം വാർഡിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ.
8. പഞ്ചായത്ത് മൃഗാശുപത്രി. ഒന്നാം വാർഡിൽ ആയുർവേദാശുപത്രിക്കു സമീപം.
9. ഇലക്ട്രിസിറ്റി ഓഫീസിനുവേണ്ടി ചവിട്ടുവരി കവലക്കു സമീപം നിർമ്മിച്ച പഞ്ചായത്തുകെട്ടിടം.
10. കൃഷിഭവൻ പേരൂർ റോഡിൽ മാമ്മൂട് കവല ക്കുസമീപം വാടകക്കെട്ടിടത്തിൽ.
11. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് –പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ.
12. ഹെൽത്ത് സെൻററുകൾ – എണ്ണം, കുമാരനല്ലൂർ (സ്വന്തം കെട്ടിടം) മള്ളൂശ്ശേരി, സംക്രാന്തി (വാടകക്കെട്ടിടത്തിൽ)
13. a. ഗവ.എൽ.പി.സ്കൂൾ, മുടിയൂർക്കര.
    b. ഗവ. ഡി.വി.എൽ. പി.സ്കൂൾ, പാറമ്പുഴ.

## ഭൂപ്രകൃതി - ജനപ്രകൃതി

മീനച്ചിലാറിനാൽ ചുറ്റപ്പെട്ട് കുന്നുകളും തോടുകളും പാടങ്ങളും പറമ്പുകളും ചേർന്ന പ്രദേശമാണ് കുമാരനല്ലൂർ. മീനച്ചിലാർ പഞ്ചായ ത്തിൻെറ കിഴക്കും തെക്കും വശങ്ങളിലൂടെയും, ചെറുനാരകം മുതൽ കൈവഴിയായ നീലിമംഗലം ഭാഗത്തുകൂടി പഞ്ചായ ത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്നു.

## പഞ്ചായത്തിൻെറ അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | : | മീനച്ചിലാർ വിജയപുരം പഞ്ചായത്ത് |
| തെക്ക് | : | മീനച്ചിലാർ/കോട്ടയം നഗരം |
| പടിഞ്ഞാറ് | : | ആർപ്പൂക്കര അയ്മനം പഞ്ചായത്തുകൾ |
| വടക്ക് | : | ഏറ്റുമാനൂർ അതിരമ്പുഴ പഞ്ചായത്തുകൾ |

നദിയോടടുത്ത് താഴ്ന്ന പ്രദേശങ്ങളാണെങ്കിലും നിരവധികുന്നുകൾ ഈ പഞ്ചായത്തിലുണ്ട്.

| വാർഡ് | കുന്നിൻെറ പേര് |
|---|---|
| 1 | കാക്കനാട്ടുകുന്ന് പേച്ചാം കുന്ന് |
| 2. | മംഗളാം കുന്ന് |
| 3. | (മാളിയേക്കൽ) അഞ്ചേരിക്കുന്ന് |
| 4, 5 | പുല്ലരിക്കുന്ന്, തിടമ്പൂർ കുന്ന് |
| 6 | മഞ്ഞാങ്കൽ വെയർ ഹൗസ് കുന്ന് |
| 7 | ചെങ്ങളങ്കാട്ടുകുന്ന് (എസ്.എച്ച്. മൗണ്ട്) |
| 8 | ഇഞ്ചേരിക്കുന്ന് |
| 9 | പാടകുന്ന് |
| 10 | പുൽപ്പാറ – പൊന്നാട്ടുപാറ |
| 11 | മടുക്കമുകൾ, മുളമലക്കുന്ന് |
| 12 | നമ്പൂരിമുകൾക്കുന്ന് |
| 13 | ആലുങ്കൽ കുന്ന് |
| 14 | വടക്കനാട്ടുകന്ന്, നെല്ലിക്കുന്ന് |

നിരവധി തോടുകൾ പഞ്ചായത്തിലുണ്ട്. ഇവയുടെ വിവരണം കൃഷിയെ സംബന്ധിച്ച അധ്യായത്തിൽ നൽകിയിരിക്കുന്നു.

പഞ്ചായത്തിലെ ഭുമിയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു. (വില്ലേജ് രേഖ).

| നമ്പർ | ഇനം | വിസ്തീർണ്ണം | |
|---|---|---|---|
| | | ഹെക്ടർ | ആർ |
| 1 | നിലം | 169 | 08 |
| 2 | പുരയിടം | 1050 | 61 |
| 3 | പുറമ്പോക്ക് | 197 | 90 |

നിലവും പുരയിടവും തരിശിടുന്ന പ്രവണത വ്യാപകമാണ്. കെട്ടിട നിർമ്മാണം തുടങ്ങി മറ്റാവശ്യങ്ങൾക്കുവേണ്ടി ഇവയെ മാറ്റിക്കൊണ്ടിരിക്കുന്നു. മിഡ്‌ലാൻഡ് ലാറ്ററൈറ്റ് മണ്ണാണ്. പൊതുവെ കാണപ്പെടുന്നത് നദീതിരങ്ങളിൽ എക്കൽ മണ്ണും കളിമണ്ണും കാണപ്പെടുന്നു.

നദീതീരങ്ങളിലും സമീപപ്രദേശങ്ങളിലും ജലം സുലഭമാണെങ്കിലും കുന്നിൻ പുറങ്ങളിൽ കടുത്ത ജലക്ഷാമം ഉണ്ടാകാറുണ്ട്. കൃഷിയെയും കുടി വെള്ളത്തെയും ഇത് വിപരീതമായി ബാധിക്കുന്നു. പ്രകൃതിദത്തവും കൃത്രിമമായി നിർമ്മിച്ചതുമായ തോടുകളും നദിയും ഒരു കാലഘട്ടത്തിലെ മുഖ്യ ജലസേചന മാർഗ്ഗവും ഗതാഗതമാർഗ്ഗവുമായിരുന്നു.

## ജൈവവൈവിധ്യം

ഈ ഗ്രാമത്തിലെ ഭൂരിഭാഗം പേരും കർഷകരായിരുന്ന കാലഘട്ടത്തിൽ നിന്ന് മാറ്റം വന്നിട്ടുണ്ട്. ഇന്ന് ഒരു ന്യൂനപക്ഷം മാത്രമേ കാർഷിക വൃത്തിയിലേർപ്പെടുന്നുള്ളു. കാർഷികവും സ്വാഭാവികവുമായ നിരവധി സസ്യജാലങ്ങൾ കൊണ്ടു സമ്പന്നമായി രുന്ന ഈ പഞ്ചായത്തിലുണ്ടായിരുന്ന നിരവധി സസ്യ ങ്ങൾ വളർന്നു നിന്നിരുന്ന സർപ്പക്കാവുകൾ അപ്രത്യക്ഷമായിരിക്കുന്നു. ആറ്റുവഞ്ചികളും മുളങ്കാടു കളും കാണാനില്ല. നിരവധി ഔഷധസസ്യങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. വൻ മരങ്ങളും ഇന്ന ധികം കാണാനില്ല. മുമ്പ് വ്യാപകമായി കാണാനുണ്ടായിരുന്ന കരിമ്പിൻ പാടങ്ങൾ ഇന്ന് ഇല്ല.

നെല്ല്, തെങ്ങ്, റബർ, വാഴ, കപ്പ(മരച്ചീനി) കൊക്കോ തുടങ്ങിയവയാണ്. പ്രധാനകൃഷിക്കൾ, താഴ്ന്ന പ്രദേശങ്ങളിലുള്ള പാടങ്ങളിൽ പ്രധാനമായി നെൽകൃഷിയാണ് നടക്കുന്നത്. മിതമായ തോതിൽ പച്ചക്കറി കൃഷിയും നടക്കുന്നു. നദികളുടെയും തോടുകളുടെയും സമീപപ്രദേശങ്ങൾ വാഴകൃഷിക്കും തെങ്ങിനും അനുയോജ്യമാണ്. ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും ചേന, ചേമ്പ്, കാച്ചിൽ തുട ങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ മിതമായ തോതിൽ കൃഷി ചെയ്യുന്നു. പടവലം, വെള്ളരി, കുമ്പളം, മത്തൻ, കോവൽ, വഴുതിന, പാവൽ തുടങ്ങിയ പച്ചക്കറി കൃഷിയും മാവ്, പ്ലാവ് മുരിങ്ങ, കുടംപുളി, വാളൻ പുളി തുടങ്ങിയ ഫലവർഗ്ഗമരങ്ങളും ഉണ്ട്.

ഇവയ്ക്കുപുറമെ നിരവധി അലങ്കാരച്ചെടികളും പൂച്ചെടികളും കാണാം.

## മനുഷ്യവിഭവം

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഈ പഞ്ചായത്തിൽ ജനസംഖ്യയിൽ കഴിഞ്ഞമുപ്പതുവർഷം കൊണ്ടുണ്ടായ മാറ്റം താഴെക്കൊടുക്കുന്നു.

അവലംബം സെൻസസ്സ് റിപ്പോർട്ടുകൾ

| ഇനം | 1961 | 1991 |
|---|---|---|
| വീടുകളുടെ എണ്ണം | 3537 | 7595 |
| കുടുംബങ്ങളുടെ എണ്ണം | 3701 | 7657 |
| ആകെ ജനസംഖ്യ | 22473 | 39041 |
| പുരുഷൻ | 11410 | 19615 |
| സ്ത്രീ | 11063 | 19426 |
| പട്ടികജാതി ജനസംഖ്യ | | |
| ആകെ | 696 | 2177 |
| പുരുഷൻ | 339 | 851 |
| സ്ത്രീ | 357 | 839 |
| പട്ടികവർഗ്ഗ ജനസംഖ്യ | | |
| ആകെ | 1 | 28 |
| പുരുഷൻ | – | 15 |
| സ്ത്രീ | 1 | 13 |
| സാക്ഷരർ | | |
| ആകെ | 13598 | 33305 |
| പുരുഷൻ | 7534 | 16976 |
| സ്ത്രീ | 6064 | 16329 |

ജനസംഖ്യയിൽ കാര്യമായ വർദ്ധനവ് ഈ കാലഘട്ടത്തിൽ ദൃശ്യമാണ്.

ജനസംഖ്യയിൽ കർഷകരുടെയും കർഷക ത്തൊഴിലാളികളുടെയും എണ്ണം കുറഞ്ഞു വരികയാണ്. സർക്കാർ അർദ്ധസർക്കാർ സ്വകാര്യ മേഖല യിൽ ജോലി ചെയ്യുന്ന ഇടത്തരക്കാരുടെയും വിദ്യാസമ്പന്നരായ തൊഴിൽ രഹിതരുടെയും എണ്ണവും വർദ്ധിച്ചു വരികയാണ്. കർഷകത്തൊഴിലാളികളിൽ അധികവും നിർമ്മാണ രംഗത്തേക്കും മറ്റുതൊഴിൽ മേഖല കളിലേക്കും മാറി. ഇത് കർഷകത്തൊഴിലാളി കളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളിൽ ചിലതിന് വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും ചില രംഗങ്ങളിൽ മന്ദീഭാവം നിലനില്ക്കുന്നു.

# കൃഷിയും ജലസേചനവും

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗവും ചെറുകിട കൃഷിക്കാരാണ്. ഫലപുഷ്ടിയുളള മണ്ണ് കൃഷിക്ക് വളരെ യോഗ്യമാണ്. നിലം--പുരയിടം--പുറമ്പോക്ക് ഉൾപ്പെടെ 1417 ഹെക്ടർ, 60 ആർ 56 ച.മീ. വിസ്തീർണ്ണമാണ് ഉളളത്.

മീനച്ചിലാറിന്റെ തീരങ്ങളും സമതലങ്ങളും ചെറുതും വലുതുമായ കുന്നിൻ പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. എക്കൽ മണ്ണ് – ചരൽ മണ്ണ് – ചെമ്മണ്ണ് എന്നിങ്ങനെയുളള മൺതരങ്ങളും കാണാവുന്നതാണ്. കൂടുതലും ചെറുകിട കർഷകരാണ്. ഭക്ഷ്യവിളകളും നാണ്യവിളകളും കൃഷിചെയ്യുന്നുണ്ട്.

എന്നാൽ കാർഷികരംഗത്ത് ഉല്പാദനക്ഷമത വളരെ കുറവാണ്. നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കൊക്കോ, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് പ്രധാനകൃഷികൾ. കൃഷിയിൽ കർഷകർക്ക് വേണ്ടത്ര പരിജ്ഞാനമില്ല. ഈ മേഖലയിൽ പണിയെടുക്കുന്നതിന് വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമാണ് മറ്റൊരു ന്യൂനത. തെങ്ങുകൃഷിയെ സംബന്ധിച്ചാണെങ്കിൽ വേണ്ടത്ര പരിചരണം ലഭിക്കാതെ രോഗങ്ങൾ ബാധിച്ച് ഉല്പാദനം കുറഞ്ഞുവരുന്നു. ആവശ്യമായ വളവും കീടനാശിനികളും കൃഷിഭവൻ വഴി കർഷകർക്ക് സൗജന്യനിരക്കിൽ നല്കണം. അതുപോലെ കർഷകർക്കും തൊഴിലാളികൾക്കും പരിശീലനം നല്കണം. ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം. പരിശീലനം സിദ്ധിച്ച കൃഷിക്കാരുടെയും തൊഴിലാളികളുടേയും സംഘങ്ങൾ വാർഡ് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇത് കൃഷി ആദായകരമാക്കുന്നതിനും ഉല്പാദനത്തോത് ഉയർത്തുന്നതിനും കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുന്നതിനും സഹായകരമാണ്.

### കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്
### ഭൂമിസംബന്ധിച്ച വിവരങ്ങൾ

(പട്ടിക 1) (വില്ലേജാഫീസിൽ നിന്നും ലഭിച്ചത്)

| നമ്പ: | ഇനം | വിസ്തീർണ്ണം H | A | $M^2$ |
|---|---|---|---|---|
| 1. | നിലം | 169 | 08 | 69 |
| 2. | പുരയിടം | 1050 | 61 | 39 |
| 3. | പുറമ്പോക്ക് | 197 | 90 | 48 |
| 4. | കൃഷിയോഗ്യതരിശ് | – | – | – |
| 5. | കൃഷിയോഗ്യമല്ലാത്തതരിശ് | – | – | – |
| | ആകെ | 1417 | 60 | 56 |

പട്ടിക II

### പഞ്ചായത്ത് പ്രദേശത്തെ കുന്നുകൾ

1. വാർഡ് 1 – കാക്കനാട്ട്കുന്ന് –പേച്ചാംകുന്ന്
2. വാർഡ് 2 – മംഗളാംകുന്ന്
3. വാർഡ് 4, 5 – പുല്ലരിക്കുന്ന് – തിടമ്പൂർ കുന്ന്
4. വാർഡ് 6 – മണാങ്കൽ വെയർഹൗസ് കുന്ന്
5. വാർഡ് 7 – S.H. മൗണ്ട്
6. വാർഡ് 7 – ശങ്കരേടത്ത്കുന്ന്
7. വാർഡ് 9 – ഇഞ്ചേരിക്കുന്ന്, പാട്ടുകുന്ന്
8. വാർഡ് 10 – പാട്ടുകുന്ന്
9. വാർഡ് 11 – മടുക്കുമുകൾ, പാറമ്പുഴപള്ളിക്കുന്ന്
10. വാർഡ് 12 – മുളമലക്കുന്ന്, 12 – നമ്പൂരിമുകൾ കുന്ന്

വാർഡ് 13 – ആലുങ്കൽ കുന്ന്

11. വാർഡ് 14 – വടക്കനാട്ട് കുന്ന്



□കൃഷി-ജലസേചനം - ഗ്രാമസഭയിലെ ഗ്രൂപ്പുചർച്ച.

– നെല്ലിക്കുന്ന്

## നെൽകൃഷി

കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, നെൽപ്പാടങ്ങളും, കൃത്രിമ ജലസേചനമില്ലാതെ പ്രകൃതിദത്തമായ അനുകൂലസാഹചര്യങ്ങളെ ആശ്രയിച്ച് കൃഷി നടത്താവുന്ന പ്രദേശമല്ല. നവംബർ, ഡിസംബർ മാസങ്ങളിൽ ആരംഭിച്ച് മാർച്ച്, ഏപ്രിൽ കാലത്തിനുള്ളിൽ കൃഷിയെടുത്ത് നടത്തുന്ന രീതിയാണ് ഇവിടെ നിലവിലുള്ളത്. ഈ കാലം കേരളത്തെ സംബന്ധിച്ച് വരൾച്ചയുടെ ഘട്ടമാണ്. ആകയാൽ ഈ പഞ്ചായത്ത്, ഇവിടത്തെ താരതമ്യേന കുറഞ്ഞ ആദായമുള്ള നെല്ലുൽപാദകർക്കുവേണ്ടി പരമാവധി ജലസേചനസൗകര്യം ചെയ്തുകൊടുക്കേണ്ടതുണ്ട്. പ്രശ്നങ്ങളേയും, പ്രതിസന്ധികളേയും മാത്രം നേരിടേണ്ടിവന്നിട്ടുള്ള ഇവിടത്തെ നെൽകൃഷി നിലനിന്നു പോരുന്നത് ഒരുവിഭാഗം ആളുകൾക്ക് അതിനോടുള്ള വൈകാരിക ബന്ധം ഒന്നുകൊണ്ടുമാത്രമാണ്. അതുകൊണ്ട് ഈ വിഭാഗം കൃഷിക്കാർ സർക്കാരിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും കൂടുതൽ സഹായ മർഹിക്കുന്നു.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 1 – 2 –3–8–9–11 എന്നീ വാർഡുകളിൽ പ്രായോഗികമായി നെൽകൃഷി ഒട്ടും തന്നെയില്ല. 2–ാം വാർഡിൽ 15

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | വാർഡ് നമ്പർ | ആകെ വിസ്തീർണ്ണം | ഇപ്പോൾ നെൽകൃഷി ചെയ്യുന്ന വിസ്തീർണ്ണം | തരിശ് |
|---|---|---|---|---|---|
| 1 | തഴമതപാടം | V | 36 ഏക്കർ 58 സെൻറ് | 36 ഏക്കർ 58 സെൻറ് | – |
| 2 | മള്ളൂർ പാടം | IV | 38 ഏക്കർ 58 സെൻറ് | 33 ഏക്കർ | 5 ഏക്കർ |
| 3 | കരിയമ്പാടം | III, IV VI, VII | 113 ഏക്കർ 91 സെൻറ് | 103 ഏക്കർ 91 സെൻറ് | 10 ഏക്കർ |
| 4 | അടിച്ചിപാടം | 6 | 20 ഏക്കർ | 10 ഏക്കർ | 10 ഏക്കർ |
| 5 | മൂഴൂർ പാടം | 10 | 75 ഏക്കർ 74 സെൻറ് | 67 ഏക്കർ 74 സെൻറ് | 8 ഏക്കർ |
| 6 | കുളക്കാട്ട് പാടം | 13 | 15 ഏക്കർ | 2 ഏക്കർ | 13 ഏക്കർ |
| 7 | ചെറുപൈങ്ങുളം | 12 | 45 ഏക്കർ 36 സെൻറ് | 40 ഏക്കർ 36 സെൻറ് | 5 ഏക്കർ |
| 8 | മുടിയൂർ പാടം | 13<br>14 | 60 ഏക്കർ പുഞ്ച<br>30 ഏക്കർ മുണ്ടകൻ | 60 ഏക്കർ പുഞ്ച<br>30 ഏക്കർ മുണ്ടകൻ | 1 – 50<br>–<br>41 |
| 9 | കരോട്ട് പാടം<br>താഴത്തുപാടം | 14 | 25 ഏക്കർ | നെൽകൃഷി 10 ഏക്കർ<br>5 ഏക്കർ മറ്റുകൃഷി | 10 ഏക്കർ |
| 10 | കുപ്പേരിപ്പാടം | 2 | 15 ഏക്കർ | 2 ഏക്കർ | 13 ഏക്കർ |
| 11 | പാലൂർ കടവ് | 3<br>I | 1 1/2 ഏക്കർ<br>4 ഏക്കർ | | 1 1/2 ഏക്കർ<br>4 ഏക്കർ |
| 12 | കീഴേൽ പാടം | 5 | 8 ഏക്കർ | | 8 ഏക്കർ |

ഏക്കറോളം വിസ്തീർണ്ണമുള്ള കുപ്പേരിപ്പാടത്ത് 2 ഏക്കറിൽ താഴെ സ്ഥലത്തു മാത്രമേ നെൽകൃഷിയുള്ളു.

പ്രസ്തുത പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. തഴമതപാടം, മള്ളൂർ പാടം എന്നീപാടങ്ങളിലേക്ക് കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുന്നതിന് മുകളിൽ 6 -ാം നമ്പരായി കൊടുത്തിരിക്കുന്നതും, തിരുവാറ്റാ ക്ഷേത്രത്തിനു സമീപത്തുനിന്നുമാരംഭിച്ച്, കുടയം പടിയിൽ ചെന്നു ചേരുന്ന തോട്ടിൽ നിന്നുമാണ്. ടി തോടിനു വേണ്ടി നിർദ്ദേശിച്ചിരിക്കുന്ന പണികൾ ചെയ്തുതീർത്താൽ ഈ പാടശേഖരങ്ങളിലെ ജലസേചനപ്രശ്നങ്ങൾ പരിഹരിക്കാവുന്നതും, നെൽകൃഷി ലാഭകരമായി ചെയ്തു തീർക്കാവുന്നതു മാണ്. ടി പാടശേഖരത്തിൽ പൊക്കം കൂടുതൽ കൊണ്ട് നെൽകൃഷി ചെയ്യാൻ സാധിക്കാതെ കിടക്കുന്ന 5 ഏക്കറോളം വരുന്ന സ്ഥലത്ത് പച്ചക്കറിയും, കുറും കൂപ്പ് കൃഷിയും ചെയ്യുന്നതിന്, കുളം കിണർ എന്നിവ കുഴിക്കുന്നതിന് സഹായം നൽകാവുന്നതാണ്.

**കരിയമ്പാടം** – ഈ പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമാണ് കരിയമ്പാടം. മുകളിൽ 5 -ാം നമ്പരായി കൊടുത്തിട്ടുള്ളതും, മീനച്ചിലാറ്റിൽ നിന്ന് തേക്കുംപാലം വഴി ഈ പാടശേഖരത്തിൽ എത്തി ചേരുന്ന തോടാണ് ഇവിടേക്കുള്ള ജലസേചനം സാദ്ധ്യമാക്കുന്നത്. ഈ തോടിന് നിർദ്ദേശിച്ചിട്ടുള്ള വികസനപ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്. സമീപപ്രദേശത്തുള്ള ഉയർന്ന സ്ഥലങ്ങളിൽ നിന്നുമുള്ള മഴവെള്ളപാച്ചിൽ ഇവിടത്തെ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. ഇതു തടയുന്നതിന് അത്യാവശ്യസ്ഥലങ്ങളിൽ റിംഗ് ബണ്ടുകൾ സ്ഥാപിച്ച് കരവെള്ളം പുറത്തോട്ട് ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

**അടിച്ചിപാടം** – ഉദ്ദേശം 20 ഏക്കറോളം വരുന്ന അടിച്ചിപാടത്ത് ജലസേചന സൗകര്യകുറവ് മൂലം പകുതിഭാഗവും കൃഷിചെയ്യാതെ കിടക്കുകയാണ്. മുകളിൽ 4-ാം നമ്പരായി കൊടുത്തിട്ടുള്ളതും മീനച്ചിലാറ്റിൽ നിന്നും ചെറിയമഠം മാലി വഴിയുള്ള തോടിന്റെ അറ്റകുറ്റപണികൾ തീർത്താൽ ഈ പാടശേഖരത്തെ മുഴുവനും നെൽകൃഷിക്ക് അനുയോജ്യമാക്കാവുന്നതാണ്.

**മൂഴൂർ പാടം** – ഏകദേശം 76 ഏക്കർ വിസ്തീർണ്ണമുള്ള മൂഴൂർ പാടശേഖരത്ത് ജലസേചനസൗകര്യത്തിന്റെ അപര്യാപ്തതയും അതേ സമയം വെള്ളപ്പൊക്ക ഭീക്ഷണിയും ഇവിടത്തെ കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. കാലടിമനക്ഷേത്രത്തിനുമേക്ക് മീനച്ചിലാറ്റിൽ നിന്നും ചക്കാത്തറപടി കൂരോത്തു കലുങ്ക് വഴി പോകുന്ന തോട് പുഷ്ടിപ്പെടുത്തിയാൽ ഇവിടത്തെ ജലസേചനസൗകര്യം ഒരു പരിധിവരെ പരിഹരിക്കപ്പെടും. ഇപ്രകാരം ചെയ്താൽ ഇപ്പോൾ ഒരുപൂ കൃഷി ചെയ്യുന്ന ഈ പാടത്ത് രണ്ടാം കൃഷി സാദ്ധ്യമാകുന്നതാണ്. ചവിട്ടുവരി, വെള്ളുപ്പറമ്പ് റോഡിൽ, തറേപ്പടി മുതൽ കാഞ്ഞിരപ്പള്ളിപ്പടി വരെയുള്ള 600 മീറ്റർ നീളം ശരാശരി 1 മീറ്റർ ഉയർത്തി ശക്തമായ ഒരു ബണ്ട് കം റോഡായി മാറ്റിയാൽ മൂഴൂർ പാടത്തെ വെള്ളപ്പൊക്കം സ്ഥായിയായി നിയന്ത്രിക്കാവുന്നതാണ്. ഇതുമൂലം ഈ പാടശേഖരത്ത് നെൽകൃഷിയില്ലാത്ത സമയം പച്ചക്കറി കൃഷി ചെയ്യാൻ സാധിക്കുന്നതുമാണ്.

**ചെറുപൈങ്ങുളം** – ഉദ്ദേശം 45 ഏക്കർ വിസ്തീർണ്ണമുള്ള ഈ പാടശേഖരത്തിൽ 85 ഓളം കൃഷിക്കാർ കൃഷി ചെയ്യുന്നു. ജലസേചനത്തിന്റെ അപര്യാപ്തതയോടൊപ്പം വെള്ളപ്പൊക്ക ഭീഷണി കരവെള്ളപാച്ചിൽ ഇവയും കൃഷിയെ ബാധിക്കുന്നുണ്ട്. നിലവിലുള്ള തോടിന് നിർദ്ദേശിച്ച പണികൾക്ക് പുറമെ ആറ്റിൽ നിന്നുമുള്ള വെള്ളപ്പൊക്കം തടയുന്നതിന് പാറയിൽ പടി– ഈഴമാലി പടിറോഡ് മണ്ണിട്ട് പൊക്കി, കല്ലുകെട്ടി ബലപ്പെടുത്തേണ്ടതാണ്. ടി പാടശേഖരത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിന്നും വരുന്ന കരവെള്ള പാച്ചിൽ റിംഗ് ബണ്ട് നിർമ്മിച്ച് മീനച്ചിലാറ്റിലേക്ക് തിരിച്ചുവിടാവുന്നതാണ്.

**കുളക്കാട്ടുപാടം** – ഉദ്ദേശം 15 ഏക്കർ വരുന്ന ഈ പാടശേഖരത്തിൽ നെൽകൃഷി നാമമാത്രമായേ ചെയ്യുന്നുള്ളൂ. ജലസേചനസൗകര്യത്തിന്റെ അപര്യാപ്തത, മെഡിക്കൽ കോളജിനു സമീപമുള്ള ഗാന്ധിനഗർ ബസ് സ്റ്റാൻറിന്റെ ഓടയിൽ കൂടിയും, ടി ഭാഗത്തെ കംഫർട്ട് സ്റ്റേഷനിൽ നിന്നും വരുന്ന മലിനജലവും, ടി ഭാഗത്തെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വരുന്ന മലിനജലവും, പരിസരത്തുള്ള മറ്റുസ്ഥാപനങ്ങളിൽ നിന്നും വരുന്ന മലിനജലവും കൂടി ഒത്തുചേർന്ന് ടി പാടശേഖരത്തിനു സമീപമുള്ള തോട്ടിൽക്കൂടി പാടശേഖരത്തിൽ വന്നുചേരുന്നതു മൂലം ഇവിടത്തെ കൃഷിയെ നന്നായി ബാധിക്കുന്നു. മീനച്ചിലാറിന്റെ മുണ്ടാർ ഭാഗത്തു നിന്നും തുടങ്ങി മെഡിക്കൽ കോളജിനു സമീപം വരെ എത്തുന്ന നാട്ടുതോടിന് ഉദ്ദേശിച്ച പരിഷ്കാരം വരുത്തിയും,

മലിനജലമൊഴുക്കു തടഞ്ഞും ഈ പാടശേഖരത്തിൽ നെല്ല്, അനുബന്ധകൃഷികളും ചെയ്യുന്നതിന് സൗകര്യം ഉണ്ടാക്കാവുന്നതാണ്.

മുടിയൂർ പാടം – ഉദ്ദേശം 90 ഏക്കർ വിസ്തീർണ്ണമുള്ള മുടിയൂർ പാടത്ത് 60 ഏക്കർ സ്ഥലത്ത് ഒരുപ്പൂ കൃഷിയും, 30 ഏക്കർ ഇരിപ്പുകൃഷിയും ചെയ്യുന്നു. ടി പാടശേഖരത്തിനോടുചേർന്ന് മുടിയൂർക്കര പള്ളിക്കു കിഴക്കുവശം കരോട്ടുപാടം, താഴത്തുപാടം എന്ന പേരിൽ 25 ഏക്കർ നെൽപാടങ്ങളുമുണ്ട്. മുടിയൂർ പാടത്തിൻെറ ആറ്റാംമൊയ്പ് ഭാഗത്ത് 30hp മോട്ടോർ സ്ഥാപിക്കുകയും വേണം.

ഈ 25 ഏക്കറിൽ ഉദ്ദേശം 10 ഏക്കർ സ്ഥലത്ത് മാത്രമെ നെൽകൃഷിയുള്ളൂ. മീനച്ചിലാറ്റിൽ നിന്നും ചിറപ്പാട്ടുഭാഗത്തുനിന്നും തുടങ്ങി അടിച്ചിറ പത്തടിപാലം വരെ എത്തുന്ന നാട്ടുതോടിന് നിർദ്ദേശിച്ചിട്ടുള്ള പണികൾ ചെയ്തും, ടി തോടിൻെറ ഗാന്ധിനഗർ റോഡിൻെറ പ്രധാനകലുങ്കിനു സമീപം 10hp മോട്ടോർ സ്ഥാപിച്ചാൽ അടിച്ചിറ പത്തടിപാലം വരെ ജലസേചനസൗകര്യം കിട്ടും. ടി തോടിൻെറ കുറ്റിമറ്റം ഭാഗത്ത് 10hp മോട്ടോർ സ്ഥാപിച്ച് കരോട്ടുപാടം, താഴത്തുപാടം, അമ്പലക്കുളം വരെയുള്ള ഭാഗങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാം. ടി തോടിൻെറ ഒരു വശം യാത്രാ സൗകര്യമുള്ള റോഡാക്കി മാറ്റുകയും ചെയ്താൽ ഈ പ്രദേശത്തെ നെൽകൃഷി ലാഭകരമാക്കാവുന്നതാണ്.

## നെൽകൃഷിയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കുറഞ്ഞ സമയത്തു കൂടുതൽ ശ്രദ്ധയും ശ്രമവും വേണ്ട ഒന്നാണ് നെൽകൃഷി. വർദ്ധിച്ച ഉല്പാദന ചെലവിലും കുറഞ്ഞ ലാഭവും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. നെൽകൃഷിക്കാർ അനുഭവിക്കുന്ന പ്രധാനപ്രശ്നങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. സമയത്ത് നിലം ഉഴുത് വിതയ്ക്ക് അനുയോജ്യമാക്കുന്നതിന് അത്യാവശ്യം വേണ്ട കന്നു/കാളകളുടെ അഭാവം
2. കൃഷിപ്പണികൾ, ധൃതഗതിയിൽ നടത്തേണ്ട സമയത്തും, വിളവെടുപ്പ് കാലത്തും തൊഴിലാളികളുടെ ലഭ്യത ഇല്ലായ്മ.
3. ഉല്പന്നങ്ങളുടെ വിലയ്ക്കും ഒരു വിധത്തിലും ആനുപാതികമല്ലാത്ത കൂലിവർദ്ധന.
4. വളം –കീടനാശിനി എന്നിവയുടെ അമിതമായ വില വർദ്ധന.
5. ആവശ്യത്തിന് ജൈവവളങ്ങൾ നൽകാൻ സാധിക്കാതെ രാസവളങ്ങളെ ആശ്രയിച്ച് കൃഷി ചെയ്യുന്നത് കൊണ്ട് നെൽപാടത്തിന് ഉണ്ടായികൊണ്ടിരിക്കുന്ന ഉല്പാദന ക്ഷമത ക്കുറവ്.
6. നല്ലയിനം നെൽവിത്തുകളുടെ ലഭ്യതകുറവ്.

അരി ഉല്പാദനത്തിൽ ഒരു കമ്മി സംസ്ഥാനമായ കേരളത്തിൽ ഇപ്പോൾ നടക്കുന്നനെൽകൃഷി എങ്കിലും തുടർന്ന് കൊണ്ടുപോകുവാൻ സാധിക്കത്തക്കവിധം കൃഷിക്കാർക്ക് അടിയന്തിര സഹായം എത്തിയ്ക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ പത്തിൽ താഴെ മാത്രം പാടശേഖരങ്ങളിൽ ഇടത്തരവും നാമമാത്ര കൃഷിസ്ഥലങ്ങൾ ഉള്ളവരും ആണ് കൂടുതലും. ഇവർക്ക് സ്വന്തമായി ആധുനിക കൃഷി ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുവാൻ കഴിവില്ല. അതുപോലെ തന്നെ അത്യാവശ്യം ജലസേചനസൗകര്യവും പൊതുവിൽ ചെയ്തുകൊടുക്കേണ്ടതാണ്. ചുരുങ്ങിയ ചെലവിൽ വർദ്ധിച്ച വിള ഉണ്ടാക്കുന്നതിന് സഹായകരമായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

ഓരോ പാടശേഖരത്തിനും, കൃഷി സഹകരണ സംഘങ്ങളോ, സമിതിയോ രൂപീകരിക്കുക. ഇപ്പോൾ ഇത്തരം സമിതികൾ പ്രവർത്തിക്കുന്ന ഇടങ്ങളിൽ ആയത് കൂടുതൽ കാര്യക്ഷമമാക്കുകയും, അല്ലാത്തിടങ്ങളിൽ പുതിയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. ഈ സമിതികൾ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണം.

(i) കൃഷി നടത്തിപ്പിനെ സംബന്ധിച്ച് മുൻകൂർ വ്യക്തമായ പ്ലാൻ തയ്യാറാക്കണം

(ii) ആവശ്യത്തിനുള്ള വിത്ത്, വളം, കീടനാശിനികൾ ഇവ യഥാസമയം ലഭ്യത ഉറപ്പുവരുത്തണം.

(iii) ആവശ്യത്തിന് ട്രാക്ടർ, ട്രില്ലർ, ചെടി സംരക്ഷണ ഉപകരണങ്ങൾ ഇവ കരുതിയിരിക്കണം.

(vi) അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾ കൃഷിചെയ്യുവാൻ കർഷകരെ പ്രേരിപ്പിക്കണം.

(v) കൃഷിയിലും സസ്യസംരക്ഷണത്തിലും തങ്ങൾക്കുള്ളതും പുതിയതായി ലഭിക്കുന്നതുമായ അറിവ് മറ്റുള്ള കൃഷിക്കാരുമായി പങ്ക് വയ്ക്കണം.

(vi) ഓരോഗ്രൂപ്പ്ഫാമിംഗ് സമതികൾ രൂപീകരിച്ച് തങ്ങളുടെ പാടശേഖരത്തിന് ആവശ്യമുള്ള വിത്ത്

ഉല്പാദിപ്പിക്കുവാൻ മുൻകൈഎടുക്കണം.

(vii)നിലവിലുളള കൃഷിസ്ഥലങ്ങളുടെ ഫല ഭൂയിഷ്ഠതവർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

(viii)കർഷകർക്ക് നെല്ലുല്പാദനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകണം.

## നെൽകൃഷി

പെരുമ്പായിക്കാട് വില്ലേജിൽപ്പെട്ട മൂടിയൂർ പാടത്തിൻെറ വിസ്തീർണ്ണം 90 ഏക്കറാണ്. ഇത് കുമാരനല്ലൂർ പഞ്ചായത്തിൽ 11 – 13 – 14 വാർഡുകളിൽ ഉൾപ്പെടുന്നു. ഇതിൽ 65 ഏക്കർ പുഞ്ച 13–ാം വാർഡിലും ബാക്കി 25 ഏക്കർ 14–ാം വാർഡിലും പെടുന്നു. 13–ാം വാർഡിൽപ്പെടുന്ന 65 ഏക്കർ പൂർണ്ണമായ പുഞ്ചനിലമാണ്. ബാക്കിവരുന്ന 8 ഏക്കർ പുഞ്ചയും, ബാക്കിയുളളവ മുണ്ടകനുമാണ്.പുഞ്ചയിൽ ആണ്ടിൽ ഒരു പ്രാവശ്യം മാത്രം കൃഷി യിറക്കുന്നു. 13–ാം വാർഡിൽ ഉൾപ്പെട്ട പുഞ്ചനിലം വിസ്തീർണ്ണം 65 ഏക്കർ, കൃഷിക്കാർ 63, എല്ലാവർഷവും നവംബർ 20നും ഡിസംബർ 15നും മദ്ധ്യേകൃഷി ഇറക്കുന്നു. അത്യുൽപാദനശേഷിയുളള ജ്യോതി തുടങ്ങിയ വിത്തുകൾ വിതയ്ക്കുന്നു. കൈവശം 20 സെൻറ് മുതൽ 2 1/2 ഏക്കർ വരെ വേണ്ടി വരുന്നവിത്ത് 600 പറ (3 3/4 ടൺ)

**കൃഷിച്ചെലവ് ഏക്കറിന്**

| | Rs |
|---|---|
| നിലം ഉഴുന്നതിന് - | – 500.00 |
| നിരപ്പാക്കൽ (ഞവരി) | – 250.00 |
| വരമ്പുപണി | – 600.00 |
| വിത്ത് | – 450.00 |
| വിതക്കൂലി | – 75.00 |
| നടീൽ | – 500.00 |
| കളപറിക്കൽ | – 1200.00 |
| രാസവളം | – 1500.00 |
| കീടനാശിനി | – 1000.00 |
| വളമിടീൽകൂലി, വെള്ളം കയറ്റൽ | – 700.00 |
| നെല്ല് ഉണക്കൽ | – 200.00 |
| കച്ചി ഉണക്കൽ | – 200.00 |
| നെല്ല് ചുമട്ടുകൂലി | – 300.00 |
| ആകെ | – 7475.00 |

വരവ്

| | |
|---|---|
| നെല്ല് 350 പറ | – 11200.00 |
| കച്ചി | – 1000.00 |
| (ഒരു പറനെല്ലിന് 32 രൂപ) | 12200.00 |
| പുരുഷതൊഴിലാളി | സ്ത്രീ |
| 25 – Rs.1625.00 | 54 – Rs.3580.00 |

ആകെ വരവ് – കർഷകർക്ക്

22750 പറ (140 ടൺ)

കർഷകതൊഴിലാളികൾക്ക്

4500 പറ ( 27 ടൺ)

കച്ചി – 1300 കെട്ട്

130 കന്നുകാലികൾക്ക് ഒരു വർഷം തിന്നുന്നതിന്

**മൂടിയൂർ പാടം** – നീലിമംഗലം ആറിൻെറ സമീപത്ത് സ്ഥിതിചെയ്യുന്നു. ഏറ്റുമാനൂർ മുണ്ടകപ്പാടം, അടിച്ചിറ വഴിപോകുന്ന തോട് പാടത്തിൻെറ നടുവിലൂടെ ഒഴുകിപാടത്തിൻെറ കിഴക്കുഭാഗത്തുനിന്നുള്ള തോട് മുൻതോടുമായി പാടത്തിൻെറ മദ്ധ്യത്തിൽ യോജിച്ച് ആറ്റാംമൊയ്പിൽ നീലിമംഗലം ആറ്റിൽ ചേരുന്നു. തോട്ടിലെ കരവെളളമൊഴുക്കും, ആറ്റിലെ ജലവിതാനവും പാടത്തിൻെറ കൃഷിയെ സ്വാധീനിക്കുന്നു.

സർക്കാരിൽ നിന്നും പണിക്ക് സബ്സിഡിയോ മറ്റാനുകൂല്യങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. പമ്പിംഗിന് ഡീസൽ എൻജിനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഓരോവർഷവും കിട്ടുന്ന പമ്പിംഗ് സബ്സിഡി എൻജിൻ റിപ്പ്യാറിംഗിനും, ബണ്ടിനും വേണ്ടി ചെലവാക്കുന്നതിനാൽ കൃഷി നനയ്ക്കുന്നതിന് കർഷകർ ഭാരിച്ച ചെലവ് വഹിക്കേണ്ടിവരുന്നു.

### മൂടിയൂർ പുഞ്ച നെൽകൃഷി ലാഭകരമാക്കുന്നതിന്

1. പാടത്തിൻെറ പടിഞ്ഞാറു ഭാഗത്തും, കിഴക്കോട്ടുളള തോട്ടിലും, കലുങ്കിനു സമീപത്തും ക്രോസ് ബാർ നിർമ്മിക്കുക.
2. മോട്ടോർ, പമ്പ് ഹൗസ്, പെട്ടി, പറ മുതലായ പമ്പിംഗിന് ആവശ്യമുളളവ നൽകുക.
3. തോടിൻെറ ആഴംകൂട്ടിയാൽ കലുങ്കിൻെറ വടക്കുഭാഗത്ത് ലിഫ്റ്റില്ലാതെ പമ്പിംഗ് നടത്താൻ സാധിക്കും. അതിനാൽ കലുങ്കുമുതൽ ആറുവരെയുളള ഭാഗത്ത് തോടിൻെറ ആഴം കൂട്ടുക.

4. രണ്ടുതോടുകളുടെയും ഇരുവശവും ബണ്ട് കെട്ടി ഉറപ്പാക്കുക.

5. ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ മുതലായവ, സപ്ലൈ ചെയ്യുക.

6. വളം, കീടനാശിനി മുതലായവ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭിക്കുവാൻ സൗകര്യം ചെയ്യുക.

7. ആറ്റാംമൊയ്പ് റെയിൽവെ ലൈൻ റോഡും തോടിന്റെ ഇരുഭാഗത്തുമുള്ള ബണ്ടും ഉയർത്തുകയാണെങ്കിൽ കരവെള്ളം പാടത്തു കയറാതെ, തോട്ടിൽക്കൂടി തന്നെ ആറ്റിൽ എത്തിയ്ക്കുവാനും, റോഡ് ഉയർത്തിയാൽ ആറ്റിൽ നിന്നും വെള്ളം കവിഞ്ഞ് പാടത്തു കയറുന്നതു തടയുകയും ചെയ്താൽ മുടിയൂർ പുഞ്ചയിൽ ഒരു തവണയിൽ കൂടുതൽ കൃഷി ചെയ്യുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

കാർഷികമേഖലയിൽ പഞ്ചായത്ത് പ്രദേശത്ത് ഏകീകൃതമായ സേവന-വേതനക്രമം ഇല്ല. വിവിധ പാടശേഖരങ്ങളിൽ വ്യത്യസ്തകൂലിനിരക്കും ജോലി സമയവുമാണ് നിലവിലുള്ളത്. പ്രാദേശികമായ വ്യത്യാസം ഇല്ലാതാക്കി സമയവും കൂലിയും ഏകീകരിക്കുവാൻ പ്രയാസമാണ്. ഏകീകരിക്കാൻ ശ്രമിച്ചാൽ ചില പാടശേഖരത്തിൽ തൊഴിലാളികൾക്ക് ഗുണമുണ്ടാകുമ്പോൾ കർഷകന് ദോഷമുണ്ടാകും. മറ്റ് ചില പാടശേഖരങ്ങളിൽ കർഷകന് ഗുണമുണ്ടാകും എന്നാൽ തൊഴിലാളികൾക്ക് ദോഷമാകും. അതിനാൽ ഓരോ വർഷവും നിലവിലുള്ള കൂലിയിൽനിന്നും അല്പമായ വർദ്ധനവ് വരുത്തി നല്കുകയാണ് പതിവ്.

### കാർഷിക മേഖലയിലെ കൂലി, സമയം എന്നിവ പഠിക്കുന്നതിനുള്ള പട്ടിക.

| പാടശേഖരത്തിന്റെ പേര് | തൊഴിലാളി | | തൊഴിൽ | ജോലി സമയം മണിക്കൂർ | കൂലി രൂപാ |
|---|---|---|---|---|---|
| | സ്ത്രീ | പു | | | |
| കരിയമ്പാടം | സ്ത്രീ | | പറിച്ചുനടീൽ, കളനീക്കം | 6 മണിക്കൂർ | 40 |
| | | പു | കിള, വരമ്പുപണി | 8 " | 80 |
| | | പു | ഉഴവ്, ( 1 ഏർകാള രണ്ടു ചാൽ) | 6 " | 175 |
| ചെറുപൈങ്ങുളം | സ്ത്രീ | | പറിച്ചുനടീൽ, കളപറി | 6 " | 45 |
| | | പു | കിള, വരമ്പുപണി | 8 " | 90 |
| | | പു | ഉഴവ് (1 ഏർകാള 2 ചാൽ) | 6 " | 200 |
| | | | ഞവരിഅടി (1 ഏർകാള) | 6 " | 300 |
| മുടീപ്പാടം | സ്ത്രീ | | പറിച്ചുനടീൽ, കളപറി | 6 " | 45 |
| | | പു | കിള, വരമ്പുപണി | 8 " | 90 |
| | | പു | ഉഴവ്, (1 ഏർകാള 2 ചാൽ) | 6 " | 200 |
| | | | ഞവരി അടി | -- | 300 |
| മുഴൂർപ്പാടം | സ്ത്രീ | | പറിച്ചുനടീൽ, കളപറി | 8 " | 50 |
| | | പു | കിള, വരമ്പുപണി | 8 " | 100 |
| | | | ഉഴവ് (1 ഏർകാള 2 ചാൽ) | -- | 225 |
| | | | ഞവരി അടി | – | 325 |

## കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്

### 3.7 തെങ്ങ് കൃഷിസംബന്ധിച്ചവിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | 507 ഹെ | | | | | | | | | |
| 1 | 17 ഹെ | 805 | 2000 | 2805 | | റൂട്ട് വീൽറ്റ് - | | | 75 | 80% |
| 2 | 20 ഹെ | 2000 | 1300 | 3300 | | ലീഫ് റോട്ട് - | | | 25 | 30% |
| 3 | 20 ഹെ | 1200 | 2100 | 3300 | | ബഡ് റോട്ട് - | | | 30 | 35% |
| 4 | 20 ഹെ | 1480 | 1820 | 3300 | | സ്റ്റെം ബ്ലീഡിംഗ് - | | | | 10% |
| 5 | 35 ഹെ | 1900 | 3875 | 5775 | | | | | | |
| 6 | 30 ഹെ | 1025 | 3925 | 4950 | | | | | | |
| 7 | 90 ഹെ | 2015 | 12835 | 14850 | | | | | | |
| 8 | 35 ഹെ | 1725 | 4050 | 5775 | | | | | | |
| 9 | 25 ഹെ | 1010 | 3015 | 4025 | | | | | | |
| 10 | 95 ഹെ | 3425 | 12250 | 15675 | | | | | | |
| 11 | 40 ഹെ | 2500 | 4100 | 6600 | | | | | | |
| 12 | 30 ഹെ | 1625 | 3325 | 4950 | | | | | | |
| 13 | 25 ഹെ | 1010 | 3115 | 4025 | | | | | | |
| 14 | 25 ഹെ | 720 | 3405 | 4125 | | | | | | |
| | 507 ഹെ | | | | | | | | | |

## തെങ്ങുകൃഷി

ഫലപുഷ്ടിയുള്ള എക്കൽമണ്ണ് നിറഞ്ഞ ആറ്റുതീരസമതലങ്ങൾ പാടത്തിൻ കരകൾ, കുന്നിൻ ചരിവുകൾ തുടങ്ങി ഒരുകാലത്ത് കേരവൃക്ഷം സമൃദ്ധമായി വളർത്തി വർദ്ധിച്ച രീതിയിൽ ഫലം നൽകിക്കൊണ്ടിരുന്ന തെങ്ങിൻ തോപ്പുകൾ മനസ്സിന് സന്തോഷം നല്കുന്നവയായിരുന്നു.

കാലവർഷാരംഭത്തിൽ തടമെടുത്ത് പച്ചിലവളവും കാലിവളവും അടങ്ങുന്ന ജൈവവളങ്ങളും ആവശ്യത്തിന് രാസവളങ്ങളും നൽകി ചെളി, മണൽ കക്കാ മുതലായവ ചുവട്ടിൽ ഇട്ട് ആണ്ടിൽ രണ്ട് പ്രാവശ്യം മണ്ടയിലെ കളപറിച്ച് വൃത്തിയാക്കി ഉപ്പ്, ചാരം, തുരിശ് മരോട്ടിപിണ്ണാക്ക് ഇവയിട്ട് എലി, ചെള്ള് എന്നിവയ്ക്ക് ആവാസം നൽകാതെ പരിചരിച്ചിരുന്ന തെങ്ങിൻ തോപ്പുകൾ - നമ്മുടെ ഗ്രാമത്തിൽ ധാരാളം ഉണ്ടായിരുന്നു.

ഇന്ന് അത്തരത്തിൽ കേരവൃക്ഷങ്ങൾ വളരുന്ന സ്ഥലങ്ങൾ വളരെ പരിമിതമാണ്. ശരിയായ പരിചരണം ലഭിക്കാതെ മുരടിച്ച് മഞ്ഞളിപ്പ് ബാധിച്ച് അറ്റം കരിഞ്ഞ കുറ്റിഓലകളുമായി കുലയിൽ ഒന്നോ രണ്ടോ വെള്ളയ്ക്കായുമായി നില്ക്കുന്ന പഴയ പ്രതാപിയായ കല്പവൃക്ഷത്തിന്റെ നിഴൽ. ഇന്ന് നാം കാണുന്ന ചിത്രമിതാണ്.

തെങ്ങിന്റെ ഇന്നത്തെ ഈ സ്ഥിതിക്കുള്ള കാരണങ്ങളെപ്പറ്റി ചിന്തിക്കാം. ഒന്നാമതായി തെങ്ങിനെ ബാധിക്കുന്ന പലവിധരോഗങ്ങൾ കൂമ്പുചീയൽ, കാറ്റുവീഴ്ച, വേരുചീയൽ, ചെന്നീരൊഴുക്ക്, ഓലമഞ്ഞളിപ്പ്, കൂമ്പടപ്പ്, ഇല കരിച്ചിൽ, മച്ചിങ്ങ കൊഴിച്ചിൽ തുടങ്ങിയ പലവിധ രോഗങ്ങളിൽ നിന്നും തെങ്ങിനെ രക്ഷിക്കാൻ ഇതുവരെ നടത്തിയ പരീക്ഷണ നിരീക്ഷണങ്ങൾക്ക് കഴിയാതിരുന്നതിനാൽ തെങ്ങുകൃഷി കർഷകന് ആദായകരമല്ലാതാകുന്നു. വ്യാവസായികപ്രാധാന്യം കൂടിയ റബ്ബർ തെങ്ങിനേക്കാൾ ആദായകരമായതിനാൽ തെങ്ങിൻ തോപ്പുകൾ റബ്ബറിന് വഴിമാറുന്നു. ഉള്ള ഭൂമികൾ തുണ്ടുകളായി കൈമാറ്റം ചെയ്യുന്നതും കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിച്ച് കൈമാറുന്നത് ദീർഘകാല വിളയായ തെങ്ങുകൃഷിയേക്കാൾ എത്രയോ മടങ്ങ് ലാഭം കൊയ്യാൻ കഴിയുന്നതിനാൽ തെങ്ങുകൃഷിയിൽ താല്പര്യം കുറയുന്നു. എന്നാൽ എക്കൽ, കക്കാ, മണൽ എന്നിവയുടെ ലഭ്യതയും വർദ്ധിച്ച വിലയും അവയുടെ ഉപയോഗം ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നു. കാലിവളം പച്ചിലവളം തുടങ്ങിയ ജൈവവളങ്ങളുടെ ലഭ്യതയും അവ ലഭിച്ചാൽ തന്നെ എത്തിച്ചുകൊടുക്കുന്നതിനുള്ള ചെലവു കൂടുതലും വളപ്രയോഗങ്ങൾ തെങ്ങിന് ലഭിക്കുന്ന സാധ്യതകൾ കുറയ്ക്കുന്നു. അതിവർഷം മൂലം കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കുകയും വരൾച്ചാസമത്ത് ജലസേചനം പരാജയപ്പെട്ട് തെങ്ങ് ഉണങ്ങിപ്പോകുന്നു. വിത്ത് ഉല്പാദനരംഗത്ത് പരമ്പരാഗത കർഷകർ കാണിച്ചിരുന്ന ആത്മാർത്ഥത കൃഷി ഡിപ്പാർട്ട്മെൻറും ഏജൻസികളും കാണിക്കാത്തതിനാൽ അത്യുല്പാദനശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ സാധാരണ കർഷകന് ലഭിക്കുന്നില്ല.

മണ്ണ് പരിശോധന ആവശ്യമാണോയെന്ന കാര്യത്തിൽ കർഷകർ ബോധവാന്മാരല്ല. നമ്മുടെ പഞ്ചായത്തിലെ മണ്ണുപരിശോധന റിപ്പോർട്ടുകൾ പരിശോധിച്ചാൽ വിരലിൽ എണ്ണാൻ പോലും കണ്ടെന്നു വരികയില്ല. കൃഷിഭവനിൽ നിന്നും ലഭിക്കുന്ന നടീൽ വസ്തുക്കളെപ്പറ്റിയുള്ള അറിയിപ്പ് പഞ്ചായത്തിലൊട്ടാകെ അറിയുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

തെങ്ങുകയറ്റതൊഴിലാളികളുടെയും കർഷകതൊഴിലാളികളുടെയും ലഭ്യത പരിമിതമാകയാൽ കാലാകാലങ്ങളിലുള്ള പണികൾ നടക്കുന്നില്ല. നേരത്തെയുണ്ടായിരുന്ന കേരക്ലബ്ബുകൾ (8 എണ്ണം) പിരിച്ചുവിട്ടുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു കേരവികസന സമിതി രൂപീകരിക്കുവാൻ സർക്കാർ നിർദ്ദേശം വന്നു. തുടർന്ന് പഞ്ചായത്തിൽ കൃഷിഭവനുമായി ബന്ധപ്പെട്ട് കേരവികസനസമിതി പ്രവൃത്തിച്ചു വരുന്നു.

നേരത്തേയുണ്ടായിരുന്ന കേരക്ലബ്ബുകളുടെ അക്കൗണ്ടുകൾ, റിക്കാർഡുകൾ മുതലായവ കേരവികസന സമിതിക്കോ മറ്റ് ഏതെങ്കിലും സമിതിക്കോ കൈമാറിയതായി കാണുന്നില്ല. ഇപ്പോൾ നിലവിലുള്ള കേരവികസനസമിതി റജിസ്റ്റർ ചെയ്യുന്നതിന് താല്ക്കാലിക ഭാരവാഹികളെ തെരഞ്ഞെടുത്തതല്ലാതെ സ്ഥിരമായി ഒരു സമിതിയോ കമ്മറ്റിയോ തെരഞ്ഞെടുതായി അറിവില്ല. സമിതിയുടെ അംഗങ്ങളെപ്പറ്റിയോ ആസ്തികളെപ്പറ്റിയോ ശരിയായ വിവരങ്ങൾ ലഭ്യമല്ല. കേരവികസന സമിതി അതിന്റെ മെമ്പർഷിപ്പും ലിസ്റ്റും വരവു ചിലവ് കണക്കും പ്രസിദ്ധപ്പെടുത്തി പുതിയഭാരവാഹികളെ തെരഞ്ഞെടുത്ത് കേരവികസനസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

**തെങ്ങുകൃഷിയും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ:-**

1. അത്യുല്പാദനശേഷിയുള്ള നല്ലയിനം സങ്കരയിനതെങ്ങിൻ തൈകളും നാടൻ തെങ്ങിൻതൈകളും സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക.
2. സർക്കാർ ഫാമുകളിലും പ്രൈവറ്റ് ഫാമുകളിലും ശേഖരിക്കുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക.
3. റബ്ബർബോർഡ് റബ്ബർ കർഷകർക്ക് നല്കുന്ന ആനുകൂല്യത്തേക്കാൾ മെച്ചമായ ആനുകൂല്യങ്ങൾ നാളികേരവികസനബോർഡ് കേരകർഷകർക്കും അനുവദിക്കുക.
4. തെങ്ങിൻ തോപ്പുകളിൽ മറ്റ് ഇടവിളകൾ പരിമിതപ്പെടുത്തുക.
5. വേനൽകാലത്ത് ജലസേചനം ഉറപ്പ് വരുത്തുക.
6. കർഷകർക്ക് പമ്പ് സെറ്റും കിണർ കുളം മുതലായവ കുഴിക്കുന്നതിന് നിലവിലുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.
7. ഇന്ന് കേരകർഷകരുടെ പേരിൽ കൊടുക്കുന്ന പമ്പുസെറ്റുകൾ കൃഷിയുടെ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
8. പുതിയതായി തെങ്ങുകൃഷിതുടങ്ങുന്ന കൃഷിക്കാർക്ക് തെങ്ങിൽ നിന്നും ഫലം ലഭിച്ചുതുടങ്ങുന്നതുവരെ പലിശയില്ലാത്ത ബാങ്ക് ലോൺ ഏർപ്പെടുത്തുക.
9. രാസവളങ്ങൾ, കീടനാശിനികൾ, തുരിശ്, നീറ്റുകക്ക തുടങ്ങിയവ പരമാവധി വില കുറച്ച് ലഭ്യമാക്കുക.
10. ചാണകം, കമ്പോസ്റ്റ് പച്ചിലവളം തുടങ്ങിയ ജൈവവളങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.
11. തെങ്ങ് കയറ്റതൊഴിലാളികളുടെ ലഭ്യത ഉറപ്പ് വരുത്താൻ അവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുക.
12. മാരകമായ തെങ്ങ് രോഗങ്ങൾ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുക.
13. തെങ്ങ് രോഗത്തിനെതിരെ നടത്തിയിട്ടുള്ള കഴിഞ്ഞകാലങ്ങളിലെ പരീക്ഷണ നിരീക്ഷണങ്ങൾ വിലയിരുത്തുക.
14. കേടുവന്ന തെങ്ങുകൾ പൂർണ്ണമായി വെട്ടിമാറ്റി കർഷകർക്ക് നഷ്ടപരിഹാരം നല്കുക.
15. മണ്ടകൾ വൃത്തിയാക്കി മോഡോമിശ്രിതം അടിക്കുന്നതിന് പ്രാദേശികാടിസ്ഥാനത്തിൽ തൊഴിലാളികളെ പരിശീലിപ്പിക്കുക. അവർക്ക് കർഷകരുടെയും കൃഷിഭവൻെറയും സഹകരണത്താൽ പ്രത്യേകം ആനുകൂല്യങ്ങൾ നല്കുക.
16. മണ്ണ് പരിശോധന വ്യാപകമാക്കുക.
17. കൃഷിഭവനിലെ ഉദ്യോഗസ്ഥൻ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും, വേണ്ട ഉപദേശങ്ങൾ കർഷകർക്ക് കൊടുക്കുന്നവരാണെന്നും ഉറപ്പുവരുത്തുക.

## കേരവികസനസമിതി (ക്ലബ്ബുകൾ)

1. വാർഡ് 1, 2, 3

| പ്രസിഡണ്ട് | സെക്രട്ടറി |
|---|---|
| കെ.പി. ഗോപാലകൃഷ്ണൻനായർ | ശ്രീധരൻ ഇളയത് |
| ദുർഗ്ഗാ,കുമാരനല്ലൂർ | മൂലവള്ളി ഇല്ലം |
| | കുമാരനല്ലൂർ. |

2. വാർഡ് 4, 5

| | |
|---|---|
| ജോർജ്ജ് ജോസഫ് മൈക്കിൾ | എം.എം.കൊച്ചു മുഹമ്മദ് മേത്തർ |
| തയ്യിൽ | ദാർസലാം, മള്ളൂശ്ശേരി |
| മര്യാത്തുരുത്ത് പി.ഒ. | മര്യാത്തുരുത്ത് പി.ഒ. |

3. വാർഡ് 6, 7

പി.വി.ജോസഫ്
പുത്തൻപറമ്പിൽ
S.H.M.P.O.

പി.ജെ.ജോസഫ്
പുത്തൻപറമ്പിൽവീട്
S.H.M.P.O.

4. വാർഡ് 11

ജെയിംസ് ഫിലിപ്പ്
മുക്കുടിയിൽ
പെരുമ്പായിക്കാട് പി.ഒ.

കെ.ആർ.ദാമോദരൻ വൈദ്യർ
വല്യപറമ്പ്
സംക്രാന്തി, പെരുമ്പായിക്കാട്
(മരിച്ചുപോയി)

5. വാർഡ് 12

പി.എ. ശ്രീധരൻ നായർ
കൊട്ടാരത്തിൽ, സംക്രാന്തി
പെരുമ്പായിക്കാട് പി.ഒ.

ബൈജു പി.ജോർജ്ജ്
പുളിക്കാട്ടുമഠം
പെരുമ്പായിക്കാട് പി.ഒ.

6. വാർഡ് 13

കെ.യു.ജോജസ്.
കടവിൽ പറമ്പ്
ഗാന്ധിനഗർ പി.ഒ.
(മരിച്ചുപോയി)

ടി.എം.ചെറിയാൻ
കടവിൽ പറമ്പ് (തെങ്ങിൻപ്പള്ളിൽ)
ഗാന്ധിനഗർ പി.ഒ.

7. വാർഡ് 10

ടി.കെ. വേലുപിള്ള
വെള്ളാറ്റിൽ
പാറമ്പുഴ
പെരുമ്പായിക്കാട് പി.ഒ.

മത്തായി ഔസേഫ്
ചുങ്കകരോട്ട്
പാറമ്പുഴ
പെരുമ്പായിക്കാട് പി.ഒ.

സി.എൻ. പുരുഷോത്തമൻ പിള്ള
ഉത്തമവിലാസം
പെരുമ്പായിക്കാട് പി.ഒ.

8. വാർഡ് 9

പി.കെ. ഗോപാലകൃഷ്ണയ്യർ
പോങ്ങവനമഠം
നട്ടാശ്ശേരി
S.H.M.P.O.

പ്രഭാകരൻ നായർ
ആശാൻകളരി
പുത്തേട്ട്.
S.H.M.P.O.

പുതിയതായി കേരവികസനസമിതി രൂപീകരിച്ചപ്പോൾ, നിലവിലുണ്ടായിരുന്ന കേര ക്ലബ്ബുകൾ പിരിച്ചുവിട്ട് ടിക്ലബ്ബുകളുടെ ഫണ്ടും കണക്കും പുതിയ സമിതിയെ ഏല്പിച്ചതായി അറിയുന്നു. പ്രസ്തുത സമിതികൾക്കുപകരം പുതിയസമിതികൾ രൂപീകരിച്ചു.

**കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് കേരവികസന സമിതികളുടെ പുതിയ ഭരണസമിതിലിസ്റ്റ്.**

| | |
|---|---|
| 1. പ്രസിഡണ്ട് | സെക്രട്ടറി |
| ജെയിംസ് ഫിലിപ്പ് | പി.കെ.ഗോപാലകൃഷ്ണയ്യർ |
| മുക്കുടിയിൽ | പോങ്ങവനമഠം |
| പെരുമ്പായിക്കാട് പി.ഒ. | നട്ടാശ്ശേരി |
| | S.H.M.P.O. |

ഖജാൻജി

ബൈജു പി.ജോർജ്ജ്

പുളിക്കാട്ടുമഠം

പെരുമ്പായിക്കാട് പി.ഒ.

കമ്മറ്റി അംഗങ്ങൾ

1. പി.എ്.ശ്രീധരൻ നായർ

കൊട്ടാരത്തിൽ, സംക്രാന്തി,

പി.ഒ. പെരുമ്പായിക്കാട്.

2. പി.വി.ജോസഫ്

പുത്തൻ പറമ്പ്,

S.H.M.P.O.

3. ജോർജ്ജ് ജോസഫ് മൈക്കിൾ

തയ്യിൽ വീട്,

മര്യാത്തുരുത്ത് പി.ഒ.

4. സി.എൻ. പുരുഷോത്തമൻ പിള്ള

ഉത്തമവിലാസം,

പാറമ്പുഴ,

പെരുമ്പായിക്കാട് പി.ഒ.

5. ഒ.എൻ. നാരായണൻ നായർ

വായുകോണിക്കൽ

നട്ടാശ്ശേരി (ഇടത്തിൽ ഭാഗം)

S.H.M.

6. ബാലഗോപാലൻ നായർ

ശ്രീവിഹാർ,

കുമാരനല്ലൂർ പി.ഒ.

7. എം.എം. കുര്യൻ

അകത്തേമറ്റത്തിൽ

കുമാരനല്ലൂർ പി.ഒ.

8. എം.യു.കുരുവിള

മഞ്ഞാങ്കൽ

S.H.M.P.O.

കേരവികസനസമിതിയിൽ അംഗങ്ങൾ ആകെ. 700 ആണ്. A ക്ലാസ്സ് മെമ്പറൻമാർ 25 തെങ്ങിൽ കൂടുതൽ ഉള്ള കർഷകരാണ്. റജിസ്ട്രേഷൻ ഫീസ് രൂപ. 25/- രൂപ. 5 തെങ്ങിൽ കൂടുതൽ 25 തെങ്ങ് വരെയുള്ളവർ B ക്ലാസ് മെമ്പറന്മാരാണ്. റജിസ്ട്രേഷൻ ഫീസ് 5/-രൂപ.

കേരളസർക്കാരിൻെറ നിർദ്ദേശാനുസരണം നിലവിലുണ്ടായിരുന്ന കേരക്ലബ്ബുകൾ പിരിച്ചു വിടുകയും പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസന സമിതികൾ രൂപീകരിക്കുകയും ചെയ്തു. എന്നാൽ കേരവികസനസമിതി ബൈലോയിൽ നിർദ്ദേശിക്കുന്ന തനുസരിച്ച്, കേരകർഷകാംഗങ്ങളുടെ ജനറൽ ബോഡി വിളിച്ചുചേർത്ത് ജനാധിപത്യരീതിയിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ട നടപടിക്രമങ്ങൾ നാളിതുവരെ നടന്നിട്ടില്ല.

ബി.ക്ലാസ് മെമ്പറന്മാർക്ക് വോട്ടവകാശം ഇല്ലാത്തതിനാൽ പ്രസ്തുത മെമ്പറന്മാർ അവർക്കുംകൂടി വോട്ടവകാശം ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ച് പരാതിപ്പെട്ടതിൻെറ അടിസ്ഥാന ത്തിൽ കേരവികസനസമിതിയുടെ തെരഞ്ഞെടുപ്പ് കോടതി സ്റ്റേ ചെയ്തു എന്നാണ് അറിഞ്ഞത്. സ്റ്റേ ഉത്തരവിൻെറ കോപ്പികാണാൻ സാധിച്ചിട്ടില്ല.

## വാഴകൃഷി

പുരയിടത്തോടു ചേർന്നുള്ള സ്ഥലത്തും തെങ്ങിൻ തോപ്പിലും, മറ്റു ഇടവിളയായും വാഴകൃഷി ചെയ്തുവരുന്നു. റബ്ബർ കൃഷിവ്യാപകമായതോടെ വാണിജ്യാടിസ്ഥാനത്തിലുള്ള വാഴത്തോപ്പുകളുടെ എണ്ണം കുറഞ്ഞെങ്കിലും ലഭ്യമായ സ്ഥലത്ത് വാഴകൃഷിചെയ്യുന്നു. നമ്മുടെ പ്രദേശത്തെ ഇനങ്ങൾ നേന്ത്രൻ (ഏത്തവാഴ), പാളയംകോടൻ, പൂവൻ, ഞാലിപ്പൂവൻ, കണ്ണൻ, പടറ്റി, ചുണ്ടില്ലാക്കണ്ണൻ,

ആറ്റുകണ്ണൻ തുടങ്ങിയ വാഴകളാണ് വാണിജ്യാടിസ്ഥാനത്തിൽ കൃഷിക്കുപറ്റിയത്. ഏത്തവാഴ തന്നെയാണ് ഒരേസമയത്ത് വച്ച് പരിചരിച്ച് മിക്കവാറും അടിപ്പിച്ച് ആദായമെടുക്കാൻ പറ്റും, മറ്റുവാഴകളെ അപേക്ഷിച്ച് കുറഞ്ഞ സമയം കൊണ്ട് വാഴ കുലയ്ക്കും. ശരിയായ രീതിയിൽ വള പ്രയോഗവും ജലസേചനവും നടത്തിയാൽ 9 മാസം കൊണ്ട് കുല വെട്ടിയെടുക്കുവാൻ കഴിയും. പരിചരണത്തിൻെറയും, വളപ്രയോഗത്തിൻെറയും അടിസ്ഥാനത്തിൽ വാഴകുലയ്ക്കും. പരിചരണം ലഭിക്കാത്തവ കുലയ്ക്കാൻ കൂടുതൽ സമയമെടുക്കും. സാധാരണ നല്ലരീതിയിൽ പരിചരിക്കുന്ന ഒരു വാഴക്കുല 12 -മുതൽ 20 കിലോ വരെ തൂക്കം കാണും. വാഴകൃഷിക്ക് എക്കൽ മണ്ണും ചെമ്മണ്ണും പറ്റിയവ യാണ്. മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നത് നന്നായിരിക്കും. സമ്മിശ്രവളപ്രയോഗം ഉത്തമമാണ്. കാലിവളം, പച്ചിലവളം, കമ്പോസ്റ്റ്, രാസവളം എന്നിവ ജലത്തിൻെറ ലഭ്യത അനുസരിച്ച് തവണകളായി ചേർക്കുന്നു. ഞാലിപ്പൂവൻ, കണ്ണൻ, ചുണ്ടില്ലാക്കണ്ണൻ, പൂവൻ, പടറ്റി തുടങ്ങിയ ചെറുപഴങ്ങളുടെ ആവശ്യത്തിലേക്കും ഇലയുടെ ലഭ്യതയ്ക്കുവേണ്ടിയും വളർത്തുന്നു. ആറ്റുകണ്ണൻ പഴത്തിന് പ്രാധാന്യം കുറവാണെങ്കിലും, ഇലയ്ക്കും, വാഴത്തട കാലിത്തീറ്റയായും വ്യാപകമായി ഉപയോഗിക്കുന്നു. ആറ്റുകണ്ണന് വാഴരോഗങ്ങൾ കുറവാണ്. വാഴരോഗ ങ്ങൾ വ്യാപകമായി കാണുന്നത് ഏത്തവാഴ, പൂവൻ, കദളി എന്നിവയിലാണ്. വാഴ നട്ട് രണ്ടു മാസ ത്തിനുള്ളിലും, കുലയാകാറാകുമ്പോഴുമാണ് രോഗങ്ങൾ കാണുന്നത്. രോഗങ്ങളിൽ പ്രധാനമായവ കൂമ്പുചീയൽ, നാക്കടപ്പ്, കുറുനാമ്പ്, വെള്ളക്കൂമ്പ്, മാണം തുരക്കൽ, പിണ്ടിചീയൽ മുതലായവയാണ്. ടി രോഗങ്ങൾ കാലാകാലങ്ങളിൽ കണ്ടുപിടിച്ച് പരിഹാരമാർഗ്ഗങ്ങൾ കൃഷിഭവനിൽ നിന്നും നിർദ്ദേശിക്കേണ്ടതാണ്. വാഴയില്ലാത്ത വീട്ടുവളപ്പ് ചുരുക്കമായിരിക്കും. ഒരു വാഴ വയ്ക്കൂ. അതിൻെറ ഇലയിൽ ആഹാരം കഴിക്കൂ, വാഴക്കുലയുടെ കൂമ്പും ചെറിയ കായും കറിവയ്ക്കൂ, വാഴയ്ക്കാ ഉപ്പേരി യുണ്ടാക്കാം. വാഴപ്പഴത്തിൻെറ മധുരം നുകരാം മിച്ചം വിറ്റു പണമാക്കാം. വാഴപിണ്ടിയും മാണവും പശുവിനു കൊടുക്കാം. വാഴവിത്ത് പിരിച്ചുവയ്ക്കൂ വാഴകൃഷി സന്തോഷകരമല്ലേ!

## റബ്ബർ കൃഷി

കുമാരനല്ലൂർ പഞ്ചായത്തിൽ ഏകദേശം 400 ഏക്കർ സ്ഥലത്ത് റബ്ബർ കൃഷിചെയ്തു വരുന്നു. ഇതിലേറ്റവും കൂടുതൽ റബ്ബർ കൃഷി ചെയ്യുന്നത് 14 -ാം വാർഡിലാണ്. 1 - 2 - 3 - 4 വാർഡുകളിൽ റബ്ബർ കൃഷി താരതമ്യേന കുറവാണ്.

| **തോട്ടത്തിൻെറ വിസ്തീർണ്ണം** | **കൃഷിക്കാരുടെ എണ്ണം** |
|---|---|
| 10 ഏക്കറിനുമുകളി റബ്ബർ കൃഷി ഉള്ളവർ | 1 |
| 5 ഏക്കറിനും 10 ഏക്കറിനും ഇടയ്ക്ക് | 5 |
| 1 ഏക്കറിനും 5 ഏക്കറിനും ഇടയ്ക്ക് | 75 |
| 1 ഏക്കറിനും 50 സെൻറിനും ഇടയ്ക്ക് | 150 |
| 50 സെൻറിനും താഴെ കൃഷിയുള്ളവർ | 350 |

ഇവയിൽ റബ്ബർ ബോർഡ് രജിസ്ട്രേഷൻ ഉള്ള തോട്ടങ്ങൾ വളരെ കുറവാണ്. കൂടുതൽ കൃഷി ക്കാർക്കും സ്വന്തമായി ഷീറ്റടിക്കുന്നതിനുള്ള യന്ത്രസാമഗ്രികളോ പുകപ്പുരയോ ഇല്ല. കൂടാതെ ഈ പഞ്ചായത്തിൽ റബ്ബർ പാൽ ഉറയ്ക്കാതെ നേരിട്ടു വിൽക്കുന്നതിനുള്ള സൗകര്യം ഇല്ല. ചെറുകിട കർഷകരുടെ സൗകര്യം കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ കൃഷി ഉപകരണങ്ങളും, രാസവസ്തു ക്കളും കർഷകർക്കു നൽകുന്നതിനും, മരുന്നടി, ഉൽപന്നങ്ങളുടെ വിപണനം ഈ രംഗങ്ങളിൽ സഹായകമായ പ്രവർത്തനം ആരംഭിക്കുകയും വേണം. റബ്ബറിന് സാധാരണയായി ഈ പ്രദേശത്ത് കണ്ടു വരുന്ന രോഗങ്ങൾ.

1. പട്ടമരവിപ്പ്
2. ഇലകരിച്ചിൽ
3. ഫംഗസ്

പരിചയസമ്പന്നരായ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം വിളവെടുപ്പിനെ ബാധിക്കുന്നു

## പച്ചക്കറി കൃഷി

ജനങ്ങളുടെ ആരോഗ്യത്തേയും സാമ്പത്തിക വശത്തെയും കാര്യമായി ബാധിക്കുന്ന ഒരു മേഖല എന്ന നിലയ്ക്ക് പച്ചക്കറികൃഷി വളരെയധികം പ്രാധാന്യം അർഹിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ, ഇവിടെ വിറ്റഴിക്കുന്നതിനുവേണ്ടി ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് അമിതമായ രാസപ്രയോഗം ജനങ്ങളുടെ ആരോഗ്യത്തേയും മറ്റും സാരമായി ബാധി ക്കുന്നുണ്ട്. അനിയന്ത്രിതമായ വില സാമ്പത്തിക മായും പ്രതികൂലമായും ബാധിക്കുന്നുണ്ട്. ആകയാൽ

ഈ മേഖലയിലേക്ക് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആഭ്യന്തര ഉല്പാദനംകൂട്ടി ക്രമാനുസൃതമായി പച്ചക്കറികളുടെ ഇറക്കുമതി പരമാവധി കുറയ്ക്കുക എന്നതായിരിക്കണം നാം ആവിഷ്ക്കരിക്കേണ്ട പദ്ധതിയുടെ ലക്ഷ്യം. ഇതിനായി താഴെപ്പറയുന്ന ഉപാധികൾ സ്വീകരിക്കണം.

a) പച്ചക്കറിയെ സംബന്ധിച്ചിടത്തോളം ഓരോവീടും സ്വയംപര്യാപ്തതയിൽ എത്താൻ വേണ്ട സഹായങ്ങൾ ചെയ്യുക.

b) വിപണനാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുക.

c) ഇപ്രകാരം കൃഷിപരിപോഷിപ്പിക്കാൻ വേണ്ട പിൻവാതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

d) കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏതാണ്ട് 5270 കുടുംബങ്ങൾക്ക് പത്ത് സെൻറിൽ കൂടുതൽ ഭൂമി ഉള്ളവരാണ്. ഇവരിൽ 3100–ൽ പരം കുടുംബങ്ങൾ 50 സെൻറിൽ കൂടുതൽ ഭൂമി കൈവശം വച്ചു കൊണ്ടിരിക്കുന്നവരാണ്. ഇത്തരം കുടുംബങ്ങൾക്ക് വീട്ടുതോട്ടങ്ങളുടെ വലിപ്പം കുടുംബാംഗങ്ങളുടെ എണ്ണവും സ്ഥലത്തിൻെറ ലഭ്യതയും ആശ്രയിച്ചിരിക്കുന്നു. ഒരാൾക്ക് ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ഒരു സെൻറ് എന്ന തോതിൽ സ്ഥലം മതിയാകും.

ഈ തോതിൽ സ്ഥലം ലഭ്യമല്ലെങ്കിൽ തെരഞ്ഞെടുത്തപച്ചക്കറികൾ മാത്രം ലഭ്യമായ സ്ഥലത്ത് നട്ടാൽ മതി. തണലിൽ നിന്ന് വിമുക്തമായ കൃഷിസ്ഥലം ഈ ആവശ്യത്തിലേക്ക് ലഭിക്കുന്നില്ലെങ്കിൽ തണലിൽ വളരാൻ കഴിവുള്ള വിളകളായ ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, വലിയകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, ചീര, സാമ്പാർചീര തുടങ്ങിയവയും നടാം.

വിലകൂടിയ പച്ചക്കറികൾ ഉത്തമ ആഹാരമാണെന്നുള്ള ധാരണ ജനങ്ങളിൽ നിന്ന് മാറ്റിയെടുക്കാൻ വേണ്ട പഠനക്ലാസ്സുകൾ നടത്തേണ്ടതാണ്. രാസവളം പരമാവധി കുറച്ച് ജൈവവളപ്രയോഗം നടത്തി കൃഷിച്ചെലവും നിയന്ത്രിക്കാവുന്നതാണ്. ഇപ്രകാരം ഒരു വീട്ടിൽ ഒരു കൃഷിത്തോട്ടം എന്ന സങ്കല്പം സാക്ഷാൽക്കരിക്കുകയാണെങ്കിൽ പച്ചക്കറി ഇറക്കുമതി ഏതാണ്ട് അമ്പതു ശതമാനം വരെ കുറയ്ക്കുവാൻ സാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ അവടവിടെയായി നടത്തുന്ന പച്ചക്കറികൃഷി വിപുലീകരിക്കുന്നതിനും കൂടുതൽ കൃഷിസ്ഥലങ്ങൾ ഈ ആവശ്യത്തിന് കണ്ടെത്തുന്നതിനുമുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ജലലഭ്യത കാര്യക്ഷമമായി നടപ്പാക്കിയാൽ ഈ പഞ്ചായത്ത് പച്ചക്കറികൃഷിക്ക് താഴെപ്പറയുന്ന സ്ഥലങ്ങൾ കണ്ടെത്താവുന്നതാണ്.

| | | |
|---|---|---|
| 1. | പത്താം വാർഡിലെ മൂഴൂർ പാടത്തെ നിലം 4 മാസക്കാലം | 60 ഏക്കർ |
| 2. | പതിമൂന്നാം വാർഡിലെ കുളക്കാട്ട് പാടം | 5 ഏക്കർ |
| 3. | ആറ്, ഏഴ് വാർഡുകളിൽപ്പെട്ടതും കരിയംപാടത്ത് റെയിൽവേ ലൈനിന് കിഴക്കുഭാഗത്തുള്ള നിലം | 10 ഏക്കർ |
| 4. | ആറാം വാർഡിൽ അടിച്ചിപാടത്ത് | 4 ഏക്കർ |
| 5. | നാലാംവാർഡിൽ മള്ളൂർ പാടത്ത് | 5 ഏക്കർ |
| 6. | അഞ്ചാം വാർഡിൽ തഴമതപാടത്ത് | |
| | കീഴേപാടം | 8 ഏക്കർ |
| | പാലൂക്കടവ് പാടം | 1ഏക്കർ 5സെൻറ് |
| 7. | ഒന്നാംവാർഡിൽ വടക്കേനടഭാഗം | 4 ഏക്കർ |
| | ആകെ | 97.50 |

മേൽപ്പറഞ്ഞ സ്ഥലങ്ങൾ പച്ചക്കറികൃഷിക്ക് ഉപയുക്തമാക്കിയാൽ കുറഞ്ഞത് 100 കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗമായി മാറ്റാവുന്നതാണ്.

## പഴവർഗ്ഗകൃഷി

മാവ്, പ്ലാവ്, പൈനാപ്പിൾ, സപ്പോട്ട, പേര തുടങ്ങിയവ കൂടുതൽ കൃഷി ചെയ്യണം. പഴവർഗ്ഗങ്ങൾ സംസ്കരിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

## കിഴങ്ങുവർഗ്ഗങ്ങൾ

കപ്പ, ചേന, കാച്ചിൽ, ചേമ്പ്, ചീനിപടൽ തുടങ്ങിയവ പലസ്ഥലങ്ങളിലും ഫലപ്രദമായി കൃഷി ചെയ്യാം. എലിനശീകരണം കൂട്ടായി നടത്തിയാൽ കിഴങ്ങുവർഗ്ഗകൃഷി കൂടുതൽ ഫലപ്രദമാക്കാം.

## ഇഞ്ചി - മഞ്ഞൾ - കച്ചോലം - വെറ്റില

പച്ചക്കറിത്തോട്ടങ്ങളുടെ അനുബന്ധമായി ഈവകകൃഷികൾ ചെയ്യാവുന്നതാണ്.

**കുരുമുളക് കൃഷി**

അത്യുല്പാദനശേഷിയുള്ള കുരുമുളക് വള്ളികൾ കർഷകർക്ക് വിതരണം ചെയ്യണം.

**ജാതി -ഗ്രാമ്പൂ :-**

നല്ലയിനം ജാതിതൈകൾ വിതരണം ചെയ്യുകയും കൃഷി വിദഗ്ദ്ധന്മാർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് ഉപദേശങ്ങൾ നല്കുകയും ചെയ്യണം.

**കമുക് കൃഷി : -**

അത്യുല്പാദനശേഷിയുള്ള 'മംഗള' കമുകിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യേണ്ടതാണ്.

**കാപ്പി - കൊക്കോ:-**

തേക്ക്, ആഞ്ഞിലി തുടങ്ങിയ വൻവൃക്ഷങ്ങളുടെ തണലിൽ ഇവ കൃഷിചെയ്യാം. നല്ല അത്യുല്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യാവുന്നതാണ്.

**പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും**

1. **വിത്ത് ശേഖരണം:-** ഗവേഷണങ്ങളുടെ ഫലമായി കാർഷികസർവ്വകലാശാലകളിലും സർക്കാർ നേഴ്സറികളിലും ഉല്പാദിപ്പിക്കപ്പെട്ട വിത്തുകളും അത്തരം വിത്തുകളുടെ ശാസ്ത്രീയമായ കൃഷി രീതികളുടേയും ലഘുലേഖകൾ കർഷകർക്കിടയിൽ വിതരണം ചെയ്യേണ്ടതാണ്. അതേസമയം തന്നെ പ്രാദേശികമായി ലഭിക്കുന്ന നല്ലയിനം വിത്തുകളും ചെടികളും ഉപയോഗത്തിൽ വരുന്നതിനുള്ള പ്രോത്സാഹനം ചെയ്യണം.

2. കൂടാതെ പ്രകൃതിക്ഷോഭംമൂലം കൃഷിനഷ്ടപ്പെട്ടാൽ കാലതാമസം കൂടാതെ കൃഷിയിറക്കാൻ കരുതൽ വിത്ത് സംഭരണം ഉറപ്പുവരുത്തണം.

3. വേനൽക്കാലത്തും ശീതകാലത്തും മഴക്കാലത്തും കൃഷിചെയ്യേണ്ടപച്ചക്കറികൾ ഇനം തിരിച്ച് കാലഘട്ടത്തിന് അനുസരിച്ച് അവയുടെ മാത്രം കൃഷിചെയ്യാൻ കർഷകരെപ്രോത്സാഹിപ്പിക്കണം.

4. **വിത്ത് സംരക്ഷണം:-** കൃഷിയേയും സസ്യങ്ങളേയും ബാധിക്കുന്ന കീടശല്യങ്ങൾ ഒഴിവാക്കാൻ കൂട്ടായപ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. ഇക്കാര്യം പ്രധാനമായും കൃഷിഭവൻ വഴി ചെയ്യേണ്ടതാണ്. അത് ഫലപ്രദമായി ചെയ്തു തീർക്കാനുള്ള സംവിധാനം കൃഷിഭവനിൽ ലഭ്യമല്ലെങ്കിൽ വാർഡ് തലസമിതികൾ രൂപീകരിച്ച് അവർക്ക് ഈ ദിശയിൽ വേണ്ട പരിശീലനങ്ങൾ നല്കുകയും യന്ത്രസാമഗ്രികളും മരുന്നുകളും കൃഷിഭവനിൽ കൂടി നല്കുകയും വേണം.

5. **ജൈവവള ഉല്പാദനം: -** രാസവളത്തിന്റെ അനിയന്ത്രിതമായ വിലക്കയറ്റവും അമിതമായ രാസവളപ്രയോഗം മൂലമുണ്ടാകുന്ന പ്രതികൂല മാറ്റത്തേയും കണക്കിലെടുത്ത് ജൈവവളനിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. പച്ചിലവളകൃഷിയും കമ്പോസ്റ്റ് വളനിർമ്മാണവും പ്രോത്സാഹിപ്പിക്കണം. ഓരോ വീടുകളിലും ഓരോ കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ച് ജൈവവളം ഉല്പാദിപ്പിക്കണം.

6. കൃഷിയുടെ മാന്യതയും ആവശ്യത്തേയും കുറിച്ച് യുവജനങ്ങളെ ബോധവൽക്കരിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ യുവ ജനങ്ങൾക്ക് പ്രോത്സാഹനം നല്കുകയും വേണം.

7. **യന്ത്രവൽക്കരണം:-** കർഷകതൊഴിലാളികളുടെ എണ്ണത്തിൽ വന്ന കുറവ് കണക്കിലെടുത്ത് പുതിയരീതിയിലുള്ള കൃഷി ആയുധങ്ങളും യന്ത്രസംവിധാനവും കഴിയുന്നത്ര ഉപയോഗത്തിൽ കൊണ്ടുവരണം. ഇവ പ്രവർത്തിപ്പിക്കുന്നതിനും റിപ്പയർ ചെയ്യുവാനുമുള്ള പരിശീലനം യുവജനങ്ങൾക്ക് നല്കണം.

8. **മണ്ണുപരിശോധന :-** ഏറ്റവും അത്യാവശ്യവും എന്നാൽ ഒട്ടും ശ്രദ്ധിക്കപ്പെടാത്ത ഒരു മേഖലയാണിത്. കലാകാലങ്ങളിൽ മണ്ണ് പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തി അതാതുപ്രദേശത്തെ മണ്ണിന് നല്കേണ്ട വളത്തിൻേറയും മറ്റ് പരിപാലനകൃത്യങ്ങളേയും സംബന്ധിച്ച് വിവരങ്ങൾ കർഷകനെ നേരിട്ട് അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൃഷിഭവൻ ജാഗ്രത പുലർത്തേണ്ടതാണ്.

9. **ബയോഗ്യാസ് പ്ലാൻറ്:-** കൂടുതൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.

10. **കാർഷികോല്പന്നങ്ങളുടെ വിപണനം:-** നാണ്യവിളകൾ കൂടുതലായി കൃഷിചെയ്യുന്ന സംസ്ഥാനമെന്നനിലയ്ക്ക് ഈ മേഖലയ്ക്ക് അമിതപ്രാധാന്യം ഉണ്ട്. എന്നാൽ ഈ സംസ്ഥാനത്ത് ഈ ദിശയിൽ ആസൂത്രിതമായ ഒരു പദ്ധതി ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഒരു പ്രത്യേകതരം ഉല്പന്നം പരമാവധി വിളവ് ഉണ്ടാക്കിയാൽ വിറ്റഴിക്കാൻ സാധിക്കാതെ വന്നാൽ താങ്ങുവിലനല്കാൻ സമ്മർദ്ദം ചെലുത്താൻ മാത്രമാണ് നാം ശ്രമിക്കുന്നത്. ഇത്

കൃഷിക്കാർക്ക് യാതൊരു ഗുണവും ചെയ്യുന്നില്ല. ആകയാൽ വളരെ ആസൂത്രിതമായ ഒരു വിപണന സമ്പ്രദായം ഉണ്ടാകേണ്ടിയിരിക്കുന്നു.

**11. ഉല്പന്നങ്ങളുടെ പ്രാഥമികസംരക്ഷണം: –** കാർഷിക ഉല്പന്നങ്ങളുടെ പ്രാഥമിക സംരക്ഷണത്തിനുവേണ്ട പ്രാഥമിക സൗകര്യങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കണം.

**12. രാസവള വിതരണം:–** പരിമിതമായി മാത്രം രാസവളം ആവശ്യമുള്ള കർഷകരെ ഉദ്ദേശിച്ച് ഇപ്പോൾ നൽകിവരുന്ന 50 കി. പായ്ക്കറ്റുകൾക്ക് പകരം ചെറിയ പായ്ക്കറ്റ് വളം വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഇത് ഔഷധസസ്യകൃഷി, ഉദ്യാനകൃഷി ഇവയ്ക്കും സഹായകരമായിരിക്കും. വാർഡ് അടിസ്ഥാനത്തിൽ കർഷകസമിതികൾ രൂപീകരിക്കുകയും ആയത് പ്രാദേശികതലത്തിലെ കൃഷി പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കുകയും വേണം. ഈ സമിതികൾക്ക് കൃഷിഭവനും ചെറുകിട കൃഷിക്കാരുമായി ബന്ധപ്പെടുന്നതിനും, സംയോജിതമായ കൃഷിപ്പണികൾ വളം, കീടനാശിനി പ്രയോഗങ്ങൾ ഇവ സുഗമമായി നടത്തുന്നതിനുംവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്.

13. പഠനയാത്രകൾ, കൃഷിമത്സരങ്ങൾ, കൃഷി വിജ്ഞാനംവർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഈ സമിതിയ്ക്ക് സംഘടിപ്പിക്കാവുന്നതാണ്.

**14. ധനകാര്യസ്ഥാപനങ്ങളുടെ പങ്ക്:–** കർഷകർക്ക് ഗുണകരമായ വിധത്തിൽ ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കണം. വിള ഇൻഷ്വറൻസ്, വായ്പാ വിതരണം ഇവ കൃഷിക്കാർക്ക് സഹായകരമായ രീതിയിൽ നടപ്പാക്കണം.

## കൃഷിഭവൻ

1 – 7 – 87 ൽ കുമാരനല്ലൂർ കൃഷിഭവൻ പ്രവർത്തനമാരംഭിച്ചു. ഒരു കൃഷി ഓഫീസറും മൂന്നു കൃഷി അസിസ്റ്റൻറുമാരും അടക്കം നാലു ഉദ്യോഗസ്ഥന്മാർ ഇവിടെയുണ്ട്. കൃഷി ഓഫീസ് ഇപ്പോൾ ഏറ്റുമാനൂർ പഞ്ചായത്തിൽ പേരൂർ റോഡിൽ മാമ്മൂട് കവലയിൽ പാറമ്പുഴപള്ളി വക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. ഈ ഓഫീസ് കഴിയുന്നതും വേഗം പഞ്ചായത്തതിർത്തിയിൽ കൃഷിക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതരത്തിൽ ഉള്ള സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കണം.

**കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് പാടശേഖരങ്ങൾ**
**കൃഷിഭവനുമായി ബന്ധമില്ല.**

| | | | |
|---|---|---|---|
| 1. കുപ്പേരിപ്പാടം | 15 ഏ. | വാർഡ് II | |
| 2.. കരോട്ടുപാടം | 25 ഏ. | വാർഡ് XIV | |
| 3. താഴത്തു പാടം | | | |
| 4. പാലൂക്കടവ് തരിശ് | 1 1/2 ഏക്കർ | വാർഡ് III | കൃഷിഭവനുമായി ബന്ധമില്ലാത്തവ |
| 5. അടിച്ചിപ്പാടം | 20 ഏ. | വാർഡ് VI | |
| 10 ഏ. നെൽകൃഷി നടത്തുന്നു. | | | |
| 6. വടക്കേനട ഭാഗത്തെ പാടം | 4 ഏക്കർ | വാർഡ് I | |
| 7. കീഴേപ്പാടം – | 8.00 ഏക്കർ | തരിശ് | |

| | | | |
|---|---|---|---|
| | **കൃഷിഭവനുമായി ബന്ധമുള്ള പാടങ്ങൾ** | | **നെല്ലുല്പാദകസമിതി സെക്രട്ടറിമാരുടെ വിലാസം** |
| 1. തഴമനപ്പാടം | 8 ഹെ. | വാർഡ് V | പി.എൻ. സുകുമാരൻ നായർ<br>ആപ്പിൽ വീട്<br>മള്ളൂശ്ശേരി,<br>മര്യാത്തുരുത്ത് പി.ഒ. |

| | | | | |
|---|---|---|---|---|
| 2. | മള്ളൂർ പാടം | 10.50 ഹെ | വാർഡ് IV | കെ. സുകുമാരൻ<br>അകമലയിൽ<br>കുടയം പടി<br>മര്യാത്തുരുത്ത് പി.ഒ. |
| 3. | കരിയം പാടം | 44.00 ഹെ | വാർഡ് 3, 4, 6, 7 | പി.വി. ജോസഫ്<br>പുത്തൻ പറമ്പ്<br>S.H.M.P.O. |
| 4. | മൂഴൂർ പാടം | 26.37 ഹെ | വാർഡ് X | കെ.എം. ജോസഫ്<br>കാഞ്ഞിരപ്പള്ളി<br>പെരുമ്പായിക്കാട് പി.ഒ. |
| 5. | ചെറുപൈങ്ങളം | 13.76 ഹെ | വാർഡ് XII | കെ.സി.ചാക്കോ<br>കണ്ണൻകെട്ടിയതിൽ<br>പെരുമ്പായിക്കാട് പി.ഒ. |
| 6. | മുടിയൂർ പാടം<br>ഇരുപ്പൂവ് | 29.32 ഹെ<br>30 ഏക്കർ | വാർഡ് XIV | പി.എ.ശ്രീധരൻ നായർ<br>കൊട്ടാരത്തിൽ<br>പെരുമ്പായിക്കാട് പി.ഒ.<br>സംക്രാന്തി. |

## കുമാരനല്ലൂർ കൃഷിഭവനിൽ നിന്നുള്ള വിവിധ സഹായങ്ങൾ

| | 93-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|
| | ലഭിച്ചവരുടെ എണ്ണം | അളവ്/ എണ്ണം | തുക | ലഭിച്ചവരുടെ എണ്ണം | അളവ്/ എണ്ണം | തുക | ലഭിച്ചവരുടെ എണ്ണം | അളവ്/ എണ്ണം | തുക |
| തെങ്ങ്: രാസവളമിശ്രിത കിറ്റ് | | | | 1237 | 1600 | | | | |
| 5 കിലോകിറ്റ് | | | | 200 | 1600 | | | 200 | |
| 10 കിലോകിറ്റ് | | | | 220 | 6600 | | 343 | 300 | |
| 20 കിലോകിറ്റ് | | | | 150 | 9000 | | | 150 | |
| തൈകൾ: ഒട്ടുമാവ് | | | | | | | 22 | 50 | |
| സബ്സിഡി: ഇഞ്ചി | 1 | | 110.00 | 30 | | 25,000.00 | 1 | | 250.00 |
| മഞ്ഞൾ | 1 | | 110.00 | | | | 1 | | 150.00 |
| പഴവർഗ്ഗം | 4 | | 500.00 | | | | | — | |
| കുരുമുളക് | | | | 5 | | 4,125.00 | 2 | | |
| കിഴങ്ങ് വിത്ത് 4 കിറ്റ് | | | | 4 | 4 | | 4 | 4 | |
| വെറ്റിലക്കൊടി സബ്സിഡി | | | | | | | 2 | | 1500.00 |
| സുഗന്ധകൃഷി-തളിയന്ത്രം സബ്സിഡി (555 + 555 + 430) | | | | | | | 3 | | 1540.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കൊക്കോ കൃഷി 5 × 138 | | | | 5 | | 10,000.00 | 5 | | 690.00 |
| കുരുമുളക് വള്ളി(സൗജന്യം) | | | | | | | 205 | 20,000 | |
| വൻപയർ വിത്ത് | | | | 17 | 120 | | 17 | 120 | |
| പഴവർഗ്ഗചെടികൾ: ഒട്ടുമാവ് | | | | | | | | 8 | |
| കശുമാവ് വള കിറ്റ് | | | | | | | 22 | 32 | |
| കുരുമുളക് വള്ളി | | | | | | | 4 | 2200 | |
| ഒട്ടുപ്ലാവ് | | | | | | | | 70 | |
| പയർ വികസനം | | | | 17 | 120 | | | | |
| ഇഞ്ചി കൃഷി പ്രദർശനതോട്ടം | | | | 3 | | 3300.00 | | | |
| റോക്കർ സ്പ്രേയർ | | | | 2 | | | | | |
| CCDP സ്കീമിൽ പമ്പ് സെറ്റ് | 8 | | 7,000.00 | | | | 18 | | 41,780.00 |
| കിണർ | | | | | | | 12 | | 25,423.00 |
| 96 – 97 ൽ കിണർ സബ്സിഡി 18 പേർക്ക് 25423 രൂപാ നൽകി. | | | | | | | | | |

## ഗ്രൂപ്പ് ഫാമിംഗ് - നെൽകൃഷി പ്രൊഡക്ഷൻ ബോണസ് സംബന്ധിച്ച വിവരങ്ങൾ

| പാടശേഖരം | കൺവീനർ/ സെക്രട്ടറി | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | തുക |
|---|---|---|---|---|
| 93 –94 | | ഏക്കർ | | |
| മുടിയൂർ പുഞ്ച | കെ.കെ. കുരുവിള | 70.00 | 82 | 7000.00 |
| മൂഴൂർ പാടം | കെ.എം.ജോസഫ് | 55.15 | 67 | 5515.00 |
| ചെറുപൈങ്ങുളം പാടം | പി.എം.കുര്യാക്കോസ് | 36.58 | 50 | 3658.00 |
| മള്ളൂർ പാടം | കെ.എസ്. സുകുമാരൻ | 36.34 | 30 | 3634.00 |
| കരിയംപാടം | പി.വി.ജോസഫ് | 128.13 | 114 | 12813.00 |
| 94 – 95 | | | | |
| ചെറുപൈങ്ങുളം പാടം | കെ.സി.ചാക്കോ | 36.58 | 50 | 3658.00 |
| മള്ളൂർ പാടം | കെ.എസ്. സുകുമാരൻ | 36.34 | 30 | 3634.00 |
| കരിയം പാടം | പി.വി.ജോസഫ് | 128.13 | 114 | 12813.00 |
| മൂഴൂർ പാടം | കെ.എം. ജോസഫ് | 55.15 | 67 | 5515.00 |
| | (ഓരോ കൃഷിക്കാർക്കും) | 70.00 | 82 | 7000.00 |
| 95 – 96 നൽകിയില്ല | | | | |
| 94 – 95 ൽ ട്രാക്ടർ നല്കിയതിന് സബ്സിഡി | പി.വി.ജോസഫ് | | | 80000.00 |

## രാസവളം - കീടനാശിനി വിപണനം

| ക്രമ | സ്ഥാപനത്തിന്റെ പേര് | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | Kumaranallor Service co-op Bank No.3898 | MT-120<br>Q - 15<br>QR 3-15 | 42 Litre | - | MT-130<br>Q-04<br>QR 3-54 | 51 Litre | - | 122-M.T.<br>03-Q<br>KG. 367 | 44 Litre 100M.L | - |
| 2. | Chacko Varkey Nediyakalayil Kumaranalloor | 460 -Q | 30 Litre | 26 Kg | 390-Q | 55 Litre | 76 Kg | 280-Q | - | - |

## 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1885 എണ്ണം | 710 എണ്ണം | 800 എണ്ണം |
| കശുമാവ് | – | – | – |
| കുരുമുളക് | 1500 എണ്ണം | – | 20,000 എണ്ണം |
| കവുങ്ങ് | – | – | – |
| കൊക്കോ | 1500 എണ്ണം | – | 300 എണ്ണം |
| പഴവർഗച്ചെടികൾ | 18 എണ്ണം | 80 എണ്ണം | – |
| മഞ്ഞൾ, ഇഞ്ചി | 375 കിലോ | – | 400 കിലോ |
| വാഴവിത്ത് | – | – | 2964 എണ്ണം |

## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) ധനസഹായം ലഭി | | | | വിതരണം | |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ച്ചവരുടെ എണ്ണം | ചെയ്ത തുക |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993–94 | | | കൊടുങ്കാറ്റ് | | 138 എണ്ണം | 69,733/– |
| | | | ” | | 46 ” | 29,565/– |
| 1994–95 | വെള്ളപ്പൊക്കം | | | | 161 എണ്ണം | 1,07,335/– |
| 1995–96 | ” | | | | 8 എണ്ണം | 3,189/– |

## 3.8 കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ട് പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്സ്റ്റാക്ക് സ്പ്രേയർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| – | 1 | – | – | 5 | 12 | – | – | 5 | 80 |

## ജലലഭ്യതാസ്രോതസുകൾ

### (തോടുകൾ)

കുമാരനല്ലൂർഗ്രാമപഞ്ചായത്ത് പ്രധാനമായ ഒരു കാർഷിക മേഖലയാണ്. ഫലഭൂയിഷ്ടമായ മണ്ണ് മീനച്ചിലാറും, അതിൻെറ രണ്ട് കൈവരികളും അനുബന്ധതോടുകളും വർഷക്കാലത്തെ ജലം ആകാവുന്നത്തോളം ശേഖരിച്ച് ഭൂഗർഭജലത്തെ സംപുഷ്ടമാക്കികൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൻെറ പ്രധാന ജലശ്രോതസം, ആണ്ടിൽ മുഴുവൻ സമയവും വെള്ളം ലഭിക്കുന്ന മീനച്ചിലാറു തന്നെ. കുഴിയാലിപടി തുടങ്ങി പാറമ്പുഴ- വെള്ളുപ്പറമ്പ് - കാലടിമനപടി, ചെറുനാരകം, വട്ടമൂട്, നാഗമ്പടം, ചുങ്കം, തിരുവാറ്റവഴി ഒഴുകുന്ന ഒരു കൈവരി, പഞ്ചായത്തിൻെറ കിഴക്ക് -തെക്ക് അതിർത്തിയിലൂടെ ഒഴുകുന്ന മറ്റൊരു കൈവഴി ചെറുനാരകത്തു നിന്നും ആരംഭിച്ച് ചവിട്ടുവരി, നീലിമംഗലം, കുമാരനല്ലൂർ വഴി പാലൂർ കടവിന് താഴെ സൗത്ത് ഇൻഡ്യൻ ടിംബർ ഇൻഡസ്ട്രീസ് വരെ ഈ പഞ്ചായത്തിൽ ജലം എത്തിക്കുന്ന മീനച്ചിലാറും, അതിൻെറ കൈവഴികളുമായി ബന്ധപ്പെട്ടുകിടക്കുന്നതും താഴെപറയുന്നതുമായ, നാട്ടുതോടുകളും പെയ്തു ഒഴുകുന്ന മഴവെള്ളം ശേഖരിച്ച് ഭൂഗർഭജലത്തെ പുനർജ്ജീവിപ്പിക്കുന്നതിനും നമ്മുടെ കിണറുകളും, കുളങ്ങളും സജീവമാക്കുന്നതിനും സഹായിച്ചിരുന്നു.

1. മീനച്ചിലാറ്റിൽ നിന്നും – അയ്മനം കുഴിപടി വഴി, തെള്ളകം പാടത്തേയ്ക്ക് ചെന്ന് ചേരുന്നതോട് ഇത് പഞ്ചായത്തിൻെറ X-ാം വാർഡിൽ കൂടി കടന്ന് പോകുന്നു.
2. പഞ്ചായത്തിലെ VIII, IX വാർഡുകളിൽക്കൂടി കടന്നുപോകുന്ന നട്ടാശ്ശേരി നാട്ടുതോട് മീനച്ചിലാറ്റിൽ, കാലടിമനയ്ക്കും മേക്ക് തുടങ്ങി നവോദയം വായനശാല പടി, ചെറുത്തുരുത്തി കലുങ്ക് കടന്ന് വെട്ടിയ്ക്കാകുഴി വഴി, നീലിമംഗലം ആറ്റിൽ ചെന്നുചേരുന്നു. ഒന്നരകിലോമീറ്റർ ദൂരം വരുന്ന തോട്.
3. പഞ്ചായത്തിൻെറ VIII, X വാർഡുകളിൽ കാലടിമനക്ഷേത്രത്തിന് മേക്ക് നിന്നും തുടങ്ങി, ചക്കാത്തറപടി വഴി, കൂരോത്ത് കലുങ്ക് വഴി മൂഴൂർ പാടശേഖരത്തേയ്ക്ക് കടക്കുന്ന ഉദ്ദേശം ഒരു കിലോമീറ്റർ ദൂരമുള്ള തോട്.
4. വാർഡ് VI മീനച്ചിലാറ്റിൽ നിന്നും ചെറിയ മഠംമാലി, കളമ്പുകാടു കലുങ്കുവഴി അടിച്ചി പാടത്തേയ്ക്ക് കടന്ന് പോകുന്നതും ഉദ്ദേശം മുക്കാൽ കിലോമീറ്റർ ദൂരമുള്ളതും ആയ തോട്.
5. ഈ പഞ്ചായത്തിലെ III, IV, V, VI, VII എന്നീ വാർഡുകളിൽപെട്ടതും മീനച്ചിലാറ്റിൽ തേക്കിൻ പാലം കടന്ന് കരിയം പാടത്തേയ്ക്ക് ഉദ്ദേശം രണ്ട് കിലോമീറ്റർ ദൂരമുള്ള തോട്.
6. മീനച്ചിലാറ്റിൽ നിന്നും തിരുവാറ്റക്ഷേത്രത്തിന് മുൻവശത്ത്കൂടി അംഗളത്ത് പാലം കടന്ന് തഴമതപാടം, മള്ളൂർ പാടം വഴി, കുടയംപടി തോട്ടിൽ എത്തുന്ന ഒന്നര കിലോമീറ്റർ ദൂരമുള്ള തോട്.
7. II-ാം വാർഡിൽ ചവിട്ടുവരി പാലത്തിന് താഴെ മാളിയേക്കത്തറ വീടിന് തെക്ക് വശത്തുക്കൂടി എം.സി. റോഡിന് കിഴക്കുവശമുള്ള കുപ്പേരി, പാടത്ത്കൂടി വീണ്ടും നീലിമംഗലം ആറ്റിൽ ചെന്ന് ചേരുന്ന ഒരു കിലോമീറ്റർ ദൂരമുള്ള തോട്
8. XII-ാം വാർഡിൽ നീലിമംഗലം പാലത്തിന് കിഴക്കേ കരയിൽ നിന്നും ചെറുപൈങ്ങുളം പാടശേഖരത്തിൽ കൂടി നട്ടാശ്ശേരി, ബലിക്കുളം, പരുത്തിക്കുഴി മറ്റം വരെയുള്ള ഒരു കിലോമീറ്റർ ദൂരമുള്ള തോട്.
9. XIII-ാം വാർഡിൽ നീലിമംഗലം റെയിൽവേ പാലത്തിന് താഴെ ചെട്ടിയാടത്ത് പുരയിടത്തിന് കിഴക്ക്വശം ചേർന്ന് വടക്കോട്ട് ചാഞ്ഞു മുടിയൂർ പാടത്ത് ചെന്ന് ചേരുന്ന അരകിലോമീറ്റർ ദൂരമുള്ള തോട്.
10. 13, 14 വാർഡുകളിൽ, ചിറപ്പാട്ട് കടവ് മുതൽ, ആറ്റാംമൊയ്പ് പാലം കടന്ന്, ഗാന്ധിനഗർ കലുങ്ക് കടന്ന് അടിച്ചിറ പത്തടിപ്പാലം വരെയും, ടി തോടുമായി ബന്ധപ്പെടുത്തി കുറ്റിമറ്റം പടി, കാക്കനാട്ടുപടി, കോലാകുളം കലുങ്ക് കടന്ന് കുട്ടികളുടെ ആശുപത്രിയ്ക്കുസമീപം അമ്പലക്കുളം വരെയുള്ള തോട് രണ്ടും കൂടി രണ്ടരകിലോമീറ്റർ ദൂരം.
11. XIII-ാം വാർഡിൽ മീനച്ചിലാറ്റിൽ നിന്നും, പാറേത്താഴത്ത് പുരയിടത്തിനു കിഴക്ക് വശംകൂടി കുളക്കാട്ട് പാടത്ത് ചെന്ന് ചേരുന്നതും, ചില ഭാഗങ്ങൾ അടഞ്ഞുകിടക്കുന്നതുമായ നാനൂറ് മീറ്റർ നീളം വരുന്ന തോട്.
12. XIII-ാംവാർഡിൽ നിന്നും കിഴക്കയിൽ പുരയിടത്തിനു പടിഞ്ഞാറുവശത്തുകൂടി കുളക്കാട് പാടത്തിൻെറ കിഴക്ക് ഭാഗത്ത് വന്നുചേരുന്ന ഇരുനൂറ് മീറ്റർ തോട്

13. XIII-ാം വാർഡിൽ മീനച്ചിലാറ്റിൽ നിന്നും, ഓണാട്ട് പുരയിടത്തിൽകൂടി നൂറ് മീറ്റർ നീള ത്തിൽ ഒരു തോട് കുളക്കാട് പാടത്തിൽ ചേരുന്നു.

14. XIII -ാം വാർഡിൽ മീനച്ചിലാറ്റിൽ നിന്നും മുണ്ടാർ വഴി കുളക്കാട്ട് പാടത്ത്കൂടി മെഡിക്കൽ കോളേ ജിന് മുൻവശമുള്ള കുരിശുപള്ളിതാഴെ വരെ എത്തുന്ന ഒരു കിലോമീറ്റർ തോട്.

മേൽപറഞ്ഞ ജലശ്രോതസ്സുകൾ പഞ്ചായത്തിൻെറ സമതലപ്രദേശങ്ങളെ ജലസംപുഷ്ടമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ കുറെ കാലമായി, മണ്ണുസംരക്ഷണ, കാർഷികമേഖലകളിൽ നാം സ്വീകരിച്ചതെറ്റായ സമീപനം മൂലം കുടിവെള്ളം മുടങ്ങുന്ന പതനം വരെ എത്തിചേർന്നു. ഇതിനായി നിലവിലുള്ളതും മുകളിൽ പറഞ്ഞിരിക്കുന്നതും ആയ ജലശ്രോതസ്സുകളെ പരിപാലിപ്പിക്കുകയും, പോഷിപ്പിക്കുകയും ചെയ്യേണ്ടി യിരിക്കുന്നു. ആയതിന് താഴെപ്പറയുന്ന കർമ്മപരിപാ ടികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതാണ്.

കുമാരനല്ലൂർ പഞ്ചായത്തിൻെറ മുഖ്യ ജലശ്രോ തസ്സ് മീനച്ചിലാറും അതിൻെറ കൈവഴികളും ആണ്. വർഷകാലങ്ങളിൽ ഉണ്ടാകുന്ന ശക്തിയായ ഒഴുക്കും, മണ്ണൊലിപ്പും മൂലം ടി ആറിൻെറ ഇരുവശങ്ങളും ഇടിഞ്ഞ് കൃഷിഭൂമി നഷ്ടപ്പെട്ടുകൊണ്ട് ഇരിക്കുന്നു. ഒരു സമയ ബന്ധിതപരിപാടി എന്ന നിലയിൽ സർവ്വെ നടത്തി ആവശ്യമുള്ളടത്തെല്ലാം കരിങ്കല്ല് ഭിത്തികെട്ടി ആറിനും കൃഷിഭൂമിക്കും സംരക്ഷണം നൽകേണ്ടതാണ്.

മീനച്ചിലാറ്റിൽ നിന്നും പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലേയ്ക്കും മറ്റ് താഴ്ന്ന പ്രദേശങ്ങളി ലേക്കും ഉള്ള നാട്ട് തോടുകളുടെ വികസനം (1) അയ് മനം കുഴി തൊടുകം പാടം തോട് ഈതേയുള്ള ഭാഗിക മായി കുമാരനല്ലൂർ പഞ്ചായത്തിലും പ്രധാനമായി ഏറ്റുമാനൂർ പഞ്ചായത്തിൽപെടുന്ന തെള്ളകം പാട ശേഖരത്തിനും പ്രയോജനപ്പെടുന്നു. മണ്ണൊലിപ്പും, മണ്ണ് ഇടിച്ചിലും മൂലം ഇതിൽ കൂടി വെള്ളം സുഗമമായി ഒഴുകുന്നില്ല. വശങ്ങൾ ബലപ്പെടുത്തിയും ആഴം കൂട്ടിയും ഈ തോട് ഉപയോഗപ്രദമാക്കേണ്ടതാണ്.

### (2) നട്ടാശ്ശേരി - നാട്ട്തോട്

ഇപ്പോൾ ഈ തോടിൻെറ പലഭാഗങ്ങളും അടഞ്ഞ് പോയിട്ടുണ്ട്. അടഞ്ഞ് പോയഭാഗങ്ങൾ തുറന്ന് തോടിന് ആഴവും വീതിയും കൂട്ടി നവോദയം വായന ശാലയ്ക്ക് സമീപം ബലപ്പെട്ട കലുങ്ക് സ്ഥാപിച്ച് ഈ തോട് ഗതാഗതത്തിനും, ജലസേചനത്തിനും യോഗ്യമാക്കി തീർക്കാവുന്നതാണ്. ഇപ്രകാരം ചെയ്താൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതും, സമീപപ്രദേശത്തുള്ള തെങ്ങ്, അനുബന്ധകൃഷികൾക്കും ജലസേചനസൗകര്യം വർദ്ധിക്കുന്നതും ആകുന്നു. കൂടാതെ IX-ാം വാർഡി ലുള്ള ഇഞ്ചേരിക്കുന്നിൻെറയും പാട്ടുകുന്നിൻെറയും ചെരിവിലൂടെ ഒഴുകിവരുന്ന കരവെള്ളം പുത്തൂർ കുഴിയിൽ ഇപ്പോൾ വന്നുചേരുന്നത് മൂലം സമീപവാ സികൾക്ക് ഉണ്ടാകാവുന്ന നാശനഷ്ടങ്ങൾ ഒഴുവാക്കു ന്നതിലേയ്ക്ക് ടി വെള്ളം മുമ്പ് ഉണ്ടായിരുന്ന വാച്ചാൻ (ഇട-തോട്) വഴി നാട്ട്തോട്ടിലേക്ക് ഒഴുക്കി വിടാവു ന്നതാണ്.

### (3) ചക്കാത്തറപടി - മൂഴൂർ പാടത്തിലേയ്ക്ക് ഉള്ള തോട്

ഈ തോട്ടിൽകൂടി ഒഴുകുന്ന വെള്ളം മൂഴൂർ പാടശേഖരത്തിലെ കൃഷിപരിപോഷിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഈ തോടിന് സൈഡ് ഇടിഞ്ഞ് കിടക്കുന്നത് കൊണ്ടു സമീപപ്രദേശത്തുള്ള ഇഷ്ടികകളത്തിലേയ്ക്കു വെള്ളം ഒഴുകി നഷ്ടപ്പെ ടുന്നു. കൂടാതെ പരപ്പ എന്ന പ്രദേശം മുതൽ തട്ട് പൊങ്ങി കിടക്കുന്നതുകൊണ്ട് വെള്ളം പാടശേഖരത്തിലേയ്ക്ക് ഒഴുകുന്നില്ല. അതുകൊണ്ട് ടി തോടിൻെറ വശങ്ങൾ ശക്തിപ്പെടുത്തിയും ഉദ്ദേശം ഇരുനൂറു മീറ്റർ നീള ത്തിൽ ചാല് താഴ്ത്തിയും ഈ തോട്ടിലൂടെ ഉള്ളവെള്ള ത്തിൻെറ ഒഴുക്കും സുഗമമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കാലടി മനക്ഷേത്രകടവിൽ സ്ഥാപിച്ചിരിക്കുന്ന പമ്പിൻെറ പ്രയോജനം മൂഴൂർ പാടത്തെ എല്ലാകർഷ കർക്കും ലഭ്യമാകുകയില്ല.

### 4. ചെറിയമഠം മാലി - അടിച്ചിപാടം തോട്

ഈ തോട് ഇപ്പോൾ മണ്ണിടിച്ചിൽ മൂലം വീതിയും ആഴവും കുറഞ്ഞുകിടക്കുന്നു. ടി തോടിൻെറ വശങ്ങൾ കെട്ടിയും ആഴം കൂട്ടിയും വെള്ളം സുഗമമായി അടിച്ചി പാടത്ത് എത്താൻ സൗകര്യപ്പെടുത്തിയാൽ ടി പാടശേഖരം മുഴുവനും നെൽകൃഷിചെയ്യാവുന്നതാണ്.

### 5. തേക്കുപാലം കരിയമ്പാടം തോട്

തേക്കുപാലത്തിനുസമീപം സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസ് മുതൽ പഞ്ചായത്ത് കെട്ടി നിറുത്തിയി രിക്കുന്ന സ്ഥലം വരെ കരിങ്കല്ല് കെട്ടി തോട് പാർശ്വ ങ്ങൾ ബലപ്പെടുത്തണം. ഇടിഞ്ഞു കിടക്കുന്ന സ്ഥല ങ്ങളിൽ ബണ്ട് കെട്ടിയും സർവ്വേപ്ലാനിൽ പറയും വിധം തോട് പണിയേണ്ടതാണ്. പരപ്പ് മുതൽ വടക്കു പടിഞ്ഞാറോട്ട് വീതിയും, ആഴവും കൂട്ടി ജലസേചന ത്തിന് ഉതകുംവിധം പണിയണം. 3 ഉം, 7 ഉം വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന നിലവിലുള്ള നടപ്പാത, ഒരു കലുങ്കുകൂടി പണിത് സഞ്ചാരയോഗ്യമാക്കണം.

### 6. തിരുവാറ്റാ - കുടയംപടി തോട്

ഈ തോട് മണ്ണിടിഞ്ഞ് നികന്നുവരുന്നു. ഇത് സർവ്വേപ്ലാനിൽ കാണുംവിധം വലുതാക്കി വശങ്ങൾ കെട്ടിയും മോട്ടോറും, പമ്പ്സെറ്റും സ്ഥാപിച്ച് ജലസേചനസൗകര്യമുള്ളതാക്കണം.

### 7. മാളേക്കത്തറ - നീലിമംഗലം തോട്

ഈ തോട് പല ഭാഗങ്ങളും അടഞ്ഞുപോയിരിക്കുന്നതിനാൽ മഴക്കാലത്ത് ഇവിടെ വെള്ളക്കെട്ട് രൂപം കൊണ്ട് കൃഷിക്കും, ആൾപാർപ്പിനും, യാത്രയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നു. ഈ തോട് തുറന്ന് വെള്ളം ഒഴുകി പോകത്തക്ക സൗകര്യത്തിൽ ആക്കേണ്ടതാണ്.

### 8. നീലിമംഗലം - ചെറുപൈങ്ങുളം തോട്

നിലവിലുള്ള തോട് വീതിയും ആഴവും കൂട്ടണം. 50 hp മോട്ടോറും, പറയും സ്ഥാപിക്കുകയും, കൂടുതൽ ഷട്ടറുകൾ ഉണ്ടാക്കുകയും, Lift irrigation സൗകര്യവും ഏർപ്പെടുത്തണം.

### 9. ചെട്ടിയാടത്ത് മാലി മുടിയൂർ പാടം തോട്

നിലവിലുള്ള തോട് വീതികൂട്ടിയും, സൈഡ് കെട്ടിയും സംരക്ഷിക്കേണ്ടതാണ്.

### 10. ചിറപ്പാട്ട് കടവ് - പത്തടിപാലം തോട്

ടി തോടുമായി ബന്ധപ്പെടുന്ന കുറ്റിമറ്റം മുതൽ കാക്കനാട്ടുപടി, കോലാകുളം കലുങ്കുകടന്ന് കുട്ടികളുടെ ആശുപത്രിക്കു സമീപമുള്ള അമ്പലക്കുളം വരെയുള്ള തോട്. ഈ തോട് ആഴവും വീതിയും കൂട്ടി ഇരുവശവും കരിങ്കല്ല് കെട്ടി ഒരുവശം വാഹനഗതാഗതത്തിന് ഉതകത്തക്കവിധം നിർമ്മിക്കണം. ഈ തോട്ടിൽ കൂടിവരുന്ന ജലം പാടശേഖരത്തിനുകൂടി ഉപകരിക്കത്തക്കവിധം പമ്പ്ഹൗസ് നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച്, lift irrigation പദ്ധതി നടപ്പിൽ വരുത്തണം. കൂടാതെ ഈ തോട്ടിൽ നിന്നും വാച്ചാൽ നിർമ്മിച്ച് കുട്ടികളുടെ ആശുപത്രിക്കു സമീപമുള്ള അമ്പലക്കുളം വരെ നീട്ടേണ്ടതാണ്. ഇങ്ങനെ ചെയ്താൽ കരോട്ടുപാടം, താഴത്തുപാടം എന്നിവകൂടി നെൽകൃഷിക്ക് യോഗ്യമാക്കാം.

11. പാറേത്താഴത്ത് പുരയിടത്തിനു കിഴക്കുവശം കൂടി പുറക്കാട്ട് പാടത്ത് വന്നുചേരുന്നതും, കിഴക്കേ പുരയിടത്തിനു പടിഞ്ഞാറു വശത്തുകൂടി കുളക്കാട്ടുപാടത്ത് ചേരുന്നതുമായ രണ്ടുതോടുകൾ ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. ടി തോടുകൾ തുറന്നുവിട്ടാൽ വർഷകാലത്ത് ഈ പ്രദേശത്തനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കാവുന്നതാണ്.

12. ഓണാട്ട് പുരയിടത്തിലൂടെയുള്ള തോട്, ഇപ്പോൾ ഈ തോട് വശങ്ങളിടിഞ്ഞും, മണ്ണ് നികന്നും അടഞ്ഞു കിടക്കുന്നു. ഇത് യഥാവിധി സംരക്ഷിക്കേണ്ടതാണ്.

### 13. മുണ്ടകം - മെഡിക്കൽ കോളേജ് തോട്

ഈ തോട് വീതികുറഞ്ഞും, മണ്ണ് നിറഞ്ഞും കിടക്കുന്നു. സർവ്വേ പ്ലാനിൽ കാണുംവിധം വീതിയും ആഴവും കൂട്ടി വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടതാണ്.

മീനച്ചിലാറും, കൈവഴികളും, അവയുമായി ബന്ധപ്പെട്ടതും പ്രധാനമായും മുകളിൽ പറഞ്ഞിരിക്കുന്നതുമായ നാട്ടുതോടുകളും, പഞ്ചായത്തിന്റെ സമതലപ്രദേശത്തും, താഴ്ന്ന പ്രദേശങ്ങളിലും ജലലഭ്യത നൽകുമ്പോൾ പഞ്ചായത്തിന്റെ ഇതരഭാഗങ്ങൾ, ആയത് കുന്നുംപുറങ്ങളും, ചെരുവുകളും കൃഷിക്കെന്നല്ല കുടിവെള്ളത്തിനുപോലും പ്രയാസപ്പെടുന്ന അവസ്ഥയാണുള്ളത്.

### കുന്നുംപുറങ്ങൾ

വാർഡ്

I - കാക്കനാട് കുന്ന്

III – പേച്ചാംകുന്ന്, മംഗളം കുന്ന്

IV - പുല്ലരിക്കുന്ന്, തിടമ്പൂക്കുന്ന്

V

VI - S.H.M. കുന്ന്, ശങ്കരേടത്ത്കുന്ന്

VII

IX to

XIV ഇഞ്ചേരിക്കുന്ന്, പാട്ടുക്കുന്ന്, അർത്യാകുളം, പാറമ്പുഴ പള്ളി പരിസരങ്ങൾ, മുളവനക്കുന്ന്, മടുക്കമുകൾകുന്ന്, നമ്പൂരി മുകളേൽ, ഉറുമ്പും കുഴികരോട്ട്, ആലുങ്കൽ കുന്ന്, നെല്ലിക്കുന്ന്, വടക്കനാട്ട് കുന്ന് എന്നീ പ്രദേശങ്ങൾ, ഗുരുതരമായ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. ടി പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തോടെ വെള്ളുപ്പറമ്പ് പമ്പ് ഹൗസിൽ നിന്നും ഉള്ള വെള്ളം എത്തിക്കാനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ പൈപ്പുകളിലൂടെ എല്ലാ കാലത്തും വെള്ളം ലഭിക്കത്തില്ല. ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തി പദ്ധതിക്കാവശ്യമായ മാറ്റങ്ങൾ നടത്തി ജലലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

# കുടിവെള്ളവും പൊതു ജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യസംരക്ഷണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധ ജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവ. കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, മീനച്ചിലാറും അതിന്റെ കൈ വഴികളും ജലസമ്പന്നമാക്കുന്നുണ്ടെങ്കിലും പഞ്ചായ ത്തിലെ മൂന്നിലൊരുഭാഗത്തെ ജനങ്ങൾ ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ പ്രയാസമനുഭവിക്കുന്നവരാണ്.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി മുഖ്യമായും ആശ്രയിക്കുന്നതു കിണറുകളെയാണ്. പഞ്ചായത്തിൽ 39 പൊതുകിണറുകൾ ഉൾപ്പെടെ 4200-നടുത്തു കിണറുകൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. അതിൽ 600-ലേറെ ഉപയോഗയോഗ്യമല്ലാത്തവയാണ്. വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം വറ്റുകയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുകയും ചെയ്തുവരുന്നു.

പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ വേണ്ടി 1972-73 കാലഘട്ടത്തിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (RWSS) ആരംഭിക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു തികച്ചും അപര്യാപ്തമായിരുന്നു. പിന്നീട് 1980കളിൽ കുമാരനല്ലൂർ, വിജയപുരം, നാട്ടകം, പനച്ചിക്കാട് എന്നീ നാലു പഞ്ചായത്തുകൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി (KWA) വിപുലമായ മറ്റൊരു ശുദ്ധജല വിതരണ പദ്ധതിക്കു രൂപം കൊടുക്കുകയുണ്ടായി. ലോകബാങ്കിന്റെ സഹായത്തോടെയുള്ള ഈ പദ്ധതി (World Bank Aided Water Supply Scheme)1986-ൽ പ്രവർത്തനമാരംഭിച്ചു. ഇതിന്റെ പമ്പുഹൗസ് സ്ഥാപിച്ചിരിക്കുന്നത് വെള്ളൂപ്പറമ്പിലാണ്. ജലവിതരണത്തിനായി പഞ്ചായത്തിനെ രണ്ടു മേഖലകളായി തിരിച്ചിരിക്കുന്നു, കിഴക്കൻ മേഖലയ്ക്കു വേണ്ടി ഇഞ്ചേരിക്കുന്നിൽ 7.1 ലക്ഷം ലിറ്റർ ശേഷിയുള്ളതും പടിഞ്ഞാറൻ മേഖലയ്ക്കുവേണ്ടി S.H. മൗണ്ടിൽ 6.3 ലക്ഷം ലിറ്റർ ശേഷിയുള്ളതുമായ രണ്ടു ഉപരിതലജലസംഭരണികളാണുള്ളത്. കിഴക്കൻ മേഖലയിൽ 54 കി.മീറ്ററും പടിഞ്ഞാറൻ മേഖലയിൽ 46 കി.മീറ്ററും ഉൾപ്പെടെ മൊത്തം 100 കി.മീറ്റർ പൈപ്പുലൈനും 195 പബ്ലിക് ടാപ്പുകളും ഈ പദ്ധതിയിൻകീഴിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവേളയിൽ പദ്ധതിയുടെ മൊത്തം മതിപ്പുചെലവു പ്രതീക്ഷിച്ചിരുന്നതു 66.2 ദശലക്ഷം രൂപയായിരുന്നു. (കുമാരനല്ലൂർ പഞ്ചായത്തിനുവേണ്ടി 165 ലക്ഷം രൂപ) പ്രതീക്ഷിച്ചതിന്റെ % വർദ്ധനവും. പ്രതിശീർഷചെലവ് 1990-ൽ 671 രൂപയും 2001-ൽ 592 രൂപയും 2011-ൽ 527രൂപും എന്ന തോതിലാണ് കണക്കാക്കിയിരിക്കുന്നത്. കുമാരനല്ലൂർ പഞ്ചായത്തിലെ ജനസംഖ്യ 2011-ൽ 45160 ആയിരിക്കുമെന്ന കണക്കുകൂട്ടലോടെ, 90 ശതമാനം ജനങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം സിദ്ധിക്കുമെന്നും പ്രതീക്ഷിച്ചിരുന്നു. ഈ പദ്ധതി 1994 നവംബർ മാസത്തിൽ കമ്മീഷൻ ചെയ്തു. ഇതിനകം ലഭിച്ച 1865 അപേക്ഷകളിൽ 1138 പേർക്ക് കണക്ഷൻ നൽകി കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പിനായി കുമാരനല്ലൂർ പഞ്ചായത്തിനു വേണ്ടി 2 മൂന്നാംഗ്രേഡ് ഓവർസീയർമാരും 1 പ്ലംബറും 2 ഓപ്പറേറ്റർമാരുമുൾപ്പെടെ 5 ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. മീറ്റർ റീഡർമാരെ നിയമിച്ചിട്ടില്ല.

പട്ടിക(കുടിവെള്ളം) 1

കിണറുകൾ

| പൊതുകിണറുകൾ | | കുഴൽ കിണറുകൾ | | ആകെ പൊതു കിണറുകൾ | റിമാർക്സ് |
|---|---|---|---|---|---|
| വെള്ളമുള്ളത് | വെള്ളമി ല്ലാത്തത് | വെള്ളം കിട്ടുന്നത് | വെള്ളം കിട്ടാത്തത് | | |
| 28 | 5 | 4 | 2 | 39 | സ്വകാര്യ കിണറുകൾ ഉൾപ്പെടെ മൊത്തം 4200 കിണറുകൾ |

അവലംബം : പഞ്ചായത്താഫീസിലെ രജിസ്റ്ററുകളും വിവരണശേഖരണവും.

## പട്ടിക(കുടിവെള്ളം) 2

## KWA പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ | പൈപ്പുലൈൻ ദൈർഘ്യം (K.M.) | പബ്ലിക് ടാപ്പുകൾ | ഗാർഹികം | സ്വകാര്യ കണക്ഷനുകൾ- 10/96 വരെ | | | |
|---|---|---|---|---|---|---|---|---|
| | | | | | ഗാർഹി-കേതരം | ഇൻഡസ്-ട്രിയൽ | കാഷ്വൽ | ആകെ |
| 1 | RWSS | 8 | 24 | - | - | -............ | - | - |
| 2 | WBAWSS | 100 | 195 | 1101 | 35 | 1 ............ | 1 | 1138 |

അവലംബം: KWAയുടെ കണക്കുകൾ

ലോകബാങ്കിൻെറ സഹായത്തോടെയുള്ള പദ്ധതി കമ്മീഷൻ ചെയ്തതോടെ പഴയവ RWSS നിർത്തലാക്കി വരികയാണ്. ഇതിൻെറ കീഴിൽ ഇപ്പോൾ S.H. മൗണ്ടിൽ ഒരു പമ്പുഹൗസും, ഒരു ഭൂതല സംഭരണിയും. അതിനോടു ബന്ധപ്പെട്ട 8 കി.മീ. ലൈനും 24 പബ്ലിക് ടാപ്പുകളുമാണുള്ളത്. വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള രണ്ടു പദ്ധതികളിലുമായി പഞ്ചായത്തിൽ മൊത്തം 2 പമ്പുഹൗസുകളും 3 ജലസംഭരണികളും 108 കി.മീറ്റർ പൈപ്പു ലൈനും 219 പൊതുടാപ്പുകളും ഉണ്ട്. പഞ്ചായത്തിലെ 14 വാർഡുകളിലും പൈപ്പു ലൈൻ എത്തിയിട്ടുണ്ടെന്നുപറയാമെങ്കിലും ഓരോ വാർഡിലേയും എല്ലാ പ്രദേശങ്ങളിലും എത്താത്തതുമൂലം ബഹുഭൂരിപക്ഷം ജനങ്ങൾക്കും ശുദ്ധജലവിതരണപദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല.

### വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെപറയുന്നവയാണ്.

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| I | കാക്കനാട്ടു കുന്നിൻപുറവും<br>ബ്രാഹ്മണികുന്നിൻ പുറം മുതൽ | KWAയുടെ പൈപ്പുലൈൻനീട്ടുകയും<br>പൊരടാപ്പു താഴോട്ടു സ്ഥാപിക്കുകയും പുളിയായി പടിവരെയും ചെയ്യുക. |
| II | തൃക്കയിൽ കോളനി നിവാസികൾ<br><br>വൈലപ്പിള്ളി-നീലിമംഗലം റോഡ്<br>കരണ്ടേലി റോഡ്, പമ്പു ഹൗസ്<br>റോഡ്, മങ്ങാട്ടുകടവു-മാലിമേൽറോഡ്<br>കുമാരനല്ലൂർ കവല-അമ്പലം റോഡ് | കോളനിക്കു സമീപം വഴിയോര<br>ടാപ്പുകൾ സ്ഥാപിക്കുക<br>പൈപ്പുലൈൻ നീട്ടി പൊതു<br>ടാപ്പു സ്ഥാപിക്കുക<br><br>പൊതുടാപ്പുകൾ സ്ഥാപിക്കുക |
| III | കരിയമ്പാടത്തിനു ചുറ്റുമുള്ള പ്രദേശങ്ങൾ<br><br><br>കളരിക്കൽ കോളനി<br><br>കടന്നക്കുടി പ്രദേശം<br>ജനരക്ഷാറോഡിൻെറ ആരംഭഭാഗം<br>മുതൽ എഴുമാമഠം വരെ<br>വലിയാൽ-പര്യത്തുകാലാറോഡ് | വേനൽക്കാലത്തു കരയം പാടത്ത്<br>വെള്ളം കയറ്റിയാൽ ചുറ്റുപാടുമുള്ള<br>കിണറുകളിൽ വെള്ളം കിട്ടും.<br>KWAപൈപ്പുലൈൻനീട്ടുകയും പൊതു<br>ലക്ഷം വീടു കോളനി ടാപ്പുകൾ സ്ഥാപിക്കു കയും ചെയ്യുക<br><br>KWAപൈപ്പുലൈൻ നീട്ടണം-വീടുകൾക്കു<br>കണക്ഷൻ എടുക്കാം<br>പൈപ്പുലൈൻ നീട്ടി പൊതു ടാപ്പു<br>സ്ഥാപിക്കുക. |

| | | |
|---|---|---|
| IV | നിരപ്പേൽ ജംഗ്ഷൻ<br>ലക്ഷം വീടു കോളനികൾ<br>പുതുവൽ കോളനി<br>പുല്ലരിക്കുന്നിലെ കുഴൽ<br>കിണറിന്റെ ശോച്യാവസ്ഥ | പൊതുടാപ്പു സ്ഥാപിക്കണം.<br>പൈപ്പു ലൈൻ നീട്ടി പൊതുടാപ്പു<br>സ്ഥാപിക്കുക<br>രണ്ടു വർഷമായി കേടായി<br>കിടക്കുന്നതു നന്നാക്കണം |
| V | ചുങ്കം കവലയിൽ ഉള്ള മാലിക്കാട്ടുമാലി<br>പുറമ്പോക്കിൽ ഐക്കരമാമശ്ശേരിറോഡ്<br>വാരിശ്ശേരി മുതലക്കോണം റോഡ് | 75 മീറ്റർ ലൈൻ നീട്ടി ഒരു Tap സ്ഥാപിക്കണം<br>300 മീറ്റർ ലൈൻ നീട്ടി ഒരു Tap. സ്ഥാപിക്കണം<br>200 മീറ്റർ ലൈൻ നീട്ടി ഒരു Tap. |
| VI | ആറ്റുമാലി SHM റോഡ്<br>നാഗമ്പടം പുകടിമാലി പ്രദേശത്തെ<br>20 വീട്ടുകാർ<br>ചെറുകുന്നു-അടിച്ചിപ്പാടം റോഡ്<br><br>ഭാഗത്തെ 22 വീടുകൾ<br>തേക്കുംപാലം പ്രദേശത്തെ<br>10 കുടുംബങ്ങൾ<br>മുണ്ടാക്കുളം-കരിയം പാടം റോഡിൽ<br>വാക്കത്താഴെ വീടിനു സമീപം | <br>പൊതുടാപ്പുകൾ സ്ഥാപിക്കണം<br><br>SHM റോഡിൽ നിന്നും 300<br>മീറ്റർലൈൻ<br>നീട്ടി പൊതുടാപ്പു സ്ഥാപിക്കണം<br>പൊതുടാപ്പുകൾ സ്ഥാപിക്കണം |
| VII | ദയറാപള്ളി -കരിയംപാടം റോഡിന്റെ<br>ആരംഭഭാഗം<br>വെങ്ങാലിപ്പടി- കരിയംപാടം റോഡ്<br>പുല്ലാനപ്പള്ളി-ഇടപ്പള്ളികരോട്ടുറോഡ്<br>ഈപ്പിപടി-ഇടപ്പള്ളികരോട്ടുറോഡ്<br>വാട്ടർടാങ്ക്-കരിയം പാടം റോഡ്<br>ആംബ്രോസ് നഗർ | പൊതുടാപ്പുകൾ സ്ഥാപിക്കണം<br><br><br><br><br><br>KWA ലൈൻ നീട്ടി പൊതുടാപ്പു<br>സ്ഥാപിക്കണം |
| VIII | നാഗമ്പടം ക്ഷേത്രം റോഡിൽ<br><br>പൂവൽപടി -ചെറുനാരകം<br>നമ്പ്യേട്ട് കടവ് റോഡ്<br>പ്രിയദർശിനി റോഡ്<br>മാലിമേൽ - ഡിപ്പോക്കടവ്<br>പാലക്കാട്ടു പടി - ഇടാട്ടുപടി<br>ചിറയിൽ കടവ് റോഡ്<br>കെ.കെ. നാരായണൻ നായർ മെമ്മോറിയൽ<br>ഡിപ്പോ-ചെറുനാരകം | പൊതുടാപ്പുകൾസ്ഥാപിക്കണം<br>(ലൈൻ വലിച്ച്)<br>"<br>"<br>"<br>"<br>"<br>"<br>"<br>" |
| IX | പരുത്തിക്കുഴിമറ്റം,<br>ചൂരക്കാട്ടു-പാട്ടുകുന്നുറോഡ്<br>ഞണ്ടുപറമ്പു ഹരിജൻറോഡ്<br>വായനശാലയ്ക്കു പടിഞ്ഞാറുഭാഗത്തെ<br>റോഡ്<br>KPD റോഡ്<br>ഇഞ്ചേരിക്കുന്നു വാട്ടർ ടാങ്കിനു സമീപം<br>താമസക്കാർ | പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക<br><br><br><br><br><br>മിനിടാങ്കു കെട്ടി വെള്ളം<br>എത്തിക്കുക |

| | | |
|---|---|---|
| X | വടാതുമുകൾ, വടക്കേപുല്പാറ<br>പുല്പാറ എന്നീ കുന്നിൻ<br>പ്രദേശങ്ങളിൽ<br>മുള്ളു വേലിത്തടം, മാമ്മൂട്<br>കുറത്യാട്ട് പടി, ഇരുകവല എന്നീ<br>കവലകളിൽ | പൈപ്പ് ലൈൻ നീട്ടുക നിലവിലുള്ള<br>വാൽവുകൾ ശരിയായി ക്രമീകരിയ്ക്കുക<br>പുതിയ ടാപ്പുകൾ സ്ഥാപിക്കുക.<br>പുതിയ പബ്ലിക് ടാപ്പുകൾ<br>സ്ഥാപിക്കുക |
| XI | ഉയർന്ന പ്രദേശങ്ങളായ മടക്കമുകൾ<br>പള്ളിക്കുന്ന്.<br>ലക്ഷം വീടു കോളനി<br>മടക്ക മുകൾ റോഡ്<br>മടക്കമുകൾ കിഴക്കേ ചെരിവിൽ<br><br>റോഡ് കുമ്പളത്തിപ്പടി-രാമനാട്ടുതറ<br>റോഡ് ഇരുട്ടുമാലി റോഡ്<br>മടക്കമുകൾ പടിഞ്ഞാറെ ചെരിവ്<br>(പഴയ M.C റോഡ്) | മിനിടാങ്കു നിർമ്മിച്ച സദാസമയവും<br>വെള്ളം ലഭ്യമാക്കുക<br>പൊതുടാപ്പിൻെറഎണ്ണംവർദ്ധിപ്പിക്കുക<br><br>KWAപൈപ്പുലൈൻ നീട്ടണം മുസ്ലീം<br>പള്ളി യുടെ മുന്നിലൂടെയുള്ള |
| XII | കുളത്തിപ്പടി-മങ്ങാട്ടുമഠം റോഡ്<br>ഇടത്തിനകം-കോളനിറോഡ്<br>പാറേപടി – ഈഴമാലിറോഡ്<br>മുണ്ടകം മദ്രസയുടെ മുന്നിലൂടെ<br>വലത്തേക്കുള്ള റോഡിൽ പട്ടിക<br>വിഭാഗക്കാർ താമസിക്കുന്ന ഭാഗം.<br>കോയിപ്പുറം മങ്ങാട്ടുമഠം റോഡിൽ<br>ചെല്ലപ്പൻ പിള്ളയുടെ കടമുതൽ<br>വെട്ടിക്കാക്കുഴി റോഡു വരെയും<br>ഇളയിടം ജംഗ്ഷൻ മുതൽ പള്ളിപ്പുറം<br>വരെയും<br>മുട്ടത്തുപടി-മുണ്ടകം റോഡ്<br>ഇളയിടം-ഊരോമ്പറമ്പുറോഡ്<br>പള്ളിപ്പുറം ജംഗ്ഷൻ മുതൽ<br>അമ്പലത്തറ ഭാഗം വരെയും<br>സംക്രാന്തി വാഴക്കാലാ മുതൽ<br>പള്ളിപ്പുറം വരെയും | കൂടുതൽ പൊതുടാപ്പുകൾ<br>സ്ഥാപിക്കുക<br><br>KWA പൈപ്പുലൈൻ നീട്ടി<br>സ്ഥാപിക്കുക |
| XIII | 1. ചകിരിക്കുഴി മെഡിക്കൽ കോളേജ്<br><br>2.ആലുങ്കൽ പ്പടി-ഉറുമ്പുകുഴി കോളനിയിൽ<br>3. ആറ്റാം മെയ്പ്പ്-സംക്രാന്തി റോഡിൽ<br>4.കുടമാളൂർഅയ്യൻകോയിക്കൽ റോഡിൽ | പുതുതായി പൈപ്പ്ലൈൻ<br>റോഡിൽ സ്ഥാപിക്കണം<br>ഒരു പൊതുടാപ്പു സ്ഥാപിക്കണം.<br>ഒരു പൊതുടാപ്പ് സ്ഥാപിക്കണം.<br>ഓണാട്ടുപടിയിൽനിന്നുകാക്കശ്ശേരിക്കുന്നും<br>പുറത്തേക്കു100മീറ്റർ ലൈൻ വലിച്ച് ഒരു ടാപ്പു<br>സ്ഥാപിക്കുക. |
| XIV | വാർഡിലെ ഉയർന്ന പ്രദേശങ്ങളായ വടക്കനാട്ടു<br>കുന്ന്, നെല്ലിക്കുന്ന് എന്നിവിടങ്ങളിൽ വെള്ളം<br>എത്തിക്കണം. | പൈപ്പ് ലൈൻ നീട്ടി<br>ആവശ്യമായ പബ്ലിക് ടാപ്പുകൾ<br>സ്ഥാപിക്കണം. |

മേൽ വിവരിച്ച നിർദ്ദേങ്ങൾക്കുപരി പഞ്ചായത്തിൽ മൊത്തത്തിൽ നടപ്പാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ താഴെ പറയുന്ന നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

(1) ഇന്നുള്ള ശുദ്ധജലവിതരണ സംവിധാനം ഒട്ടേറെ പോരായ്മകൾ ഉള്ളതാണ്. മഴക്കാലത്തുപോലും പൈപ്പുകളിൽ വെള്ളം കിട്ടുന്നില്ല. രണ്ടും മൂന്നും ദിവസം കൂടുമ്പോഴാണ് – അതു തന്നെ ഏതാനും മണിക്കൂർ സമയത്തേക്കുമാത്രം – വെള്ളം കിട്ടുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച മോട്ടോറും പമ്പുസെറ്റും മാറ്റി കൂടുതൽ പ്രവർത്തന ക്ഷമതയുള്ളവ സ്ഥാപിച്ചു പ്രശ്നം പരിഹരിക്കേണ്ടതാണ്. ഇക്കാര്യം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടു പരിഹരിക്കണം.

(2) പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കൂടെ കൂടെ പൊട്ടി വെള്ളം നിരത്തിലൂടെ ഒഴുകിപോകുന്നതു പതിവു കാഴ്ചയാണ്. ഇങ്ങനെ വെള്ളം പാഴായി പോകുന്നതോടൊപ്പം പൊതുനിരത്തുകൾ സഞ്ചാരയോഗ്യമല്ലാത്തതായിത്തീരുകയും ചെയ്യുന്നു. മാത്രമല്ല, പൊട്ടിയ ഭാഗത്തുകൂടി മാലിന്യങ്ങൾ പൈപ്പിനുള്ളിൽ പ്രവേശിച്ച് മലിനജലം കുടിക്കാനിടയായിത്തീരുകയും അതു പലവിധ രോഗങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ഗുണമേന്മ കുറഞ്ഞ PVC പൈപ്പുകൾ മാറ്റി പകരം കാസ്റ്റ് അയൺ പൈപ്പുകളോ A.C. പൈപ്പുകളോ സ്ഥാപിച്ചു പ്രശ്നം പരിഹരിക്കുന്നതിനു വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടണം.

3. സമതല പ്രദേശങ്ങളിൽ വെള്ളം കിട്ടുമ്പോൾ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. അത്തരം പ്രദേശങ്ങളിൽ മിനിടാങ്കുകൾ കെട്ടി മെയിൻ ടാങ്കുകളിൽ നിന്നും വെള്ളം കിട്ടാനുള്ള ക്രമീകരണം ഏർപ്പെടുത്തണം.

4. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും ലൈൻ വലിച്ച് കൂടുതൽ ജനങ്ങൾക്കു ശുദ്ധജലം എത്തിക്കണം. അതോടൊപ്പം പാവപ്പെട്ട ജങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ പബ്ലിക്ക് ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണം.

5. കേടുപാടുകൾ വന്ന ടാപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കണം.

6. ശുദ്ധജല വിതരണ പദ്ധതിയിലൂടെ ലഭിയ്ക്കുന്ന വെള്ളം പലപ്പോഴും അമിതമായി ക്ലോറിൻ ചേർന്നതാകയാൽ കുടിക്കാനും ആഹാരം പാകം ചെയ്യാനും പറ്റാത്തതാണ്. ഇക്കാര്യം വാട്ടർ അതോറിറ്റിപരിഹരിക്കണം.

7. വാട്ടർ ടാങ്കുകൾ 3 മാസത്തിലൊരിക്കൽ നിർബ്ബന്ധമായും വൃത്തിയാക്കണം.

8. പൈപ്പു ലൈനിലും പൊതു ടാപ്പുകളിലും പമ്പ് – ഇലക്ട്രിക്കൽ സംവിധാനത്തിലും ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും സ്വകാര്യവ്യക്തികൾക്കു കോൺട്രാക്റ്റ് കൊടുക്കുകയാണ് KWA ചെയ്തുവരുന്നത്. ഇവർ യഥാസമയവും തൃപ്തികരമായും ജോലികൾ ചെയ്യുന്നു എന്നു ഉറപ്പു വരുത്തണം.

9. ഇപ്പോൾ മീറ്റർ റീഡിംഗ് നടത്തി വാട്ടർ ചാർജ് ഈടാക്കുന്നില്ല. ഇത് ഭാവിയിൽ കൺസ്യൂമർമാർക്ക് വലിയ സാമ്പത്തിക ബാധ്യതയും അനാവശ്യമായ ബുദ്ധിമുട്ടുകളും സൃഷ്ടിക്കും. അതുകൊണ്ട് മീറ്റർ റീഡിംഗിനു ആളെ നിയമിക്കണം.

10. പൊതു കിണറുകളുടെ അറ്റകുറ്റപണികൾ തീർത്ത് ആഴം കൂട്ടി സംരക്ഷിക്കുകയും എല്ലാ വർഷവും തേകി വൃത്തിയാക്കി വലയിട്ട് സൂക്ഷിക്കുകയും ചെയ്യണം.

11. പൊതുകുളങ്ങൾ വൃത്തയായി സൂക്ഷിക്കുകയും സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ പൊതു ഉപയോഗത്തിനുവേണ്ടി വിട്ടുകിട്ടാവുന്നവ ഏറ്റെടുത്തു സംരക്ഷിക്കുകയും ചെയ്യണം.

12. വേനൽക്കാലത്തു പാടങ്ങളിലും തോടുകളിലും വെള്ളം കെട്ടി നിറുത്തി സമീപപ്രദേശത്തെ കിണറുകളിൽ വെള്ളം കിട്ടാൻ സൗകര്യപ്പെടുത്തണം.

13. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകൾ പരിശോധിച്ചു അറ്റകുറ്റപണികൾ നിർവ്വഹിക്കണം. കുഴൽ കിണറുകളിൽ നിന്നു കിട്ടുന്ന വെള്ളത്തിനു ഇരുമ്പിൻെറ ചുവയുള്ളതു പരിഹരിക്കാൻ കുഴൽകിണറുകളിൽ അയൺറിമൂവൽ പ്ലാൻറ് സ്ഥാപിക്കണം.

14. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്കു വാട്ടർ കണക്ഷൻ ഏർപ്പെടുത്തുകയും ആവശ്യമുള്ളത്ര ടാപ്പുകൾ ഘടിപ്പിക്കുകയും ചെയ്യണം.

15. ഉയർന്ന സ്ഥലങ്ങളിൽ നീർതടങ്ങൾ കുഴിച്ചും വരമ്പുകൾ ഇട്ടും മഴവെള്ളസംഭരണം നടത്തണം. കുഴികളും പൊട്ടക്കിണറുകളും മഴവെള്ള സംഭരണത്തിന് ഉപയോഗിക്കണം.

16. സംക്രാന്തിയിലെ വാഴക്കാലാപ്രദേശത്തു പൊതു കിണർ നിർമ്മിക്കണം.

## ആരോഗ്യം

ജനങ്ങളുടെ ദാരിദ്ര്യം , അജ്ഞത, അനാരോഗ്യം എന്നിവ നിർമ്മാർജ്ജനം ചെയ്തുകൊണ്ടുമാത്രമേ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവയിലധിഷ്ഠിതമായ ഒരു പുത്തൻ സാമൂഹ്യക്രമം കൈവരിക്കാനാകൂ. ഉയർന്ന പ്രതീക്ഷിത ആയുസ്സ്, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനന നിരക്ക്, കുറഞ്ഞ രോഗാതുരത, കുറഞ്ഞ പൊതു മരണനിരക്ക് ഇവയൊക്കെയാണ് ഒരു രാജ്യത്തിന്റെ പൊതു ആരോഗ്യസ്ഥിതി കണക്കാക്കാനുള്ള സൂചികകൾ. കേരളം പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ഏറെ പിന്നിലാണെങ്കിലും രോഗാതുരതയുടെ കാര്യത്തിലൊഴികെ മറ്റെല്ലാ സൂചികകളിലും വികസിതരാജ്യങ്ങളോടുപോലും കിടപിടിക്കാൻ കഴിയുന്ന തലത്തിലേക്ക് ഉയർന്നു കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്ത് മൊത്തത്തിലുണ്ടായ ഈ പുരോഗതിയുടെ പ്രതിഫലനം കുമാരനല്ലൂർ പഞ്ചായത്തിലും ദൃശ്യമാണ്. അഭികാമ്യമായ ഇത്തരം പുരോഗതി എല്ലാമുണ്ടെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹികവും ആരോഗ്യപരവുമായ അവസ്ഥ ഗൗരവാവഹവും അടിയന്തിര പരിഹാര നടപടികൾ അർഹിക്കുന്നതുമാണ്.

കുമാരനല്ലൂർ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 1417.60.56 ഹെക്ടറാണ്. ഇവിടെ 10222 കുടുംബങ്ങളിലായി 49139 പേർ അധിവസിക്കുന്നു. ഇവരിൽ 23,370 പേർ പുരുഷന്മാരും 25,769 പേർ സ്ത്രീകളുമാണ്. അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 1150 -ം ഒരു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 360-ം ആകുന്നു. ഒരു പട്ടണത്തിന്റെ സ്വഭാവത്തിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിലേക്ക് മറ്റ് പ്രദേശങ്ങളിൽ നിന്നും ധാരാളം പേർ താമസത്തിനായി വന്നുകൊണ്ടിരിക്കുന്നു. ഇത് ജനസംഖ്യാവർദ്ധനവിനും ആരോഗ്യരംഗത്ത്, ഇന്നുള്ള പ്രശ്നങ്ങൾ മൂർഛിപ്പിക്കുന്നതിനും ഇടയാക്കുന്നതാണ്.

പട്ടിക (ആരോഗ്യം)-1

### ജനസംഖ്യ - 1996

| പുരുഷന്മാർ | സ്ത്രീകൾ | ആകെ ജനസംഖ്യ | കുട്ടികൾ | |
|---|---|---|---|---|
| | | | 5 വയസ്സിൽ താഴെ | 1 വയസ്സിൽ താഴെ |
| 23370 | 25769 | 49139 | 1150 | 360 |

അവലംബം PHC യുടെ സർവ്വേ റിപ്പോർട്ട്

പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്ന പല രോഗങ്ങളും പഞ്ചായത്തിലെ ജനങ്ങളിൽ കണ്ടുവരുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തത, മലിനമായ പരിസരം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ പല രോഗങ്ങൾക്കുമിടയാക്കുന്നു.

മൂന്ന് പതിറ്റാണ്ടിനുമുമ്പ് ഈ പഞ്ചായത്തിൽ ആധുനിക ചികിത്സാസങ്കേതങ്ങളൊന്നും ഉണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ ആരോഗ്യരംഗം മുഖ്യമായും ഏതാനും പാരമ്പര്യ വൈദ്യകുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും അടിമപ്പെട്ട് മന്ത്രതന്ത്രങ്ങളും, വഴിപാടുനേരലും, പ്രാർത്ഥനയുമൊക്കെ രോഗത്തിനുള്ള പ്രതിവിധികളായി ഒരു വിഭാഗം ആൾക്കാർ അനുഷ്ഠിച്ചു പോന്നിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയും പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃതരീതികൾ അവലംബിച്ചുപോരുന്നുണ്ട്. ഇന്ന് കുമാരനല്ലൂർ പഞ്ചായത്തിൽ ഒരു ഗവ: ആയുർവ്വേദ ഡിസ്പൻസറി ഉൾപ്പെടെ ആറ് സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ മൂന്ന് ഇടത്തരം



ആയുർവേദാശുപത്രി ഉത്ഘാടനം രമേശ് ചെന്നിത്തല എം.പി. നിർവഹിക്കുന്നു.



അലോപ്പതി ആശുപത്രികളും രണ്ട് ക്ലിനിക്കുകളും ഏഴ് ഹോമിയോ ക്ലിനിക്കുകളും ഒരു പാരമ്പര്യ വിഷ ചികിത്സാകേന്ദ്രവും ഒരു പ്രകൃതി ചികിത്സാ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമേ ആറ് പാരമ്പര്യ വൈദ്യൻമാരും രോഗികളെ ചികിത്സിച്ചു വരുന്നു. കൂടുതൽ ഗൗരവമേറിയ രോഗങ്ങൾക്ക് ചികിത്സയ്ക്കായി പഞ്ചായത്തിലെ ജനങ്ങൾ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കുട്ടികളുടെ ആശുപത്രി (ICH), കോട്ടയം ജില്ലാ ആശുപത്രി, ജില്ല ആയുർവ്വേദ ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി എന്നി സർക്കാർ സ്ഥാപനങ്ങളേയും കാരിത്താസ് മെഡിക്കൽ മിഷൻ ആശുപത്രി, മെഡിക്കൽ സെൻറർ, ഭാരത് ഹോസ്പിറ്റൽ തുടങ്ങിയ സ്വകാര്യആശുപത്രി കളെയുമാണ് ആശ്രയിച്ചുവരുന്നത്. ഈ സ്ഥാപനങ്ങളെല്ലാം പഞ്ചായത്തിനു വെളിയിലാണെങ്കിലും അധികം ദൂരത്തല്ലാ എന്നത് ആശ്വാസകരമാണ്. പഞ്ചായത്തിൻെറ ചിത്രം പരിശോധിച്ചാൽ ജനങ്ങൾക്ക് ചികിത്സ ലഭിക്കാൻ പഞ്ചായത്തിനുള്ളിൽ തന്നെ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലെന്നു കാണുവാൻ കഴിയും. ഈ വസ്തുത പഞ്ചായത്തിനുള്ളിൽ മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട തിൻെറ ആവശ്യകത എടുത്തുകാട്ടുന്നു.

പട്ടിക (ആരോഗ്യം) 2

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

| സർക്കാർ സ്ഥാപനങ്ങൾ | | | | സ്വകാര്യസ്ഥാപനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ആയുർവ്വേദ ഡിസ്പെൻസറി | കുടുംബക്ഷേമ കേന്ദ്രങ്ങൾ | അലോപ്പതി ആശുപത്രി | അലോപ്പതി ക്ലിനിക് | ഹോമിയോ ക്ലിനിക് | വിഷ ചികിത്സാകേന്ദ്രം | പ്രകൃതി ചികിത്സാകേന്ദ്രം | പാരമ്പര്യ വൈദ്യന്മാർ |
| 1 | 5 | 3 | 2 | 7 | 1 | 1 | 6 |

അവലംബം: സർവ്വെ റിപ്പോർട്ട്

കുമാരനല്ലൂർ പഞ്ചായത്തിൽ നിന്നും 1995 ൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയവരുടെ എണ്ണം 10,935 ആയി കണക്കാക്കപ്പെടുന്നു. ഇവരിൽ ജലജന്യ രോഗങ്ങളും, വായുജന്യരോഗങ്ങളും പ്രാണിജന്യരോഗങ്ങളും കണ്ടുവരുന്നു. വാഹനാപകടങ്ങളിൽ പെട്ടുവരുന്നവരുടെ എണ്ണവും സംഘട്ടനങ്ങളിൽ പരിക്കേറ്റുവരുന്നവരുടെ എണ്ണവും വർദ്ധമാനതോതിലാണ്.

പട്ടിക (ആരോഗ്യം) 3

## കുമാരനല്ലൂർ പഞ്ചായത്തിൽ നിന്നും M.C.H. ൽ ചികിത്സക്കെത്തിയവർ

| വർഷം | ഒ. പി. എണ്ണം | കിടന്നു ചികിത്സാ | കുടുതലായി കണ്ടുവരുന്ന രോഗങ്ങൾ |
|---|---|---|---|
| 1995 | 9840 | 1095 | ആസ്ത്മ, നേത്രരോഗങ്ങൾ, കരൾ സംബന്ധമായ രോഗങ്ങൾ, ഉദരരോഗങ്ങൾ, പ്രമേഹം, ഹൃദ്രോഗം, പക്ഷവാതം, തലച്ചോറിൽ രക്തസ്രാവം, ന്യൂമോണിയ, ടൈഫോയ്ഡ്, വാഹനാപകടങ്ങൾ, സംഘട്ടനങ്ങളിൽ പരിക്ക് |

അവലംബം: M.C.H. ലെ റിക്കാർഡുകൾ

## കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി

കോട്ടയം മെഡി. കോളേജ് ആശുപത്രിയിലെ അപര്യാപ്തതകളെപ്പറ്റി ഗ്രാമസഭകളിലും, ഗ്രൂപ്പ് ചർച്ചകളിലും പൊന്തിവന്ന അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

(i) കാഷ്വാലിറ്റി സേവനം മെച്ചപ്പെട്ടതല്ല. ഗുരുതരാവസ്ഥയിലെത്തുന്ന രോഗികളെ നോക്കാൻ സീനിയർ ഡോക്ടർമാർ പലപ്പോഴും രംഗത്ത് കാണാറില്ല. പകരം ഹൗസ് സർജന്മാരും, പി.ജി. വിദ്യാർത്ഥികളുമാണ് ഉണ്ടാകുക. ഈ സ്ഥിതി മാറണം, കാഷ്വാലിറ്റി സർവ്വീസിന് സീനിയർ ഡോക്ടർമാരെ നിർബന്ധമായും നിയോഗിക്കണം.

(ii) അഡ്മിഷൻ കൗണ്ടിൽ രോഗിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചോദിച്ചറിഞ്ഞ് ശരിയായി രേഖപ്പെടുത്താൻ യോഗ്യരായവരെ ഇരുത്താത്തതുകൊണ്ട് മെഡിക്കൽ രേഖകളിൽ പ്രമാദമായ പല തെറ്റുകളും കടന്നുകൂടുന്നു. ഇത് പരിഹരിക്കണം.

(iii) ആശുപത്രിയിൽ എത്തുന്ന സാധാരണക്കാരായ രോഗികളിൽ നിന്നും നാനാതരം ഫീസുകൾ ഈടാക്കിവരുന്ന സമ്പ്രദായം നിർത്തലാക്കണം. ആശുപത്രിയോടനുബന്ധിച്ചുള്ള ലാബറട്ടറി, എക്സ്റേ, സ്കാനിംഗ് മെഷീൻ ഇവയെല്ലാം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുപകരം വൻതുക ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കുറിപ്പുകൾ കൊടുത്തയയ്ക്കുന്നതും നിർത്തലാക്കണം.

(iv) സാധാരണഗതിയിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന രോഗികൾക്ക് ഫലപ്രദമായ ചികിത്സ കിട്ടാതെ പോകുന്നുവെന്നും, ചില ഡോക്ടർമാരുടെ കാര്യത്തിൽ വീട്ടിൽ ചെന്ന് കണ്ട് പണം കൊടുക്കുന്ന കേസുകളിൽ മാത്രമേ ശരിയായി ചികിത്സ കിട്ടാറുള്ളു എന്നുമുള്ള പരാതിയെപ്പറ്റി അന്വേഷിച്ച് സത്വര നടപടികൾ സ്വീകരിക്കണം.

(v) സർക്കാർ സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുകയും അവർക്ക് നോൺ-പ്രാക്ടീസിംഗ് അലവൻസ് നൽകി മുഴുവൻ സമയവും ആതുരസേവനത്തിനും മെഡിക്കൽ വിദ്യാഭ്യാസത്തിനും ലഭ്യമാക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണം.

(vi) വാർഡിൽ കിടക്കുന്ന രോഗികൾക്ക് ഓരോ സമയത്തും കൊടുക്കേണ്ട മരുന്നുകൾ അതാതു സമയത്ത് കൊടുക്കാതെ ഒരു ദിവസത്തേക്കുള്ള മുഴുവൻ മരുന്നും എപ്പോഴെങ്കിലും രോഗിയുടേയോ, അടുത്തുനില്ക്കുന്ന ആളിൻെറയോ പക്കൽ ഏല്പിച്ച് കൃത്യനിർവഹണം പൂർത്തിയാക്കുന്ന നേഴ്സിംഗ് സമ്പ്രദായം മാറ്റണം

(vii) മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു ഇൻഫർമേഷൻ കൗണ്ടർ തുറക്കണം.

(viii) മെഡിക്കൽ റിക്കാർഡുകളുടെ സൂക്ഷിപ്പ് 10 വർഷം വരെ എന്നത് മാറ്റി പകരം 20 വർഷം വരെ എന്നാക്കണം.

(ix) പ്രസവവാർഡും കുട്ടികളുടെ ആശുപത്രിയും വളരെ ദൂരെ സ്ഥിതിചെയ്യുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് പ്രസവവാർഡ് കുട്ടികളുടെ ആശുപത്രിയോടു ചേർന്ന് സ്ഥാപിക്കണം.

(x) ക്ഷയം, ആസ്ത്മ, ശ്വാസകോശസംബന്ധമായ മറ്റുരോഗങ്ങൾ എന്നിവയ്ക്ക് ചികിത്സയ്ക്കായി വരുന്നവരുടെ എണ്ണം പെരുകി വരുന്നു. ഇതിന് മതിയായ ചികിത്സാ സംവിധാനം കോട്ടയം MCH ൽ ഇന്നില്ല. ജൂനിയർ മെഡിക്കൽ കോളേജുകളിൽ പോലും പ്രൊഫസർ തസ്തികയുള്ളപ്പോൾ ഇവിടെ ഒരു അസ്സോഷിയേറ്റഡ് പ്രൊഫസർ തസ്തിക മാത്രമാണുള്ളത്. ഇവിടെ പ്രൊഫസർ തസ്തികയും കൂടുതൽ ഡോക്ടർമാരും, പാരാമെഡിക്കൽ തസ്തികയും ആവശ്യമാണ്.

(xi) മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിച്ച കാലത്തേതിൽ നിന്നും വലിയ മാറ്റമില്ലാതെ ഓർത്തോ വിഭാഗം നിലനില്കുന്നു. വർദ്ധിച്ചുവരുന്ന അപകടങ്ങളും മറ്റുസാഹചര്യങ്ങളും കണക്കിലെടുത്ത് വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചും കൂടുതൽ ഡോക്ടർമാരേയും നേഴ്സിംഗ് സ്റ്റാഫിനെയും നിയമിച്ചും ഓർത്തോ വിഭാഗം വിപുലപ്പെടുത്തണം.

പട്ടിക (ആരോഗ്യം) 4

## പഞ്ചായത്തിലെ പൊതുആരോഗ്യസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | പ്രവർത്തനമേഖല | ജീവനക്കാരുടെ എണ്ണം അനുവദിച്ചത് | ഇപ്പോൾ ഉള്ളത് |
|---|---|---|---|---|
| 1. | കുടുംബക്ഷേമകേന്ദ്രം കുമാരനല്ലൂർ | വാർഡ് I, II & III (1 മുതൽ 300 വരെ വീടുകൾ) | 2 | 1 |
| 2. | കുടുംബക്ഷേമകേന്ദ്രം മള്ളൂശ്ശേരി | വാർഡ് III (301 മുതലുള്ള വീടുകൾ) IV & V | 2 | 1 |
| 3. | കുടുംബക്ഷേമകേന്ദ്രം S.H. മൗണ്ട് (ആസ്ഥാനം. മള്ളൂശ്ശേരി) | വാർഡ് VI, VII & VIII (1 മുതൽ 326 വരെ വീടുകൾ) | 2 | 1 |
| 4. | കുടുംബക്ഷേമകേന്ദ്രം നട്ടാശ്ശേരി | VIII (327 മുതലുള്ള വീടുകൾ) IX & X | 2 | 2 |
| 5. | കുടുംബക്ഷേമകേന്ദ്രം സംക്രാന്തി | വാർഡ് XI, XII, XIII & XIV | 2 | 1 |
| 6. | ഗവ. ആയുർവ്വേദ ഡിസ്പൻസറി കുമാരനല്ലൂർ | കുമാരനല്ലൂർ ഗ്രാമ പഞ്ചായത്ത് | 4 | 4 |

അവലംബം: ദ്വിതീയ വിവരശേഖരണം

കുറിപ്പ്: 5 കുടുംബക്ഷേമകേന്ദ്രങ്ങളിൽ 4 എണ്ണത്തിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

### ആയുർവ്വേദ ഡിസ്പൻസറി

കുമാരനല്ലൂർ ഗവ:ആയുർവ്വേദ ഡിസ്പൻസറിക്കുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിൻെറ ഉദ്ഘാടനം 6 – 2 – 96 ൽ നടന്നു. 1 – 11 – 96 മുതൽ ആയുർവ്വേദ ഡിസ്പൻസറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഡിസ്പൻസറിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ വെള്ളം, വെളിച്ചം, ഇന്ധനം, തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു വികസനസമിതി രൂപീകരിച്ചിട്ടില്ല. ആയുർവ്വേദ ഡിസ്പൻസറിയുടെ സ്ഥാനത്ത് 10 കിടക്കകളോടുകൂടിയ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ശക്തമായി ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക(ആരോഗ്യം) 5

### കുമാരനല്ലൂർ ഗവ: ആയുർവ്വേദ ഡിസ്പൻസറിയിൽ വരുന്ന രോഗികൾ

| വർഷം | ഒ.പി. | ഐ.പി. | ത്വക് രോഗം | രോഗവിവരം: എല്ലാവിധ വാതരോഗങ്ങളും | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റു രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 1993 – 94 | 18915 | ഇല്ല | 5050 | 12276 | 50 | 1064 | 475 |
| 1994 – 95 | 15629 | ” | 3236 | 10419 | 40 | 950 | 984 |
| 1995 – 96 | 17765 | ” | 4350 | 11843 | 38 | 1100 | 434 |

അവലംബം: ദ്വിതീയ വിവരശേഖരണം

## കുടുംബക്ഷേമവും കുട്ടികളുടെ ആരോഗ്യവും

അതിരമ്പുഴ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ കീഴിലായി 5 കുടുംബക്ഷേമകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. (പട്ടിക(ആരോഗ്യം) 4 കാണുക.) ഇവിടെ മാതൃ-ശിശു സംരക്ഷണപദ്ധതികളും കുടുംബക്ഷേമപരിപാടികളും നടപ്പാക്കി വരുന്നു. ഓരോ കേന്ദ്രത്തിനും ഒരു ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സിൻേറയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടേയും തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിലും നട്ടാശ്ശേരി ഒഴികെ 4 കേന്ദ്രങ്ങളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്.

ദ്വീതിയ വിവരശേഖരണത്തിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ജനസാന്ദ്രത 1996 ൽ 3427.58/$M^2$ ആണ്. പൊതുമരണനിരക്ക് 1000-ന് 3.75 -ം ജനനനിരക്ക് 0.2 -ം ആണ്. (ജനന മരണങ്ങൾ യഥാസമയം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് സംശയിക്കാവുന്ന കണക്കുകളാണ് പഞ്ചായത്തിലെ ജനന മരണ രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്). ശിശുമരണമോ ഗർഭിണികളുടെ മരണമോ നടന്നതായി അറിവില്ല. ജനസംഖ്യയിലെന്നപോലെ ആയുർദൈർഘ്യത്തിലും സ്ത്രീകളാണ് മുന്നിട്ടുനിൽക്കുന്നത്.

### പട്ടിക (ആരോഗ്യം) 6

### ജനനമരണം - കുമാരനല്ലൂർ പഞ്ചായത്ത്

| | | സ്ത്രീ | പുരു | ആകെ |
|---|---|---|---|---|
| 1994 | ജനനം | 9 | 5 | 14 |
| | മരണം | 57 | 89 | 146 |
| 1995 | ജനനം | 2 | 5 | 7 |
| | മരണം | 62 | 134 | 196 |
| 1996 | ജനനം | 4 | 6 | 10 |
| | മരണം | 64 | 116 | 180 |

അവലംബം: പഞ്ചായത്തിലെ ജനന-മരണ രജിസ്റ്റർ

കുടുംബക്ഷേമകേന്ദ്രങ്ങളിൽ മാതാവിൻേറയും ശിശുവിൻേറയും ആരോഗ്യസംരക്ഷണത്തിനും കുടുംബക്ഷേമത്തിനും വേണ്ടി പല പരിപാടികളും നടപ്പാക്കിവരുന്നു. മാതാവിനുവേണ്ടി പ്രസവത്തിനുമുമ്പും പ്രസവകാലത്തും പ്രസവത്തിനുശേഷവും പ്രത്യേകശ്രദ്ധയും പരിചരണവും പരിപോഷണവും നല്കി വരുന്നു. വൈദ്യപരിശോധന, ടെറ്റനസ്റ്റോക്സൈഡ് കുത്തിവെയ്പ്, വിളർച്ചയ്ക്കെതിരായി ഫോളിഫർ നൽകൽ, മാതാവിനും ശിശുവിനും വേണ്ടിയുള്ള ആരോഗ്യപോഷാകാഹാര വിദ്യാഭ്യാസം, കുടുംബക്ഷേമ ഉപദേശങ്ങൾ എന്നിവയെല്ലാം ഇവിടെ നടപ്പാക്കി വരുന്നു. 1996 ൽ 400 ഗർഭിണികൾക്ക് പരിചരണം നല്കിയതായി കുടുംബക്ഷേമ കേന്ദ്രത്തിലെ കണക്കുകൾ കാണിക്കുന്നു. ശിശുക്കൾക്കുവേണ്ടി ക്ഷയം, ഡിഫ്തീരിയ, ടെറ്റനസ് പോളിയോ, അഞ്ചാം പനി എന്നീ മാരകരോഗങ്ങൾക്കെതിരായ കുത്തിവയ്പ് പോഷകാഹാര കുറവുമൂലമുള്ള വിളർച്ച പരിഹരിക്കാൻ ഫോളിഫർ നൽകൽ, വിറ്റമിൻ A യുടെ കുറവുമൂലമുണ്ടാകുന്ന അന്ധതയ്ക്കെതിരെ പ്രതിരോധ നടപടികൾ, പൾസ് പോളിയോ വാക്സിൻ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇവിടെ നടത്തിവരുന്നു.

### പട്ടിക (ആരോഗ്യം) 7

### അമ്മമാരും കുട്ടികളും

| കുട്ടികൾ ഇല്ലാത്തവർ | 1 കുട്ടി ഉള്ളവർ | 2 കുട്ടികൾ ഉള്ളവർ | 3 - 5 വരെ കുട്ടികൾ | 5-ൽ കൂടുതൽ കുട്ടികൾ ഉള്ളവർ |
|---|---|---|---|---|
| 240 | 785 | 1557 | 1148 | 79 |

കുട്ടികളുടെ പോഷണനിലവാരം തിട്ടപ്പെടുത്തുന്നതിനുള്ള കണക്കുകൾ ലഭ്യമല്ല എങ്കിലും പോഷകാഹാര കുറവ് നിമിത്തമുള്ള പല രോഗങ്ങളും കണ്ടുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

കുടുംബക്ഷേമപരിപാടി നടപ്പാക്കുന്നതിലും സജീവ പ്രവർത്തനം കുടുംബക്ഷേമ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. "ആത്മപ്രേരിതമായ ശ്രമത്തിലൂടെ ചെറിയ കുടുംബം എന്ന ആദർശം സാക്ഷാത് കരിക്കുന്നതിലും ജനസംഖ്യാസന്തുലനം എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്നതിലും മെച്ചപ്പെട്ട നിലയിൽ ജനങ്ങളുടെ ഭാഗത്തുനിന്നും സഹകരണം ലഭിക്കു ന്നുണ്ട്.

### പട്ടിക (ആരോഗ്യം) 8

### കുടുംബാസൂത്രണപ്രവർത്തനം

| | 1995 - 96 | 1996 - 97 |
|---|---|---|
| ലാപ്രോസ്കോപിക് സ്റ്ററിലൈസേഷൻ | 38 | 16 |
| താത്കാലിക കുടുംബാസൂത്രണമാർഗ്ഗം (IKD) | 43 | 45 |
| ഓറൽ പിൽസ് (OP) | 340 | 145 |
| കോൺട്രാസെപ്റ്റീവ് (CC) | 10500 | 900 |

അവലംബം: പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കണക്ക്

പകർച്ചവ്യാധികളുടെ സംക്രമണം പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ കണ്ടുവരുന്നു. പഞ്ചായത്തിൽ 20 പേർക്ക് ചിക്കൻ പോക്സ് പിടിപെട്ടതായി ഹെൽത്ത് സെൻററുകളിലെ കണക്കുകൾ കാണിക്കുന്നു. ക്ഷയം, കുഷ്ഠം, മഞ്ഞപ്പിത്തം, തുടങ്ങിയ രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1993 – 94 ൽ 7 പേർക്കും 94 –95 ൽ 6 പേർക്കും 95 – 96 ൽ 5 പേർക്കും മലേറിയ പിടിപെട്ടു. ഇവരെല്ലാം സംസ്ഥാനത്തിന് പുറത്തുപോയി തിരിച്ചുവന്നവരാണെന്ന് രോഗസംക്രമണം നടന്നത് സംസ്ഥാനത്തിന് പുറത്തുവച്ചാണെന്നുമാണ് ആരോഗ്യവകുപ്പ് അധികൃതരുടെ നിഗമനം. എലിപ്പനി, ജിപ്പാൻ ജ്വരം തുടങ്ങിയ രോഗങ്ങളുടെ കടുത്ത ആക്രമണം ഉണ്ടായിട്ടില്ലെങ്കിലും ഈ രോഗ ലക്ഷണമുള്ള ചിലരെ ചികിത്സയ്ക്ക് വിധേയമാക്കിയതായി ആരോഗ്യവകുപ്പധികൃതർ പറയുന്നു.

പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറയും കുടുംബക്ഷേമകേന്ദ്രങ്ങളിലേയും പ്രവർത്തനത്തിലെ പരിമിതികളും പോരായ്മകളും നിമിത്തം മാതൃ – ശിശു ക്ഷേമ പദ്ധതികളും കുടുംബക്ഷേമപരിപാടികളും നടപ്പാക്കുന്നതിൽ സാധ്യതയ്ക്കനുസരണമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിരമ്പുഴ PHC ൽ ഇപ്പോൾ 4 ഡോക്ടർമാരാണുള്ളത്. രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയം കഴിഞ്ഞാൽ അവർ സ്ഥലം വിടുകയാണ് പതിവ്. അവർക്കു വേണ്ടിയുള്ള ക്വാർട്ടേഴ്സുകൾ PHC കോമ്പൗണ്ടിൽ തന്നെയുണ്ടെങ്കിലും അവിടെ ആരും തന്നെ താമസിക്കാറില്ല. ഈ സാഹചര്യത്തിൽ PHC യിൽ വരുന്ന രോഗികളെ നിരീക്ഷിക്കുവാനോ FW സെൻററുകളുടെ പ്രവർത്തനത്തെ ഫലപ്രദമായി നയിക്കാനോ കഴിയുന്നില്ല. വൈദഗ്ധ്യം നേടിയ ഡോക്ടർമാരുടെ അഭാവത്തിൽ കുടുംബക്ഷേമക്യാമ്പുകൾ മുൻപത്തെ പോലെ നടക്കുന്നില്ല. PHC ൽ ആവശ്യത്തിന് മരുന്നുകളോ, മതിയായ ലാബറട്ടറി സൗകര്യങ്ങളോ ഇല്ല. FW സെൻററുകൾ കൂടെകൂടെ സന്ദർശിച്ച് അവയുടെ പ്രവർത്തനം ചിട്ടപ്പെടുത്താനോ ഗ്രാമീണ ജനങ്ങൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകാനോ ഡോക്ടർമാർ ശ്രദ്ധിക്കുന്നില്ല. ഇവിടേയും പ്രൈവറ്റ് പ്രാക്ടീസ് ഒരു കാരണമാണ്. ഡോക്ടർമാരുടെ മുഴുവൻ സമയവും രോഗചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യവിദ്യാഭ്യാസം നൽകി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശം ആരോഗ്യ വിഷയത്തെ സംബന്ധിച്ച ഗ്രൂപ്പ് ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. FW സെൻററുകളിൽ സ്ഥല സൗകര്യമോ ആവശ്യമായ ഫർണിച്ചറോ ഉപകരണങ്ങളോ ഇല്ലാത്തതുകൊണ്ടും മേലാധികാരികളുടെ ശ്രദ്ധയില്ലായ്മകൊണ്ടും അവയുടെ പ്രവർത്തനവും കുറ്റമറ്റരീതിയിൽ നടക്കുന്നില്ല. ഡോക്ടർമാരിൽ കണ്ടുവരുന്ന താത്പര്യരാഹിത്യവും ഫീൽഡ് ജീവനക്കാരുടെ നിഷ്ക്രിയത്വവും ഗ്രാമീണ ആരോഗ്യ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. PH സെൻററിന് നിശ്ചയിച്ചിട്ടുള്ള ജനസംഖ്യ 80,000 കവിയുകയും 1,20,000 ന് മേൽ എത്തി നിൽക്കുകയും ചെയ്ത സാഹചര്യത്തിൽ അതിരമ്പുഴ PH സെൻററിനെ ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തണമെന്ന അഭിപ്രായവും ഗ്രൂപ്പ് ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പാരമ്പര്യവൈദ്യരംഗം ഇന്ന് തകർച്ചയെ നേരിടുകയാണ്. നിരവധി അലോപ്പതി ആശുപത്രികളുടെ സാമീപ്യവും രോഗികൾക്ക് അവയോടുള്ള കൂടുതൽ ആഭിമുഖ്യവും പച്ചമരുന്നുകളുടേയും മറ്റു ദൗർലഭ്യം, കഷായങ്ങളും ഗുളികകളും, നീറ്റുമരുന്നുകളും, എണ്ണ, തൈലം, കുഴമ്പ് എന്നിവയും ഉണ്ടാക്കുന്നതിൻെറ പ്രയാസങ്ങളുമെല്ലാം പുതിയ തലമുറയിൽപെട്ടവരെ ഈ രംഗത്തുനിന്നും പിന്തിരിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഇവരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് പാരമ്പര്യവൈദ്യന്മാർക്ക് പ്രോത്സാഹനം നൽകി നിലനിർത്തണം.

നട്ടാശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന മുട്ടത്ത് പാരമ്പര്യ വിഷചികിത്സാകേന്ദ്രവും സാമ്പത്തിക ക്ലേശത്താൽ തകർച്ചയെ നേരിടുകയാണ്. വിഷചികിത്സാരംഗത്ത് അത്ഭുതങ്ങൾ കാട്ടുന്ന മുട്ടത്ത് തറവാടിന് വിഷ ചികിത്സയിൽ 500 ലേറെ വർഷക്കാലത്തെ പഴക്കവും പെരുമയുമുണ്ട്. ഇപ്പോഴത്തെ ചികിത്സക പത്മകുമാരി എന്ന ഓമന ഗോപിനാഥനാണ്. പാമ്പ്, എട്ടുകാലി, പഴുതാര, കടന്നൽ തുടങ്ങിയവയുടെ വിഷത്തിന് ഇവിടെ ഫലപ്രദമായ ചികിത്സയുണ്ട്. കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ നിന്നും ഇവിടെ ചികിത്സയ്ക്കായി ആൾക്കാർ എത്തുന്നുണ്ട്. 1994 –ൽ 547, 1995 ൽ 1591, 1996 ൽ 540 എന്നീ ക്രമത്തിൽ വിഷചികിത്സ നടത്തിയതായി ഇവർ സൂക്ഷിച്ചുവരുന്ന രജിസ്റ്ററുകൾ കാണിക്കുന്നു. പ്രതിഫലം കൈയിൽ വാങ്ങരുതെന്നാണ് ഇവരുടെ പ്രമാണം. പ്രതിഫലേച്ഛ കൂടാതെയും നേരം നോക്കാതെയും വിഷചികിത്സയിലേർപ്പെട്ടുവരുന്ന ഓമനയും കുടുംബവും സാമ്പത്തിക പ്രയാസത്താൽ പിടിച്ചുനിൽക്കാനാകാതെ പ്രയാസപ്പെടുകയാണ്. കാരിത്താസ് മെഡിക്കൽ മിഷൻ ആശുപത്രിപോലുള്ള സ്ഥാപനങ്ങളിൽ പാമ്പു

വിഷത്തിന് ചികിത്സയുണ്ടെങ്കിലും അത് ചെലവേറിയതാകയാൽ സാധാരണക്കാർക്ക് അപ്രാപ്യമാണ്. ഈ സാഹചര്യത്തിൽ പ്രതിഫലേച്ഛകൂടാതെ പാവപ്പെട്ടവർക്ക് ചികിത്സ നൽകുന്ന ഈ സ്ഥാപനത്തെ നിലനിർത്തേണ്ടത് സാമൂഹ്യ ബാധ്യതയാണ്.

## പരിസരശുചിത്വം

നിലവിലുള്ള ആരോഗ്യരക്ഷാപ്രവർത്തനങ്ങളിൽ പ്രാമുഖ്യം കൊടുക്കുന്നത് രോഗം വന്നാൽ ചികിത്സിച്ചുഭേദമാക്കാനുള്ള സംവിധാനങ്ങൾക്കാണ്. രോഗം വരാതിരിക്കുവാനുള്ള മുൻകരുതൽ നടപടികൾക്ക് ഊന്നൽ നല്കി കൊണ്ടുള്ള ഒരു സമഗ്രപരിസരാരോഗ്യപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ മാത്രമെ ആരോഗ്യരംഗത്ത് പ്രഖ്യാപിത ലക്ഷ്യം നേടിയെടുക്കാനാകൂ. ഇതിൽ പ്രധാനപ്പെട്ട കാര്യമാണ് പരിസര ശുചിത്വം.

(i) കക്കൂസ്

പരിസരശുചിത്വം പാലിക്കുന്നതിൽ പ്രഥമ പരിഗണന അർഹിക്കുന്നതാണ് ആരോഗ്യസംരക്ഷണത്തിനുതകുന്ന കക്കൂസുകൾ എല്ലാവീടുകൾക്കും ഉണ്ടാകുക എന്നത്. കുമാരനല്ലൂർ പഞ്ചായത്തിൽ 1069 വീടുകൾക്ക് കക്കൂസുകൾ ഇല്ല എന്ന് പഞ്ചായത്ത് നടത്തിയ സർവ്വേ റിപ്പോർട്ട് കാണിക്കുന്നു. ഇവയിൽ 125 വീടുകൾ പട്ടിക വിഭാഗത്തിൽപെട്ടവരുടേതാണ്. പാവപ്പെട്ട ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിലും കോളനികളിലും ഉപയോഗയോഗ്യമായ കക്കൂസുകളുടെ അഭാവം ഗൗരവമായ പരിഗണന അർഹിക്കുന്നു. സാമ്പത്തിക പരാധീനത, സ്ഥല പരിമിതി, ബോധവത്ക്കരണത്തിൻെറ കുറവ് എന്നീ കാരണങ്ങൾ ആരോഗ്യസംരക്ഷണത്തിനുതകുന്ന കക്കൂസുകൾ നിർമ്മിക്കുന്നതിന് ഇത്തരം ആളുകളുടെ മുന്നിൽ പ്രതിബന്ധമായി നിലകൊള്ളുന്നു. ഈ സാഹചര്യങ്ങളാകെ കണക്കിലെടുത്തുകൊണ്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ മേൽവിവരിച്ച 1069 പേർക്ക് ചെലവു കുറഞ്ഞതും ആരോഗ്യ സംരക്ഷണത്തിന് ഉതകുന്നതുമായ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് പഞ്ചായത്തുസമിതിയും സന്നദ്ധസംഘടനകളും ഒത്തൊരുമിച്ച് രംഗത്തിറങ്ങേണ്ടിയിരിക്കുന്നു.

### പട്ടിക (ആരോഗ്യം) 9

### കക്കൂസ് ഇല്ലാത്തവരുടെ കണക്ക്

| വാർഡ് | പട്ടിക വിഭാഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| I | 2 | 18 | 20 |
| II | – | 29 | 29 |
| III | 1 | 44 | 45 |
| IV | 13 | 102 | 115 |
| V | 7 | 50 | 57 |
| VI | 2 | 72 | 74 |
| VII | 1 | 21 | 22 |
| VIII | 11 | 50 | 61 |
| IX | 25 | 176 | 201 |
| X | 12 | 158 | 170 |
| XI | 23 | 98 | 121 |
| XII | 16 | 56 | 72 |
| XIII | 7 | 95 | 102 |
| XIV | 5 | 75 | 80 |
| ആകെ | 125 | 1044 | 1069 |

അവലംബം: പഞ്ചായത്തുനടത്തിയ സർവ്വേറിപ്പോർട്ട്

കുളിക്കടവുകൾ

മീനച്ചിലാറും അതിൻെറ ശാഖകളും നമ്മുടെ പഞ്ചായത്തിനെ ജലസമ്പന്നമാക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് കുളിക്കുന്നതിനും, വസ്ത്രങ്ങൾ അലക്കുന്നതിനും കടത്തുകടക്കുന്നതിനും വേണ്ടി 53 കടവുകൾ പഞ്ചായത്തിലുണ്ട്. പക്ഷെ അവയുടെ സംരക്ഷണം തൃപ്തികരമല്ല.

കായികവിനോദം

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും കായികകഴിവുകൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പതിനൊന്നിന പരിപാടിയിൽപ്പെടുത്തി 57.120 സെൻറ് വിസ്തീർണ്ണം വരുന്ന സ്ഥലം 1,14,240 രൂപ വിലകൊടുത്ത് വാങ്ങുകയും 67,607 രൂപ ചെലവഴിച്ച് മണ്ണിട്ട് പൊക്കി പഞ്ചായത്ത് കളിസ്ഥലമായി നിലനിർത്തിയിട്ടുണ്ട്. പക്ഷെ അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുന്നില്ല.

## (ii) ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യൽ

പൊതുസ്ഥലങ്ങളിലും റോഡരികിലും കൂട്ടിയിടുന്ന ചപ്പുചവറുകൾ വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, ആശുപത്രിയിൽ നിന്നുള്ള മാലിന്യങ്ങൾ, കക്കൂസ്, കുളിമുറി, അടുക്കള ഇവയിൽ നിന്നുള്ള മലിനജലം തുടങ്ങിയ മാലിന്യങ്ങൾ നമ്മുടെ പഞ്ചായത്തിലും പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ജനങ്ങളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തു പ്രദേശത്തെ നഗരവൽക്കരണപ്രവണതയും ജനസംഖ്യാവർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്.

## (iii) മാർക്കറ്റുകൾ

കുമാരനല്ലൂർ പഞ്ചായത്തിൽ പൊതുമാർക്കറ്റുകളില്ലാത്തത് പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. മത്സ്യ-മാംസങ്ങളുടെ വില്പന, പച്ചക്കറികൾ പഴവർഗങ്ങൾ മുതലായവയുടെ വില്പന ഇതെല്ലാം പൊതുനിരത്തിൽ വച്ചു നടത്തുന്നത് പല ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. മത്സ്യ വില്പനയ്ക്ക് നീലിമംഗലത്ത് സ്ഥലം നിശ്ചയിച്ചു എങ്കിലും ഉദ്ദേശിച്ച ഫലസിദ്ധിയു ണ്ടായില്ല.

## (iv) ശ്മശാനങ്ങൾ

ക്രിസ്ത്യൻ - മുസ്ലിം സമുദായങ്ങളുടെ മതസ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ശ്മശാനങ്ങളൊഴിച്ചാൽ പഞ്ചായത്തിലുള്ള ഏക ശ്മശാനം നാലാം വാർഡിലെ പുല്ലരിക്കുന്നിലുള്ള പൊതുശ്മശാനമാണ്. ഇതാകട്ടെ ചുറ്റുമതിലുകളില്ലാതെയും യാതൊരു സംരക്ഷണവുമില്ലാതെയും സ്ഥിതിചെയ്യുന്നു. സ്വന്തമായി സ്ഥലമില്ലാത്തവരും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളരും മാത്രമാണ് ഇത് ഉപയോഗിച്ചുവരുന്നത്. മറ്റുള്ളവർ അവരവരുടെ വീട്ടുവളപ്പിൽ ശവം കുഴിച്ചിടുകയോ, ദഹിപ്പിക്കുകയോ ചെയ്യുന്നു. ഈ പ്രവൃത്തി കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നവും ആരോഗ്യപ്രശ്നവും കണക്കിലെടുത്ത് പ്രതിവിധി കാണേണ്ടതുണ്ട്.

## (v) കുളിക്കടവുകൾ

മീനച്ചിലാറും അതിന്റെ ശാഖകളും നമ്മുടെ പഞ്ചായത്തിനെ ജലസമ്പന്നമാക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് കുളിക്കുന്നതിനും, വസ്ത്രങ്ങൾ അലക്കുന്നതിനും കടത്തുകടക്കുന്നതിനും വേണ്ടി 53 കടവുകൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിലുണ്ട്. പക്ഷെ അവയുടെ സംരക്ഷണം തൃപ്തികരമല്ല.

### പട്ടിക (ആരോഗ്യം): 10

### കുളിക്കടവുകൾ

| ക്രമനമ്പർ | വാർഡ് | കുളിക്കടവിന്റെ പേര് |
|---|---|---|
| 1 | I | ആശാരിക്കടവ് |
| 2 | | വടക്കേനട കടവ് |
| 3 | | ആണ്ടൂർ കടവ് |
| 4 | II | നീലിമംഗലം കടവ് |
| 5 | | കോന്തുകടവ് |
| 6 | | തത്രാംവേലി കടവ് |
| 7 | | പാലക്കാട്ടു കടവ് |
| 8 | | മാലിമേൽ കടവ് |
| 9 | | മങ്ങാട്ടു കടവ് |
| 10 | | ആറാട്ടുകടവ് |
| 11 | | വേങ്ങുച്ചേരി കടവ് |
| 12 | | ചവിട്ടുവരി കടവ് |
| 13 | III | പാലൂർ കടവ് |
| 14 | | SITI |
| 15 | IV | ഉദയംപൂത്തൂർ |

| ക്രമനമ്പർ | വാർഡ് | കുളിക്കടവിന്റെ പേര് |
|---|---|---|
| 16. | V | പുഴക്കരോട്ടു കടവ് |
| 17 | | ചുങ്കം കടവ് |
| 18 | | പയ്യിൽ കടവ് |
| | | പറമ്പേട്ടു കടവ് |
| 19 | VI | വെണ്ണിക്കുളം കടവ് |
| 20 | | ആറ്റുമാലി കടവ് |
| 21 | | നാഗമ്പടം ലാൻറിംഗ് കടവ് |
| 22 | | ചെറിയമാലി കടവ് |
| | VII | ഇല്ല |
| 23 | VIII | തറമേലിടം കടവ് |
| 24 | | തമ്പേട്ടു കടവ് |
| 25 | | മാഥോത്ത് കടവ് |
| 26 | | ചിറയിൽ കടവ് |
| 27 | | മാലിമേൽ കടവ് |

| | | |
|---|---|---|
| 28 | | ഡിപ്പോ കടവ് |
| 29 | | ആറാട്ടു കടവ് |
| 30 | | പൂവത്തിൽ കടവ് |
| 31 | | ചെറുനാരകം കടവ് |
| 32 | | വട്ടമൂടു കടവ് |
| 33 | | ചൂട്ടുവേലി കടവ് |
| 34 | | നാഗമ്പടം ആറ്റുമാലി കടവ് |
| 35 | IX | ചിറക്കൽ കടവ് |
| 36 | | ചൂരക്കാട്ടു കടവ് |
| 37 | X | അമ്പലത്തുമാലി കടവ് |
| 38 | | മുക്കുടിമാലി കടവ് |
| 39 | | വെള്ളൂപ്പറമ്പു കടവ് |
| 40 | | പുത്തൻപുര കടവ് |
| 41 | | പിച്ചകശ്ശേരിമാലി കടവ് |
| 42 | | ചുങ്കകരോട്ട് |
| | XI | (ഇല്ല) |
| 43 | XII | പാറേൽ കടവ് |
| 44 | | വെട്ടിക്കാക്കുഴി കടവ് |
| 45 | | മഠത്തിൽ പറമ്പിൽ കടവ് |
| 46 | | ഊരാംപറമ്പിൽ കടവ് |
| 47 | | നീലിമംഗലം കടവ് |
| 48 | | റെയിൽവെ പാലം കടവ് |
| 49 | | പാറയിൽ കടവ് |
| 50 | XIII | വടക്കേനട കടവ് |
| 51 | | കാവിൽ പറമ്പിൽ കടവ് |
| 52 | | ചിറപ്പാട്ടു കടവ് |
| 53 | | മഠത്തിൽ പറമ്പ് കടവ് |
| | XIV | |

അവലംബം: പഞ്ചായത്തിലെ രജിസ്റ്റർ

### (vi) കായികവിനോദം

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും കായിക കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പതിനൊന്നിന പരിപാടിയിൽപെടുത്തി 57.120 സെൻറ് വിസ്തീർണ്ണം വരുന്ന സ്ഥലം 1,14,240 രൂപ വില കൊടുത്ത് വാങ്ങുകയും 67607 രുപ ചെലവഴിച്ച് മണ്ണിട്ടു പൊക്കി പഞ്ചായത്ത് കളിസ്ഥലമായി നിലനിർത്തിയിട്ടുണ്ട്. പക്ഷെ അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ഉപയോഗിക്കപ്പെടുന്നില്ല.

### (v) മദ്യപാനവും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും

പഞ്ചായത്തിൽ 6 കള്ളുഷാപ്പുകളും 2 ബാർ ഹോട്ടലുകളും ഒരു ബിയർ പാർലറും ഉണ്ട്. ജനങ്ങളുടെ മദ്യപാനാസക്തി കുറയുന്നില്ല. വ്യാജചാരായ വില്പനയും, കഞ്ചാവിൻെറയും മയക്കുമരുന്നു കളുടേയും വില്പനയും ഒളിവിൽ അങ്ങിങ്ങ് നടക്കുന്നതായി പരാമർശമുണ്ട്. പുകയില മുറുക്കും പുകവലിയും വ്യാപകമായുണ്ട്. ഇതെല്ലാം ആരോഗ്യത്തെ നശിപ്പിക്കുകയും മാരകമായ രോഗങ്ങൾക്കും ഗുരുതരമായ സാമൂഹ്യ പ്രത്യാഘ്യാതങ്ങൾക്കും ഇട നൽകുന്നതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

കുമാരനല്ലൂർ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടേയും പൊതുപ്രവർത്തകരുമായും ആരോഗ്യപരിപാലനരംഗത്തെ പരിചയ സമ്പന്നരായ വ്യക്തികളുമായും നടത്തിയ ആശയവിനിമയത്തിൻേറയും ഗ്രൂപ്പ് ചർച്ചകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. കുമാരനല്ലൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ആയൂർവ്വേദ ഡിസ്പൻസറി 10 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രിയായി ഉയർത്തുക. നിലവിലുള്ള ഡിസ്പൻസറിയുടെ പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തുക.
2. പഞ്ചായത്തിൻെറ IV, XIV വാർഡുകളിൽ ഓരോ ആയുർവ്വേദഡിസ്പൻസറി പുതുതായി സ്ഥാപിക്കുക.
3. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
4. പഞ്ചായത്തിൽ ഒരു പ്രകൃതി ചികിത്സാകേന്ദ്രം സ്ഥാപിക്കുകയും അനുബന്ധമായി യോഗ, കളരി അഭ്യാസം എന്നിവയ്ക്ക് സൗകര്യമേർപ്പെടുത്തുകയും ചെയ്യുക.
5. സർക്കാർ പഞ്ചായത്തിനനുവദിച്ച P.H. സെൻററിൻെറ പ്രവർത്തനമാരംഭിക്കാൻ പഞ്ചായത്തിൻെറ അധീനതയിൽ സ്ഥലവും കെട്ടിടവുമില്ലാത്ത സാഹചര്യത്തിൽ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കാനുള്ള തുക വായ്പയായോ ഗ്രാൻറായോ ലഭ്യമാക്കുക.
6. പഞ്ചായത്തിൽ നിലവിലുള്ള 5 കുടുംബ ക്ഷേമകേന്ദ്രങ്ങൾക്കുപരിയായി ഒരു വാർഡിനൊരു കേന്ദ്രം എന്ന കണക്കിൽ 9 കുടുംബ ക്ഷേമകേന്ദ്രങ്ങൾ കൂടി അനുവദിക്കുക.

7. നിലവിലുള്ള 4 കേന്ദ്രങ്ങളിൽ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുക.

8. പഞ്ചായത്തിലെ ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു സീനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഹെൽത്ത് വിംഗ് രൂപീകരിക്കുക.

9. നട്ടാശ്ശേരിയിൽ പ്രവർത്തിക്കുന്ന മുട്ടത്ത് വിഷചികിത്സാകേന്ദ്രം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിക്കാൻ ഗ്രാൻറ് അനുവദിക്കുക.

10. പാരമ്പര്യ വൈദ്യന്മാരിൽ അർഹരായവർക്ക് പ്രോത്സാഹനം നല്കുക.

11. മതിയായ നോൺ പ്രാക്ടീസിംഗ് അലവൻസ് നൽകി, സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതിനെ തടയുക

12. മത്സ്യം, മാംസം, പച്ചക്കറി, പഴങ്ങൾ എന്നിവയുടെ വില്പനയ്ക്കായി പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കുക.

13. കൊതുക്, ഈച്ച, പ്രാണികൾ എന്നിവയുടെ നശീകരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

14. അലഞ്ഞുതിരിയുന്ന പട്ടികളെ പിടിക്കൂടി നശിപ്പിക്കുക.

15. ചപ്പുചവറുകളും മാലിന്യങ്ങളും പൊതുനിരത്തുകളിലും ഓടകളിലും വിതറുന്നത് കുറ്റകരമായി കാണുകയും അവ നിശ്ചിത സ്ഥലങ്ങളിൽ കൂട്ടിയിടാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക. അവ നീക്കം ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക.

16. ഖരമാലിന്യങ്ങൾ ഉപയോഗിച്ച് ജൈവ വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

17. പഞ്ചായത്തിൽ ക്ലീനിംങിന് ആവശ്യമായ ജോലിക്കാരെ നിയമിക്കുക.

18. പഞ്ചായത്തിൽ ഒരു ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുക.

19. പുല്ലരിക്കുന്നിലെ പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

20. ജനങ്ങൾ തിങ്ങി പാർക്കുന്ന കേന്ദ്രങ്ങളിൽ വീട്ടു പരിസരത്ത് ശവം കുഴിച്ചിടുകയോ, ദഹിപ്പിക്കുകയോ ചെയ്യുന്ന നടപടിക്കെതിരെ ബോധവൽക്കരണമാരംഭിക്കുക.

21. കേടുപാടുകൾ വന്നിട്ടുള്ള കുളിക്കടവുകൾ അറ്റകുറ്റപ്പണിചെയ്ത് സംരക്ഷിക്കുക. ആവശ്യമായ ഇടങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം കുളിക്കുന്നതിന് ഇടഭിത്തികെട്ടി തിരിക്കുക.

22. പഞ്ചായത്ത് കളിസ്ഥലത്ത് കളികൾ നടത്തുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക. കുട്ടികളുടെ വിനോദത്തിനുവേണ്ടി ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.

23. പഞ്ചായത്തിലെ റോഡുകളിൽ മലിനജലം കെട്ടിക്കിടക്കുന്നത് തടയാനുള്ള നടപടികൈക്കൊള്ളുക.

24. കക്കൂസില്ലാത്ത 1069 കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകുക.

25. കോളനികളിലും പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും പൊതുകക്കൂസുകൾ നിർമ്മിക്കുക.

26. ഹോട്ടലുകളിൽ പഴകിയതും ഉപയോഗിക്കാൻ പറ്റാത്തതുമായ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനെ കർശനമായി തടയുക.

27. പാറമ്പുഴ – നട്ടാശ്ശേരി ഭാഗത്ത് റബ്ബർ ഫാക്ടറിയിൽ നിന്നുള്ള മലിനജലം മീനച്ചിലാറ്റിലേക്ക് ഒഴുക്കുന്നതും ഗാന്ധിനഗർ, മെഡിക്കൽ കോളേജ് ജംങ്ക്ഷനിലുള്ള ഹോട്ടലുകളിലെ മലിനജലമൊഴുകി 13–ാം വാർഡിലെത്തുന്നതും പുല്ലരിക്കുന്നിൽ പുതുതായി ആരംഭിച്ച കോളനിയിൽ നിന്നും മലിനജലം ഒഴുകിയെത്തുന്നതും ആർപ്പൂക്കര പഞ്ചായത്തിലെ കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള അഴുക്കുചാൽ തിരിച്ചുവിടാത്തതും നിമിത്തമുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം ഗൗരവമായി എടുത്ത് പരിഹാരനടപടികൾ കൈകൊള്ളുക. S.H മൗണ്ട് വെയർഹൗസ്, നാഗമ്പടം, കുമാരനല്ലൂർ, സംക്രാന്തി തുടങ്ങിയ പ്രദേശങ്ങളിലെ ഹോട്ടലുകളിലെ മലിനജലം റോഡിലേയ്ക്ക് ഒഴുക്കുന്നത് തടയുക.

28. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങുക.

29. മദ്യാപാനം, പുകവലി, പുകയിലമുറുക്ക്, കഞ്ചാവിൻേറയും മയക്കുമരുന്നുകളുടേയും ഉപയോഗം എന്നിവയ്ക്കെതിരെ വിപുലമായ ബോധവത്ക്കരണപരിപാടി ആരംഭിക്കുക.

30. പഞ്ചായത്തിൽ ഒരു അറവുശാല (Slaughter House) സ്ഥാപിക്കുക.

***

# വിദ്യാഭ്യാസം

സമൂഹത്തിലെ ഉദ്പാദനപരവും സാമൂഹ്യവും സാംസ്കാരികവുമായ വ്യവഹാരങ്ങളിൽ പങ്കു കൊള്ളാൻ വളരുന്ന തലമുറയെ പ്രാപ്തരാക്കു കയാണ് വിദ്യാഭ്യാസത്തിൻെറ ധർമ്മം. ഇതു നേടാൻ ഇന്നത്തെ വിദ്യാഭ്യാസത്തിനു കഴിയുന്നില്ല. വിദഗ്ദന്മാരുടെ പരിഷ്കരണ നിർദ്ദേശങ്ങൾക്കപ്പുറം സമൂഹത്തിൻെറ ഇച്ഛാശകതി ഉണർന്നു പ്രവർത്തി ച്ചാൽ മാത്രമെ മേൽപറഞ്ഞ ലക്ഷ്യം നമുക്കു നേടിയെടുക്കാനാവൂ.

14 സ്കൂളുകളിലായി 2666 ആൺകുട്ടികളും 2559 പെൺകുട്ടികളും 164 വനിതാ അദ്ധ്യാപകരും 35 പുരുഷ അദ്ധ്യാപകരും 5225 കുട്ടികളുടെ രക്ഷിതാക്കളും അടങ്ങുന്ന ബൃഹത്തായ ഒരു പ്രസ്ഥാനമാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസം. നമ്മുടെ പഞ്ചായത്തിൽ നിന്നും പുറത്തുപോയി പഠിക്കുന്ന കുട്ടികളുടെയും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും എണ്ണം നമുക്ക റിയില്ല. അവരെക്കൂടി ഉൾപ്പെടുത്തുമ്പോൾ മാത്രമെ നമ്മുടെ വിദ്യാഭ്യാസത്തിൻെറ യഥാർത്ഥ വ്യാപ്തി മനസ്സിലാകുകയുള്ളു.

കുമാരനല്ലൂരിൽ പണ്ടുകാലത്ത് ഗുരുകുലരീതി യിലുള്ള പഠനസമ്പ്രദായമാണ് നിലനിന്നിരുന്നത്. ജ്യോതിഷം വൈദ്യം, സംസ്കൃതം എന്നിവയായിരുന്നു പാഠ്യവിഷയങ്ങൾ. കുമാരനല്ലൂർ ക്ഷേത്രത്തോട് ചേർന്ന് ഒരു സംസ്കൃത വിദ്യാലയവും പ്രവർത്തി ച്ചിരുന്നു.

ഇക്കാലത്ത് കോട്ടയത്ത് 1 മുതൽ 7 വരെയുള്ള ഒരു ഗവണ്മെൻറ് സ്കൂളും ട്രെയിനിംഗ് സ്കൂളും ഉണ്ടായി രുന്നു. കുമാരനല്ലൂരിൽ ഉള്ള പലരും കോട്ടയത്തുള്ള ഈ സ്കൂളിൽ പോയി പഠിച്ച് TTC നേടുകയുണ്ടായി. ഈ അവസരത്തിൽ അന്നത്തെ M.L.C ആയിരുന്ന ശ്രീ. C.N തുമ്പൻ നമ്പൂതിരിപ്പാടിൻെറയും സ്കൂൾ ഇൻസ്പെകടറായിരുന്ന റാവുസാഹിബ് O.M ചെറിയാൻെറയും (ഹൈന്ദവധർമ്മസുധാകരത്തിൻെറ കർത്താവ്) ശ്രമഫലമായിട്ടാണ് കുമാരനല്ലുരിൽ സ്കൂൾ ആരംഭിച്ചത്. ദിവാൻ സർ. C.P രാമസ്വാമി അയ്യരുടെ ഭരണത്തിൻെറ അവസാന നാളുകളിൽ സർക്കാർ ഒരു വിദ്യാഭ്യാസകമ്മറ്റിയെ നിയമിച്ചു. ആ കമ്മറ്റി വിവിധതരത്തിലുള്ള സ്കൂളുകൾ അവസാനി പ്പിച്ച് ഏകോപിതമായ രീതിയിലുള്ള പഠനരീതി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തു. ഇതേ തുടർന്ന് സംസ്കൃത സ്ക്കൂൾ അക്കാദമിക് സ്കൂളായി മാറി. എന്നാൽ ഇതിനെല്ലാം മുമ്പുതന്നെ കുമാര നല്ലൂരിലും നട്ടാശ്ശേരിയിലും നിലവിലുള്ള ഗവണ്മെൻറ് സ്കൂളുകൾ ആരംഭിച്ചുകഴിഞ്ഞിരുന്നു.

കുമാരനല്ലൂർ ക്ഷേത്രത്തോടുനുബന്ധിച്ച് കഥകളി ചൊല്ലിയാട്ടം പഠിപ്പിക്കുന്ന ഒരു വിദ്യാലയവും ഉണ്ടായിരുന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 4 ഹൈസ് കൂളുകൾ ഉണ്ട്. ഇവ നാലും സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. L.P, U.P സ്കൂളുകളിൽ നാലെണ്ണം സർക്കാർ സ്കൂളുകളും ആറെണ്ണം സ്വകാര്യ സ്കൂളുകളുമാണ്.

ഇതുകൂടാതെ കോട്ടയം വിദ്യാധിരാജ വിദ്യാഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൻെറ ഓരോ ക്ലാസുകൾ നമ്മുടെ പഞ്ചായത്തിൽ 8-ാം വാർഡിൽ നടന്നു വരുന്നു. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.




☐അക്ഷരവിരുന്ന് സമ്മേളനം.



☐സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം മന്ത്രി ശ്രീ ടി.കെ. രാമകൃഷ്ണൻ നിർവഹിക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്കൂളിന്റെ പേര് | ഉടമസ്ഥത | വിഭാഗം ആൺ/ പെൺ | LP/UP HS | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ ആൺ | പെൺ | ആകെ | വിദ്യാഭ്യാസയോഗ്യത P.G | ഡിഗ്രി | TTC | മറ്റുള്ളവർ | വിദ്യാർത്ഥി അദ്ധ്യാപക അനുപാതം |
| 1. | St.മാർസിലിനാസ് ഹൈസ്കൂൾ | എയിഡഡ് | പെൺ | UP, HS | – | 737 | 737 | – | 29 | 29 | – | 17 | 9 | 3 | 25.41:1 |
| 2. | S.H.മൗണ്ട് ഹൈസ്കൂൾ | എയിഡഡ് | ആൺ | UP,HS | 354 | – | 354 | 7 | 9 | 16 | – | 9 | 6 | 1 | 22.72:1 |
| 3. | ഹോളി ഫാമിലി ഹൈസ്കൂൾ | എയിഡഡ് | ആൺ/ പെൺ | LP,UP, HS | 669 | 547 | 1216 | 7 | 29 | 36 | 5 | 12 | 17 | 2 | 33.77:1 |
| 4. | ദേവിവിലാസം ഹൈസ്കൂൾ | എയിഡഡ് | ആൺ, പെൺ | UP,HS | 795 | 543 | 1338 | 12 | 36 | 48 | 3 | 23 | 18 | 4 | 27.87:1 |
| 5. | ഗവ: യു.പി.സ്കൂൾ, കുമാരനല്ലൂർ | സർക്കാർ | ആൺ/ പെൺ | LP,UP | 27 | 15 | 42 | – | 9 | 9 | – | 4 | 2 | 3 | 4.20:1 |
| 6. | ഗവ: യു.പി.സ്കൂൾ, പുത്തേട്ട് | സർക്കാർ | ആൺ/ പെൺ | LP,UP | 203 | 179 | 382 | 1 | 15 | 16 | – | 3 | 12 | 1 | 22.47:1 |
| 7. | D.V.L.P.സ്കൂൾ, കുമാരനല്ലൂർ | എയിഡഡ് | ആൺ/ പെൺ | LP | 171 | 138 | 309 | 1 | 8 | 9 | – | – | 9 | – | 34.33:1 |
| 8. | ഹോളി ഫാമിലി L.P. സ്കൂൾ | എയിഡഡ് | ആൺ/ പെൺ | LP | 57 | 54 | 111 | – | 4 | 4 | – | 1 | 3 | – | 27.75:1 |
| 9. | St.മാത്യൂസ്. L.P.S. നട്ടാശ്ശേരി | എയിഡഡ് | ആൺ/ പെൺ | LP | 55 | 52 | 107 | 1 | 3 | 4 | – | 2 | 2 | – | 26.75:1 |
| 10. | ഗവ: DVL.P.S. പാറമ്പുഴ | സർക്കാർ | ആൺ/ പെൺ | LP | 62 | 55 | 117 | 1 | 3 | 4 | – | – | 4 | – | 29.25:1 |
| 11. | SNL.P.S. പെരുമ്പായിക്കാട് | എയിഡഡ് | ആൺ/ പെൺ | LP | 58 | 49 | 107 | 2 | 3 | 5 | – | – | 5 | – | 21.40:1 |
| 12. | St.തോമസ് L.P.S മള്ളുശ്ശേരി | എയിഡഡ് | ആൺ/ പെൺ | LP | 58 | 61 | 119 | 1 | 3 | 4 | – | 1 | 3 | – | 29.75:1 |
| 13. | ഗവ: L.P.S. മുടിയൂർക്കര | സർക്കാർ | ആൺ/ പെൺ | LP | 48 | 55 | 103 | – | 5 | 5 | – | – | 4 | 1 | 20.60:1 |
| 14. | N.S.S. ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഗാന്ധിനഗർ | അൺ എയിഡഡ് | ആൺ/ പെൺ | LP,UP | 109 | 74 | 183 | – | – | 10 | – | ലഭ്യമല്ല | - | - | 18.33:1 |

## S.C. S.T. കുട്ടികളുടെ വിവരം

| Sl.N0 | സ്കൂളിൻെറ പേര് | S.C, S.T. കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവരുടെ എണ്ണം | | | പഠനം നിർത്തിയവർ. | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെൻറ് മാർസലിനാസ്, നട്ടാശ്ശേരി | — | 50 | 50 | — | 9 | 9 | — | 1 | 1 |
| 2. | S.H. മൗണ്ട് ഹൈസ്കൂൾ | 70 | — | 70 | 4 | — | 4 | — | — | — |
| 3. | ഹോളിഫാമിലി H.S. പാറമ്പുഴ | 40 | 33 | 73 | 1 | 6 | 7 | 1 | — | 1 |
| 4. | D.V.H.S. കുമാരനല്ലൂർ | 77 | 64 | 141 | 4 | 3 | 7 | — | 1 | 1 |
| 5. | ഗവ: U.P. കുമാരനല്ലൂർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6. | ഗവ: U.P. പുത്തേട്ട് | 21 | 21 | 42 | 3 | 2 | 5 | 0 | 0 | 0 |
| 7. | D.V.L.P. കുമാരനല്ലൂർ | 11 | 10 | 21 | 0 | 0 | 0 | 0 | 0 | 0 |
| 8. | ഹോളിഫാമിലി L.P. പെരുമ്പായിക്കാട് | 7 | 2 | 9 | 0 | 0 | 0 | 0 | 0 | 0 |
| 9. | സെൻറ് മാത്യൂസ് L.P.S. | 5 | 8 | 13 | 1 | 0 | 1 | 0 | 0 | 0 |
| 10. | ഗവ: D.V.L.P. പാറമ്പുഴ | 11 | 3 | 14 | 1 | 0 | 1 | 0 | 0 | 0 |
| 11. | S.N.L.P.S | 14 | 9 | 23 | 1 | 1 | 2 | 0 | 0 | 0 |
| 12. | സെൻറ് തോമസ് L.P.S. മള്ളൂശ്ശേരി | – | – | – | – | | – | – | – | – |
| 13. | ഗവ: L.P.S. മുടിയൂർക്കര | 5 | 4 | 9 | – | – | – | – | – | – |
| 14. | N.S.S. ഇംഗ്ലീഷ് മീഡിയം | – | – | – | – | – | – | – | – | – |
| | ആകെ | 261 | 204 | 465 | 15 | 21 | 36 | 1 | 2 | 3 |

## കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനം താഴെ കൊടുക്കുന്നു

പട്ടിക - 2

| | സ്കൂളിൻെറ പേര് | 1991–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| 1. | St. മാഴ്സിലിനാസ് H.S. | 92 | 93 | 87 | 94.5 | 87 |
| 2. | S.H. മൗണ്ട് H.S. | 73 | 60 | 73 | 49 | 45 |
| 3. | ഹോളി ഫാമിലി H.S. | 91 | 92 | 91 | 97 | 92 |
| 4. | D.V.H.S. | 72 | 74 | 68 | 70 | 71 |

വിദ്യാർത്ഥി സമരം മൂലമുള്ള അദ്ധ്യായന ദിവസനഷ്ടം മാഴ്സിലിനാസ് സ്കൂളിൽ ഉണ്ടായിട്ടില്ല. ഹോളി ഫാമിലി സ്കൂളിൽ മൂന്നു ദിവസം സമരം മൂലം നഷ്ടപ്പെട്ടു. S.H. മൗണ്ട് ഹൈസ്കൂളിൽ 5 ദിവസമാണ് സമരം മൂലം നഷ്ടപ്പെട്ടത്. SSLC വിജയ ശതമാനം പരിശോധിക്കുമ്പോൾ സമരമൊന്നുമില്ലാതിരുന്ന St. മാഴ്സിലിനാസ് സ്കൂളിനേക്കാൾ 3 ദിവസം സമരം മൂലം നഷ്ടപ്പെട്ട ഹോളിഫാമിലി സ്കൂളിനായിരുന്നു നിലവാരം കൂടുതൽ എന്നു കാണാൻ കഴിയും. 10 ദിവസം സമരം മൂലം നഷ്ടപ്പെട്ടതിൽ D.V.H.S 5 ദിവസം നഷ്ടപ്പെട്ട S.H.H.S നേക്കാൾ ഉയർന്ന ശതമാനമാണുള്ളത്.

വിദ്യാർത്ഥി സമരങ്ങളാണ് നമ്മുടെ വിജയശതമാനം കുറയാനുള്ള കാരണം എന്നനുമാനിക്കാൻ ഈ സ്ഥിതിവിവരകണക്കുകൾ അനുവദിക്കുന്നില്ല.

വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കണക്കാക്കുമ്പോൾ ഏറ്റവും കൂടുതൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതമുള്ള (33.77:1) ഹോളി ഫാമിലി സ്കൂളിലാണ് ഏറ്റവും നല്ല SSLC വിജയശതാനം എന്നു കാണാൻ കഴിയും ഏറ്റവും കുറഞ്ഞ അനുപാതം (22.72:1) ഉള്ള SH മൗണ്ട് H.S. ലാണ് ഏറ്റവും കുറവ് SSLC വിജയനിരക്ക്.

അദ്ധ്യാപകപുനപരിശീലനം ആവശ്യമുണ്ടെന്ന് അഭിപ്രായം പറഞ്ഞിട്ടുള്ള അദ്ധ്യാപകർ SSLC യ്ക്ക് ഏറ്റവും നല്ല റിസൽട്ടുള്ള സ്കൂളിൽ നിന്നാണ്. മറ്റുള്ള സ്കൂളുകൾ ആ ചോദ്യത്തിനുത്തരം നല്കിയിട്ടില്ല.

യുവജനോത്സവത്തിലും കായികമേളയിലും ഉള്ള അംഗീകാരം പരിശോധിക്കാം. മാഴ്സിലിനാസ് സ്കൂളിൽ നിന്ന് 14 പേർക്ക് ജില്ലാതലത്തിലും രണ്ടുപേർക്ക് സംസ്ഥാനതലത്തിലും കായികമേളയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഹോളിഫാമിലി H.S.ൽ രണ്ടു പേർക്ക് ജില്ലാതലത്തിലും ഒരാൾക്ക് ദേശീയ തലത്തിലും കായികമേളയിൽ സമ്മാനം ലഭിച്ചിട്ടുണ്ട്. യുവജനോത്സവത്തിൽ ഈ രണ്ടു സ്കൂളുകളിൽ നിന്നും ആർക്കും അംഗീകാരമൊന്നും ലഭിച്ചിട്ടില്ല. SH മൗണ്ട് ഹൈസ്കൂളിൽ കലാകായികമേളകളിൽ ഒന്നിലും അംഗീകാരം ലഭിച്ചിട്ടില്ല. D.V.H.S ന് സ്പോർട്ട്സിൽ 12 സ്ഥാനം ജില്ലാതലത്തിലും സംസ്ഥാനതലത്തിൽ ഒരു സ്ഥാനവും ലഭിച്ചിട്ടുണ്ട്. യുവജനോത്സവത്തിൽ ജില്ലാതലത്തിൽ 20 സ്ഥാനവും സംസ്ഥാനതലത്തിൽ ഒരു സ്ഥാനവും ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മനസ്സിലാക്കുന്നതിന് കുട്ടികൾക്ക് ലഭിച്ച മാർക്കിന്റെ ഘടനപരിശോധിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ മൊത്തം കുട്ടികൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നു.

പട്ടിക -3

| ക്ലാസ്സ് | 30% ത്തിൽ താഴെ | 30%_40% | 40%_50% | 50%_60% | 60%ന് മുകളിൽ | ആകെ കുട്ടികൾ |
|---|---|---|---|---|---|---|
| III | 65 | 76 | 60 | 67 | 83 | 351 |
| IV | 81 | 79 | 75 | 66 | 133 | 434 |
| V | 125 | 125 | 83 | 78 | 83 | 494 |
| VI | 145 | 135 | 93 | 83 | 115 | 571 |
| VII | 147 | 135 | 126 | 84 | 111 | 603 |
| VIII | 192 | 156 | 126 | 80 | 97 | 651 |
| IX | 152 | 139 | 125 | 88 | 100 | 604 |
| X | 133 | 141 | 105 | 78 | 92 | 549 |
| ആകെ കുട്ടികൾ | 1040 | 986 | 793 | 624 | 814 | 4257 |

നമ്മുടെ പഞ്ചായത്തിലെ മൊത്തം കുട്ടികളിൽ 66% കുട്ടികൾ 50 ശതമാനത്തിൽ താഴെ മാർക്ക് വാങ്ങുന്നവരാണ്. ഫസ്റ്റ് ക്ലാസ്സ് മാർക്ക് SSLC ക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്ക് പോലും അഫിലിയേറ്റഡ് കോളേജുകളിൽ ഉന്നത പഠനത്തിന് അഡ്മിഷൻ ലഭിക്കാതിരിക്കുന്ന സാഹചര്യമാണുള്ളത്. എന്നു വരുമ്പോൾ നമ്മുടെ പൊതുവിദ്യാഭ്യാസ നിലവാരം അത്ര മെച്ചമല്ല എന്നു കാണാൻ കഴിയും. III-ാം ക്ലാസ്സിൽ പോലും 50 ശതമാനത്തിൽ കുറവ് മാർക്ക് ലഭിക്കുന്ന 57% കുട്ടികൾ ഉണ്ട്. അടിസ്ഥാനം ഉറപ്പിക്കാൻ കഴിയാതെ മേൽ ക്ലാസ്സുകളിലേക്ക് യാന്ത്രികമായി പ്രമോഷൻ ലഭിക്കുന്നതു മൂലം ഉയർന്ന ക്ലാസ്സിലെ പാഠഭാഗങ്ങൾ ഗ്രഹിക്കുന്നതിനുള്ള ശേഷി കുട്ടികൾക്ക് കുറയുന്നു. അതിനാൽ പഞ്ചായത്തിന്റെ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള ശ്രമം താഴെ ക്ലാസ്സുകളിൽ നിന്ന് ആരംഭിക്കേണ്ടിയിരിക്കുന്നു.

SSLC വിജയ ശതമാനവും തോറ്റുപഠിക്കുന്നവരുടെ എണ്ണവും തമ്മിലുള്ള ബന്ധം താഴെ കൊടുക്കുന്നു.

പട്ടിക - 4

| | സ്കൂളിന്റെ പേര് | 8,9 ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | തോറ്റവർ | തോറ്റവരുടെ ശതമാനം |
|---|---|---|---|---|
| 1. | ഹോളി ഫാമിലി സ്കൂൾ | 249 | 48 | 19.27 |
| 2. | S.H. മൗണ്ട് H.S. | 158 | 19 | 12.02 |
| 3. | മാഴ്സിലിനാസ് | 303 | 57 | 18.81 |
| 4. | D.V.H.S | 517 | 45 | 8.70 |

വിവിധ ക്ലാസ്സുകളിൽ വച്ച് വിദ്യാഭ്യാസത്തോട് വിട പറഞ്ഞു പോയവർ 3 S.C. കുട്ടികൾ ഉൾപ്പടെ 49 പേരുണ്ട്.

പട്ടിക -5

| ക്ലാസ്സ് | കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം |
|---|---|
| 2 | 6 |
| 4 | 1 |
| 5 | 2 |
| 6 | 3 |
| 7 | 8 |
| 8 | 9 |
| 9 | 18 |
| 10 | 2 |
| ആകെ | 49 |

ഒരു വർഷം 49 പേർ കൊഴിഞ്ഞുപോവുകയുണ്ടായി. വർഷം തോറും ഇത് ആവർത്തിക്കുന്നതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് നിന്ന് പുറം തള്ളപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. കൊഴിഞ്ഞുപോക്കിനെക്കുറിച്ചും ചെറു ക്ലാസ്സിലെ കൊഴിഞ്ഞുപോക്കിനെ കുറിച്ച് പ്രത്യേകിച്ച് പഠനം നടത്തേണ്ടതാണ്.

ചെറു ക്ലാസ്സിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപ്പിലാക്കിയ മിനിമം ലേണിംഗ്ലവൽ പരിപാടിയുടെ നേട്ടങ്ങൾ വിലയിരുത്താനുള്ള കാലമായിട്ടില്ല. M.L.L പരിപാടി അനുശാസിക്കുന്നത്ര സമയം പഠിപ്പിക്കുന്നതിന് കഴിയുന്നില്ല എന്നാണ് ഇതിനെക്കുറിച്ചുള്ള അഭിപ്രായം.

നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ ട്യൂഷൻ പഠനത്തെക്കുറിച്ച് വളരെ വിശദമായ ഒരു പഠനം നടത്താൻ കഴിഞ്ഞില്ല. എങ്കിലും ഒരു സാമ്പിൾ പഠനം കാണിക്കുന്നത് 8-ാം ക്ലാസ്സിലെ 62% കുട്ടികളും 9-ാം ക്ലാസ്സിലെ 55% കുട്ടികളും 10-ാം ക്ലാസ്സിലെ 58% കുട്ടികളും ട്യൂഷൻ പഠിക്കുന്നതായി കണ്ടു. ട്യൂഷൻ പഠിക്കുന്ന എല്ലാ കുട്ടികളും കണക്കും ഇംഗ്ലീഷുമാണ് പഠിക്കുന്നത്. ഈ രണ്ടു വിഷയങ്ങൾ കഴിഞ്ഞാൽ അടുത്ത പരിഗണന ഹിന്ദിക്കാണെന്ന് കാണുന്നു. ശരാശരി 80 നും 85 നും ഇടയ്ക്ക് രൂപ ഓരോ മാസവും ട്യൂഷൻ ഫീ ഇനത്തിൽ ഓരോ കുട്ടിയും ചെലവാക്കുന്നു.

കുട്ടികൾക്ക് ഏറ്റവും കുറവ് മാർക്ക് ലഭിക്കുന്ന വിഷയങ്ങൾ ഏതൊക്കെ എന്നറിയാനും സാമ്പിൾ പഠനമാണ് നടത്തിയത്. കെമിസ്ട്രിക്കാണ് ഏറ്റവും കുറവ് മാർക്ക് ലഭിക്കുന്നത് എന്നു കാണാൻ കഴിഞ്ഞു. ഇംഗ്ലീഷ് കണക്ക് എന്നീ വിഷയങ്ങൾക്ക് കുട്ടികളിൽ പകുതിയലധികം പേരും ട്യൂഷൻ പഠിക്കുന്നുണ്ട് എങ്കിലും ഏറ്റവും കുറവ് മാർക്ക് ലഭിക്കുന്നതിൽ 2ഉം 3ഉം സ്ഥാനം ഇംഗ്ലീഷിനും കണക്കിനുമാണ് എന്ന് കാണുന്നു.

L.P. – U.P സ്കൂളുകളിൽ സംസ്ഥാന തലത്തിൽ കലാകായിക രംഗങ്ങളിൽ സമ്മാനം നേടിയ സ്കൂളുകൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല. ജില്ലാ തലത്തിൽ സ്പോർട്സിനും യുവജനോത്സവത്തിനും ലഭിച്ച അംഗീകാരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക - 6

| സ്കൂളിന്റെ പേര് | സ്പോർട്സ് | യുവജനോത്സവം |
|---|---|---|
| ഗവ: യു. പി. സ്കൂൾ, പുത്തേട്ട് | 14 | 2 |
| D.V.L.P. കുമാരനല്ലൂർ | – | 8 |
| ഗവ: യു.പി. കുമാരനല്ലൂർ | – | - |
| ഹോളിഫാമിലി L.P.S | – | – |
| സെന്റ് മാത്യൂസ് L.P.S | – | – |
| ഗവൺമെന്റ് D.V.L.P പാറമ്പുഴ | – | – |
| S.N.L.P. പെരുമ്പായിക്കാട് | – | – |
| സെന്റ് തോമസ് L.P.S. മള്ളൂശ്ശേരി | – | – |
| ഗവൺമെന്റ് L.P.S.മുടിയൂർക്കര | – | – |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും താഴ്ന്ന ക്ലാസ്സുകളിൽ സ്പോർട്ട്സിനും യുവജനോത്സവത്തിനും ലഭിക്കുന്ന പ്രോത്സാഹനം പരിമിതമാണെന്ന് മനസ്സിലാക്കാം.

P.T.A യുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താനാവശ്യമായ തരത്തിലുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

ഭൗതിക സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ മെച്ചമാണെന്ന് പറയാൻ വയ്യ.

കുമാരനല്ലൂർ ഗവൺമെന്റ് U.P. സ്കൂളിൽ മതിലുപണിയുകയും കെട്ടിടം നന്നാക്കുകയും വേണം.

രണ്ടു ഹൈസ്കൂളുകളിലും ഒരു യു.പി. സ്കൂളിലും ആവശ്യത്തിനു ഫർണിച്ചർ തികയുന്നില്ല.

അക്കാഡമിക് സൗകര്യങ്ങളുടെ കാര്യത്തിൽ ഫലപ്രദമായ ഒരു വിലയിരുത്തലിന് കഴിഞ്ഞിട്ടില്ല. എല്ലാ സ്കൂളുകളിലും ലൈബ്രറി ഉണ്ട്. അവയുടെ പ്രവർത്തനം മെച്ചമാണെന്ന് പറയാൻ കഴിയില്ല.

എല്ലാ സ്കൂളിലും റേഡിയോ ഉണ്ട്. പുത്തേട്ട് ഗവൺമെന്റ് U.P സ്കൂളിൽ ഒരു T.V. യുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഒരു സ്കൂളിലും Over Head Projector Slide Projector മൂവി പ്രൊജകടർ ഇവ ഇല്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിന് ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ പ്രയോജനം ലഭിക്കുന്നില്ല എന്നാണ് സ്കൂളിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്ന് മനസ്സിലാവുന്നത്.

മ്യൂസിക്, ക്രാഫ്റ്റ്, ഡ്രോയിംഗ് തുടങ്ങിയ വിഷയങ്ങളിൽ അദ്ധ്യാപകരെ എല്ലാ സ്കൂളിലും നിയമിക്കണം. എന്ന നിർദ്ദേശം ഗ്രാമസഭയിൽ നിന്നുണ്ടായിട്ടുണ്ട്. സ്കൂളിൽ മാതൃക കൃഷിത്തോട്ടം ഉണ്ടാക്കുക, ലൈബ്രറി കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുക. കലാകായിക മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് ഉയർന്ന തലത്തിൽ മത്സരത്തിന് പോകുന്നതിന് സാമ്പത്തിക സഹായം നൽകുക. സ്കൂളിൽ T.V. V.C.R. പ്രൊജക്ടർ എന്നിവ നൽകുക. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാല ഉണ്ടാക്കുക. പഞ്ചായത്തിൽ പൊതുവായി വ്യവസായിക പരിശീലനത്തിന് അവസരം ഉണ്ടാക്കുക നാടൻ കലകളും ശാസ്ത്രീയകലകളും അഭ്യസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുക. സ്കൂളിലെ വിദ്യാർത്ഥി രാഷ്ട്രീയം അവസാനിപ്പിക്കുക എന്നീ നിർദ്ദേശങ്ങളാണ് ഗ്രാമസഭയിൽ നിന്നും ഉണ്ടായിട്ടുള്ളത്. മൂന്നാംവാർഡിൽ വായനശാലക്കുള്ള സ്ഥലം ഉണ്ട്.

പഞ്ചായത്ത് രജിസ്റ്റർ പ്രകാരം 12 ആശാൻ കളരികൾ ഉണ്ടെങ്കിലും അവയിൽ 4 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ഒരു രജിസ്റ്റർ ചെയ്യാത്ത ആശാൻ കളരിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 64 ആൺ കുട്ടികളും 74 പെൺകുട്ടികളും അടക്കം 138 പേർ പഠിക്കുന്നുണ്ട്. 185 കുട്ടികൾ വരെ ഒരേ സമയം ഒരു ആശാൻ കളരിയിൽ പഠിച്ചു കൊണ്ടിരുന്ന കാലവും ഉണ്ടായിരുന്നു.

പഞ്ചായത്തിൽ മിക്ക വാർഡുകളിലും നേഴ്സറി സ്കൂളുകളും പബ്ലിക് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രണ്ട് ബാലവാടികളും ഉണ്ട്. ഇവിടെയെല്ലാം കൂടി 404 കുട്ടികൾ പഠിക്കുന്നുണ്ട്.

സാങ്കേതിക വിദ്യാസ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ 2 കമ്പ്യൂട്ടർ സെൻററുകൾ പ്രവർത്തിക്കുന്നു. രണ്ടു സ്ഥാപനങ്ങളിലുമായി 18 വിദ്യാർത്ഥികളും 3 അദ്ധ്യാപകരും ഉണ്ട്. രണ്ടിടത്തുമായി 5 കമ്പ്യൂട്ടറുകൾ ഉണ്ട്.

ടൈപ്പ് റൈറ്റിംഗ് ഇൻസിറ്റ്യൂട്ടുകൾ 4 എണ്ണം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിലെല്ലാം കൂടി 163 കുട്ടികൾ പഠിക്കുന്നുണ്ട്. ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻറ് എന്നിവ പഠിക്കുന്നതിനുള്ള അവസരങ്ങൾ ഇവിടെ ഉണ്ട്.

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്ട്യൂട്ട്

നമ്മുടെ പഞ്ചായത്തിൽ ഒരു ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിട്ട്യൂട്ട് (ഗവൺമെൻറ് ) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അദ്ധ്യാപകരും അനദ്ധ്യാപകരുമായി 14 ജോലിക്കാർ ഉണ്ട്. ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻറ് ബിവറേജ് സർവീസ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ എന്നീ 3 കോഴ്സുകളാണുള്ളത്. ഇവയുടെ കാലദൈർഘ്യം 15 മാസമാണ്. ഈ 3 കോഴ്സുകളിലായി ആകെ 52 കുട്ടികൾ പഠിക്കുന്നുണ്ട്.

## സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്

നമ്മുടെ പഞ്ചായത്തിൽ മന്ദബുദ്ധികളായ കുട്ടികളുടെ പുനരധിവാസത്തിനായി സാന്ത്വനം എന്ന പേരിൽ ഒരു സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇത് മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് വിഭാഗത്തിൻെറ കീഴിലാണ്. റഗുലർ ബാച്ചിലും മറ്റു ബാച്ചുകളിലുമായി ആകെ 40 കുട്ടികൾ ഉണ്ട്.

## ക്യാഷ് അവാർഡ്

S.S.L.C. പരീക്ഷയിൽ ഈപഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു.

### ഏറ്റവും കൂടുതൽ മാർക്കും ലഭിച്ച കുട്ടിയും പഠിച്ച സ്കൂളും താഴെ ചേർക്കുന്നു

| കുട്ടിയുടെ പേര് | വർഷം | ലഭിച്ച മാർക്ക് | സ്കൂളിൻെറ പേര് |
|---|---|---|---|
| ബിന്ദു ജോസഫ് | 90–91 | 555 | സെൻറ് മാർസലിനാസ് |
| ജൂലി അൽഫോൻസ് | 91–92 | 560 | സെൻറ് മാർസലിനാസ് |
| അനു.ജി. | 92–93 | 558 | ഡി.വി.എച്ച്.എസ് |
| ദീപ്തി .R | 93–94 | 559 | സെൻറ് മാർസലിനാസ് |
| അനുപമ G.നായർ | 94–95 | 550 | സെൻറ് മാർസലിനാസ് |
| രാഖി R. വർമ്മ | 94–95 | 550 | സെൻറ് മാർസലിനാസ് |
| മുകേഷ് M. നായർ | 95–96 | 557 | D.V.H.S.കുമാരനല്ലൂർ |

### വിദ്യാഭ്യാസം പഞ്ചായത്ത് ചെലവ്

| വർഷം | ഉച്ചകഞ്ഞി | യൂണിഫോം | ക്യാഷ് അവാർഡ് |
|---|---|---|---|
| 91–92 | Rs.4978/- | | |
| 92–93 | Rs.4626/- | | |
| 93–94 | Rs.7147/- | Rs.9464/- | Rs.2550/- |
| 94–95 | Rs.12883/- | Rs.9933/- | Rs.2550/- |
| 95–96 | Rs.15370/- | Rs.11700/- | Rs.1200/- |

## പഞ്ചായത്ത് നേരിട്ടു നടത്തുന്ന ലൈബ്രറിയുടെ ചെലവ്

| വർഷം | തുക |
|---|---|
| 91–92 | Rs. 13200/- |
| 92–93 | Rs. 14000/- |
| 93–94 | Rs. 14000/- |
| 94–95 | Rs. 9200/- |
| 95–96 | Rs. 5728/- |

## മറ്റ് ലൈബ്രറികൾക്ക് നൽകുന്ന ഗ്രാൻറ്

| പേര് | വർഷം 92-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| നവോദയ | Rs.500/- | Rs.500/- | Rs.500/- | Rs.500/- | Rs.500/- |
| V.K.G. മെമ്മോറിയൽ | Rs.500/- | — | — | — | — |
| വനിതാസമാജം | Rs.500/- | Rs.500/- | Rs.500/- | Rs.500/- | Rs.500/- |

## അനൗപചാരിക വിദ്യാഭ്യാസം

1990–91–ൽ നമ്മുടെ സംസ്ഥാനത്തു നടന്ന സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്തും ആവേശപൂർവ്വം പങ്കെടുക്കുകയുണ്ടായി.

സാക്ഷരതാപ്രവർത്തനത്തിന് ഈ പഞ്ചായത്തിൽ നേതൃത്വം കൊടുത്തത് ശ്രീ. എം.എൻ.ഗോപാലപിള്ള സാർ ആണ്. അദ്ദേഹം ഈ പരിപാടിയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

1161 പേർ ആണ് നമ്മുടെ പഞ്ചായത്തിൽ ആകെയുണ്ടായിരുന്ന നിരക്ഷരർ. 5 മുതൽ 60 വയസ്സുവരെയുള്ളവരെയായിരുന്നു സാക്ഷരതാ പരിപാടി ലക്ഷ്യം വച്ചിരുന്നത്. 5 നും 60നും ഇടയ്ക്കു പ്രായമുള്ള 904 നിരക്ഷരർ ഉണ്ടായിരുന്നു. അതിൽ 397 പേർ പുരുഷന്മാരായിരുന്നു.

മാസ്റ്റർ ട്രെയിനർമാരായി 27 പുരുഷന്മാരും 6 സ്ത്രീകളും ആണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചത്. ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ച 225 പേരിൽ 103 പേർ സ്ത്രീകളായിരുന്നു. 105 കേന്ദ്രങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ ക്ലാസ്സുകൾ നടന്നു.

എല്ലാ പഠിതാക്കളും ക്ലാസ്സിൽ എത്തിച്ചേർന്നതിൻെറ പ്രഖ്യാപന സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചതും അദ്ധ്യക്ഷം വഹിച്ചതുമെല്ലാം പഠിതാക്കൾ തന്നെയായിരുന്നു. അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ ആ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

വെള്ളെഴുത്തുമൂലം കണ്ണട ആവശ്യമായി വന്ന പഠിതാക്കൾക്കെല്ലാം കണ്ണട വിതരണം ചെയ്യുകയുണ്ടായി.

വളരെയേറെ ബഹുജനപിന്തുണലഭിച്ച ഈ പരിപാടികണ്ടു പഠിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പല സംഘങ്ങളും കേരളം സന്ദർശിക്കുകയുണ്ടായി.

അസ്സാമിൽ നിന്നുള്ള ഒരു സംഘമാണ് നമ്മുടെ പഞ്ചായത്ത് സന്ദർശിച്ച് ട്രയിനിംഗ് ക്ലാസ്സുകളിലും മറ്റും പങ്കെടുത്ത് നമ്മുടെ സാക്ഷരതാപ്രവർത്തനത്തിൻെറ അനുഭവം പങ്കിട്ടത്.

തങ്ങളുടെ പ്രവർത്തനത്തിനുവേണ്ട ദിശാബോധം ലഭിക്കുന്നതിന് ഈ സന്ദർശനം ഉപകരിച്ചു എന്ന് അസ്സാം സംഘത്തിലെ പ്രതിനിധികൾ അഭിപ്രായപ്പെടുകയുണ്ടായി.

## സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്

M.G. യൂണിവഴ്സിറ്റിയുടെ സാമൂഹ്യശാസ്ത്ര വിഭാഗം പ്രവർത്തിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഇക്കണോമിക്സ്, ഹിസ്റ്ററി, സോഷ്യോളജി എന്നീ പഠനശാഖകൾ ഇവിടെ പ്രവർത്തിക്കുന്നു.

വായനശാലകൾ: നമ്മുടെ പഞ്ചായത്തിൽ 4 വായനശാലകൾ ഉണ്ട്. മൂന്നാം വാർഡിൽ കൊച്ചാലിനു സമീപം വായനശാലക്കുള്ള സ്ഥലം സ്വന്തമായിട്ടുണ്ട്. കെട്ടിടം നിർമ്മിച്ച് പ്രവർത്തിപ്പിക്കണം. ഒരെണ്ണം പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള വായനശാല ആണ്.

ശ്രീ. P.N പണിക്കരുടെ നിർദ്ദേശവും പ്രോത്സാഹനവും മൂലമാണ് നാട്ടുകാരുടെ ശ്രമഫലമായി വായനശാലക്കുള്ള പ്രവർത്തനം ആരംഭിച്ചത്. സരസ്വതി വിലാസം വായനശാല എന്നായിരുന്നു ആരംഭകാലത്ത് ഇതിൻെറ പേര്. നാടകം നടത്തിയും പിരിവ് നടത്തിയും കെട്ടിടം പണിയാനുള്ള തുക സമാഹരിക്കുവാൻ ശ്രമം നടത്തി. സ്ഥലം വാങ്ങിയെങ്കിലും കെട്ടിടംപണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1956-ൽ ശ്രീ. C.K. നീലകണ്ഠൻ നായർ പഞ്ചായത്ത് പ്രസിഡൻറായ അവസരത്തിലാണ് പഞ്ചായത്ത് ലൈബ്രറി ഏറ്റെടുത്തതും കെട്ടിടം പണി പൂർത്തിയാക്കിയതും പഞ്ചായത്ത് വായനശാല ആക്കി മാറ്റിയതും.

ഇന്ന് ഇവിടെ 423 അംഗങ്ങളുണ്ട്. അതിൽ 24 സ്ത്രീകളും 46 കുട്ടികളും ഉൾപ്പെടുന്നു. 10,000 ത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ വിതരണയോഗ്യമായത് 6530 പുസ്തകങ്ങളാണ്. 1987 മുതൽ 95 വരെയുള്ള ഗ്രന്ഥശാല ഗ്രാൻറുപയോഗിച്ച് 447 പുസ്തകങ്ങൾ എടുത്തിട്ടുണ്ട്.

ഒരു ഇംഗ്ലീഷ് പത്രമുൾപ്പെടെ 6 വർത്തമാന പത്രങ്ങളും 3 ആഴ്ചപ്പതിപ്പുകളും വായനശാലയിൽ വരുത്തുന്നുണ്ട്. ഗ്രന്ഥലോകം, പഞ്ചായത്ത് രാജ് ജനപഥം, കേരളകാളിംഗ്, ആരണ്യം ഇവയും വായനശാലയിൽ വരുന്നുണ്ട്.

റഫറൻസ് പുസ്തക കോർണർ, കുട്ടികളുടെ പുസ്തക കോർണർ, കാർഷിക പുസ്തക കോർണർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളൊന്നും വായനശാലയിൽ ഇല്ല. ആവശ്യത്തിന് ഫർണിച്ചർ ഇല്ല. അലമാരിയുടെ കതക് ഇളകിപ്പോയിരിക്കുന്നു. ജനലിന് അഴിയില്ല, ഫാനില്ല. കെട്ടിടം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം ലൈബ്രറിയുടെ ഉള്ളിൽ ഈർപ്പം ഉണ്ടാകുന്നുണ്ട് കുറെ പുസ്തകങ്ങൾ ബൈൻഡ് ചെയ്യിക്കേണ്ടതുണ്ട്.

2,00,000 രൂപ വിലവരുന്ന കെട്ടിടവും 28829.45 രൂപ മുഖവിലയുള്ള പുസ്തകങ്ങളുള്ള ഈ ലൈബ്രറി 1991 മുതൽ 95 അവസാനം വരെ ലൈബ്രേറിയൻ ഇല്ലാത്തത് മൂലം പ്രവർത്തനരഹിതമായിരുന്നു. 95 അവസാനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ഒരു ലൈബ്രേറിയൻ വന്നതിനെ തുടർന്ന് 6 മാസം ലൈബ്രറി പ്രവർത്തിച്ചു. ഇക്കാലത്ത് 2849 രൂപയുടെ പുസ്തകങ്ങൾ എടുത്തു. 40 കുട്ടികൾ അംഗത്വം എടുത്തു ലൈബ്രറിക്ക് ഗ്രന്ഥ ശാലസംഘത്തിൻെറ ഗ്രാൻറ് ലഭിക്കുന്നുണ്ട്. ഇപ്പോൾ സ്ഥിരമായി ഒരു ലൈബ്രേറിയൻ P.S.C മുഖേന നിയമിക്കപ്പെട്ടിട്ടുണ്ട്.

വായനക്കാരുടെ 6 പ്രതിനിധികളെയും പഞ്ചായത്തു കമ്മറ്റി അംഗങ്ങളെയും കൂട്ടിയുള്ള ഒരു ഭരണ സമിതിയാണ് ലൈബ്രറി ബൈലാ പ്രകാരം വിഭാവനം ചെയ്യുന്നത്. എങ്കിലും വായനക്കാരുടെ പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

2. നട്ടാശ്ശേരി വനിതാ സമാജം വായനശാലയിൽ സ്ത്രീകൾക്ക് മാത്രമാണ് അംഗത്വം 504 അംഗങ്ങൾ ഉണ്ട്. 4350 മലയാളം പുസ്തകങ്ങൾ ഉണ്ട്. ഒരു ഇംഗ്ലീഷ് ദിനപത്രമുൾപ്പെടെ 3 പത്രവും 2 മാസികകളും ഒരു ആഴ്ചപ്പതിപ്പും വരുത്തുന്നുണ്ട്. പ്രതിദിനം 30 പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ലൈബ്രറിക്ക് ഗ്രന്ഥശാലസംഘം ഗ്രാൻറ് ലഭിക്കുന്നുണ്ട് പഞ്ചായത്തിൽ നിന്ന് 500 രൂപ ഗ്രാൻറ് ലഭിക്കുന്നുണ്ട്. ലൈബ്രറിയോടനുബന്ധിച്ച് കുട്ടികൾക്കായി ഒരു നഴ്സറിയും പ്രവർത്തിക്കുന്നു.

3. V.K.G. മെമ്മോറിയൽ ലൈബ്രറി 1962 മുതൽ വാരിശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നുവെങ്കിലും $1^1/_2$ വർഷം പ്രവർത്തനരഹിതമായി കിടന്നു. രണ്ടു മാസം മുമ്പ് വീണ്ടും പ്രവർത്തനം തുടങ്ങി. 10 സ്ത്രീകൾ ഉൾപ്പടെ 260 അംഗങ്ങൾ ഉണ്ട്. 600 പുസ്തകങ്ങളാണുള്ളത് 1 ഇംഗ്ലീഷ് പത്രം ഉൾപ്പെടെ 5 പത്രം വരുത്തുന്നുണ്ട്. 5 ആഴ്ചപ്പതിപ്പും 5 മാസികകളും വരുത്തുന്നുണ്ട്. ഒരു കറുപ്പും വെളുപ്പും ടെലിവിഷൻ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ലൈബ്രറിയോട് ചേർന്ന് ഒരു നേഴ്സറി പ്രവർത്തിക്കുന്നു. 91-92 ൽ പഞ്ചായത്തിൽ നിന്ന് 500 രൂപ ഗ്രാൻറ് ലഭിച്ചു. തുടർന്ന് ലഭിച്ചിട്ടില്ല.

നവോദയം പബ്ലിക്ക് ലൈബ്രറിയിൽ 5 വനിതകൾ ഉൾപ്പെടെ 1166 അംഗങ്ങൾ ഉണ്ട്. 6000 മലയാള പുസ്തകങ്ങളും 800 ഇംഗ്ലീഷ് പുസ്തകങ്ങളും കുറെ ഹിന്ദി പുസ്തകങ്ങളുമുണ്ട്. ഒരു ഇംഗ്ലീഷ് പത്രം ഉൾപ്പെടെ 4 പത്രങ്ങളും 9 ആഴ്ചപ്പതിപ്പുകളും, 5 മാസികകളും വരുത്തുന്നു. ലൈബ്രറിയുടെ കീഴിൽ ഒരു

ആർട്സ് & സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ നിന്നും 500 രൂപ പ്രതിവർഷ ഗ്രാൻറ് ലഭിക്കുന്നു. പുസ്കങ്ങൾ സൂക്ഷിക്കാൻ വേണ്ടത്ര സ്ഥലമില്ല എന്നതാണ് പ്രധാന പ്രശ്നം.

## പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 4 ഹൈസ്കൂളുകളും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്.
2. പൊതുവെയുള്ള വിദ്യാഭ്യാസ നിലവാരം കുറവാണ്.
3. ആധുനിക ദൃശ്യശ്രാവ്യ ഉപകരണങ്ങൾ അക്കാഡമിക് രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
4. സ്കൂളുകളിൽ കൊഴിഞ്ഞു പോക്കുണ്ട്.
5. ഇംഗ്ലീഷ്, കണക്ക് സയൻസ് വിഷയങ്ങളാണ് കുട്ടികൾക്ക് കുറഞ്ഞ മാർക്ക് ലഭിക്കുന്ന വിഷയങ്ങൾ.
6. വിദ്യാർത്ഥികളിൽ പ്രൈവറ്റ് ട്യൂഷൻ പ്രവണത വർദ്ധിച്ചു വരുന്നു.
7. കലാകായിക രംഗങ്ങളിൽ പരിശീലനം ലഭിക്കാനുള്ള സൗകര്യങ്ങളില്ല.
8. പഞ്ചായത്തിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
9. പ്രവർത്തനോന്മുഖ സാക്ഷരത (functional literacy) ക്കുള്ള സൗകര്യങ്ങളില്ല.
10. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഉള്ള തൊഴിൽ മെച്ചപ്പെടുത്തുന്നതിനും വേണ്ട സാങ്കേതിക വിദ്യാപഠന കേന്ദ്രം ഇല്ല.

## നിർദ്ദേശങ്ങൾ

1. കുമാരനല്ലൂർ പഞ്ചായത്തിൽ ഗവൺമെൻറ് ഹൈസ്കൂൾ ഉണ്ടാകണം. പുത്തേട്ട് ഗവൺമെൻറ് U.P. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നുള്ള ആവശ്യം ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്.
2. ഒരു സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ഒരു വിദ്യാഭ്യാസസ്ഥാപനം തുടങ്ങണം.
3. പഠനോപകരണങ്ങളും, ലാബോറട്ടറി സൗകര്യങ്ങളും സ്കൂളുകളിൽ ഏർപ്പെടുത്തുക.
4. അദ്ധ്യപകർക്കുള്ള refreshar course നടത്തേണ്ടതാണ്.

***

# വ്യവസായം

പത്രവ്യവസായം മുതൽ പപ്പട നിർമ്മാണം വരെ വൈവിധ്യമാർന്ന നൂറുകണക്കിന് വ്യവസായ യൂണിറ്റുകളുടെ ശൃംഖല കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് മേഖലയിലുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വൻകിട യൂണിറ്റുകളിൽ മാതൃഭൂമി ദിനപത്രം, മംഗളം ദിനപത്രം, പാരഗൺ റബ്ബേഴ്സ് സൗത്ത് ഇന്ത്യൻ ടിംബേഴ്സ്, ശ്രീനിവാസ് ഫുഡ് പ്രോഡക്ടസ്, ട്രിഫാനി മിഠായി ഫാക്ടറി എന്നിവയാണ് മുൻപന്തിയിൽ.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, തടി, റബ്ബർ, കരിങ്കല്ല് എന്നിവയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന നിരവധി ചെറുകിട യൂണിറ്റുകളും വാഹനസംബന്ധമായ റിപ്പയർ/എഞ്ചിനീയറിംഗ് ഷോപ്പുകളും പ്രവർത്തിക്കുന്നു. ഇവ കൂടാതെ ആയിരത്തിലധികം പേർ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇത്തരം യൂണിറ്റുകൾ ധാരാളം കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

കുമാരനല്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു കൂരയ്ക്കുകീഴെ 4 റബ്ബർ യൂണിറ്റുകളും 2 പ്ലൈവുഡ് യൂണിറ്റുകളും ഒരു പ്രിൻറിംഗ്പ്രസും പ്രവർത്തിക്കുന്നു. അറുപതോളം തൊഴിലാളികൾ ഈ യൂണിറ്റുകളിലുണ്ട്.

വൻകിട, ചെറുകിട, കുടിൽ വ്യാവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം പട്ടിക A, B, C ഇവയിൽ കൊടുത്തിരിക്കുന്നു.

പ്രകൃതിദത്ത വിഭവങ്ങളായ കരിങ്കല്ല്, മണൽ എന്നിവ പാറമ്പുഴ മേഖലയിൽ സുലഭമാണ്. ഇവിടെ നിർമ്മിക്കുന്ന ഇഷ്ടികയും, പ്രകൃതി വിഭവങ്ങളായ കരിങ്കല്ലും, മണലും സമീപ ജില്ലകളിലേയ്ക്കും നിർമ്മാണപ്രവർത്തനങ്ങൾക്കായി കൊണ്ടുപോകുന്നുണ്ട്.

പട്ടിക A

| നമ്പർ | വിഭാഗം | തൊഴിലാളി കളുടെ എണ്ണം | | | ശതമാനം | സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|---|---|---|---|
| | | സ്ത്രീ | പു | ആകെ | | |
| 1 | പത്രം: 1. മാതൃഭൂമി<br>2. മംഗളം | 55 | 345 | 400 | | 1. നാഗമ്പടം<br>2. S.H. മൗണ്ട്. |
| 2. | പാരഗൺ റബ്ബേഴ്സ് | 4 | 42 | 46 | | കുമാരനല്ലൂർ |
| 3. | സൗത്ത് ഇന്ത്യൻ ടിംബേഴ്സ് | 2 | 30 | 32 | | കുമാരനല്ലൂർ |
| 4. | ശ്രീനിവാസ് ഫുഡ് പ്രോഡക്ട്സ് | 25 | 40 | 65 | | കുമാരനല്ലൂർ |
| 5. | ട്രിഫാനി മിഠായി ഫാക്ടറി | 15 | 45 | 60 | | പാറമ്പുഴ |
| 6. | വേണാട് ഇൻഡസ്ട്രീസ് (പോസ്റ്റ് നിർമ്മാണം) | 25 | 30 | 55 | | സംക്രാന്തി (ഗാന്ധിനഗർ) |
| | ആകെ | 126 | 532 | 658 | | |

പട്ടിക B

| നമ്പർ | ഇനം | ആകെ യൂണിറ്റുകൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | സ്ത്രീ | പു | ആകെ |
| 1 | തടി | 16 | 20 | 145 | 165 |
| 2. | കരിങ്കല്ല് | 39 | 127 | 185 | 312 |
| 3. | റബ്ബർ | 42 | 220 | 405 | 625 |
| 4. | ഭക്ഷ്യവസ്തു സംസ്കരണം | 27 | 180 | 160 | 340 |
| 5. | എഞ്ചിനിയറിംഗ് റിപ്പയറിംഗ് | 107 | – | 584 | 584 |
| 6. | ഇഷ്ടിക വ്യവസായം | 21 | 108 | 209 | 317 |
| 7. | വാരിക | 2 | 15 | 13 | 28 |
| 8. | മറ്റുള്ളവ | 18 | 85 | 89 | 174 |
| | ആകെ | 272 | 755 | 1790 | 2545 |

പട്ടിക A, B, C ഇവയിൽ പെടുന്ന വൻകിട, ചെറുകിട പരമ്പരാഗത വ്യവസായമേഖലയെ കൂടുതൽ ചലനാത്മകവും, വികസനോന്മുഖവും, പ്രയോജനകരവും ആക്കത്തക്ക വിധത്തിലുള്ള തൊഴിൽ പരിശീലനവും, അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉറപ്പുവരുത്തിയാൽ കുമാരനല്ലൂർ പഞ്ചായത്തിലെ വ്യവസായ മേഖലയുടെ ഭാവി ശോഭനമാവുകയും തൊഴിലവസരങ്ങൾ ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും.

## പട്ടിക C

| നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | സ്ത്രീ | പു | ആകെ |
| 1. | കുട്ട, വട്ടി, പായ് | 45 | 18 | 63 |
| 2. | മുറം, ചൂൽ, തവി | 21 | 5 | 26 |
| | ആകെ | 66 | 23 | 89 |

ഏറ്റവും കൂടുതൽ വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നതും വിപുലീകരണസാധ്യതയുള്ളതുമായ പ്രദേശങ്ങൾ 6, 8 വാർഡുകൾ ഉൾപ്പെട്ടതും കോട്ടയം പട്ടണത്തോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്നതുമായ നാഗമ്പടം പ്രദേശമാണ്. വൈദ്യുതിയുടെയും ജലത്തിൻെറയും ലഭ്യതയും ഗതാഗത സൗകര്യവുമാണ് ഈ മേഖലയെ വ്യവസായങ്ങൾക്ക് അനുയോജ്യമാക്കുന്നത്. റോയൽ കോഫി വർക്സ്, ജനതാ ടിബേഴ്സ്, ശിവശക്തി ഓട്ടോമൊബൈത്സ്, ദർശന മാർബിൾസ്, M.G.F ഓട്ടോ മൊബൈത്സ് അരുണാ ഫൗണ്ടറി ഇവയും പ്രസിദ്ധമായ മാതൃഭൂമി, മംഗളം, സഖി പത്രവ്യവസായ സ്ഥാപനങ്ങളും ഈ മേഖലയിൽ സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും ചെറുകിട, കുടിൽ വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇവയ്ക്കാവശ്യമായ ലൈസൻസുകൾ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങളിൽ 30 ശതമാനവും വ്യവസായ മേഖലയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. പ്രമുഖ വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന മേഖലകളെ വൈദ്യുതി, ജലം, ഗതാഗതം അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ദൗർലഭ്യവും വിദഗ്ധ തൊഴിലാളികളുടെ അഭാവവും പ്രശ്നമായി അവശേഷിക്കുന്നു. വ്യവസായ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം കിട്ടുന്നതിനുള്ള സൗകര്യങ്ങളില്ലാത്തതും, കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമല്ലാത്തതും ഈ മേഖലയെ മുരടിപ്പിക്കുന്നു.

മീനച്ചിലാറിനാലും കൈവഴികളാലും ചുറ്റപ്പെട്ട ഈ പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടി എം.സി. റോഡും സമാന്തരമായ കോട്ടയം എറണാകുളം റെയിൽവേ ലൈനും കടന്നുപോകുന്നു. വടക്കേ അതിർത്തിയായ ഗാന്ധിനഗറിൽ ഇലക്ട്രിസ്റ്റി 11 K.V. സബ്സ്റ്റേഷനും സ്ഥിതിചെയ്യുന്നു. ഈ സൗകര്യങ്ങളെല്ലാമുണ്ടെങ്കിലും ഉല്പാദനച്ചെലവിലെ വർദ്ധനവും, ഉല്പന്നങ്ങൾക്ക് വേണ്ടത്ര വിപണന സൗകര്യങ്ങളില്ലാത്തതുമാണ് വ്യവസായ വികസനത്തിന് പ്രതിബന്ധമായിരിക്കുന്നത്.

വലിയ മുതൽമുടക്കില്ലാതെയും നിലവിലുള്ള അസംസ്കൃത വസ്തുക്കളുപയോഗിച്ചും താഴെപ്പറയുന്ന യൂണിറ്റുകൾ ആരംഭിക്കാൻ കഴിയുമെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

| നമ്പർ | ഇനം |
|---|---|
| 1 | കറിപൗഡർ |
| 2 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 3 | സോപ്പ് |
| 4 | അച്ചാർ നിർമ്മാണം |
| 5 | വെളിച്ചെണ്ണ |
| 6 | മെഴുകുതിരി |
| 7 | പ്ലാസ്റ്റിക് നിർമ്മാണം |
| 8 | ഗോൾഡ് കവറിംഗ് ആഭരണ നിർമ്മാണം |
| 9 | ഇഷ്ടിക |
| 10 | ഫർണിച്ചർ |
| 11 | ബുക്ക് ബയൻറിംഗ് |
| 12 | സാമ്പ്രാണി നിർമ്മാണം |
| 13 | കുട്ട, വട്ടി, മുറം, പായ നിർമ്മാണം |
| 14 | റബ്ബർ ബാൻഡ് |
| 15 | ലോഷൻ നിർമ്മാണം |
| 16 | ചെരിപ്പ് അസംബ്ലിംഗ് |
| 17 | ദാഹശമനി |
| 18 | പപ്പടം |
| 19 | മെറ്റൽ നിർമ്മാണം |

| | |
|---|---|
| 20 | എലിപ്പെട്ടി |
| 21 | ചൂരൽ വ്യവസായം |
| 22 | മിനറൽ വാട്ടർ |
| 23 | തീപ്പെട്ടി നിർമ്മാണം |
| 24 | കൊക്കോ സംസ്കരണം |
| 25 | ധാന്യം പൊടിക്കൽ |
| 26 | കൗതുക വസ്തു നിർമ്മാണം (നാര്, ഈർക്കിലി) |
| 27 | കോഴിഫാം |
| 28 | ഗൃഹോപകരണനിർമ്മാണം പിച്ചാത്തി, ചട്ടുകം |
| 29 | മൺപാത്രനിർമ്മാണം (പൂച്ചട്ടി) |
| 30 | കോൺക്രീറ്റ് കെട്ടിടനിർമ്മാണ സാമഗ്രി |
| 31 | കപ്പലണ്ടാ അടിസ്ഥാന വ്യവസായം |
| 32 | കാലിത്തീറ്റ, കോഴിത്തീറ്റ |
| 33 | അപ്ഗോൾസറി |
| 34 | അച്ചടി |
| 35 | ഇലക്ട്രോണിക്സ് |

## പ്രശ്നങ്ങൾ

1. തടി വ്യവസായ രംഗത്ത് എല്ലാക്കാലവും തടി സുലഭമല്ല.
2. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.
3. റബ്ബർ അധിഷ്ഠിത വ്യവസായരംഗത്ത് അസംസ്കൃത വസ്തുക്കൾക്ക് തീവിലയാണ്.
4. തൊഴിൽ പരിശീലനം കിട്ടുന്നതിന് വിപുലമായ സംവിധാനങ്ങളില്ല.
5. ഇവിടെ ഉല്പാദിപ്പിക്കുന്ന റബ്ബർ, കൊക്കോ എന്നിവ ഇവിടുത്തെ വ്യവസായ രംഗത്ത് ഭാഗികമായേ പ്രയോജനപ്പെടുത്തുന്നുള്ളൂ.
6. തൊഴിൽ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നില്ല.
7. വ്യവസായങ്ങൾ ആരംഭിക്കാൻ സ്ഥലമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.
8. വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല.
9. കരിങ്കല്ല്, മണൽ മേഖലയിൽ നിലവിലുള്ള നിയമങ്ങൾ പ്രതികൂലമാണ്.
10. ഓട്ടോമൊബൈൽ/റിപ്പയറിംഗ്/എഞ്ചിനീയറിംഗ് രംഗത്തെ തൊഴിൽ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.
11. കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനങ്ങളില്ല.
12. സഹകരണ മേഖലയിൽ വ്യവസായങ്ങളില്ല.

## തൊഴിൽരഹിതർ

| നമ്പർ | ഇനം | സ്ത്രീ | പു | ആകെ |
|---|---|---|---|---|
| 1. | 18 നും 35 നും മദ്ധ്യേ | 1817 | 872 | 2689 |
| 2. | 35 – 55 നും മദ്ധ്യേ | 463 | 384 | 847 |
| | പട്ടികജാതി/വർഗ്ഗം | | | |
| 1. | 18 നും 35 നും മദ്ധ്യേ | 76 | 123 | 199 |
| 2. | 35 നും 55 നും മദ്ധ്യേ | 184 | 212 | 396 |
| | ആകെ | 2540 | 1591 | 4131 |

## നിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം.
2. ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകണം.
3. ജലലഭ്യതയും ഗതാഗത സൗകര്യവും ഉറപ്പ് വരുത്തണം.
4. വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനാവശ്യമായ ഭൂമി മിതമായ നിരക്കിൽ ലഭ്യമാക്കണം.
5. ചെറുകിട, കുടിൽ വ്യവസായ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കണം.
6. സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
7. വനിതാ തൊഴിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
8. പട്ടികജാതി/വർഗ്ഗ സഹകരണസംഘങ്ങൾ സ്ഥാപിച്ച് പരമ്പരാഗത കൈത്തൊഴിൽ മേഖല പുനഃസംഘടിപ്പിക്കണം.
9. തൊഴിൽ അന്വേഷകർക്ക് ആവശ്യമായ പരിശീലനവും തൊഴിൽ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ വായ്പയും ലഭ്യമാക്കണം.
10. തൊഴിൽ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ ഗൈഡൻസ് സെൽ സ്ഥിരമായി പ്രവർത്തിക്കണം.

11. വ്യവസായ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഉടനടി പരിഹരിക്കുന്നതിന് തൊഴിലുടമാ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ജനപ്രതിനിധികളും ഉൾപ്പെടുന്ന വ്യവസായ സൗഹൃദസമിതി രൂപീകരിക്കണം.

12. വ്യവസായലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ലഘൂകരിക്കണം.

13. മികച്ച നിലയിൽ പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും അവാർഡുകൾ നൽകണം.

## പുതിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

പഞ്ചായത്തതിർത്തിയിൽ സൗകര്യപ്രദമായ സ്ഥലത്ത് 2 ഏക്കർ സ്ഥലം വിലയ്ക്കെടുത്ത് കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി 15 വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിക്കാം. വൈവിദ്ധ്യമാർന്ന യൂണിറ്റുകൾ ഒരു കൂരയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനും അഭ്യസ്തവിദ്യരായ 150 പേർക്ക് സ്ഥിരം തൊഴിൽ നൽകുന്നതിനും പ്രതിവർഷം 300 പേർക്ക് വീതം ഇവിടെ തൊഴിൽ പരിശീലനം നൽകുന്നതിനും ലക്ഷ്യം വെയ്ക്കുന്നു. അതുവഴി, ഈ പഞ്ചായത്തിലെ അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ 1500 പേർക്ക് 5 വർഷം കൊണ്ട് തൊഴിൽ പരിശീലനം നൽകുന്നതുമാണ്. ഈ യൂണിറ്റുകളിൽ 2 എണ്ണം പട്ടികജാതി/വർഗ്ഗത്തിനും 2 എണ്ണം വനിതകൾക്കും 1 എണ്ണം വികലാംഗർക്കുമായി സംവരണം ചെയ്യാവുന്നതാണ്. പ്രതിവർഷം പരിശീലനം നൽകുന്നവരിൽ 10% (30) പട്ടികജാതി വിഭാഗത്തിനും 10% വനിതകൾക്കും 5% വികലാംഗർക്കും ആയി മാറ്റി വെയ്ക്കുന്നതാണ്.

## ഇലക്ട്രോണിക്സ് പാർക്ക്

ഇലക്ട്രോണിക്സ് രംഗത്ത് അഭിരുചിയുള്ളരും സാങ്കേതികവിദ്യ വശമുള്ളവരുമായ യുവതീ യുവാക്കളെ സംഘടിപ്പിച്ച് ഒരു ഇലക്ട്രോണിക്സ് പാർക്കിന് രൂപം നൽകുന്നതാണ്. ഇവിടെ വൈവിധ്യമാർന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണവും വില്പനയും റിപ്പയറിംഗും നടത്താൻ ഉദ്ദേശിക്കുന്നു. ITI, ITC പരിശീലനം സിദ്ധിച്ച ഈ പഞ്ചായത്തിലെ മുഴുവൻ യുവതീയുവാക്കളെയും ഈ സംരംഭത്തിൽ പങ്കാളികളാക്കുന്നതാണ്. 150 പേർക്ക് ഇവിടെ തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽവിവരിച്ച പദ്ധതികൾ ഇക്കാലയളവിനുള്ളിൽ പൂർത്തിയാക്കി നിലവിലുള്ളവരും ഉണ്ടാകാനിടയുള്ളവരുമായ തൊഴിൽ രഹിതർക്കും തൊഴിൽ സംരംഭകർക്കും തൊഴിൽ നൽകുവാനും നമ്മുടെ പഞ്ചായത്തിനെ വ്യവസായമേഖലയിൽ സ്വയം പര്യാപ്തമാക്കുവാനും, ശക്തമായ സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കുവാനും പരമ്പരാഗത/കുടിൽ വ്യവസായമേഖലയെ പുനരുദ്ധരിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

❋ ❋ ❋

# വൈദ്യുതി

ഗാന്ധിനഗർ, കോട്ടയം ഈസ്റ്റ്, അയ്മനം എന്നീ മൂ...റ് ഇലക്ട്രിക് മേജർ സെക്ഷനുകളുടെ കീഴിലാണ് ഈ പഞ്ചായത്ത് അതുകൊണ്ടുതന്നെ വൈദ്യുതി വിതരണം പ്രശ്ന സങ്കീർണ്ണമാണ്.

അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം-രണ്ടു പത്രസ്ഥാപനങ്ങളും അഞ്ചു ഹൈടെൻഷനുകൾ ഉൾപ്പെടെയുള്ള അനേകം വ്യവസായ സ്ഥാപനങ്ങളുമുള്ള കോട്ടയം പട്ടണത്തോട് ഏറ്റവും അടുത്തുകിടക്കുന്ന ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളും പഞ്ചായത്തും അനുഭവിക്കുന്ന വൈദ്യുതി പ്രശ്ന പരിഹാരമായി ഒരു മേജർ സെക്ഷൻ ആഫീസ് അനിവാര്യമാണ്.

പാറമ്പുഴ വട്ടമുകൾ ലക്ഷം വീട്, പട്ടത്താനം കോളനി, കുമാരനല്ലൂർ ലക്ഷംവീട്, ആണ്ടുപറമ്പ്-ഇഞ്ചേരിക്കുന്നു ഭാഗം, പുല്ലരിക്കുന്നു കോളനി, നിർമ്മിതി ഭവൻ കോളനി, വെള്ളിക്കുളം കടവ്-S.H.M- കരിയമ്പാടം ഭാഗം ഉറുമ്പു കുഴി പാറമ്പുഴ ആരണ്യഭവൻ എന്നീ പ്രദേശങ്ങളിലായി അധിവസിക്കുന്ന മൂവായിരത്തിൽ പരം കുടുംബങ്ങൾക്ക് 60 K.V ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ വൈദ്യുതി പ്രശ്ന പരിഹാരം സാധ്യമാകുന്നതാണ്.

പഞ്ചായത്ത് മാസംതോറും കരണ്ടു ഫീസടയ്ക്കുന്ന വഴിവിളക്കുകൾ ഉപയോഗത്തിലാകുന്നില്ല. പണം കൃത്യമായി അടയ്ക്കുകയും വേണം. ഈ വിഷയത്തിന് ജോയിൻറ് ഇൻസ്പെക്ഷൻ അനിവാര്യ മായി നടത്തി, ഉപയോഗിക്കുന്ന കരണ്ടിനു ചാർജ് അടയ്ക്കുന്ന സ്ഥിതി ഉണ്ടാകണം.

1953 മുതൽ വിവിധ ഘട്ടങ്ങളിലായി പ്രധാന നിരത്തുകളിൽ S.H.M., M.C.H സെക്ഷനുകളിലായി - ആകെ 1319 ബൾബുകൾ വഴിവിളക്കു കളിലായി സ്ഥാപിച്ചിട്ടുണ്ട്. 1953 മുതൽ 73 വരെയുള്ള കാലയളവിൽ ടെമ്പിൾ റോഡിൽ സ്ഥാപിച്ച 11 ട്യൂബ് വിളക്കുകൾ ഇപ്പോൾ പ്രകാശരഹി തമാണ്, മാറി മാറി വന്ന പഞ്ചായത്തു ഭരണസമിതി കൾ ബൾബുകൾക്കു പുറമേ 42 ട്യൂബുകൾ സ്ഥാപി ച്ചെങ്കിലും ഫലമില്ലാത്ത അവസ്ഥയിലാണ്.

1989-95 കാലയളവിൽ 222 ബൾബുകളും 5 ട്യൂബുകളും സ്ഥാപിച്ച വകയിൽ 2.49,000 രൂപ അടച്ചിട്ടുള്ളതാണ്. പ്രതിമാസം 25000/ രൂപ വീതം പഞ്ചായത്ത് കരണ്ട് ചാർജ് അടയ്ക്കുന്നുണ്ട്.

കൂടാതെ മള്ളുശ്ശേരി, മുടിയൂർക്കര എന്നിവിടങ്ങളിൽ 78 ബൾബുകൾ സ്ഥാപിക്കുവാൻ 76000/ രൂപ അടച്ചിട്ടും നാളിതുവരെയായിട്ടും വഴിവിളക്കുകൾ വൈദ്യുതി വകുപ്പ് സ്ഥാപിച്ചിട്ടില്ലാത്തതാകുന്നു.

പട്ടിക 4-1

## വൈദ്യുതീകരിച്ച വീടുകളും കടകളും

| | വാർഡ് | വീടുകൾ | കടകൾ | കാർഷികം | No. | വാർഡ് | വീടുകൾ | കടകൾ | കാർഷികം |
|---|---|---|---|---|---|---|---|---|---|
| 1. | I | 676 | 51 | | 8 | VIII | 436 | 103 | 3 |
| 2. | II | 511 | 74 | | 9 | IX | 482 | 67 | |
| 3. | III | 686 | 52 | | 10 | X | 463 | 67 | 5 |
| 4. | IV | 696 | 21 | | 11 | XI | 523 | 76 | 5 |
| 5. | V | 714 | 42 | | 12 | XII | 616 | 100 | |
| 6. | VI | 560 | 212 | 7 | 13 | XIII | 377 | 101 | 10 |
| 7. | VII | 682 | 171 | 20 | 14 | XIV | 544 | 83 | 9 |
| | ആകെ | 4525 | 423 | 27 | | | 3341 | 897 | 38 |

അവലംബം: മെഡിക്കൽ കോളേജ്, S.H.Mout സെക്ഷനുകളിലെ ദ്വിതീയ വിവരശേഖരണം.



□ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഇലക്ട്രിസിറ്റി ഓഫീസ് ഉദ്ഘാടനം മന്ത്രി ടി.കെ. രാമകൃഷ്ണൻ നിർവഹിക്കുന്നു.



□ഇലക്ട്രിസിറ്റി ഓഫീസിനുവേണ്ടി പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം.



□ഇലക്ട്രിസിറ്റി ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനവേളയിൽ.

വൈദ്യുതീകരിക്കാത്ത വീടുകൾ – 4436

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ (M.C.H.) 2 A

കുമാരനല്ലൂർ, സംക്രാന്തി, നാഗമ്പടം എന്നീ ജംഗ്ഷനുകളിൽ മെർക്കുറി ലൈറ്റുകൾ സ്ഥാപിച്ചിരുന്നതാണ്. ഇപ്പോഴില്ല.

പട്ടിക 4-2

## സ്ഥാപിക്കേണ്ട വഴിവിളക്കുകളുടെ വിവരം

| വാർഡ് | റോഡ്-സ്ഥലം | ബൾബ് | ട്യൂബ് | വാർഡ് | റോഡ് | ബൾബ് | ട്യൂബ് |
|---|---|---|---|---|---|---|---|
| I | ആശാരികടവ് റോഡ് | 4 | | II | ആറാട്ടുകടവ്- | | 3 |
| | മുട്ടത്തുകണ്ടം പോട്ടയിൽ | 2 | | | കുമാരനല്ലൂർ ജംഗ്ഷൻ | | 1 |
| | വാളംപറമ്പ് ആശാരികടവ് | 2 | | | | | |
| | സ്റ്റേഡിയം-ഗോപിസദനം | 4 | | | | | |
| | നാഗരാജാക്ഷേത്രനട | | 1 | III | കുമാരനല്ലൂർ തൂത്തുട്ടി | 5 | 2 |
| | ഭഗവതിമഠം റോഡ് | 3 | | | തൂത്തുട്ടി-വാരിശ്ശേരി | 6 | 6 |
| | തെക്കേനട ആലും മൂട് | 1 | | | പടിഞ്ഞാറെനട | | |
| | | | | | കുടമാളൂർ റോഡ്, | 8 | |
| | | | | | കുമാരനല്ലൂർ കുടമാളൂർ | | മുഴുവൻ ട്യൂബ് |
| | ഇടത്തിൽ കൊട്ടാരം | 2 | | | | | |
| | ബ്രാഹ്മണിപ്പടി-പുളിയായിൽ | 2 | | | | | |
| | തെക്കേനട പുത്തൂർപടി | 3 | | | | | |
| | പുത്തൂർപടി-കുടമാളൂർ | 3 | | | | | |
| | പോസ്റ്റാഫീസ്-ശ്രീവിലാസം | 2 | | | | | |
| | മണ്ണുകുന്ന് മീനാക്ഷി | 5 | | | | | |
| | ഇടയാടി കരിയമ്പാടം | 5 | | | | | |
| | ചെങ്ങേരത്തുപറമ്പ് കരിയമ്പാടം | 2 | | | | | |
| | പാണൻപറമ്പ് | 3 | | | | | |
| | കൊട്ടാരം വൈദ്യശാല | 4 | | | | | |
| | പുത്തൻപറമ്പ് പുതുകുളങ്ങര | 1 | | IV | പ്ലാക്കുഴിറോഡ് | 2 | |
| | പുതുകുളങ്ങര-കാക്കനാട് | 6 | | | പുതുവൽകോളനി | 3 | |
| | കാഞ്ഞിക്കൽ-കാക്കനാട്ട്കുന്ന് | 3 | | | പുല്ലരിക്കുന്ന് Bus Stop | 3 | |
| | ടെമ്പിൾ റോഡ് | | 1 | | പുല്ലരിക്കുന്ന്ലക്ഷംവീട് | 2 | |
| II | മാലിമേൽകടവ് | 3 | | | ശ്മശാനംറോഡ് | 3 | |
| | മാലിമേൽ കുമ്പളത്ത് | 1 | | | പ്ലാക്കുഴി ലക്ഷംവീട് | 2 | |
| | കളിക്കളം-പാലക്കാട്ട് | 10 | | | പുല്ലരിക്കുന്ന് മൈക്രോ | 2 | |
| | ചവിട്ടുവരിവാലംറോഡ് | 2 | | | പാലമറ്റം-ഇടാട്ടുമന | 3 | |
| | കുമാരനല്ലൂർ കിഴക്കേനട | 2 | | | പുല്ലരിക്കുന്ന്-ഉലുത്വ | 3 | |
| | കോത്തുകടവ് മണക്കാട്ട് | 1 | | V | മള്ളുശ്ശേരി സെൻട്രൽ | 5 | 3 |
| | കിഴക്കേനട-ആറാട്ടുക്കാട്ട് | 2 | | | ഐക്കരകാവുകുഴി-പാടം പടി റോഡ് | 5 | 3 |

അവലംബം1) വിവരശേഖരണം.

പട്ടിക 4 - 3

## ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കണം

| ക്രമ നമ്പർ | വാർഡ് | റോഡ്-സ്ഥലം | നീളം | ബൾബ് | ട്യൂബ് |
|---|---|---|---|---|---|
| 1 | 1 | കിഴക്കേനട-പുന്നേൽമാലി റോഡ് | 150 മീ | 4 | |
| 2 | 1 | പോസ്റ്റാഫീസ് ശ്രീവിലാസം | | 3 | |
| 3 | | ബ്രാഹ്മണികുന്നിൻപുറം പായിക്കാട്ടുപടി | | 3 | |
| 4 | | പുതുക്കുളങ്ങര ബ്രാഹ്മണിപ്പടി വാക്കയിൽ കിഴക്കേനട | | 3 | |
| 5 | | ഇടത്തിൽ കൊട്ടാരം റോഡ് | | 3 | |
| 6 | | കറുകപ്പള്ളിൽ ചുണ്ടമലപടി | | 2 | |
| | | ഭഗവതിമഠം- | | 2 | |

അവലംബം - വിവരശേഖരണം

### നിർദ്ദേശങ്ങൾ

1. ടെമ്പിൾ റോഡിൽ വഴിവിളക്കുകൾ പൂർണ്ണമായും പ്രകാശിക്കണം-
2. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ വഴിവിളക്കുകളും പ്രകാശിപ്പിക്കണം.
3. വൈദ്യുതി ഇല്ലാത്ത കോളനികളിൽ അടിയന്തിരമായി വൈദ്യുതികണക്ഷനുകൾ നൽകണം.
4. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ യുദ്ധകാലാടിസ്ഥാനത്തിൽ നൽകണം.
5. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
6. പ്രധാന ജംഗ്ഷനുകളിൽ സോഡിയംവേപ്പർ ലൈറ്റുകൾ പ്രകാശിപ്പിക്കണം.
7. മുടിയൂർക്കര പള്ളി റോഡിൽ കുട്ടികളുടെ ആശുപത്രിയുടെ സമീപം വരെ നിലവിലുള്ള വൈദ്യുതി വിളക്കുകൾ റിപ്പയർ ചെയ്ത് ട്യൂബ് ഇടുക.
8. സംക്രാന്തി, കുഴിയാലിപ്പടി

   ചവിട്ടുവരി വെള്ളുപ്പറമ്പ്

   നാഗമ്പടം - ആറ്റുമാലി വഴി വാരിശ്ശേരി

   നാഗമ്പടം - അടിച്ചിറ .

   ഈ റോഡുകളിൽ ട്യൂബും ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കണം.
9. ഗാന്ധിനഗർ ഗുരുമന്ദിരം, ഹൗസിംഗ്കോളനി, E.S.I (I.C.H) അടിച്ചിറ പാറയ്ക്കൽകടവ്, I.C.H, S.H ലാബിന്റെ വഴിയിലും ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം.
10. ചൂട്ടുവേലി- ഇടയാടി റോഡ്, S.H.M. വെയർഹൗസ് റോഡ്, ചൂട്ടുവേലി ചുങ്കം റോഡ്, കുമാരനല്ലൂർ-കുടമാളൂർ റോഡ്, ചവിട്ടുവരി-വെള്ളൂപ്പറമ്പ്, കുഴിയാലിപ്പടി-സംക്രാന്തി റോഡ് ഈ റോഡുകളിലും ട്യൂബ് ലൈറ്റുകൾ വേണം. ചവിട്ടുവരിംവെള്ളപറമ്പ്കുന്നിലും കുഴിയലപടി റോഡുകളിലും .
11. പത്താം വാർഡിൽ കുഴിയാലിഭാഗം- 11, 12, 13, ഇന്നത്തെ 14 വാർഡുകളിലും എസ്റ്റിമേറ്റ് എടുത്ത് തുക അടയ്ക്കുവാൻ കഴിയുമെന്ന് ജില്ലാ പഞ്ചായത്ത് ആഫീസർ അറിയിച്ചിട്ടും (സർട്ടിഫിക്കറ്റ്) എസ്റ്റിമേറ്റ് വഴിവിളക്കുകൾക്ക് എടുത്തിട്ടില്ലാത്തത് നിർബന്ധമായും എടുക്കണം.
12. മള്ളൂശ്ശേരി- 4, 5, വാർഡുകളിൽ പുതിയ ലൈനിനുള്ള എസ്റ്റിമേറ്റ് വൈദ്യുതി ഡിപ്പാർട്ടുമെന്റ് എടുക്കണം. പഞ്ചായത്ത് അനുമതി നൽകിയിട്ട് നാളുകളായിരിക്കുന്നു.
13. M.C. റോഡുമായി ബന്ധിക്കുന്ന P.W.D റോഡുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
14. ഗ്യാസ് അടുപ്പുകൾ ഉപയോഗിക്കുന്ന 1617-വീടുകൾ ഉണ്ട്. മണ്ണെണ്ണയുടെ ദൗർലഭ്യവും, ഉപയോഗത്തിൽ വരുന്ന താമസവും വിറകിന്റെ

വില വർദ്ധനവും മൂലം ഗ്യാസ് അടുപ്പുകൾ ഗൃഹനായികമാർ ഇഷ്ടപ്പെടുന്നുവെങ്കിലും ഗ്യാസ് ലഭിക്കുവാൻ വരുന്ന കാലതാമസം ഒഴിവാക്കണം.

15. ഈ പഞ്ചായത്തിൽ ബയോഗ്യാസ് അടുപ്പുകൾ സ്ഥാപിക്കുവാൻ തീവ്രയത്ന പരിപാടിയുണ്ടാകണം.

16. സൗരോർജ്ജ പദ്ധതി നടപ്പിലാക്കി–വൈദ്യുതി ലാഭകരമായി തീർക്കാവുന്നതുമാണ്.

പട്ടിക 4-5

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകൾ

| M.C.H. | | S.H. MOUT | |
|---|---|---|---|
| സ്ഥലം | നമ്പർ | സ്ഥലം | നമ്പർ |
| അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് | 1 | നാഗമ്പടം | 1 |
| ഡോക്ടേഴ്സ് ഗാർഡൻ | 1 | നാഗമ്പടം | 11 |
| ഗാന്ധിനഗർ | 2 | റോയൽ കോഫി ചെമ്പരത്തി മൂട് | |
| ഹീവായ് | 1 | M.G.F- 1, 2, 3 | |
| നീലിമംഗലം | 1 | ശ്രാമ്പിച്ചിറ | |
| ഇരുമ്പനം | 1 | ഐലൻറ് | |
| കുഴിയാലിപ്പടി | 1 | മഠം | |
| കുടമാളൂർ | 1 | പ്രീമിയർലാറ്റക്സ് | |
| S.I.T.I | 1 | ചവിട്ടുവരി | |
| പുല്ലരിക്കുന്ന് | 1 | കുമാരനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 1, 2 |
| പടിഞ്ഞാറെക്കര | 1 | കുമാരനല്ലൂർ വില്ലേജ് | |
| മള്ളൂശ്ശേരി | 2 | കരിയംപാടം | |
| | | പ്ലൈവുഡ്<br>വടക്കേനട<br>പോളിമർ<br>ട്രിഫാനി<br>വെള്ളാറ്റിപ്പടി | |

1. വൈദ്യുതി ലൈൻ - M.C.H-32 കിലോമീറ്റർ നീളം 11-KV.
2. S.H. Mount 27 കിലോ മീറ്റർ നീളം -11-KV.
3 ഫീസ് - 85 കി.മീ. അവലംബം, S.H.Mount സെക്ഷനുകളിലെ ദ്വിതിയവിവരശേഖരണം.

### നിർദ്ദേശങ്ങൾ

17. മുഴുവൻ പൊതു കടവുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.
18. ഓരോ വാർഡിലെയും പ്രധാന ജംഗ്ഷനുകളിൽ സോഡിയംവേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
19. പള്ളിപ്പുറം, വെട്ടിക്കാക്കുഴി ഭാഗങ്ങളിൽ 11 K.V. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ സ്ഥലം ലഭ്യമാണ്.
20. ഗാന്ധിനഗറിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
21. പട്ടികജാതി-വർഗ്ഗത്തിൽ പ്പെടുന്നവർക്ക് സൗജന്യവീടു കണക്ഷൻ നൽകണം.
22. വീടുകളിൽ റീഡിംഗ് റിപ്പോർട്ട് ചെയ്യുവാൻ വരുന്ന ഉദ്യോഗസ്ഥൻ വീട്ടുടമയെ റീഡിംഗ് ബോധ്യപ്പെടുത്തുക.

### വൈദ്യുതി ഉല്പാദനം

അനർട്ടിൻെറ സാങ്കേതിക സാമ്പത്തിക സഹായത്തോടെ സോളാർ സിസ്റ്റം നടപ്പിലാക്കുക.

## V -ാം ward വൈദ്യുതി

| | | | |
|---|---|---|---|
| 1. | മള്ളൂശ്ശേരി സെൻട്രൽ റോഡ് | – | 5 ബൾബ് + 3 ട്യൂബ് |
| 2. | ഐക്കര, കാവക്കുഴിമറ്റം റോഡ് | – | പാടത്തുകൂടി പോകുന്ന ലൈൻ റോഡിലാക്കി – 5 ബൾബ് ഇടണം + 3 ട്യൂബ് |
| 3. | വാരിശ്ശേരി–മുതലക്കോണം റോഡ് | – | 4 ബൾബ് + 2 ട്യൂബ് |
| 4. | പരവൻെറ പറമ്പിൽ റോഡിൽ | – | 2 ബൾബ് + 1 ട്യൂബ് |
| 5. | പറമ്പേട് കടവ് കുളിക്കടവ് | – | 1 പോസ്റ്റ് സ്ഥാപിച്ചത് ബൾബിടണം. |
| 6. | പാലപ്പുരക്കൽ റോഡ് | – | 2 ബൾബ് |
| 7. | ചുങ്കം തിരുവാറ്റ റോഡ് | – | 3 ബൾബ് |
| 8. | പഴയം പള്ളിറോഡ് | – | 2 ബൾബ് |
| 9. | ആപ്പീൽ റോഡ് | – | 2 ബൾബ് |
| 10. | മള്ളൂക്കുളങ്ങര പാറേമഠം റോഡ് | – | 3 ബൾബ് |
| 11. | കൈപ്പള്ളി ചെട്ടിയാത്തുറോഡ് | – | 2 ബൾബ് |

## കുമാരനല്ലൂർ പഞ്ചായത്തിൽ പുതിയതായി സ്ഥാപിക്കേണ്ട വഴിവിളക്കുകളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു

| | | | |
|---|---|---|---|
| Ward - I | ഭഗവതിമഠം റോഡിൽ | | 3 ബൾബ് |
| | ആശാരികടവ് റോഡ് | | 4 " |
| | മുട്ടത്തുകണ്ടം പോട്ടയിൽ റോഡ് | | 2 " |
| | വാളംപറമ്പ് ആശാരികടവ് | " | 2 " |
| | സ്റ്റേഡിയം ഗോപിസദനം | " | 2 " |
| | സ്റ്റേഡിയം റോഡ് | | 2 " |
| | നാഗരാജാ ക്ഷേത്രനടയിൽ | ട്യൂബ് | 1 |
| | തെക്കെനട ആലുമൂട് റോഡ് | " | 1 |
| | ഇടത്തിൽ കൊട്ടാരം | " | 2 |
| | ബ്രാഹ്മണിപടി പുളിയായിൽപടി | | 2 |
| | തെക്കേനട പുത്തൂർപടി റോഡ് | | 3 |
| | പുത്തൂർപടി കുടമാളൂർ | " | 2 |
| | പോസ്റ്റോഫീസ് ശ്രീവിലാസം | " | 2 |
| | മണ്ണുകുന്ന് റോഡ് | " | 5 |
| | ഇടയാടി കരിയമ്പാടം | " | 5 |
| | ചെങ്ങേരത്ത് പറമ്പ് കരിയമ്പാടം | " | 2 |
| | പാണൻപറമ്പ് | " | 3 |
| | കൊട്ടാരം വൈദ്യശാല | " | 4 |
| | പുത്തൽപറമ്പ് പുതുക്കുളങ്ങരപടി | | 1 |
| | പുതുക്കുളങ്ങര കാക്കനാട്ട് കുന്നുംപുറം | | 6 |
| | കാഞ്ഞിക്കൽ പടി കാക്കനാട്ട് കുന്നുംപുറം | | 3 |
| | ടെമ്പിൾ റോഡ് | ട്യൂബ് | 1 |

## പോസ്റ്റ് ഇട്ട് ലൈൻ വലിക്കേണ്ടത്

| | | | | |
|---|---|---|---|---|
| | കിഴക്കേനട പുന്നേൽമാലിൽ റോഡ് | | | 4 |
| | പോസ്റ്റോഫീസ് ശ്രീവിലാസം | ” | | 3 |
| | ബ്രാഹ്മണികുന്നുംപുറം പായിക്കാട്ട്പടി | ” | | 3 |
| | ഇടത്തിൽകൊട്ടാരം റോഡ് | | | 3 |
| | കറുകപള്ളിൽ ചുണ്ടമലപടി റോഡ് | | | 2 |
| | ഭഗവതി മഠം റോഡ് | | | 2 |
| Ward II | മാലിമേൽകടവ് റോഡ് | ” | ബൾബ് 3 | |
| | മാലിമേൽകടവ് കുമ്പളത്തുപടി ” | | ” | 1 |
| | കളിക്കളം പാലക്കാട്ട് കടവ് ” | | ” | 10 |
| | ചവിടുവരിപാലം റോഡ് | | ” | 2 |
| | കുമാർനല്ലൂർ കിഴക്കേനട | | ” | 2 |
| | കോന്തുകടവ് മണക്കാട്ട് | | ” | 1 |
| | കിഴക്കേനട ആറാട്ടുകടവ് | | ” | 2 |
| | ആറാട്ട്കടവ് പന്നൻ ശിവരാമപിള്ള | | ” | 3 |
| | കുമാരനല്ലൂർ ജംഗ്ഷൻ | | ട്യൂബ് | 2 |

**Ward III**

1. പടിഞ്ഞാറെ നട–കാഞ്ഞിരം കാലാ റോഡിൽ ലക്ഷ്മണൻ മുക്കിൽ നിന്നും ആശാരി കടവു റോഡിൽ മരോട്ടിച്ചുവടു ജംഗ്ഷൻ വരെ വൈദ്യുതി ലൈൻ നീട്ടുകയും തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.
2. തൂത്തൂട്ടി ജംഗ്ഷനിലെ ട്യൂബ് ലൈറ്റ് കത്തിക്കുക.
3. വലിയാലിൻ ചുവട്, കൊച്ചാൽ ജംഗ്ഷൻ, ലക്ഷം വീടു കോളനി, കളരിക്കൽ കോളനി ജംഗ്ഷൻ പാലൂക്കടവ് എന്നിവിടങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
4. III–ാം വാർഡിലെ ഇടവഴികളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ കത്താത്തവ കത്തിക്കണം.
5. വാർഡിന്റെ പല ഭാഗങ്ങളിലും ഇലക്ട്രിക് പോസ്റ്റുകൾ കേടുപിടിച്ചു അപകടകരമായ നിലയിലാണ്. ഇവ മാറ്റി പുതിയ പോസ്റ്റുകൾ സ്ഥാപിക്കണം.

| | | |
|---|---|---|
| Ward IV | കുന്നേൽ കരിയംപാടം റോഡ് | ബൾബ് 1 |
| | പ്ലാക്കുഴി റോഡ് | 2 |
| | പുല്ലരികുന്ന് ബസ്സ്റ്റോപ്പ് വഴി | 3 |
| | പുതുവൽ കോളനി | 3 |
| | പുല്ലരികുന്ന് ലക്ഷം വീട് | 2 |
| | ശ്മശാനം റോഡ് | 3 |
| | പ്ലാക്കുഴി ലക്ഷം വീട് | 2 |
| | പുല്ലരിക്കുന്ന് മൈക്രോവേവ് റോഡ് | 2 |
| | പാലമറ്റം ഇടാട്ടുമന റോഡ് | 3 |
| | പുല്ലരിക്കുന്ന് ഉലുത്വാറോഡ് | 3 |

**Ward VI**

| | | |
|---|---|---|
| S.H. മൗണ്ട് പമ്പ് ഹൗസ് റോഡ് | 1 ട്യൂബ് 2 | ബൾബ് 3 |
| S.H. മൗണ്ട് മാമ്പുഴപറമ്പ് | | 1 |
| S.H. മൗണ്ട് കുമാരനല്ലൂർ റോഡ് | | 1 |
| M.C. റോഡ് മാമ്പറ വീടിനുമുൻപിൽ | | 2 |
| S.H.M. പ്രാണിക്കുന്നേൽ റോഡ് | 1 ട്യൂബ് 3 | |
| S.H.M ചെറുകുന്നേൽ " | | 4 |
| ചൂട്ടുവേലി S.H.M. " | | 4 |
| S.H.M. വെയർഹൗസ് റോഡ് | ട്യൂബ് 3 | 4 |
| S.H.M. St. Josephs Convent | | 1 |
| വെയർഹൗസ് നാഗമ്പടം റോഡ് | ട്യൂബ് 1 + 3 | 9 |
| മുങ്ങാകുളം കരിയമ്പാടം " | | 4 |
| വെയർ ഹൗസ് ജംഗ്ഷൻ-തേക്കും പാലം റോഡ് II | ട്യൂബ് | 2 |
| മഞ്ഞാങ്കൽ റോഡ് | ട്യൂബ് 1 | 1 |
| ആറ്റുമാലി അടിച്ചിറപാടം റോഡ് | | 2 |
| നാഗമ്പടം ആറ്റുമാലിൽ | ട്യൂബ് 2 + 2 | 4 |
| നാഗമ്പടം ജംഗ്ഷൻ മുതൽ നാഗമ്പടം പാലം വരെ | ട്യൂബ് 4 | 3 |
| ചൂട്ടുവേലി അടിച്ചിപാടം റോഡ് | ട്യൂബ് 1 | 1 |
| നാഗമ്പടം ജംഗ്ഷൻ മുതൽ മഠം Girls H.S | | 4 |

**Ward VII**

| | | |
|---|---|---|
| വരിക്കൽ കോളനിയിൽ റോഡ് | ട്യൂബ് 1 | ബൾബ് 2 |
| മഠത്തിൽപറമ്പിൽ കോഴിപ്പള്ളിൽ " - | | 7 |
| ചവിട്ടുവരി കുന്നുംപുറംറോഡ് - | | 3 |
| ഇടപ്പള്ളിചിററോഡ് - | | 2 |
| വെട്ടിക്കനാൽ കരിയമ്പാടം - | | 3 |
| കരിപ്പാൽ കരിയമ്പാടം - | | 3 |
| വാട്ടർടാങ്ക് കോൺവെൻറ് റോഡ് | " 1 | 2 |
| ദയറാ കരിയമ്പാടം | 1 | 2 |
| 'റയിൽവേഗേറ്റ് | 1 | - |
| മേഴ്സിലിനാസ് Pumpu house | 1 | 4 |
| അമ്പ്രോസ് നഗർ | 2 | 3 |
| പുല്ലാക്കാട്ടുപടി റയിൽവേ ലൈൻ ലിങ്ക് റോഡ് | | 2 |
| വെങ്ങാലിപ്പടി റയിൽവേ ലൈൻ | | 2 |
| ഐസക്പടി റെയിൽവേ ലൈൻ | | 2 |
| നെടുംചിറപ്പടി എം. സി. റോഡ് | | 2 |

**Ward VIII**

| | ട്യൂബ് | ബൾബ് |
|---|---|---|
| നന്ത്യാട്ട് കടവ് റോഡ് | 1 | 3 |
| പ്രിയദർശിനി " | 2 | 2 |
| മാലിമേൽ ഡിപ്പോകടവ് | | 3 |
| വടക്കേടത്തുപടി കുറത്തിയാട്ട്പടി | | 3 |
| ചിറേക്കടവ് | 1 | 2 |
| ചേന്നാത്തകടവ് ചെറുനാരകം | 2 + | 3 |
| മഠം ആറുങ്കാലാറോഡ് | | 2 |
| പാലക്കാട്ടുപടി | 1 | 4 |
| കണ്ണാട്ടേലൂർ വടുതല റോഡ് | 1 | 2 |
| അച്ചേട്ടുകടവ് റോഡ് | 1 | 2 |
| പുറമ്പോക്കുമാലി, പനയ്ക്കപ്പടി | 1 | 1 |

**Ward IX**

| | | |
|---|---|---|
| നവോദയം പാലക്കാട്ട് റോഡ് | – | 5 |
| KPD റോഡ് | | 8 |
| വാരിക്കുഴി ഇഞ്ചേരിക്കുന്നു റോഡ് | | 8 |
| ഞണ്ടുപറമ്പിൽ – ഹരിജൻ റോഡ് | – | 3 |
| ചൂരക്കാട്ടിൽ മരങ്ങാട്ടിൽ റോഡ് | – | 4 |
| പറപ്പള്ളിൽ പരുത്തികുഴി | – | 5 |
| ഞണ്ടുപറമ്പിൽ ഇഞ്ചേരിക്കുന്ന് | – | 4 |
| സർവ്വോദയം ഇഞ്ചേരിക്കുന്ന് | – | 2 |
| ഞണ്ടുപ്പറമ്പിൽ വടക്കേകുന്നുമ്പുറം | – | 2 |

**Ward X**

| | | |
|---|---|---|
| കാഞ്ഞിരപ്പള്ളി കവല | ട്യൂബ് 1 | |
| വെള്ളൂപ്പറമ്പ് കുളിക്കടവിന് സമീപം | – | 1 |
| വെള്ളൂപ്പറമ്പ്- കുഴിയാലിപടി റോഡ് | | 1 |
| കുഴിയാലിപ്പടി ജംഗ്ഷൻ | ട്യൂബ് | 1 |
| അമ്പലക്കടവ് തോട്ടുങ്കര | | 4 |
| മുണ്ടായ്ക്കൽ പടി പുത്തൂർ | | 1 |
| പുതിയ ലൈൻ വലിച്ച്<br>1. മുള്ളൻകുഴി തടത്തിൽപടി | | 5 |
| 2. ഇരുകവല മൂപ്പരുപാറ | | 4 |
| 3. ആനിക്കൽ പിച്ചകശ്ശേരിമാലി (പുല്പാറഭാഗം) | | 3 |
| 4. പിച്ചകശ്ശേരിമാലി മുണ്ടാറ്റിൽ | | 3 |
| 5. ഇരുമ്പനത്തുപടി പൊന്നാറ്റിൽപടി | | 5 |

**Ward XI**

| | |
|---|---|
| പാറമ്പുഴ പള്ളിറോഡ് | 3 |
| പാറമ്പുഴ കോൺവെൻറ് വാതിൽ | 1 |
| Old MC റോഡ് പൂഴിക്കുന്നേൽ | 3 |
| പൂഴിക്കുന്നേൽ മടക്കുമുകൾ | 2 |
| പള്ളിത്താഴെ മടക്കുമുകൾ | 3 |
| ചാത്തുകുളം മടക്കുമുകൾ | 2 |
| മാമ്മൂട് തറേപ്പടി | 2 |
| യൂനാനിമുക്ക് വെട്ടൂർ കാഞ്ഞിരം | |
| ലിങ്ക് റോഡ് | 2 |
| പാറമ്പുഴ ഈഴമാലി | 3 |
| വടക്കുമുകൾ കൊശപ്പള്ളി | 3 |
| കല്ലാണി ചെറുവിരൽ | 7 |
| വാഴക്കാലാ രാമനാട്ടുതറ | 3 |

**Ward XII**

| | | |
|---|---|---|
| 1. ഇടത്തിനകം – കോളനിറോഡ് | – | ബൾബ് 3 |
| 2. കളത്തുപടി–മങ്ങാട്ടുമഠം | – | 3 |
| 3. പാറേപ്പടി–കോയിപ്പുറം | – | 4 |
| 4. പാറേപ്പടി–ഈഴമാലി | – | 15 |
| 5. ചൂരക്കാട്ട്–വെട്ടിക്കാക്കുഴി | – | 10 |
| 6. ഇളയിടം–പള്ളിപ്പുറം | – | 7 |
| 7. ഊരോംപറമ്പ്–മുണ്ടകം | – | 5 |
| 8. ചെറുപൈങ്കുളം–കൊച്ചുപറമ്പ് | – | 2 |
| 9. വാഴക്കാലാ–ചെറുപൈങ്കുളം | | 8 |
| 10. സംക്രാന്തി നമ്പൂരിമുകളേൽ | | 8 |
| 11. ചാത്തുകുളം–പള്ളിപ്പുറം | | 8 |
| 12. ചിറയിൽ തൊണ്ട്– | | 4 |
| 13. M.C. Road കൊച്ചുപറമ്പ്റോഡ് | | 3 |
| 14. പള്ളിപ്പുറം – അമ്പലത്തറപ്പടി | | 3 |
| 15. മട്ടത്തുപടി ആറ്റുമാലി | | 2 |



വാർഡ് XIV

Ward XIII

| | | |
|---|---|---|
| വാഴക്കാലാ രാമനാട്ടു തറ | | 3 |
| ആപ്പിൽപടി മുതൽ കിഴക്കേപടി | | 1 |
| മെഡിക്കൽ കോളജ് ആലുങ്കൽപടി | | 3 |
| ആലുങ്കൽപടി കിഴക്കേപാടം | | 1 |
| ആലുങ്കൽപടി ലക്ഷംവീട് കോളനി | | 2 |
| കുടമാളൂർ തോപ്പിൽ പടി | | 5 |
| ഗാന്ധിനഗർ-കുളക്കാട്ടുപാടം | – | 1 |
| ആലുങ്കൽപടി ലക്ഷം വീട് കോളനി | | 2 |
| കുടമാളൂർ തോപ്പിൽപടി | | 5 |
| ഗാന്ധിനഗർ-കുളക്കാട്ടുപാടം | – | 2 |
| കുളക്കാട്ടുപാടം കടവിൽ പറമ്പ് | – | 2 |
| കൂരമറ്റം അയ്യൻകോയിക്കൽ | – | 2 |
| ആറ്റാംമെയ്പമുതൽ റെയിൽവെ | | 8 |

Ward XIV

1. മുടിയൂർക്കര പള്ളി റോഡ് സൈഡിൽ കുട്ടികളുടെ ആശുപത്രിക്കു സമീപം വരെ നിലവിലുള്ള ലൈനിൽ സ്ഥാപിച്ചിട്ടുള്ള ബൾബുകളും, ഫിററിംഗ്സും മാറ്റി ട്യൂബ് ലൈറ്റ് സ്ഥാപിക്കുക. 11എണ്ണം

2. കുട്ടികളുടെ ആശുപത്രിയിലേക്കുള്ള റോഡിൽ നിന്ന് മൂരാഞ്ചേരി പടി വരെയുള്ള വഴിയിൽ, സ്ട്രീറ്റ് ലൈൻ വലിച്ച് നിലവിലുള്ള പോസ്റ്റിൽ 4 ബൾബ്.

3. മുടിയൂർക്കര പള്ളിയുടെ മുൻവശത്തുനിന്ന് ഗാന്ധിനഗർ മെഡിക്കൽ കോളേജിൽ ചെന്നു ചേരുന്ന ഭാഗം (Dr. P.C. ചെറിയാൻ പടിവരെ) ഉള്ള ലൈനിൽ നിലവിലുള്ള ബൾബുകൾക്കു പുറമെ 6 ബൾബുകൾ കൂടിയിട്ട് പൂർത്തീകരിക്കണം.

4. ഗാന്ധിനഗർ മെഡിക്കൽ കോളേജ് റോഡിൽ നിന്നും പോലീസ് ക്വാർട്ടേഴ്സ് ആശാഭവൻ മുൻവശം വരെ 3 പോസ്റ്റുകൾ ഇട്ട് സ്ട്രീറ്റ് മെയിൽ വലിച്ച് 4 ബൾബുകൾ.

5. മെഡിക്കൽ കോളേജ് റോഡിൽ നിന്നും ഡോക്ടേഴ്സ് ഗാർഡൻ വഴി ഡോ: മദൻ മോഹനൻെറ വീട്ടിനു മുൻവശം വരെയും ഡോ: ഏബ്രഹാം ജോസിൻെറ വീടിനും വടക്കുവശം വരെയും ബൾബുകൾ ഇല്ലാത്ത പോസ്റ്റുകളിൽ ബൾബുകൾ സ്ഥാപിക്കണം.

6. ചൂരക്കാട്ടു പടി മുതൽ പാലമറ്റം വരെയുള്ള മുഴുവൻ പോസ്റ്റിലും 5 ബൾബുകൾ കൂടി ഇട്ട് പൂർത്തീകരിക്കണം.

7. പട്ടത്താനം പുനരധിവാസ കോളനി വടക്കനാട്ട് ഹരിജൻ കോളനി വരെയുള്ള റോഡിൽ 5 പോസിറ്റ് ഇട്ട് സ്ട്രീറ്റ് മെയിൻ വലിച്ച് 5 ബൾബുകൾ സ്ഥാപിക്കണം.

8. പാലമറ്റം കുഴൽ കിണറിന് സമീപം മുതൽ വടക്കനാട്ട്കുന്ന് ചൂരക്കാട്ട് വീട്ടിനു സമീപത്തു കൂടി കണ്ണാതറ ജംഗ്ഷൻ വരെയുള്ള നിലവിലുള്ള ബൾബുകൾക്ക് പുറമെ 6 ബൾബുകൾ കൂടയിട്ട് പൂർത്തീകരിക്കണം.

9. ഇടിവെട്ടും കാലാ ജംഗ്ഷൻ മുതൽ വടക്കനാട്ടു കുന്നുവരെയുള്ള റോഡിൽ നിലവിലുള്ളതിനു പുറമെ 4 ബൾബുകൾ കൂടി സ്ഥാപിക്കണം.

10. കുമരംകുളം മുതൽ കുന്നു കാലാ വരെയുള്ള റോഡിൽ 5 പോസ്റ്റ് പുതുതായിട്ട് മെയിൻ വലിച്ച് 6 ബൾബുകൾ ഇടണം.

11. മെഡിക്കൽ കോളേജ് റോഡിൽ നിന്നും ഡോ. മാത്യു വറുഗീസിൻെറ വീടിനു മുൻവശത്തുകൂടി ഓണാട്ടുപടി വല്ലാട്ടുപടി വരെയുള്ള വഴിയിൽ

സ്ട്രീറ്റ് മെയിൻ വലിച്ച് 4 ബൾബുകൾ ഇടണം.

12. ഗാന്ധിനഗർ മെഡിക്കൽ കോളേജ് റോഡിൽ നിന്നും കണ്ണാതറ ഗുരുമന്ദിരം ഹൗസിംഗ് കോളനി I.C.H. റോഡിൽ എത്തുന്നതുവരെയുള്ള റോഡിൽ നിലവിലുള്ള ബൾബുകൾക്കുപുറമെ 9 ബൾബുകൾകൂടിയിട്ട് ലൈൻ പൂർത്തിയാക്കണം.

13. അടിച്ചിറ പാറയ്ക്കൽ റോഡിൽ റെയിൽവേ ലൈനിന് സമീപം വരെ നിലവിലുള്ള ബൾബുകൾക്കു പുറമെ 6 ബൾബുകൾ കൂടി കരിമുണ്ടൻ കാലാ ജംഗ്ഷൻ മുതൽ നെല്ലിക്കുന്നുവരെ നിലവിലുള്ള ലൈനിൽ 2 ബൾബുകൾകൂടി

14. കണ്ണാമ്പടം നെല്ലിക്കുന്നു റോഡിൽ നിലവിലുള്ള ലൈനിൽ 3 ബൾബുകൾ കൂടിയിട്ട് പൂർത്തിയാക്കണം.

15. പാറയ്ക്കൽ പടി നെല്ലിക്കുന്ന് നിലവിലുള്ള ലൈനിൽ 3 ബൾബുകൾ കൂടിയിട്ട് പൂർത്തിയാക്കണം.

★ ★ ★

# വനിതാക്ഷേമം

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നിരവധി നിയമ നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. നിയമത്തിനു മുന്നിൽ സമത്വം നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നു. പ്രായ പൂർത്തിവോട്ടവകാശത്തെപ്പറ്റി നിയമപരമായ പരിരക്ഷ സ്ത്രീകൾക്കുറപ്പാണ്, ലിംഗവ്യത്യാസ ത്തിൻെറ പേരിലുള്ള എല്ലാ വിവേചനത്തിനും എതി രായി ശക്തമായ നിലപാടു കൈക്കൊള്ളാൻ ഭരണ ഘടനയിൽ വ്യവസ്ഥകളുണ്ട്. ഇതെല്ലാമുണ്ടെങ്കിലും നീതിരഹിതമായ അസമത്വങ്ങൾ നിറഞ്ഞ ഒരു സാമൂഹ്യ ചുറ്റുപാടാണ് സ്ത്രീകളെ ചൂഴ്ന്നുനില്ക്കുന്നത്. കുടുംബത്തിൽ നിന്നാരംഭിക്കുന്ന വിവേചനം സമൂഹ ത്തിൻെറ എല്ലാമണ്ഡലങ്ങളിലും നിറഞ്ഞു നിൽ ക്കുന്നു. കുടുംബത്തിൻെറ സാമ്പത്തിക സുസ്ഥി രതയ്ക്കുവേണ്ടിയും കുടുംബാംഗങ്ങളുടെ ക്ഷേമൈശ്വ ര്യങ്ങൾക്കുവേണ്ടിയും ജോലി ചെയ്തു പോരുന്ന സ്ത്രീക്ക് അംഗീകാരം കിട്ടുന്നില്ല. വ്യക്തിപരമായ ഇച്ഛകൾ നടപ്പിലാക്കാനോ, സ്വതന്ത്രമായ അഭിപ്രായപ്രകടനം നടത്താനോ തുനിയുന്ന സ്ത്രീ കളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന സമൂഹം അവളുടെ വ്യക്തിത്വത്തിനു തെല്ലും വിലകല്പിക്കാൻ കൂട്ടാക്കുന്നില്ല. എന്നു മാത്രമല്ല: കുറ്റപ്പെടുത്തലും അവഗണനയും ശാരീരികാക്രമങ്ങളുമാണ് സമൂഹ ത്തിൽ നിന്നു കിട്ടുന്നത്. ഇതിനെതിരെ വിദ്യാഭ്യാസവും അറിവും സ്വാതന്ത്ര്യബോധവുമുള്ള സ്ത്രീകൾ സംഘടിക്കുവാനും ഭാരതീയ സ്ത്രീകളുടെ മോചന ത്തിനു നേതൃത്വം കൊടുക്കുവാനും രംഗത്തു വന്നിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ വനിതാ വിഭാഗ ങ്ങളും, സ്ത്രീകളുടെ മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ സന്നദ്ധസംഘടനകളും കേരളത്തിലങ്ങോ ളമിങ്ങോളം പ്രവർത്തിച്ചു വരുന്ന മഹിളാസംഘങ്ങളും വഴി ഒട്ടേറെ സ്ത്രീകൾ സാമൂഹ്യരംഗത്തു പ്രവർത്തനം നടത്തിവരുന്നുണ്ട്. സ്ത്രീകളുടെ സാമൂഹ്യ സുരക്ഷി തത്വം ഉറപ്പാക്കാൻ വേണ്ടി ഒരു വനിതാ കമ്മീഷനും നിയമിതമായിട്ടുണ്ട്. ഈ പൊതു ചിത്രത്തിൻെറ പ്രതിഫലനം തന്നെയാണ് കുമാരനല്ലൂർ ഗ്രാമ പഞ്ചായത്തിലുമുള്ളത്.

കുമാരനല്ലൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി സ്വപ്നം കണ്ട ക്ഷേമരാഷ്ട്രം ലക്ഷ്യമാക്കി നടപ്പാക്കിയ പഞ്ചായത്തിരാജ് നിയമം പ്രാദേശിക ഭരണ തലങ്ങളി ലേക്കുള്ള തെരഞ്ഞെടുപ്പിൽ 33 ശതമാനം സീറ്റുകൾ വനിതകൾക്കു സംവരണം ചെയ്യുമെന്നു ഉറപ്പാക്കി, ഇതിൻെറയടിസ്ഥാനത്തിൽ 1995-ൽ ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ 14 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 5 വാർഡുകൾ വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ള വാർഡുകളും പ്രതിനിധികളും.

| ക്രമ നമ്പർ | പേര് | വാർഡ് | സ്ഥലം |
|---|---|---|---|
| 1. | സി.എൻ വാസന്തിക്കുട്ടി | 2 | കുമാരനല്ലൂർ ഈസ്റ്റ് |
| 2. | രമാദേവീ രവീന്ദ്രൻ | 4 | മള്ളൂശ്ശേരി |
| 3. | ജയശ്രീ പ്രസന്നൻ | 8 | നട്ടാശ്ശേരി വെസ്റ്റ് |
| 4. | ചിന്നമ്മ വർഗ്ഗീസ് | 11 | പെരുമ്പായിക്കാട് |
| 5. | ആലീസ് ജോസഫ് | 13 | ഗാന്ധിനഗർ സൗത്ത്. |

വിദ്യാസമ്പന്നതയുടെ കാര്യത്തിലും അറിവിൻെറ ലോകത്തും വനിതകളാണു മുൻപന്തിയിലെങ്കിലും ഉദ്യോഗതലത്തിലും പൊതു രംഗങ്ങളിലും രണ്ടാം സ്ഥാനമേ വനിതകൾക്കുള്ളൂ. വനിതാ ക്ഷേമത്തിനു വേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ ഭൂരിഭാഗവും വനിതകൾ പോലും അറിയുന്നില്ല. ഗ്രാമീണ തലത്തിൽ വനിതാ ക്ഷേമപദ്ധതികൾ പ്രാവർത്തികമാക്കിയാൽ മാത്രമേ വനിതാ വിമോചനം സാധ്യമാകൂ. വിശേഷാൽ ഗ്രാമസഭകളിൽ വനിതാ പ്രാതിനിധ്യം വിളിച്ചറി യിക്കുകയും വനിതാഗ്രൂപ്പുകൾ രൂപികരിക്കുകയും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്ത തിലൂടെ വനിതകളുടെ അംഗീകാരം വർദ്ധിച്ചു. അഭ്യ സ്തവിദ്യരും തൊഴിൽ രഹിതരുമായ സ്ത്രീകളുടെ അഭിരുചിയ്ക്കനുസരിച്ചുള്ള തൊഴിൽ സാധ്യതകളും തൊഴിൽ പരിശീലനസാധ്യതകളും വർദ്ധിപ്പിച്ചാൽ മാത്രമേ കാലാകാലങ്ങളായി അടിച്ചമർത്തപ്പെട്ട വനിതാസമൂഹത്തെ ഉയർത്തെഴുന്നേൽപ്പിക്കുവാൻ സാധിക്കൂ. സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിൽ മുൻ പന്തിയിൽ അക്കാമ്മ ചെറിയാൻ, എ.വി. കുട്ടിമാളുവമ്മ ക്യാപ്റ്റൻ ലക്ഷ്മി. എൻ. മേനോൻ എന്നീ ധീര വനിതകൾ രാജ്യത്തിനുവേണ്ടി സ്വജീവിതം



□ഗ്രാമസഭയിലെ ഗ്രൂപ്പുചർച്ച - വനിതാക്ഷേമം.

ഉഴിഞ്ഞുവച്ചു. അശരണരുടെ അമ്മയായ മദർ തെരേസയുടെ ജീവിതചര്യകൾ വനിതകൾക്ക് എന്നും പ്രചോദനം നൽകുന്നു.

ഗ്രാമങ്ങളിലെ ഭവനങ്ങളിൽ ശാന്തിയും സമാധാനവും കളിയാടാൻ മദ്യവിമുക്തമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കേണ്ടതും അവശ്യഘടകമാണ്. കുമാരനല്ലൂർ ഗ്രാമ പഞ്ചായത്ത് മദ്യവിമുക്തമാക്കാൻ ഈ പഞ്ചായത്തിലെ വനിതാസമൂഹം ആഗ്രഹിക്കുന്നു. ഇതു പ്രാവർത്തികമാക്കുവാൻ എല്ലാവിഭാഗം ജനങ്ങളുടേയും പൊതുപ്രവർത്തകരുടേയും സാമൂഹിക രാഷ്ട്രീയ പ്രവർത്തകരുടേയും സഹകരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

## വനിതാമേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ

1. സർക്കാർ മേഖലകളിൽ ഒഴികെ എല്ലാമേഖലകളിലും സ്ത്രീകൾ അവഗണനനേരിടുന്നു.
2. പുരുഷന്മാരിലുള്ള മദ്യാസക്തി സ്ത്രീകളെ അസ്വസ്ഥരാക്കുന്നു.
3. സ്ത്രീകൾക്കുവേണ്ടിയുള്ള യാതൊരു വിധ തൊഴിൽ പരിശീലനവും പ്രാവർത്തികമായിക്കാണുന്നില്ല.
4. രക്ഷിതാക്കൾ ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ കൂടുതൽ താല്പര്യം കാണിക്കുന്നു.
5. പുരുഷന്മാരോടൊപ്പം തൊഴിൽ ചെയ്തിട്ടും തുല്യവേതനം ലഭിക്കുന്നില്ല.
6. കുടുംബങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനു തടസ്സമാകുന്നു.
7. കാലാകാലങ്ങളിൽ സർക്കാരിൻെറ പല വനിതാക്ഷേമ പദ്ധതികളും താഴേക്കിടയിലുള്ള സ്ത്രീകളിൽ എത്തുന്നില്ല.
8. അംഗനവാടി-ബാലവാടി എന്നിവിടങ്ങളിൽ പണിയെടുക്കുന്നവർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. ഈ കേന്ദ്രങ്ങളിലൊന്നും യാതൊരുവിധ പ്രാഥമിക സൗകര്യങ്ങളും ലഭ്യമല്ല.
9. അശ്ലീല പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റു പരസ്യ മാധ്യമങ്ങളിലൂടെയും സ്ത്രീസമൂഹത്തെ അപമാനിതരാക്കുന്നു.
10. വിദ്യാസമ്പന്നരെങ്കിലും സ്ത്രീകളിൽ അന്ധവിശ്വാസം പെരുകുന്നു.
11. സ്ത്രീസമൂഹം ഒന്നിച്ചു നിൽക്കേണ്ടതിൻെറ പ്രാധാന്യം സ്ത്രീകൾക്ക് മനസ്സിലാകുന്നില്ല.

## പരിഹാരനിർദ്ദേശങ്ങളും തൊഴിൽ നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതകൾക്കുവേണ്ടി തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
2. ഓരോ വാർഡിലും മിനിമം 10 വനിതകളെയെങ്കിലും സംഘടിപ്പിച്ച് വനിതായൂണിറ്റുകൾ രൂപീകരിക്കുക.
3. കൈത്തൊഴിലുകളിൽ പ്രാവീണ്യരായവരെ കണ്ടെത്തി തൊഴിൽ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
4. വിറകിൻെറ ക്ഷാമം പരിഹരിക്കുന്നതിലേക്കായി ഓരോ വാർഡിലും പാചക(പുകയില്ലാത്ത) അടപ്പുകൾ വിതരണം ചെയ്യുക.
5. തുല്യതൊഴിലിനു തുല്യവേതനം ലഭിക്കണം.
6. കോളനി നിവാസികളായ സ്ത്രീകൾക്ക് എല്ലാ ഭവനങ്ങളിലും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.
7. പഞ്ചായത്തിനെ രണ്ടു കേന്ദ്രങ്ങളായിത്തിരിച്ച് രണ്ടു മാവേലി സ്റ്റോറുകൾ ആരംഭിക്കുക.
8. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ആരംഭിക്കുക.
9. കൈത്തൊഴിലുകളിലും പരമ്പരാഗത തൊഴിലിലും പരിചയമുള്ള സ്ത്രീകളെ കണ്ടെത്തി സ്വയം തൊഴിലിന് കുറഞ്ഞ പലിശ നിരക്കിൽ സാമ്പ ത്തിക സഹായം ലഭ്യമാക്കുക.
10. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു വനിതാ സഹകരണസംഘം രൂപീകരിക്കുക.
11. വിധവകൾ, നിരാലംബരായ സ്ത്രീകൾ എന്നിവരെ പുനരധിവസിപ്പിക്കുക. അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ തുടങ്ങി സാമ്പത്തിക സഹായം ലഭ്യമാക്കുക.
12. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വിത്തുകളും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുക.
13. സ്ത്രീകളുടെ സാമൂഹ്യപദവി ലക്ഷ്യമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ ആരംഭിക്കുക.
14. പഞ്ചായത്തീതലത്തിൽ പുതിയതായി ആരംഭിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ രണ്ടുയൂണിറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യണം.

വിധവാപെൻഷൻ ലഭിക്കുന്നതിന് വിധവയെന്ന ആ പരിഗണനമാത്രം കണക്കാക്കി നൽകേണ്ടതാണ്. മറിച്ച് ആൺമക്കളുടെ വരുമാനമോ കുടുംബവരുമാനമോ പരിഗണിക്കരുത്.

സ്ത്രീകളിൽ സാമൂഹികവും സാംസ്ക്കാരികവുമായ വളർച്ച ത്വരിതപ്പെടുത്തുന്നതിനു ഗ്രാമീണതലത്തിൽ വനിതാസമാജങ്ങളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ച് സ്ത്രീകളിൽ ഒളിഞ്ഞുകിടക്കുന്ന എല്ലാ വിധ കഴിവുകളേയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുവാൻ നമുക്കു കഴിയണം. ഈ വിധത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ആറാം വാർഡ് നട്ടാശ്ശേരി കേന്ദ്രീകരിച്ച് ഒരു വനിതാ വായനശാല ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. നട്ടാശ്ശേരി 9-ാം വാർഡു കേന്ദ്രീകരിച്ച് ഒരു മഹിളാ സൊസൈറ്റി പ്രവർത്തിക്കുന്നു. 10-ാം വാർഡു കേന്ദ്രീകരിച്ച് ഒരു വനിതാമെറ്റൽ യൂണിറ്റ് പ്രവർത്തിക്കുന്നു. 11-ാം വാർഡ് കേന്ദ്രീകരിച്ച് കസ്തൂർബാ മഹിളാ കേന്ദ്രം (തയ്യൽ പരിശീലനം)പ്രവർത്തിക്കുന്നു. 13-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു വനിത കറിപൗഡർ കേന്ദ്രം പ്രവർത്തിക്കുന്നു.

## പഞ്ചായത്ത്തല വനിതായൂണിറ്റുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | കേന്ദ്രം | യൂണിറ്റ് | വാർഡ് | സ്ത്രീകൾ | കുടുംബം |
|---|---|---|---|---|---|---|
| 1 | വനിതാ വായനശാല | നട്ടാശ്ശേരി | | 6 | 436 | 310 |
| 2 | നെല്ലുകുത്ത് ധാന്യം പൊടിക്കൽ യൂണിറ്റ് | നട്ടാശ്ശേരി | സർവ്വോദയം | 9 | 10 | 10 |
| 3 | മെറ്റൽ ഉത്പാദനം | പാറമ്പുഴ | | 10 | 10 | 10 |
| 4 | തയ്യൽ പരിശീലന കേന്ദ്രം | സംക്രാന്തി | കസ്തൂർബാ | 11 | 50 | 30 |
| 5 | കറിപൗഡർ യൂണിറ്റ് | ഗാന്ധിനഗർ | | 13 | 15 | 15 |

വനിതകളുടെതുമാത്രമായി 5 തൊഴിൽ സ്ഥാപന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. സ്ത്രീകൾക്കുനേരെയുള്ള ആക്രമണങ്ങളും പീഡനങ്ങളും ഈ പഞ്ചായത്തിൽ പൊതുവേ കുറവാണ്. മുൻകാ ലങ്ങളിൽ നടന്നസാക്ഷരതാപ്രവർത്തനം സ്ത്രീകളിൽ വലിയ അളവിൽ ഇതിനെ സഹായിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതി വിവരക്കണക്കുകൾ

കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ ആകെ 49139 ജനസംഖ്യയുണ്ട്. ഇതിൽ ഇരുപത്തിഏഴായിരത്തി അറുനൂറ്റി എൺപത് (27680) സ്ത്രീകളാണ്.

| 5വയസ്സിൽ താഴെ വിദ്യാഭ്യാസം | പെൺകുട്ടികൾ | 2200 | S.S.L.C | P.D.C | ഉന്നത വിദ്യാഭ്യാസം |
|---|---|---|---|---|---|
| 5നും 15നും ഇടയിൽ | പെൺകുട്ടികൾ | 5316 | | | |
| 15 നും 60നും ഇടയ്ക്ക് | സ്ത്രീകൾ | 13716 | | | |
| 60 വയസ്സിനു മേൽ | സ്ത്രീകൾ | 6448 | | | |
| അഭ്യസ്തവിദ്യർ 18 നും 35 നും, ഇടയിൽ പ്രായമായ അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരും | | 5616 (ആകെ) | 2486 | 2018 | 1112 |
| 35 നുമേൽ 50 വരെ വിദ്യാഭ്യാസയോഗ്യ യുള്ള വനിതകൾ | | 2111 (ആകെ) | 1514 | 887 | 710 |

വനിതകളുടെ മാനസ്സിക അവസ്ഥയ്ക്കു ദോഷകരമാകുന്ന വിധത്തിൽ സമൂഹത്തിൽ വ്യാപകമായി വ്യാപിച്ചു കഴിഞ്ഞിരിക്കുന്ന മാരകമായ ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണമായി ഇല്ലാതായെങ്കിൽ മാത്രമേ കുടുംബങ്ങളിൽ സമാധാനം നിലനിൽക്കുകയുള്ളു.

പഞ്ചായത്ത് രൂപീകരണത്തിന് ശേഷം നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ഒരു വനിത വൈസ് പ്രസിഡൻറായി വന്നതും ശ്രദ്ധേയമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗവികസനം (പ്രത്യേക വിഷയഗ്രൂപ്പ്)

ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിൽ പിന്തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസരംഗങ്ങളിൽ ഇതര വിഭാഗങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവരുന്നതിനായി ഇൻഡ്യൻ ഭരണഘടനയിൽ പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ സമുദായങ്ങളാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർ. കേരളത്തിൽ ഇങ്ങനെയുള്ള 71 സമുദായങ്ങളെ(ഉപജാതികൾ) പട്ടികജാതി ലിസ്റ്റിലും 38 സമുദായങ്ങളെ പട്ടികവർഗ്ഗലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെയുണ്ടായിട്ടുള്ള പദ്ധതികളിൽ നിന്നും വ്യത്യസ്ഥമായി ഗുണഭോക്താക്കളായവർ തന്നെ പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുന്ന 'ജനകീയ ആസൂത്രണ' പ്രക്രിയ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ ഇവിടുത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ തയ്യാറാണ്.

കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നടന്ന വിശേഷാൽഗ്രാമ സഭകളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ-ഭൂമി, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം എന്നീരംഗങ്ങളിലെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

. ജനസംഖ്യ – നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 49139 ആണ്. ഇതിൽ 3082 പേർ പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 5.89% ആണ്. ഇതിൽ 1652 പുരുഷന്മാരും 1430 സ്ത്രീകളുമാണ്. ഉപജീവനത്തിനായുള്ള കഠിനാദ്ധ്വാനത്തിൻെറ ഫലമായി സ്ത്രീകളുടെ ആയുർദൈർഘ്യം കുറവായതാണ് സ്ത്രീ-പുരുഷ അനുപാതത്തിൽ സ്ത്രീകളുടെ എണ്ണം പൊതു അനുപാതത്തെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നത്. പഞ്ചായത്തിലെ 9-ാം വാർഡിൽ ഭാര്യയും ഭർത്താവും, രണ്ട് കുട്ടികളും ഉള്ള ഒരു കുടുംബവും – 4-ാം വാർഡിൽ ഭാര്യയും ഭർത്താവും, മൂന്ന് മക്കളും ഉള്ള ഒരു കുടുംബവും ഉൾപ്പെടെ രണ്ടു പട്ടികവർഗ്ഗകുടുംബങ്ങളാണ് ഉള്ളത്. പട്ടികജാതിക്കാരിൽ ഹിന്ദുചേരമർ, ഹിന്ദുഭരതർ, ഹിന്ദുസാംബവർ, ഹിന്ദുവേടർ, ഹിന്ദുമണ്ണാൻ, ഹിന്ദുവേലൻ എന്നീ 6 ഉപജാതികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

പട്ടിക – 10–1 [അവലംബം – ദ്വിതീയ വിവരശേഖരണം]

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പട്ടിക ജാതി-പട്ടികവർഗ്ഗക്കാർ തിരിച്ചുള്ള കണക്ക്




പട്ടിക ജാതിക്കാരുടെ സമുദായം




### ഭൂമിയുടെ ഉടമസ്ഥത

ഗ്രാമപഞ്ചായത്തിലെ മൊത്തം 4544.25 ഏക്കർ ഭൂവിസ്തൃതിയിൽവെറും 39.14 ഏക്കർ മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായുള്ളത്. 2 സെൻറു മുതൽ പരമാവധി 50 സെൻറുവരെയുള്ള തുണ്ടുഭൂമിയാണ്. ഇതിൽ ഏറിയ പങ്കും കോളനികളായി ലഭിച്ചിട്ടുള്ളത്, കുടികിടപ്പവകാശമായി കിട്ടിയതും പുറമ്പോക്കു പതിച്ചുകിട്ടിയതും ചെറിയൊരു പങ്ക് പിൻ തുടർച്ച അവകാശമായി ലഭിച്ചിട്ടുള്ളതുമാകുന്നു. മേൽ പറഞ്ഞ 39.14 ഏക്കർ ഭൂമി 468 കുടുംബങ്ങളുടെ കൈവശമുള്ളതാണ്. 2 സെൻറ്



□ഗ്രാമസഭയിലെ ഗ്രൂപ്പുചർച്ച പട്ടികജാതി-വർഗ്ഗ വികസനം.

ഭൂമി പോലും സ്വന്തമായി കിട്ടുവാനില്ലാത്ത കുടുംബ ങ്ങളുടെ എണ്ണം 137 ആണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ശരാശരി ആളോഹരി ഭൂമി 9.248 സെൻറാണ്. എന്നാൽ പട്ടിക ജാതി-പട്ടികവർഗ്ഗത്തിൻെറ ശരാശരി ആളോഹരിവിഹിതം 1.269 സെൻറാണ്.

ചാർട്ട് 10-2 ആളോഹരി ഭൂമി (അവലംബം-പ്രാഥമിക പഠനം)

| | | | |
|---|---|---|---|
| മൊത്തം ജനസംഖ്യ | 49139 | പട്ടികജാതി-പട്ടികവർഗ്ഗം 3082 | മറ്റുള്ളവർ 46057 |
| ഭൂമി(സെൻറ്) | 454425 | 3914 | 450511 |
| ആളോഹരി (സെൻറ്) | 9.249 | 1,269 | 9.782 |




ചാർട്ട് ഭൂഉടമസ്ഥത(കുടുംബങ്ങളുടെ എണ്ണം)

## പാർപ്പിടം

പഞ്ചായത്തിലെ 12-ാം വാർഡിലെ പള്ളിപ്പുറം കോളനിയും 14-ാം വാർഡിലെ പട്ടത്താനം കോളനിയും ആണ് 2 പട്ടികജാതി കോളനികൾ. പള്ളിപ്പുറം കോളനിയിൽ 6 വീടുകൾ ഉണ്ട്. പഞ്ചായത്തിൽ നിന്നുള്ള ധന സഹായവും സ്വന്തപ്രയത്നവും കൊണ്ട് പണിതിട്ടുള്ള ഈ വീടുകളിൽ മൊത്തം 9 കുടുംബങ്ങൾ താമസിക്കുന്നു. പട്ടത്താനം കോളനിയിൽ 26 സെൻറ് സ്ഥലത്തായി 12 കുടുംബങ്ങൾ താമസിക്കുന്നു.

പഞ്ചായത്ത് പണം മുടക്കി 9 വീടുകൾ പണിതിട്ടുണ്ട്. കോട്ടയം നിർമ്മിത കേന്ദ്രം ഏറ്റെടുത്ത് പണി തീർത്ത ഈ വീടുകൾ ചോർന്നൊലിക്കുന്നതും മേൽക്കൂര ഗുണം കുറഞ്ഞ തടികൾകൊണ്ട് പണിതിട്ടുള്ളതും താമസയോഗ്യമല്ലാത്തതുമാണ്. വീടുകളെ സംബന്ധിച്ച് കോളനി നിവാസികൾ ഒപ്പിട്ട പരാതികൾ കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതാണ്. ഇതുവരെയും മേൽനടപടികൾ ഉണ്ടായിട്ടില്ല. ഈ രണ്ടു കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ പരിമിതമാണ്. വൈദ്യുതി എത്തിയിട്ടില്ല. കുടിവെള്ളം ദുർലഭമാണ്. പട്ടത്താനം കോളനിയിൽ ഒരു കിണർ ഉണ്ടെങ്കിലും അടിത്തട്ട് പാറ ആയതിനാൽ മഴക്കാലം ഒഴിച്ചിട്ടുള്ള 8 മാസവും വെള്ളം കിട്ടാറില്ല.

പഞ്ചായത്തിലെ അഞ്ച്-ലക്ഷ് വീട് കോളനികളി ലും ഒരു ചേരി നിർമ്മാർജ്ജന കോളനിയിലുമായി മൊത്തം 94 വീടുകൾ പട്ടികജാതിവിഭാഗത്തിനുണ്ട്. ഈ വീടുകളിൽ 150ന് മേൽ കുടുംബങ്ങൾ താമസിക്കുന്നു. ലക്ഷം വീടുകോളനികൾ വൈദ്യുതീകരിച്ചതാണ്. പബ്ലിക്ക് ടാപ്പുകൾ ഉണ്ടെങ്കിലും ആവശ്യത്തിന് വെള്ളം കിട്ടാറില്ല. ഈ കോളനികൾ കുന്നിൽ പ്രദേശങ്ങളിലായതിനാൽ കിണർ പ്രായോഗികമല്ല. ചേരി നിർമ്മാർജ്ജന കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല. എല്ലാ കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ പരിമിതമാണ്. വീടുകൾ കേടുപാടുകൾ വന്നതും അപകട സാദ്ധ്യത ഉള്ളവയും ആണ്. വിനോദത്തിനുള്ള സൗകര്യങ്ങൾ ഒന്നും ഇല്ല.

സ്വന്തമായ തുണ്ടു ഭൂമികളിൽ വീടുവച്ചു താമസിക്കുന്ന 233 കുടുംബങ്ങൾ ഉണ്ട്. ഈ വീടുകളിൽ ഭൂരിഭാഗവും N.R.E.P, R.L.E.G.P, I.A.Y, J.R.Y, പ്രത്യേക ഘടകപദ്ധതി തുടങ്ങിയ പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ള തിരിച്ചടവില്ലാത്ത ധനസഹായം കൊണ്ട് പണിതിട്ടുള്ളവയാണ്. പ്രായപൂർത്തിയായ ആൺമക്കൾ വിവാഹം ചെയ്ത് ഒരേ വീട്ടിൽ താമസിക്കേണ്ടി വരുന്നതിനാൽ കുടുംബങ്ങളുടെ എണ്ണം വീടുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ എണ്ണം 137 ആണ്. 7 കുടുംബങ്ങളിൽ കൂടുതൽ തിങ്ങി പാർക്കുന്ന മറ്റു പ്രദേശങ്ങൾ (കോളനികൾ) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 6-ാം വാർഡിൽ | – നാഗമ്പടം ആറ്റുമാലി കോളനി |
| 8-ാം വാർഡിൽ | – പാപ്പാലിൽ കോളനി (കാലടി മനയ്ക്കു കിഴക്കുവശം) |
| 9-ാം വാർഡിൽ | – ഇഞ്ചേരികുന്ന് കോളനി |
| | – മരങ്ങാട്, ചെറുവിരലിൽ കോളനി |
| 10-ാം വാർഡിൽ | – അർത്യാകുളം കുന്ന് കോളനി |
| | – തോട്ടയ്ക്കാട്ട് കോളനി |
| | – മുഞ്ഞുള്ളിമാലി കോളനി |
| 11-ാം വാർഡിൽ | – മുള മലകുന്ന് കോളനി |
| 12-ാം വാർഡിൽ | – ഇടത്തിനകം കോളനി |

മേൽ പറഞ്ഞിട്ടുള്ള ഒമ്പത് പ്രദേശങ്ങൾ നിലവിലുള്ള മാനദണ്ഡപ്രകാരം പട്ടിക ജാതികോളനികളാണ്.

ഇവിടെയുള്ള വീടുകളിൽ ഭൂരിഭാഗവും വൈദ്യുതീകരിച്ചതാണ്. എന്നാൽ കുടിവെള്ളവും പ്രാഥമിക സൗകര്യങ്ങളും ഇനിയും ലഭിച്ചിട്ടില്ല. കേടുപാടുകൾ വന്ന വീടുകളുടെ അറ്റകുററ പണികൾ ചെയ്യുവാനുള്ള സഹായങ്ങൾ നൽകിയിട്ടില്ല.

വിദ്യാഭ്യാസം – പഞ്ചായത്തിലെ 12 സ്കൂളുകളിലായി 261 ആൺകുട്ടികളും 204 പെൺകുട്ടികളും ഉൾപ്പെടെ 465 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സാക്ഷരതാ പരിപാടികൾ വിജയകരമായി നടപ്പാക്കിയ പഞ്ചായത്താണിത്. എഴുത്തും വായനയും പഠിച്ചവർ മുതൽ ബിരുദധാരികളും അതിനുമേൽ വിദ്യാഭ്യാസം ഉള്ളവരും ഇവിടെയുണ്ട്. പഞ്ചായത്തിനു വെളിയിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ കണക്ക് കൃത്യമായി ലഭ്യമല്ല. 10–ാം ക്ലാസ്സിനു താഴെയുള്ള ക്ലാസ്സുകളിൽ കുട്ടികൾ കൊഴിഞ്ഞു പോകുന്നുണ്ട്. കുറഞ്ഞ മാർക്കു നേടിയാണ് പത്താം ക്ലാസ്സിലെ വിജയം. എസ്.എസ്.എൽ.സി പാസ്സാകുന്നവരിൽ 8% പേർ മാത്രമേ ഉന്നതവിദ്യാഭ്യാസം നേടുന്നുള്ളു പഠന സൗകര്യങ്ങളുടെ കുറവും വീട്ടിലെ ദുഃസ്ഥിതിയും നിലവാരകുറവും കാരണമാകുന്നു. ഏറ്റുമാനൂർ ബ്ലോക്കിൽ നിന്നും ഈ പഞ്ചായത്തിൽ പ്രതിവർഷം മെട്രിക്കുലേഷനു മുകളിലുള്ള 2 വിദ്യാർത്ഥികൾക്കുവീതം പഠനോപകരണങ്ങൾ (മേശ, കസേര) നൽകിവരുന്നുണ്ട്. അർഹതയുള്ള വരെ പഞ്ചായത്ത് ഭരണ സമിതിയാണ് തെരഞ്ഞെടുക്കുന്നത്. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് വർഷംതോറും ഗണ്യമായ തുക ചിലവിടുന്നുണ്ടെങ്കിലും പട്ടികജാതി –പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി ഒരു പൈസയും ചിലവഴിക്കുന്നില്ല.

### ചാർട്ട് 10-3 ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെൻറ് മർസലിനാസ്– നട്ടാശ്ശേരി | – | 50 | 50 | – | 9 | 9 | – | 1 | 1 |
| 2. | എസ്.എച്ച്.എം.– നട്ടാശ്ശേരി | 70 | – | 70 | 4 | – | 4 | – | – | – |
| 3. | ഡി.വി.എച്ച്.എസ്.– കുമാരനല്ലൂർ | 40 | 33 | 73 | 1 | 6 | 7 | 1 | | 1 |
| 4. | എച്ച്.എഫ്.എച്ച്.എസ്. പാറമ്പുഴ | 77 | 64 | 141 | 4 | 3 | 7 | – | 1 | 1 |
| 5. | ഗവ:യുപി.എസ്.– കുമാരനല്ലൂർ | – | – | – | – | – | – | – | – | – |
| 6. | ഗവ: യു.പി.എസ്.–പുത്തേട്ട് | 21 | 21 | 42 | 3 | 2 | 5 | – | – | – |
| 7. | ഡി.വി.എൽ.പി.– കുമാരനല്ലൂർ | 11 | 10 | 21 | – | – | – | – | – | – |
| 8. | ഹോളിഫാമിലി എൽ.പി– ഇടയാടി | 7 | 2 | 9 | – | – | – | – | – | – |
| 9. | സെൻറ്. മാത്യൂസ് എൽ.പി.– നട്ടാശ്ശേരി | 5 | 8 | 13 | 1 | – | 1 | – | – | – |
| 10. | ഗവ:ഡി.വി.എൽ.പി.– പാറമ്പുഴ | 11 | 3 | 14 | 1 | – | 1 | – | – | – |
| 11. | എസ്.എൻ.എൽ.പി.– സംക്രാന്തി | 14 | 9 | 23 | 1 | 1 | 2 | – | – | – |
| 12. | സെൻറ് തോമസ് എൽ.പി.– മള്ളൂശ്ശേരി | – | – | – | – | – | – | – | – | – |
| 13. | ഗവ:എൽ.പി.എസ്.– മുടിയൂർക്കര | 5 | 4 | 9 | – | – | – | – | – | – |
| 14. | എൻ.എസ്.എസ്.(ഇംഗ്ലീഷ് മീഡിയം) | – | – | – | – | – | – | – | – | – |
| | ആകെ | 261 | 204 | 465 | 15 | 21 | 36 | 1 | 2 | 3 |

[അവലംബം – ദ്വിതീയ വിവരശേഖരണം]

ചാർട്ട് 10–4 – കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിദ്യാഭ്യാസത്തിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം

[അവലംബം - ഗ്രാമപഞ്ചായത്ത് രേഖകൾ]

| വർഷം | ഉച്ച കഞ്ഞി രൂപാ | യൂണി ഫോറം രൂപാ | ക്യാഷ് അവർഡ് രൂപാ | മൊത്തം രൂപാ |
|---|---|---|---|---|
| 1993–94 | 7147 | 9464 | 2550 | 19161 |
| 94–95 | 12883 | 9933 | 2550 | 25366 |
| 95–96 | 15370 | 11700 | 1200 | 28270 |
| പട്ടിക വിഭാഗം | – | – | – | – |

തൊഴിൽ – നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം പട്ടികജാതിക്കാരും കർഷക തൊഴിലാളികളാണ്. ഭക്ഷ്യവിളകൾ ആദായകരമല്ലാതെ വന്നതിനാൽ കർഷകർ താരതമ്യേന ആദായകരമായ നാണ്യവിള കളിലേക്ക് തിരിഞ്ഞു. റബ്ബർ, കൊക്കോ തുടങ്ങിയ ഈ കൃഷികൾക്ക് ആവർത്തിച്ചുള്ള പണികൾ ഇല്ലാത്തതിനാൽ കർഷകതൊഴിലാളി കൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. നെൽപ്പാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ അവശേഷിക്കുന്ന നിലങ്ങൾ തരിശ് ഇടുന്നതിനാൽ തൊഴിലവസരങ്ങൾ കുറഞ്ഞു. ഇക്കാരണത്താൽ തൊഴിലാളികൾ കൂടുതലായി കെട്ടിടനിർമ്മാണ രംഗത്തേക്ക് പണി തേടിപോകുന്നു. ഏതാണ്ട് 50 വയസ്സിനുമേൽ പ്രായമുള്ളവരും ആരോഗ്യം കുറഞ്ഞവരുമായ ആളുകൾ മാത്രമാണ് വല്ലപ്പോഴും കിട്ടുന്ന കൃഷിപ്പണികൾക്കായി കാത്തിരിക്കുന്നത്. കൂലിയിലുള്ള പ്രകടമായ വ്യത്യാസവും തൊഴിലാളികളെ നിർമ്മാണ മേഖലകളിലേക്ക് ആകർഷിക്കുന്നു.

പരമ്പരാഗത തൊഴിലുകളായ മുറം, കൊട്ട, പായ, പനമ്പ്, ചൂരൽകെട്ട് തുടങ്ങിയ രംഗങ്ങളിലും ഇപ്പോൾ തൊഴിലാളികൾ നന്നേ കുറവാണ്. ഈറ്റ, ചൂരൽ മുതലായ അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറവും ഈ രംഗത്ത് വൻ മുതൽ മുടക്ക് ആവശ്യമായി വന്നതുമാണ് ഈ ദുസ്ഥിതിക്ക് കാരണം. മറ്റാളുകൾ മുതൽ മുടക്കി നടത്തുന്ന സ്ഥാപനങ്ങളിൽ പരിമിതമായ എണ്ണം ആളുകൾ കൂലിപ്പണി ചെയ്ത് ജീവിക്കുന്നു. തെങ്ങുരോഗത്താൽ നാളികേര ഉല്പാദനം കുറയുകയും തെങ്ങുകൃഷികുറയുകയും ചെയ്തതിനാൽ തെങ്ങുകയറ്റ തൊഴിലാളികൾക്കും പണി ഇല്ലാതായി. അലക്കു തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ വ്യാപനത്തോടെ തൊഴിൽ നഷ്ടമായി. ഈ രംഗത്ത് മുതൽ മുടക്കുവാൻ കെൽപ്പുള്ളവർ കടന്നു വന്ന് യന്ത്രങ്ങളുപയോഗിച്ച് നടത്തുന്ന സ്ഥാപനങ്ങളിൽ ചുരുക്കം ചിലർക്ക് പണികിട്ടുന്നുണ്ട്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ എണ്ണം 79 (കുടുംബങ്ങൾ) ആണ്. ഈ പദ്ധതി പ്രകാരം 6,000/– രൂപ സബ്സിഡി ലഭിച്ചിട്ടുള്ള കുടുംബങ്ങളെ ഒഴിവാക്കിയുള്ള കണക്കാണിത്. യഥാർത്ഥത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ഇതിന്റെ നാലിരട്ടിയാണ്. ഈ വായ്പകളുപയോഗിച്ച് ആരംഭിച്ചിട്ടുള്ള തൊഴിലുകൾ പലതും ലാഭകരമായി തുടർന്നു കൊണ്ടു പോകുവാൻ പ്രയാസമുള്ളതുമാണ്.

ചാർട്ട് 10-5 ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി- പട്ടികവർഗ്ഗക്കാർ

[അവലംബം - ഐ. ആർ.ഡി.പി. സർവ്വേ ലിസ്റ്റ്]

| വർഷം | ദാരിദ്ര്യരേഖക്കുതാഴെ | | | ധനസഹായം ലഭിച്ചവർ | | | തുക (ലക്ഷം) പട്ടികജാതിക്ക് | | | |
|---|---|---|---|---|---|---|---|---|---|---|
| | പട്ടിക ജാതി | മറ്റുള്ളവർ | ആകെ | പട്ടിക ജാതി | മറ്റുള്ളവർ | ആകെ | സബ്സിഡി | വായ്പ്പ | സബ് സിഡി രൂപ | വായ്പ്പ രൂപ |
| 1992–93 | 22 | 1419 | 1441 | 20 | 29 | 49 | 2..72 | 5.14 | – | – |
| 93–94 | – | – | – | 9 | 58 | 67 | 1.20 | 3.68 | – | – |
| 94–95 | – | – | – | 11 | 18 | 29 | 1.30 | 3.48 | 36650 | 71260 |
| 95–96 | 57 | 796 | 853 | 9 | 34 | 43 | 1.82 | 6.89 | 40000 | 75880 |

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരായി വെറും 42 പേർമാത്രം(1.5%)

കൃഷിഭവൻ – കൃഷിഭവൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളായി 105 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5 സെൻറിൽ കുറയാത്ത ഭൂമിയുള്ളവരാണ് രജിസ്റ്റർ ചെയ്യുവാൻ അർഹതയുള്ളവർ 1991 മുതൽ കാർഷിക ഉപകരണങ്ങൾ തെങ്ങിൻ തൈ, പച്ചക്കറിവിത്ത്, ഇഞ്ചിവിത്ത്, മഞ്ഞൾ വിത്ത് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് കാർഷികമേഖലയിൽ സ്വയം തൊഴിലിനായി ആവിഷ്കരിച്ച പദ്ധതിയിൽ 8 യുവതീയുവാക്കളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1991 മുതൽ കൃഷി വികസന കമ്മറ്റിയിൽ പ്രവർത്തിച്ചിരുന്ന പട്ടികജാതി പ്രതിനിധിയും മറ്റ് അംഗങ്ങളും കൃഷിവികസന ഉദ്യോഗസ്ഥൻമാരും ആത്മാർത്ഥമായി പ്രവർത്തിച്ചതിൻെറ ഫലമാണ് ഇത്രയും ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചത്.

പട്ടിക 10–6 പഞ്ചായത്ത് കൃഷിഭവൻ മുഖേന സഹായം ലഭിച്ചിട്ടുള്ളവർ

[അവലംബം - ദ്വിതീയവിവരശേഖരണം]

| വർഷം | സഹായം ലഭിച്ചവർ (മൊത്തം 494 പേർക്ക്) | | | | | | |
|---|---|---|---|---|---|---|---|
| | മൺവെട്ടി | അരിവാൾ | സ്പ്രേയർ | ധാന്യകുറ്റി | കുടം | തെങ്ങും തൈ | രാസവളം |
| 1991–92 | 37 | – | 6 | – | – | 76 | – |
| 92–93 | – | – | – | 10 | – | – | 25 |
| 93–94 | 20 | 8 | 4 | – | – | – | – |
| 94–95 | – | – | 1 | 10 | 50 | – | – |
| 95–96 | – | – | 2 | – | – | 145 | 100 |

**സാമൂഹ്യബന്ധം** – നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജന്മി-അടിയാൻ ബന്ധം കേരളത്തിലെ ഭൂപരിഷ്ക്കരണ നിയമത്തോടുകൂടി ശിഥിലമായി. ആ ബന്ധത്തിൻെറ ഭീകരമായ ദോഷങ്ങൾ ഇല്ലാതായതോടൊപ്പം അല്പമായുണ്ടായിരുന്ന ഗുണങ്ങളും നഷ്ടമായി. പട്ടിക വിഭാഗങ്ങളുടെ അസ്ഥിത്വം അംഗീകരിക്കുവാനുള്ള വൈമുഖ്യമാണ് ഇന്നത്തെ സമൂഹത്തിൻെറ പ്രത്യേകത. സർക്കാർ തലത്തിൽ ഉള്ള അവകാശങ്ങളും ആനുകൂല്യങ്ങളും കള്ള സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കി കവർന്നെടുക്കുന്നവരും കുറവല്ല. സമൂഹത്തിൻെറ ഈ പ്രവണത പട്ടിക വിഭാഗങ്ങളെ സാമൂഹ്യമായി അവഹേളിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി അല്പമായെങ്കിലും ബന്ധപ്പെടുവാനും പ്രത്യക്ഷമായി അവഗണനകാട്ടാതിരിക്കുവാനും ശ്രദ്ധിക്കുന്നവർ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരും ജനപ്രതിനിധികളും മാത്രമാണ്. വിവാഹം തുടങ്ങിയ സാമൂഹ്യചടങ്ങുകളിൽ മറ്റു വിഭാഗക്കാർ സാന്നിധ്യം കൊണ്ട് സഹകരിക്കാറുണ്ടെങ്കിലും സദ്യകളിൽ പങ്കുകൊള്ളാറില്ല. ഇക്കാര്യത്തിൽ തൊട്ട് അയൽവാസികളായ മറ്റ് വിഭാഗക്കാരും രാഷ്ട്രീയകക്ഷിപ്രവർത്തകരും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. പട്ടിക വിഭാഗക്കാരെ കൊണ്ട് തങ്ങളുടെ കിണറുകളിൽ നിന്നും കുടിവെള്ളം കോരുവാൻ അനുവദിക്കാത്തവരും നമ്മുടെ പഞ്ചായത്തിൽ ചിലപ്രദേശങ്ങളിൽ ഉണ്ട്. എന്നാൽ ഈ വിഭാഗം സ്ത്രീകളെകൊണ്ട് തങ്ങളുടെ പാത്രങ്ങൾ കഴുകിക്കുന്നതിനും വസ്ത്രങ്ങൾ കഴുകിക്കുവാനും വീട് വൃത്തിയാക്കിക്കുന്നതിനും ഇക്കൂട്ടർ മടികാണിക്കാറില്ല. സമൂഹത്തിൻെറ ഈ ഹീനമായ പ്രവണത അവസാനിപ്പിച്ചാൽ മാത്രമേ പട്ടിക വിഭാഗങ്ങളേ സാമൂഹ്യധാരയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. പട്ടികജാതി-വർഗ്ഗ ജനപ്രതിനിധികൾ ഇക്കാര്യങ്ങളിൽ തങ്ങളുടെ കടമനിറവേറ്റുവാൻ തയ്യാറാകണം.

## സംസ്ക്കാരം

പട്ടികജാതി–പട്ടികവർഗ്ഗക്കാർ നൂറ്റാണ്ടുകളായി ജീവിതവൈഷമ്യങ്ങളോടേറ്റു മുട്ടിയും, എതിർശക്തികളുടെ ആക്രമണങ്ങൾക്ക് എതിരെയുള്ള ചെറുത്തുനില്പിൻേറയും അനുഭവങ്ങളിൽ നിന്നും തങ്ങൾ അറിയാതെ തന്നെ ഒരു സാംസ്ക്കാരിക തനിമ രൂപം കൊണ്ടു. പിന്നീട് ഇത് കലാസാഹിത്യരൂപം പ്രാപിച്ചു തലമുറകൾ പിൻ തുടർന്നു പോന്നു. പകലന്തിയോളം പാടത്ത് പണിയെടുക്കുന്ന സ്ത്രീകൾ പൊരി

വെയിലിൽ ജോലി ചെയ്തുതളരുമ്പോൾ ആശ്വാസത്തിനായി ഈണത്തിൽ ഉരുവിട്ട ശബ്ദങ്ങൾ ഞാറ്റുപാട്ടും കൊയ്തു പാട്ടും ആയി. വയലുകളിൽ വെള്ളം തേകി പാടുപെടുന്ന പട്ടികജാതിക്കാരൻ സ്വയം ആശ്വസിക്കുന്നതിനായി പുലമ്പിയ ശബ്ദങ്ങൾ തേക്കുപാട്ടുകളായി മാറി. ശത്രു വിഭാഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള കായിക പരിശീലനം രഹസ്യരൂപത്തിൽ നടത്തേണ്ടി വന്നതിനാൽ കോലുകളി എന്ന കലാരൂപം ഉണ്ടായി. അതുപോലെ ചാവുതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ തുടങ്ങി എത്രയോ കലാരൂപ ങ്ങളും നാടൻ പാട്ടുകളും ഈ സാംസ്ക്കാരിക തനിമയ്ക്ക് തെളിവായുണ്ട്. എന്നാൽ ഇന്ന് ഇവയെല്ലാം പോയ്മറയുന്നു. നാശോന്മുഖമാവുന്ന ഈ കലാരൂപങ്ങളെ പരിരക്ഷിച്ച് ആവശ്യമായ പ്രോത്സാഹനം നല്കി വളർത്തണം.

കോലുകളിയിലും ശീതങ്കൻ തുള്ളലിലും പ്രാവീണ്യമുള്ള കലാകാരന്മാർ ഈ പഞ്ചായത്തിലെ 9,10,11,12 എന്നീ വാർഡുകളിൽ ഉണ്ട്. പറയൻ തുള്ളലിലും, ചാവു തുള്ളലിലും കഴിവുള്ള കലാകാരന്മാർ 11,12, 13 വാർഡുകളിൽ ഉണ്ട്. ഞാറ്റു പാട്ട്, കൊയ്ത്തു പാട്ട്, തേക്കു പാട്ട് തുടങ്ങിയ നാടൻ പാട്ടുകൾ അറിയാവുന്ന പ്രായമായ സ്ത്രീകൾ പഞ്ചായത്തിലുടനീളം ഉണ്ട്. ഇവർക്കാവശ്യമായ പ്രോത്സാഹനവും വേദികളും നല്കണം. ഇത്തരം കലാസാഹിത്യരൂപങ്ങളെ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നല്കണം. സംഗീതത്തിലും വാദ്യോപകരണങ്ങളിലും വൈദഗ്ദ്ധ്യമുള്ളവർ ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്കെല്ലാം ആവശ്യമായ പ്രോത്സാഹനം നൽകി പട്ടികജാതി-വർഗ്ഗങ്ങളുടെ അന്യാദൃശമായ സാംസ്ക്കാരിക വൈശിഷ്ട്യം പരിരക്ഷിക്കണം.

## പ്രധാന പ്രശ്നങ്ങൾ

1. സ്വന്തമായി 2 സെൻറ് ഭൂമി പോലും കിട്ടുവാനില്ല.
2. പുറമ്പോക്കുകളിൽ കുടിൽ വച്ചു താമസിക്കുന്നവർക്കും കോളനികളിൽ താമസിക്കുന്നവർക്കും പട്ടയം കിട്ടിയിട്ടില്ല.
3. കോളനികളിൽ കുടിവെള്ളം, വൈദ്യുതി, പ്രാഥമിക സൗകര്യങ്ങൾ, വിനോദകേന്ദ്രങ്ങൾ എന്നിവയില്ല. ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് വെള്ളം, വെളിച്ചം, റോഡ് എന്നിവയില്ല.
4. 7-ൽ കൂടുതൽ കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾ കോളനിയായി അംഗീകരിച്ചിട്ടില്ല. അതിനാൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമല്ല.
5. വിദ്യാർത്ഥികളുടെ കുറഞ്ഞ പഠനനിലവാരം പത്താംക്ലാസ്സിനുതാഴെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്.
6. പെൻഷനും മറ്റാനുകൂല്യങ്ങളും അനർഹർമേടിക്കുന്നു.
7. പരമ്പരാഗതകൈതൊഴിലുകൾ നഷ്ടപ്പെടുന്നു.
8. ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. അപര്യാപ്തമായ പദ്ധതികൾ
9. കൃഷി ഭൂമി തരിശിടുകയും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
10. സാമൂഹ്യമായ അവഗണന ഒറ്റപ്പെടുത്തൽ സാമൂഹ്യപ്രവർത്തകരുടെ കുറവ്
11. പാരമ്പര്യകലകൾ നശിക്കുന്നു. പ്രോത്സാഹനം കിട്ടുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ഭൂരഹിതരും ഭവനരഹിതരും ആയവർക്ക് കോളനികൾ സ്ഥാപിച്ചു നൽകുക.
2. കുടിലുകെട്ടി താമസിക്കുന്ന പുറമ്പോക്കുഭൂമിയ്ക്ക് പട്ടയം നൽകുക.
3. കോളനി വീടുകൾക്ക് പട്ടയം നൽകിവീടുപണിക്കുള്ള പദ്ധതികൾ നടപ്പാക്കുക.
4. കോളനികൾക്കും ഒറ്റപ്പെട്ട വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ വിനോദകേന്ദ്രങ്ങൾ ടെലിവിഷൻ തുടങ്ങിയവ ഏർപ്പെടുത്തുക.
5. 7-ൽ കൂടുതൽ കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾ കോളനികളായി അംഗീകരിക്കുക. 7 കുടുംബങ്ങൾ എന്ന മാനദണ്ഡം 4 കുടുംബങ്ങൾ എന്നായി കുറയ്ക്കുക.
6. പഠനനിലവാരം ഉയർത്തുന്നതിനായി പ്രത്യേക ട്യൂഷൻ നൽകുക. പഠനോപകരണങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും നല്കുക. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകം തുക ചിലവഴിക്കുക. സ്കൂളുകൾ തോറും കുട്ടികളുടേയും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും യോഗങ്ങൾ മാസംതോറും കൂടി പഠനത്തെ സംബന്ധിച്ച് വിലയിരുത്തുക.

7. തരിശുഭൂമികൾ കൃഷിചെയ്യുവാൻ താല്പര്യമുള്ള കർഷകതൊഴിലാളികൾക്ക് ന്യായമായ പാട്ടത്തിന് പഞ്ചായത്ത് ഏറ്റെടുത്ത് നല്കുക. കൃഷിഭൂമി രൂപഭേദം ചെയ്യാതിരിക്കുക.

8. കാർഷിക തൊഴിലാളികളുടെ സൊസൈറ്റികൾ ഉണ്ടാക്കി ട്രാക്ടർ, മെതിയന്ത്രം, പാറ്റ്യന്ത്രം, സ്പ്രേയർ മുതലായവ സബ്സിഡി നിരക്കിൽ നൽകുക. വനിതാസംഘങ്ങളുണ്ടാക്കി മേൽ തരം പശുകുട്ടികളെയും, ആട്ടിൻകുട്ടികളെയും, കോഴികുഞ്ഞുങ്ങളെയും സൗജന്യമായി നല്കുക.

9. കർഷക തൊഴിലാളി പെൻഷൻ, ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കുക.

10. വ്യാജജാതി സർട്ടിഫിക്കറ്റുകൾ ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനുമായി ജാതിസർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്ക് നൽകുക.

11. പരമ്പരാഗതകൈതൊഴിലുകാരുടെ സംഘങ്ങൾ രൂപീകരിക്കുക. സാമ്പത്തിക സഹായം നൽകുക. അസംസ്കൃതവസ്തുക്കൾ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുക.

12. മുഴുവൻ കുടുംബങ്ങളേയും ഐ.ആർ.ഡി.പി സർവ്വേയിൽ ഉൾപ്പെടുത്തി ആദായകരമായ തൊഴിലുകൾ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.

13. ഗ്രാമപഞ്ചായത്തിൽ പൊതുവായി ഒരു വൈദ്യുത ശ്മശാനം സ്ഥാപിക്കുക.

14. സാമൂഹ്യ ബന്ധം വളർത്തുക. പട്ടികവിഭാഗങ്ങളെ പൊതുധാരയിൽ കൊണ്ടുവരുവാൻ പ്രവർത്തിക്കുക. സാമൂഹ്യരാഷ്ട്രീയ സംഘടനകളിലേക്ക് കടത്തി കൊണ്ടുവന്ന് ഒറ്റപ്പെടൽ ഒഴിവാക്കുക.

15. പാരമ്പര്യകലകളെ പരിപോഷിപ്പിക്കുക. കലാകാരന്മാർക്കും, സാഹിത്യകാരന്മാർക്കും നാടൻകലകളെ പറ്റി ഗവേഷണം നടത്തുന്നവർക്കും ആവശ്യമായ സാമ്പത്തിക സഹായവും അംഗീകാരവും നൽകുക.

❋ ❋ ❋

# മൃഗസംരക്ഷണം

ഒരു കാലയളവിൽ കാർഷിക ഗ്രാമമായിരുന്ന കുമാരനല്ലൂരിൽ, കൃഷിയുടെ അവിഭാജ്യഘടകമായി രുന്നു കന്നുകാലിവളർത്തൽ

ഉഴവുമാടുകളെന്നനിലയിലും വണ്ടിവലിക്കുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിയ്ക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യശ്രോതസ്സും കന്നുകാലികളായിരുന്നു.

കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ കുമാരനല്ലൂരിൽ ഉണ്ടായിരുന്നു.

നെൽകൃഷി വിളവെടുപ്പുകഴിഞ്ഞാൽ കരിയമ്പാടം, മുടിയൂർക്കരപാടം എന്നീ വയലുകളിൽ ധാരാളമായി കന്നുകാലികൾ മേഞ്ഞുനടക്കുമായിരുന്നു.

വർഷകാലമാകുമ്പോഴെക്കും താറാവു വളർത്തൽകാരുടെ വിഹാരരംഗവും ഈ വയലുകളായിരുന്നു.

അന്ന് മിക്കഭവനങ്ങളിലും നാടൻ പശുക്കൾ മുഖ്യ ഉപജീവനമാർഗ്ഗങ്ങളായിരുന്നു. വൈക്കോൽ ശേഖരിക്കുന്ന 'തുറകൾ' മിക്ക ഭവനങ്ങളിലും കാണാം......

അന്ന് ഒരു കെട്ട് വൈക്കോൽ എന്നുള്ളത് ഇന്ന് കിലോഗ്രാം കണക്കിനായി പുല്ലും വൈക്കോലും പുളിംപൊടിയും ആഹാരമായിരുന്നുവെങ്കിൽ ഇന്ന് കാലിത്തീറ്റി മുഖ്യ ആഹാരമായി.

നാടൻ പശുക്കൾ പാലുല്പാദിപ്പിക്കുന്നത് തുലോംതുച്ഛമായ അളവുകളായപ്പോൾ പച്ചപ്പുല്ലു ലഭ്യമായിരുന്ന പ്രദേശങ്ങൾ മണിമന്ദിരങ്ങൾക്കു വഴിമാറിയപ്പോൾ, വയലുകളിൽ നെൽകൃഷി നഷ്ടമെന്ന് കണ്ട് വയലുകൾ നികത്തി, കല്പകവൃക്ഷവും കെട്ടിടങ്ങളും ഉയർന്നപ്പോൾ പശു വളർത്തൽ നഷ്ടകച്ചവടമായി.

എന്നാൽ , ജേഴ്സി, സിന്ധ്യ, ക്രോസ് എന്നീ സങ്കര ഇനം പശുക്കൾ കൃത്രിമ ബീജസങ്കലനത്തോടെ വന്നപ്പോൾ പാലുല്പാദനരംഗത്ത് നാടൻ പശുക്കൾ ഒരു ലിറ്റർ, ഒന്നര രണ്ടു ലിറ്റർ പാലുല്പാദിപ്പിച്ചിരുന്ന സ്ഥലത്ത് മൂന്നു മുതൽ ഏഴു,എട്ടു,പത്ത് ലിറ്റർ പാലുല്പാദനം നടന്നപ്പോൾ സങ്കര പശുക്കൾക്ക് പ്രിയമേറി.

പശു, എരുമ, കാള, ആട് എന്നിവയാണ് കുമാരനല്ലൂർ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴി, താറാവ് എന്നിവ.

കൃഷിയിടങ്ങളിൽ യന്ത്രങ്ങളുടെ സ്വാധീനം ആകുന്നതിനുമുമ്പ് കാളകളും കലപ്പകളും ഉഴവുനടത്തിയിരുന്നു. ചില സ്ഥലത്ത് പോത്ത് ഉഴവിന്റെ സ്ഥാനത്തുണ്ടായിരുന്നു.

വാഹനം വ്യാപകമാകുന്നതിനുമുമ്പ് വ്യാപാര സാധനങ്ങൾ ശാലകളിലെത്തിച്ചിരുന്നത് കാളവണ്ടികളായിരുന്നു. ഈ പഞ്ചായത്തു പ്രദേശത്ത് അന്നുണ്ടായിരുന്ന നാല് കാളവണ്ടികളും പല ജില്ലകളിലും നിത്യോപയോഗസാധനങ്ങൾ തുടങ്ങി, നാണ്യവിളകൾ വരെ എത്തിച്ചിരുന്നു. ഇപ്പോൾ ഒരു കാളവണ്ടി മാത്രമേ ഈ പഞ്ചായത്തിലുള്ളു. അതും അപൂർവ്വമായേ ഉപയോഗിക്കപ്പെടുന്നുള്ളു.

പാലുല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി മാത്രം എരുമകളെ വളർത്തുന്നു. മൂന്നു മുതൽ ഏഴു എരുമകൾ വരെ ഈ വിധം വളർത്തുന്ന രണ്ടു ചാപ്രകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ഉല്പാദിപ്പിക്കുന്ന പാൽ കോട്ടയം പട്ടണത്തിലും മെഡിക്കൽ കോളേജ് പരിസരത്തും വില്ക്കപ്പെടുന്നു.

ആടു വളർത്തൽ വ്യാപകമായിട്ടില്ലായിരുന്നുവെങ്കിലും സ്ത്രീകളുടെ മാത്രം പ്രത്യേക വരുമാന മാർഗ്ഗമായി 20%ത്തോളം കുടുംബങ്ങളിൽ ആടുവളർത്തിവന്നിരുന്നു. ഈക്കാര്യത്തിൽ മാത്രം ഒരളവുവരെ ആടുവളർത്തൽ കുറവുവന്നിട്ടില്ലാത്തതാകുന്നു. എന്നാൽ ആടിന്റെ പ്രധാന ആഹാരമായ ''പ്ലാവില'' പ്ലാവുകൾ കെട്ടിട നിർമ്മാണങ്ങൾക്കായി വഴിമാറിക്കൊണ്ടിരിക്കെ അപൂർവ്വമായി ലഭിക്കുന്ന പ്ലാവിലയ്ക്കായി പ്ലാവുകൾ വെട്ടുമ്പോൾ തടിച്ചു കൂടുന്ന സ്ത്രീജനങ്ങളെ പലയിടങ്ങളിലും കാണാം.

മൃഗസംരക്ഷണ വകുപ്പ് കാര്യമായി ഈ രംഗത്ത് പ്രവർത്തിച്ചാൽ കാലിവളർത്തൽ വിപുലീകരിച്ച് നടത്തുവാനും അതിലൂടെ സ്വയം തൊഴിൽ പര്യാപ്തത



□മൃഗാശുപത്രി ഉത്ഘാടനം ശ്രീ തോമസ് ചാഴികാടൻ എം.എൽ.എ നിർവഹിക്കുന്നു.

യിൽ 30%ത്തോളം കുടുംബങ്ങൾക്ക് പശുവളർത്തൽ കൊണ്ട് ജീവിക്കുവാൻ സാധിക്കുന്നതാണ്. മുമ്പ് ഈ പഞ്ചായത്തിൽ ഒരു ക്ഷീര വ്യവസായ സഹകരണ സംഘം ഉണ്ടായിരുന്നത് പ്രവർത്തനം നിലച്ചതും പശു വളർത്തൽ നിന്നുപോകുവാൻ ഹേതുവായിട്ടുള്ള താണ്.

പട്ടിക 1

## വളർത്തു മൃഗങ്ങളും പക്ഷികളും

| ഇനം | 1968 | 1973 | 1996 |
|---|---|---|---|
| പശുക്കൾ | 2013 | 3015 | 4006 |
| എരുമകൾ | ഇല്ല | ഇല്ല | 32 |
| കാളകൾ | 216 | 280 | 203 |
| കോഴികൾ | 18898 | 6416 | 11728 |
| താറാവ് | ഇല്ല | 860 | 680 |
| ആട് | 3516 | 4370 | 2400 |
| കാളവണ്ടി | 4 | 4 | 1 |
| കലപ്പ | 130 | 90 | 17 |

## മുട്ട - പാൽ

10000 ത്തോളം മുട്ടകൾ ദിനം പ്രതി ഉണ്ടാകുന്നുണ്ടെങ്കിലും കോഴി രോഗം മൂലം 6000 മുട്ടകളെ വിപണ നരംഗത്തുള്ളു.

1500 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിൽ ഈ പഞ്ചായത്തിൽ 600 ലിറ്റർ പാൽ മാത്രമെ ഉപയോഗ ത്തിലുള്ളു.

70 ഓളം മിൽമാ ബൂത്തുകളും 33 മലനാട് മിൽക്ക് ബൂത്തുകളും പ്രവർത്തിക്കുന്നു.

അവലംബം: റവന്യൂ രേഖാ മൃഗസംരക്ഷണ വകുപ്പിന്റെ സർവ്വേ, വിവിധ ആൾക്കാരിൽ നിന്നും, കാലി വളർത്തൽ നടത്തിയവരിൽ നിന്നും ലഭിച്ച വിവരങ്ങൾ

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പൊതുവായ മൃഗങ്ങളുടെയും പക്ഷികളുടെയും സംബന്ധിച്ച ജനങ്ങളിൽ നിന്നും അറിവായ പൊതു വിവരങ്ങൾകൂടി അടങ്ങിയതാണ്.

കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 94,95 വർഷങ്ങളിലെ സെൻസസുകണക്കും പൊതുവായ ജനങ്ങളിൽ നിന്നും അറിവായ തരംതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു

പട്ടിക 2

## വളർത്തു മൃഗങ്ങൾ

| ഇനം | കറവ യുള്ളത് | കറവയി ല്ലാത്തത് | ആകെ | ബീജ സങ്കലനം നടത്തിയത് | ഒന്നിലധികം ബീജസംങ്കലനം നടത്തിയത് |
|---|---|---|---|---|---|
| നാടൻ പശുക്കൾ | 631 | 513 | 1144 | --860 | 118 |
| സങ്കരവർഗ്ഗ പശുക്കൾ | 1792 | 870 | 2862 | | |
| എരുമകൾ | 26 | 6 | 32 | 15 | 4 |
| ആടുകൾ | 1700 | 700 | 2400 | | |
| നാടൻ കാളകൾ | | | 65 | | |
| സങ്കരകാളകൾ | | | 233 | | |

അവലംബം 94,95 ലെ മൃഗസംരക്ഷണ വകുപ്പ് സർവ്വേയും 96ൽ പഞ്ചായത്തു പ്രദേശങ്ങളിലെ ഉപഭോക്താക്കളിൽ നിന്നും ലഭിച്ച വിവരങ്ങൾ.

ഇറച്ചി വില്പന ഈ പഞ്ചായത്തിൽ വ്യാപകമാണ്. നിത്യേന 15 നും 20 നും ഇടയ്ക്ക് കാള, പോത്ത്, ആട് എന്നീ മൃഗങ്ങൾ ഇറച്ചിയ്ക്കായി വധിക്കപ്പെടുന്നു. ശരാശരി 750, 1000 കിലോ ഇറച്ചിയോളം ഹോട്ടലുകളിലും, വീടുക ളിലുമായി ചിലവാകുന്നു.

കോഴിവളർത്തൽ ഈ പഞ്ചായത്തിൽ വ്യാപകമായിരുന്നു. പിന്നീട് കോഴിരോഗത്തിനും ചികിത്സ ഫലപ്രദമാകാതെയും ആയതിനു സംവിധാനങ്ങളില്ലാതെയും കോഴിവളർത്തൽ നിലയ്ക്കുന്ന മട്ടിലെത്തി. മിക്കവാറും അഞ്ചും പത്തും കോഴികളില്ലാത്ത വീടുകൾ കുറവായിരുന്നു - കോഴിക്കൂടുകൾ സംക്രമവാണിഭസ്ഥലങ്ങളിലെ പ്രധാന വില്പനചരക്കായിരുന്നു.

ക്രമേണ സ്ഥലപരിമിതീക്കുറവും കോഴിരോഗവും കോഴിവളർത്തൽ കുറഞ്ഞു വന്നു. മുമ്പ് കോഴിവളർത്തുന്നതു വ്യാപകമായതിനാൽ കൃഷിയിടങ്ങളിൽ (വിഷംവച്ചിട്ടുണ്ട്) എന്ന ബോർഡുകളും പറമ്പുകളിൽ പ്രവേശിക്കുന്ന കോഴികൾ വിഷാംശം ഉള്ളിൽ ചെന്നു മരിക്കുന്നതു മൂലം പോലീസ് കേസ്സുകൾ ധാരാളമായും കുടുംബകലഹങ്ങളും ഉണ്ടായിരുന്നു.

നാടൻ കോഴികൾ ഇറച്ചിയായി ഉപയോഗിച്ചു വന്നിരുന്നുവെങ്കിലും അർശസ് രോഗം നാടൻ കോഴിയിറച്ചിയുടെ ഉപയോഗം മൂലമാണെന്നു കണ്ടാണ് ബ്രോയിലർ കോഴികളുടെ ഉപയോഗം വർദ്ധിച്ചത്. പത്തോളം ബ്രോയിലർ ഫാമുകൾ 89-92 കാലഘട്ടങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു വെങ്കിലും ഇപ്പോൾ നാല് ഫാമുകളെ പ്രവർത്തി

ക്കുന്നുള്ളൂ. ശരാശരി -150ഓളം കോഴികൾ ഇറച്ചി കോഴികളായി വിറ്റഴിയുന്നു.

പട്ടിക 3

### പക്ഷികൾ

| ഇനം | എണ്ണം |
|---|---|
| നാടൻ കോഴികൾ | 8928 |
| പൂവൻ | 3512 |
| ബ്രോയിലർ കോഴികൾ | 2800 |
| താറാവുകൾ | 680 |

അവലംബം : 94,95 ലെ മൃഗസംരക്ഷണ വകുപ്പു സർവ്വേയും 96ൽ ജനശേഖരണ വിവരങ്ങളും

നായ്ക്കൾ ഈ പഞ്ചായത്തിലുടനീളം വളർത്തു മൃഗങ്ങളായി വളരുന്നു. മിക്കവാറും വീട്ടുകാവൽ നടത്തുന്നുണ്ടെങ്കിലും യഥേഷ്ടം നായ്ക്കൾ വിഹരിക്കുകയാണ്.

പഞ്ചായത്തിൽ നിന്നും പട്ടിപിടുത്തക്കാരെ നേരെ ഏർപ്പാടാക്കി അലഞ്ഞു തിരിയുന്ന നായ്ക്കളെ പിടിച്ചു കൊല്ലാറുണ്ടായിരുന്നു. ഇപ്പോൾ ആ നടപടി ഉണ്ടാവാറില്ല.

കൂടാതെ പ്രധാനമായും മനുഷ്യാഹാരത്തേക്കാൾ ചിലവേറിയതാണ് അൾസേഷൻ നായ് വളർത്തൽ. ഭേദപ്പെട്ട മിക്ക ഭവനങ്ങളിലും അൾസേഷൻ നായ്ക്കൾ വളർത്തപ്പെടുന്നു. ഇത്തരം നായ്ക്കൾക്ക് കുത്തി വെയ്പ്പ് തുടങ്ങിയ പരിചരണങ്ങൾ നല്കി വരുന്നു.

കൂടാതെ സാധാരണ ഭവനങ്ങളിൽ കണ്ടുവരുന്ന നായ്ക്കളാണ് പൊമേറിയൻ. വീടിനകത്തെ ഒരലങ്കാര വർഗ്ഗമായും കാവൽ നായ്ക്കളായും ഇവ വളർത്തപ്പെടുന്നു. ബിസ്ക്കറ്റും പാലും ഒക്കെയാണ് പൊമേറിയൻ നായ്ക്കളുടെ പ്രധാന ആഹാരം. ആരോഗ്യ, പ്രതിരോധ പരിചരണങ്ങൾ നല്കിവരുന്നു

പട്ടിക 4

### നായ്കൾ

| ഇനം | ആകെ എണ്ണം | പ്രതിരോധകുത്തി വെയ്പ്പ് നടത്തുന്നത് |
|---|---|---|
| നാടൻ നായ്കൾ | 864 | 200 |
| അൾസേഷൻ | 160 | 120 |
| പൊമേറിയൻ | 236 | 185 |

അവലംബം: 94 95 മൃഗസംരക്ഷണ സർവ്വേ പൊതു ജനവിവരശേഖരണം.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റ ചെറിയ വിലയ്ക്കു ലഭിക്കുന്നില്ല
2. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളില്ല.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപത്മാണ്.
4. ശാസ്ത്രീയമായ അറിവുകൾ ലഭിക്കുന്നില്ല.
5. കാലിവളർത്തലിനായി പരിശീലനങ്ങൾ ലഭിക്കുന്നില്ല
6. പകർച്ചവ്യാധികളെ സംബന്ധിച്ചു ബോദ്ധ്യപ്പെടുന്നില്ല
7. കോഴിത്തീറ്റ ചെറിയ വിലയ്ക്ക് ലഭ്യമല്ലാതെ വരുന്നു.
8. കോഴിവസന്ത രോഗത്തിനു ചികിത്സാപദ്ധതിയില്ല..

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിന്റെതായി I.C.D.P. സബ്ബ് സെൻറർ മാത്രമാണുണ്ടായിരുന്നത്. 1993 ൽ പ്രവർത്തനമാരംഭിച്ച മൃഗസംരക്ഷണകേന്ദ്രവും 95 അവസാനത്തോടെ പ്രവർത്തനം ആരംഭിച്ച മൃഗാശുപത്രിയും ഇപ്പോൾ പ്രവർത്തിക്കുന്നു.

നാടൻ പശുവളർത്തലിനേക്കാൾ ആദായകരമായിട്ടുള്ളത്. ജേഴ്സി, സിന്ധ്യ, ക്രോസ് എന്നീ കൃത്രിമബീജസങ്കലനത്തിലൂടെ വളർത്തുന്ന സങ്കര പശുക്കളാണെന്നുപറയുമ്പോൾ 1500, 2000, 2500 വരെ വിലയുള്ള നാടൻ പശുക്കളെക്കാൾ 6000, 8000 രൂപ വരെ വിലയാണ് സങ്കരവർഗ്ഗപശുക്കൾക്ക് പാലിന്റെ അളവ് അനുസരിച്ചാണു വില നിശ്ചയിക്കുന്നത്.

ഒന്നരവയസ്സിൽ പ്രായപൂർത്തിയായി രണ്ടരവയസ്സിൽ പ്രസവം നടത്തുകയും ചെയ്യുമ്പോൾ ശരിയായ പരിപാലനവും, ശ്രദ്ധയുമില്ലാതെ വരുമ്പോൾ നാലും അഞ്ചും വയസ്സാകുമ്പോഴെയ്ക്കും വന്ധ്യതയും ഉല്പാദനശേഷികുറവും സംഭവിക്കുന്നു.

ഇത്തരം പശുക്കൾക്കുണ്ടാകുന്നതും മനുഷ്യനിലേക്കും പകരുന്നതുമായ രോഗമാണ് 'സൂണോട്ടിക്' എന്ന പേരിലറിയപ്പെടുന്ന രോഗങ്ങൾ. ഇവ നിയന്ത്രിക്കുവാനും, നശിപ്പിക്കുവാനും മുൻകൂട്ടി അറിയേണ്ടതും ആവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. പശുവളർത്തൽ ആദായകരമാക്കുവാൻ മൃഗസംരക്ഷണവകുപ്പ് ജനങ്ങളെ ബോധവൽക്കരിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വേണം.

2. കാലിത്തീറ്റ ചെറിയ വിലയ്ക്ക് ലഭിക്കുവാൻ സാഹചര്യം വേണം.

3. പഞ്ചായത്തിൽ തന്നെ കാലിത്തീറ്റ ഫാക്ടറിയും, തീറ്റ പുല്ലു വളർത്തൽ വ്യാപകമാക്കുവാനുള്ള പദ്ധതികൾ നടത്തണം.

4. ക്ഷീരവ്യവസായസ്ഥാപനങ്ങൾ എല്ലാ വാർഡുകളിലും വേണം

5. പശുവളർത്തൽ ഒരു തൊഴിലാക്കിമാറ്റുവാൻ ജനങ്ങളെ ബോധവൽക്കരിക്കയും സഹകരണ ബാങ്കും, മറ്റു ധനകാര്യസ്ഥാപനങ്ങളും ഉദാരവർക്കരണവായ്പാപദ്ധതികൾ നടപ്പിലാക്കണം

6. മൃഗസംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കുകയും ആവശ്യമായ മരുന്നുകളും, മറ്റു സൗകര്യങ്ങൾക്ക് നടപടിയുണ്ടാക്കുകയും ചെയ്യുക.

7. നാടൻകോഴികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധനടപടികൾ സ്വീകരിക്കണം.

8. ബ്രോയിലർ കോഴിവളർത്തുന്നതിന് താല്പര്യമുള്ളവർക്ക് ബാങ്ക് വായ്പ ലഭ്യമാകണം.

9. വീട്ടുവളപ്പിലെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കണം.

10. താറാവു വളർത്തൽ വികസനപദ്ധതികൾക്കു രൂപം നൽകണം.

11. വീടുകളിൽ ആടുവളർത്തുന്നതിന് പ്രോത്സാഹനം നൽകണം.

12. പുതിയ സങ്കരയിനം ആടുകളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

13. വഴിയോരമാംസകച്ചവടം നിരോധിക്കണം. ഇതുമൂലം മാലിന്യങ്ങൾ അവശേഷിക്കുന്നതുമൂലം രോഗങ്ങൾ പകരുവാൻ സാധ്യതയുണ്ട്.

14. മാംസവ്യാപാരത്തിന് പഞ്ചായത്ത് ലൈസൻസ് നൽകുകയും, അറവുമൃഗങ്ങളെ പരിശോധിച്ച് രോഗവിമുക്തമായതാണോ എന്നു പരിശോധിക്കുകയും വേണം.

ക്ഷീര വികസനത്തിന്റെ അപര്യാപ്തത മൃഗസംരക്ഷണമേഖലയെ തളർത്തുന്നു. പാൽ ഉല്പാദനം കുറയുന്ന കാരണങ്ങൾ വിദഗ്ദ്ധ പരിശോധനയ്ക്കു വരുമ്പോൾ വയ്ക്കോലിന്റെ പോഷക ഗുണക്കുറവാണു കാണുന്നത്.

യൂറിയ ചേർത്ത് വൈക്കോലിന്റെ പോഷകഗുണം വർദ്ധിപ്പിച്ചാൽ പാല് ഉല്പാദനം വർദ്ധിക്കുന്നതാണ്. ക്ഷീരവികസനവകുപ്പ് 500 കിലോ വൈക്കോൽ സംപുഷ്ടീകരിക്കുവാൻ 500/Rs ധനസഹായം നൽകിവരുന്നു.

കാലിത്തീറ്റ നൽകാതെ തീറ്റപ്പുല്ലു നൽകിയാൽ പാൽ ഉല്പാദനം ഇന്നുള്ളതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വിവിധയിനം ഗുണമേന്മയേറിയ പുല്ലുകളുടെ കട ചെയ്യുവാനായി ഒരു ഹെക്ടറിന് 1000/– രൂപ നിരക്കിൽ സബ്സിഡി ലഭിക്കുന്നതാണ്.

തീറ്റപ്പുല്ലു പയറുവർഗ്ഗമിശ്രിതം, ഗിനി, സ്റ്റൈല്ലാ തുടങ്ങിയ പുല്ലുവിത്തുകൾ ക്ഷീരവികസനവകുപ്പിൽ നിന്നും സബ്സിഡിയായി ലഭിക്കും.

വാണിജ്യാടിസ്ഥാനത്തിൽ പുല്ലുകൃഷിനടത്താവുന്നതാണ്. സ്വന്തം സ്ഥലത്തൊ, പാട്ടത്തിനു സ്ഥലം എടുത്തോ കൃഷി ചെയ്യുന്ന ആളിന് സ്ഥലം ഒരുക്കുന്നതിനും, ജലസേചനത്തിനും ഉണക്കപ്പുല്ല് സൈലേജ് ഇവ ഉണ്ടാക്കുന്നതിനും പാട്ടക്കാശുമായി 30,000 രൂപ മുടക്കുമ്പോൾ 15,000/– രൂപ ധനസഹായം ലഭിക്കുന്നതാണ്.

അതുപോലെ കാലിത്തൊഴുത്തും പുൽകൃഷിയും, ജലസേചന സൗകര്യവും കണക്കിലെടുത്ത് മുതൽ മുടക്കിന്റെ 1/3 ധനസഹായം ലഭിക്കുന്നതാണ്.

ക്ഷീരകർഷകരെ ബോധവാന്മാരാക്കുന്നതിന് ക്ഷീരവികസനവകുപ്പ് കർഷകമീറ്റിംഗുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിനായി പശുവിനെ നൽകുന്ന പദ്ധതി പ്രകാരം 7000– രൂപ ധനസഹായം നൽകുന്നുണ്ട്.

ദാരിദ്ര്യരേഖക്കുതാഴെയുള്ള (വാർഷിക വരുമാനം 7200/– രൂപയിൽ താഴെ) വരെ ഉള്ള പശുക്കളെ വളർത്തുവാനാഗ്രഹിക്കുന്നവർക്കായി, പ്രതിദിനം 10 ലിറ്റർ പാൽ ലഭിക്കുന്ന പശുവിനെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് രണ്ടു മാസത്തെ തീറ്റയ്ക്കുള്ള കാലിത്തീറ്റ എന്നിവയുമായി ക്ഷീരസഹകരണങ്ങൾ സ്ഥാപിച്ച് 15,000/–രൂപ വായ്പ ലഭിക്കുന്നതാണ്.

7500/രൂപ സബ്സിഡി ലഭിക്കുന്ന ഈ പദ്ധതി പശുവളർത്തൽ തൊഴിലായി സ്വീകരിച്ച് നടത്താവുന്നതാണ്.

വനിതകൾക്ക് പശുക്കളെയും കാലിത്തൊഴുത്ത്, കാലിത്തീറ്റ, ഇൻഷുറൻസ്, വെറ്റിനറി ചിലവ് തുടങ്ങിയവയടക്കം 16.000/രൂപ വായ്പ ലഭിക്കുന്നതാണ്. ഇതിനും 50 % ധനസഹായം ലഭിക്കും.

അവലംബം – ക്ഷീരവികസന വകുപ്പ് ഏറ്റുമാനൂർ ബ്ലോക്ക് സർക്കുലർ.

മേൽക്കാണിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഒരു സ്വയം തൊഴിൽ പദ്ധതി പോലെ പശുവളർത്തൽ ആദായകരമായ തൊഴിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ക്ഷീരോല്പാദനരംഗത്തും മൃഗസംരക്ഷണ രംഗത്തും ഒരു കുതിച്ചുചാട്ടം തന്നെ നടത്താവുന്നതാണ്.

# മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യബന്ധനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ കുറവാണ്. ഏഴാം വാർഡിൽ അംബ്രോസ്സുനഗർ കോളനിയിൽ താമസിക്കുന്ന 20 കുടുംബങ്ങൾ മത്സ്യബന്ധന തൊഴിലാളികളാണ്.

ചൂണ്ടമീൻ പിടിക്കുന്നവരും, വലയിട്ട് മീൻ പിടിക്കുന്നവരുമായി 33 പേർ ഉണ്ട്.

മത്സ്യവ്യവസായരംഗത്ത് സൈക്കിൾ തുടങ്ങിയ വാഹനങ്ങളിൽ പോയി മത്സ്യം കൊണ്ടുവന്ന് വീടുകൾ തോറും വിൽക്കുന്നവരായി 80 പേരും വാർഡുകളിൽ പല സ്ഥലങ്ങളിലായിട്ടും പഞ്ചായത്തുവക മത്സ്യമാർക്കറ്റിലും ഇരുന്നു കച്ചവടം നടത്തുന്നവരായി ആകെ 53 പേരാണുള്ളത്.

വല നന്നാക്കുന്നവരായി 26 പേർ പണിയെടുക്കുന്നു.

മുൻപ് മീനച്ചിലാറിൽ "തോട്ട"യിട്ട് മീൻ പിടുത്തം നടത്തിയിരുന്നു. നിയമംമൂലം അതു നിരോധിക്കപ്പെട്ടു. ഈവിധം മത്സ്യബന്ധനത്തിൽ 40 ഓളം ആൾക്കാർക്ക് അപകടം സംഭവിച്ചിട്ടുണ്ട്.

മത്സ്യബന്ധനം നടത്തിവരുന്ന തൊഴിലാളികൾക്ക് സ്വന്തമായി വള്ളവും വലയും ഇല്ലാത്തവരാണ് ഭൂരിഭാഗവും.

ചില പ്രത്യേക കാലയളവിൽ മാത്രം തൊഴിൽ നടത്തുവാൻ സാധിക്കുന്നതുമൂലം ഈ തൊഴിലാളികൾ ജീവിതക്ലേശം അനുഭവിക്കുന്നു. അതുപോലെ തന്നെ മത്സ്യവിപണ രംഗത്തുള്ളവർക്കും വളരെയധികം ബുദ്ധിമുട്ടുകൾ വ്യാപാരരംഗത്തുണ്ടാകുന്നു. വില വർദ്ധനവുമൂലം പ്രതീക്ഷിക്കുന്ന ലാഭം കിട്ടാതെ വരുക. നഷ്ടം വരുന്ന അവസരങ്ങളിൽ വ്യാപാരം നിറുത്തലാക്കേണ്ടിവരുക. ഈ വക ബുദ്ധിമുട്ടുകൾ സാധാരണയാണ്.

മത്സ്യവ്യാപാരതല്പരർക്ക് വ്യാപാരത്തിനാവശ്യമായ ബാങ്ക് വായ്പ ഉദാരവ്യവസ്ഥയിൽ നൽകുക, മത്സ്യബന്ധനതൊഴിലാളികൾക്ക് വള്ളവും വലയും നൽകുക, ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക, സർക്കാർ മറ്റുമേഖലകളിൽ നൽകുന്ന (മത്സ്യബന്ധന തൊഴിലാളികൾ) ആനുകൂല്യങ്ങൾ ഈ തൊഴിലാളികൾക്കും ഉറപ്പുവരുത്തുക.

❋❋❋

# ഗതാഗതം

വാഹനങ്ങളുടെ ശബ്ദമുഖരിതമായ അന്തരീക്ഷം അപകടങ്ങളുടെ ശ്രാവ്യം ജനസഞ്ചയത്തിന്റെ ഗതാഗമനം വാഹനങ്ങളിലെ ഹോൺ ശബ്ദം ട്രിയിനിന്റെ ചൂളം വിളി എന്തുകൊണ്ടും ഈ പഞ്ചായത്തിന്റെ ആസ്ഥാനം ശബ്ദായമാനമാണ്.

ഈ പഞ്ചായത്തിന്റെ 14 വാർഡുകളിൽ 12 വാർഡും മീനച്ചിലാറും കൈവഴികളാലും ചുറ്റപ്പെട്ട് മദ്ധ്യഭാഗത്തായി തെക്കുവടക്കു 8 കിലോമീറ്റർ നീളത്തിൽ വളഞ്ഞും നേരെയും കിടക്കുന്ന എം. സി. റോഡ്-സമാന്തരമായി കോട്ടയം-എറണാകുളം റയിൽപ്പാത. എം.സി.റോഡിൽ നിന്നും തുടങ്ങുന്ന 7 P.W.D. റോഡുകൾ 15 $^1/_2$ കിലോമീറ്റർ നീളത്തിലുള്ളതാണ്.

22 കിലോമീറ്റർ ദൈർഘ്യമുള്ള പഞ്ചായത്തുവക ടാർറോഡുകളും 1 $^1/_2$ കിലോമീറ്റർ ദൈർഘ്യമുള്ള മെറ്റൽ റോഡുകളും $^1/_2$ കിലോമീറ്റർ ദൂരം ഉള്ള കോൺക്രീറ്റുറോഡുകളും 202 $^1/_2$ കിലോമീറ്റർ നീളമുള്ള മൺ റോഡുകളും അനവധി നടപ്പാതകളും ഈ പഞ്ചായത്തിന്റെതായുണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 20 $^1/_2$ കിലോമീറ്റർ നീളം വരുന്ന റോഡുകളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കാലയളവിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 70.65 ലക്ഷം രൂപ പഞ്ചായത്തുചെലവഴിച്ചിട്ടുള്ളതുമാണ്.

ഇവിടത്തെ റോഡ് ശ്രംഖലമെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. മിക്കവാറും റോഡുകൾ വീതികുറഞ്ഞവയും ഓവുചാലുകളില്ലാതെയും, ആവശ്യമായ കലുങ്കുകൾ ഇല്ലാതെയും, വർഷകാലങ്ങളിൽ താറുമാറാകുന്നതുമാണ്.

പഞ്ചായത്തിന് അനുവദിക്കുന്ന പരിമിതമായ ഫണ്ടുകൾ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് തികയാതെവരുന്നു.

നദീതീരറോഡുകൾ മിക്കതും മഴക്കാലത്ത് ഗതാഗതയോഗ്യമല്ല.

റെയിൽവേ ലൈനിലിൽ മൂന്നു ലവൽക്രോസ്സുകളും ലൈൻ ക്രോസ്സുചെയ്യുന്ന രണ്ട് നടപ്പാതകളുമുണ്ട്.

ഒരു പാസഞ്ചർ റെയിൽവേ സ്റ്റേഷനുള്ളതിൽ ഫ്ലാറ്റുഫോം ശരിയായ രീതിയിലില്ലാത്തതും താഴ്ന്നും ഉള്ളതുമൂലം ട്രെയിൻ യാത്രക്കാരായ ധാരാളം ജനങ്ങൾക്ക് ട്രെയിൻ കയറിയിറങ്ങുവാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഈ റെയിൽവേ ലൈൻ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ തെക്കേ അതിരിൽക്കൂടി കടന്നുപോകത്തക്കവണ്ണം പ്രശസ്തമായ ശബരിറെയിൽവേ ലൈനിന്റെ സർവ്വേ നടത്തിട്ടുള്ളതാണ്.

നീലിമംഗലം മുസ്ലിം പള്ളിയ്ക്കടുത്തായും കുമാരനല്ലൂർ പൂത്തുരാൻ പടിയിലൂടെയും ഉള്ള ലിങ്ക് റോഡിൽ ലവൽക്രോസ്സ് ഇല്ലാത്തതുകാരണം ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗതാഗതസൗകര്യം സാധ്യമല്ലാതായിരിക്കുന്നു.

പട്ടിക 5-1

## ടാർ ചെയ്ത P.W.D റോഡുകൾ

| | പേര് | ദൈർഘ്യം | | സ്ഥിതി |
|---|---|---|---|---|
| | | വീതി | നീളം | |
| 1. | ചൂട്ടുവേലി-ചുങ്കം റോഡ് | 6 മീ | 3 കി.മീ | ഗതാഗതയോഗ്യം |
| 2. | ചവിട്ടുവരി-വെള്ളുപ്പറമ്പ് | 6 മീ | 3 കി.മീ | ” |
| 3. | കുമാരനല്ലൂർ-കുടമാളൂർ തൂത്തുട്ടിവരെ | 8 മീ | 2 $^1/_2$ കി.മീ. | ഗതാഗത യോഗ്യമല്ല |
| 4. | കുമാരനല്ലൂർ - S.H.M. റോഡ് | 5 മീ | 2 കി.മീ | ഗതാഗതയോഗ്യം |
| 5. | തൂത്തുട്ടി - വാരിശ്ശേരി റോഡ് | 5 മീ | 3 കി.മീ | ഗതാഗതയോഗ്യം |
| 6. | സംക്രാന്തി-പേരൂർ | 5 മീ | 3 കി.മീ | ഗതാഗതയോഗ്യം ചുരുക്കം |
| 7. | ഗാന്ധിനഗർ-മെഡിക്കൽ കോളേജ് | 6 മീ | 2 കി.മീ. | ഗതാഗതയോഗ്യം |

അവലംബം : ദ്വിതീയ വിവരശേഖരണം



☐മങ്ങാട്ടുമന കടവു പാലത്തിന്റെ ശിലാസ്ഥാപനം ശ്രീ രമേശ് ചെന്നിത്തല എം.പി. ഉത്ഘാടനം ചെയ്യുന്നു.



☐വടക്കേനട പാലം ഉത്ഘാടനം ചെയ്യുന്നു.

പട്ടിക 5-2

## ടാർചെയ്ത പഞ്ചായത്തു റോഡുകൾ

| | വാർഡ് | പേര് | നീളം | വീതി | സ്ഥിതി |
|---|---|---|---|---|---|
| 1. | I | ടെമ്പിൾ റോഡ് | 500 മീ | 5 മീ | ഗതാഗതയോഗ്യമല്ല |
| 2. | II | എം.സി.റോഡ് മങ്ങാട്ടുമന | 500 മീ | 4 മീ | ഗതാഗതയോഗ്യമാണ് |
| 3. | III | പാലൂക്കടവ് റോഡ് | 750 മീ | 4 മീ | ഗതാഗത യോഗ്യമാണ് |
| 4. | IV | തൈപ്പറമ്പ്-പുല്ലരിക്കുന്ന് | 2 കി.മീ. | 4 മീ | ഗതാഗതയോഗ്യമല്ല |
| 5. | V | മള്ളൂശ്ശേരി സെൻട്രൽ | 11/2 കി.മീ. | 4 മീ | ” |
| 6. | VI | നാഗമ്പടം-ആറ്റുമാലി | 11/2 കി.മീ | 4 മീ | ” |
| 7. | VI | നാഗമ്പടം-വെയർഹൗസ് | 500 മീ | 4 മീ | ” |
| 8. | VII | വെട്ടിക്കനാൽ-കരിയമ്പാടം | 500 മീ | 4 മീ | ഗതാഗതയോഗ്യമാണ് |
| 9. | VII | കരിപ്പാൽ-വെങ്ങാലിപ്പടി | 300 മീ | 3 മീ | ” |
| 10. | VIII | നാഗമ്പടം ക്ഷേത്രംറോഡ് | 300 മീ | 3 മീ | “ |
| 11. | IX | ചാത്തുകുളം-സൂര്യ കാലടി മന | 500 മീ | 4 മീ | ” |
| 12. | IX | പുത്തേട്ട്-ചെറുതുരുത്തി | 250 മീ | 3 മീ | ഗതാഗതയോഗ്യമല്ല |
| 13. | X | തറേപ്പടി-മാമ്മൂട് | 2 കി.മീ | 4 മീ. | “ |
| 14. | X | കാഞ്ഞിരപ്പള്ളി-പ്ലാക്കിപ്പടി | 2 കി.മീ | 4 മീ. | ” |
| 15. | X | വെള്ളുപ്പറമ്പ്-കുഴിയാലിപ്പടി | 2 കി.മീ. | 4 മീ. | “ |
| 16. | XI | Old M.C.Road | 1. കി.മീ | 4 മീ | ” |
| 17. | XI | ചാത്തുകുളം കാലടിമന | 11/2 കി.മീ | 4 മീ | ” |
| 18. | XI | ചെറുവിരലിൽ-കല്ലാനി- | 300 മീ | 3 മീ | ഗതാഗതയോഗ്യമാണ്. |
| 19. | XII | നീലിമംഗലം-പുത്തോട്ട് | 750 മീ | 4മീ | ഗതാഗതയോഗ്യമല്ല. |
| 20. | XIII | ജാസ് ലോഡ്ജ് റോഡ് | 100 മീ | 5 മീ | ” |
| 21. | XIV | ഗാന്ധിനഗർ-ചൂരക്കാട്ടുപടി | 280 മീ | 3 മീ | ഗതാഗതയോഗ്യമാണ്. |
| 22. | XIV | ഗാന്ധിനഗർ-ഗുരുമന്ദിരം | 1-75 കി.മീ. | 3 മീ | ഗതാഗതയോഗ്യമല്ല |

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക 5-3

## മെറ്റൽ റോഡുകൾ

| | വാർഡ് | പേര് | ചെയ്ത നീളം | ആകെ നീളം |
|---|---|---|---|---|
| 1. | 1 | തെക്കേനട-തെക്കേ ആലും മൂട് | 500 മീ | 650 മീ |
| 2. | 10 | കണ്ണൻ തൊട്ടി, മുണ്ടാക്കൽ പടി | 150 മീ | 150 മീ |
| 3. | 14 | ഡോക്ടേഴ്സ് ഗാർഡൻ റോഡ് | 250 മീ | 250 മീ |
| 4. | 14. | മുടിയൂർക്കരപള്ളി റോഡ് | 250 മീ | 700 മീ |

M.L.A.യുടെ Flood Relief ഫണ്ട് ഉപയോഗിച്ച് ഈറോഡുകൾ ടാർചെയ്യുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നു.

അവലംബം: ദ്വിതീയ വിവരശേഖരണം

പട്ടിക-5-4

## കോൺക്രീറ്റ് റോഡുകൾ

| വാർഡ് | പേര് | ആകെ | ക്രോൺ നീളം | ബാക്കി ക്രീറ്റ് ചെയ്ത |
|---|---|---|---|---|
| I | പടിഞ്ഞാറെ – നട റോഡ് | 450 മീ | 100 മീ | 350 മീ |
| IV | പുല്ലരിക്കുന്നു – കോളനി | 300 മീ | 50 മീ | 250 മീ |
| IV. | പ്ലാക്കുഴി – ലക്ഷം വീട് | 350 | 15 മീ | 335 മീ |
| VI | കൊച്ചുപറമ്പ് – മുണ്ടാക്കുളം | 200 | 120 മീ | 80 മീ |
| VI | മഠം – പമ്പു ഹൗസ് റോഡ് | 350 | 100 മീ | 250 മീ |
| VII | മഠം – മാമ്പറപ്പടി റോഡ് | 200 | 150 മീ | 50 മീ |
| XI | കാലടി മന – ചാത്തുകുളം | 150 | 50 മീ | 100 മീ |

അവലംബം : ദ്വിതീയ വിവരശേഖരണം

നൂറ് കിലോമീറ്റർ ദൈർഘ്യമുള്ള ടാർ ചെയ്യുവാൻ പര്യാപ്തമായ 150 മൺ റോഡുകളും.

നൂറ് കിലോമീറ്റർ ദൈർഘ്യമുള്ള കോൺക്രീറ്റു ചെയ്യുവാൻ പര്യാപ്തമായ 173 മൺറോഡുകളുമുണ്ട്.

ഈ റോഡുകളെല്ലാം സഞ്ചാര യോഗ്യമല്ലാതായിട്ടുള്ളതാണ്-- മണ്ണിട്ട് ഉയർത്തിയും, കരിങ്കല്ലുപാകിയും ടാർ ചെയ്യേണ്ട റോഡുകൾ ടാർ ചെയ്തും അല്ലാത്തവ കോൺക്രീറ്റും ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

### റോഡു കൈയ്യേറ്റം

ഈ പഞ്ചായത്തിലെ ധൃതഗതിയിൽ വീതികൂട്ടി നന്നാക്കാവുന്ന റോഡുകളും നടപ്പാതകളും പട്ടിക 5-ൽ ചേർത്തിരിക്കുന്നു. നടപ്പാതകൾ മിക്കതും മുമ്പു പുറംപോക്കു ഭൂമിയായിട്ടുള്ളതും സമീപവാസികൾ തങ്ങളുടെ പുരയിടത്തിനോട് യോജിപ്പിച്ച് നികത്തിയെടുത്തിട്ടുള്ളതുമുണ്ട്. പഞ്ചായത്തിൽ നിന്നും 3 മീറ്റർ നീളം സ്റ്റെപ്പുകൾ കെട്ടിയതും വെള്ളം ഒഴുകുന്നതിനും നടപ്പാതയായും ഉപയോഗിച്ചുവന്നിരുന്നതുമായ സ്ഥലം കൈയ്യേറിയിട്ടുള്ളതുമായ നടപ്പാതകളുണ്ട്. റവന്യൂ റിക്കാർഡുകളിൽ നിന്നും പുറമ്പോക്കു ഭൂമിയുടെ വിവരം അജ്ഞാതമാണ്. കാലാകാലങ്ങളിൽ ഉദ്യോഗസ്ഥന്മാർ പുരയിട കൈവശക്കാർ കൈവശപ്പെടുത്തിയത് കണ്ടില്ലെന്നു നടിച്ചു. ഇതുമൂലം പല വഴി പ്രശ്നങ്ങളും പഞ്ചായത്ത്, R.D.O. പോലീസ് സ്റ്റേഷൻ എന്നിവടങ്ങളിൽ പരാതികളായി കിടക്കുന്നു. പഞ്ചായത്തിലെ പുറം പോക്കു രജിസ്റ്ററിലും പഞ്ചായത്തു മെയിൻറൻസ് ചെയ്ത റിക്കാർഡുകളുടെയും സഹായത്തോടെ പുറംപോക്കു ഭൂമികൾ കണ്ടെടുത്ത് നടപ്പാതകൾ സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

### പഞ്ചായത്തു വാഹനം

ഈ പഞ്ചായത്തിന് ഒരു വാഹനം അനിവാര്യമാണ്. ഉപഭോക്താക്കളുടെ വിവരങ്ങൾ അന്വേഷിക്കുവാൻ ഉപഭോക്താക്കളുടെ വാഹനത്തിൽ പോകാതെ- പഞ്ചായത്തിൻെറ സ്വന്തം വാഹനമായാൽ ഗുണപ്രദമാണ്.

### ഓട്ടോ-ടൂറിസ്റ്റ് ടാക്സി

ഈ പഞ്ചായത്തിൽ കുമാരനല്ലൂർ, സംക്രാന്തി, ചവിട്ടുവരി, ചൂട്ടുവേലി, നാഗമ്പടം, ചുങ്കം, മെഡിക്കൽകോളേജ് എന്നീ ജംഗ്ഷനുകളിലായി താല്കാലിക പാർക്കിങ്ങിൽ 211 ഓട്ടോ റിക്ഷാകളും 52 ടൂറിസ്റ്റ് ടാക്സികളും പാർക്ക് ചെയ്ത് സർവീസ് നടത്തുന്നു.

പട്ടിക 6

| | ജംഗ്ഷനുകൾ | കാർ | ഓട്ടോ | വാൻ ജീപ്പ് ട്രക്കർ |
|---|---|---|---|---|
| 1. | മെഡിക്കൽ കോളേജ് | 45 | 50 | 4 ജീപ്പ് 3 വാൻ 15 ട്രക്കർ |
| 2. | സംക്രാന്തി | 20 | 25 | |
| 3. | കുമാരനല്ലൂർ | 7 | 55 | |
| 4. | ചവിട്ടുവരി | | 36 | |
| 5. | ചൂട്ടുവേലി | | 10 | |
| 6. | നാഗമ്പടം | | 15 | |
| 7. | ചുങ്കം | | 20 | |

അവലംബം: പ്രാഥമിക വിവരശേഖരണം

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. വാഹന തിരക്കേറിയ എം.സി റോഡിൻെറ പാർശ്വങ്ങളിലും മെഡിക്കൽ കോളേജ്, ചുങ്കം എന്നിവടങ്ങളിലെ റോഡിൻെറ പാർശ്വങ്ങളിലുമായി പാർക്കുചെയ്യുന്ന കാർ, ഓട്ടോ എന്നീ വാടക വാഹനങ്ങൾ മൂലം മറ്റു വാഹനങ്ങളുടെ ഗതാഗതത്തിനും ജനങ്ങളുടെ സഞ്ചാര സൗകര്യത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നതിനാൽ പ്രത്യേക പാർക്കിംഗ് സ്ഥലം സൗകര്യപ്പെടുത്തി നൽകി സ്റ്റാൻഡ് സ്ഥാപിക്കണം.
2. പട്ടിക-5ൽ കൊടുത്തിട്ടുള്ള റോഡുകളുടെ സ്ഥിതി ഗതാഗതയോഗ്യമോ - സഞ്ചാര യോഗ്യമോ അല്ലാത്തതാണ്. മഴക്കാലത്ത് ഈ റോഡുകൾ തകർന്നുപോകുന്നു പ്രത്യേകിച്ച് നദീതീരറോഡുകൾ. അതുകൊണ്ട് റോഡുകൾ മണ്ണിട്ടു പൊക്കിയും വീതികൂട്ടിയും ഡ്രയിനേജ്, കലുങ്കുകൾ എന്നിവയും സ്ഥാപിക്കേണ്ടതാണ്.
3. മൂന്നുകിലോമീറ്റർ നീളവും ആറുമീറ്റർ വീതിയുമുള്ള ചവിട്ടുവരി- വെള്ളൂപ്പറമ്പ് റോഡിൽ നവോദയ ഭാഗത്ത് ഉണ്ടായിരുന്ന കലുങ്ക് ചിറയായി മാറിയതിനാൽ ഇരു ഭാഗത്തും വെള്ളം കെട്ടിക്കിടന്ന് ഇറിഗേഷൻ സൗകര്യത്തിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ വെള്ളക്കെട്ട് ഒഴിവാക്കിയും ഇറിഗേഷൻ സൗകര്യം ഉണ്ടാക്കിയും വേനൽ കാലങ്ങളിൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ കുടിവെള്ളം ലഭ്യമാക്കുവാനാവശ്യമായ രീതിയിൽ നവോദയ ഭാഗത്ത് കലുങ്കു നിർമ്മിക്കേണ്ടതാണ്.
4. പഞ്ചായത്തിലെ ഏഴാം വാർഡിനെയും 3, 4-വാർഡുകളേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ സഞ്ചാര സൗകര്യത്തിനും വാഹനഗതാഗതത്തിനും സൗകര്യമായ രീതിയിൽ കരിയമ്പാടത്തിനു കുറുകെ ആവശ്യമായ കലുങ്കുകളോടെ ഒരു റോഡു നിർമ്മിക്കണം.
5. കരിയമ്പാടത്തിൻെറ തെക്കു കിഴക്കായി വസിക്കുന്ന ജനങ്ങളുടെ സഞ്ചാര സൗകര്യത്തിനായി 80 മീറ്റർ നീളത്തിൽ മനയ്ക്കപ്പാടം- മാലി റോഡ് നിർമ്മിച്ച് എസ്.എച്ച്.എം. കരിയമ്പാടം റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്.

   ഈ പഞ്ചായത്തിൻെറ ആസ്ഥാന മന്ദിരം സ്ഥിതിചെയ്യുന്ന കുമാരനല്ലൂർ ജംഗ്ഷനടുത്തായി ടാക്സി, ഓട്ടോ സ്റ്റാൻഡ് നിർമ്മിച്ച് ജനസഞ്ചാരത്തിനും, ഗതാഗതസൗകര്യത്തിനും എത്രയും വേഗം നടപടി സ്വീകരിക്കേണ്ടതാണ്.

### ബസ്സ് സർവീസ്സുകൾ

1. കുമാരനല്ലൂർ -കുടമാളൂർ റോഡിൽ മെഡിക്കൽ കോളേജിലേക്ക് സർക്കുലർ ബസ്സ് സർവ്വീസ് ആരംഭിക്കണം. മുമ്പ് സർവീസ് നടത്തിയിരുന്നതാണ്.
2. ചൂട്ടുവേലി ചുങ്കം റോഡിൽ ബസ്സ് സർവ്വീസ് വേണം. ഈ റോഡ് ഗതാഗത യോഗ്യമാക്കി പുനർനിർമ്മിക്കണം.
3. കോട്ടയം പുല്ലരിക്കുന്നു ബസ്സ് സർവ്വീസ് മെഡിക്കൽ കോളേജ് വരെ നീട്ടണം.

### ജല ഗതാഗതം

ജലഗതാഗതത്തിന് പ്രാധാന്യം ഉണ്ടായിട്ടില്ലെങ്കിലും മീനച്ചിലാറും കൈവഴികളാലും ചുറ്റപ്പെട്ട ഈ പഞ്ചായത്തിലെ-പാറമ്പുഴ നാഗമ്പടം, മുണ്ടാർ ഭാഗത്തു നിന്നും, ആലപ്പുഴ, കുമരകം എന്നീ സ്ഥലങ്ങളിലേക്ക് ജലഗതാഗതം ആരംഭിച്ചാൽ കുട്ടനാടുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുവാൻ സാധിക്കു ന്നതാണ്.

### ഓവർ ബ്രിഡ്ജുകൾ

എം.സി. റോഡിലെ നാഗമ്പടം, സെൻറ് മെഴ്സിലിനാസ് ഹൈസ്ക്കൂൾ, കുമാരനല്ലൂർ, സംക്രാന്തി എന്നീ ജംഗ്ഷനുകളിൽ ഫുഡ് ഓവർ ബ്രിഡ്ജുകളും, കുമാരനല്ലൂർ (ലവൽ ക്രോസിൽ) കുടമാളൂർ റോഡിൽ ഓവർ ബ്രിഡ്ജും പണിയേണ്ടതാണ്.

പട്ടിക 5-7

## നിർദ്ദേശകലുങ്കുകൾ, ഡ്രയിനേജ്

| | റോഡിൻെറ പേര് - ഭാഗം | കലുങ്കുകൾ | ഡ്രെയിനേജ് |
|---|---|---|---|
| 1. | ചവിട്ടുവരി,വെള്ളുപ്പറമ്പ് റോഡ് നവോദയഭാഗം | നവോദയഭാഗം കലുങ്കുവേണം | റോഡ്–മൊത്തം |
| 2. | കുമാരനല്ലൂർ–കുടമാളൂർ റോഡ് റെയിൽവേ ക്രോസിനുസമീപം പുതുക്കുളങ്ങര | പാണം പറമ്പ് പടി പുതുക്കുളങ്ങര കലുങ്കുകൾ | മൊത്തം ഡ്രയിനേജ് |
| 3. | കുമാരനല്ലൂർ തിരുഹൃദയക്കുന്നു റോഡ് ഇടയാടി, മൗണ്ട്കാർമൽ എസ്.എച്ച്.എം. സ്ക്കൂൾ | ഇടയാടി മൗണ്ട് കാർമൽ എസ്.എച്ച്.സ്ക്കൂൾ | റോഡ് മൊത്തം |
| 4. | തൂത്തുട്ടി–വാരിശ്ശേരി റോഡ് ജീവധാര, മള്ളൂർക്കുളങ്ങര | ജീവധാര മള്ളൂർകുളങ്ങര | ആപ്പിൽപ്പടി ഭാഗം |
| 5. | സംക്രാന്തി–പേരൂർ റോഡ് സംക്രാന്തി പള്ളിത്താഴെ | സംക്രാന്തി ഭാഗം " കുഴിയാലിപ്പടി | റോഡ് മൊത്തം " |
| 6. | ചൂട്ടുവേലി–വാരിശ്ശേരി റോഡ് | | റോഡ്മൊത്തം |

അവലംബം: ദ്വിതീയ വിവരശേഖരണം

പട്ടിക 5-8

## പാലങ്ങൾ

| P.W.D പാലങ്ങൾ സ്ഥലം | പഞ്ചായത്തുപാലങ്ങൾ സ്ഥലം |
|---|---|
| 1. നാഗമ്പടം പാലം – പട്ടണവുമായി ബന്ധിപ്പിക്കുന്നു | 1. അടിച്ചിപ്പാടം |
| 2. ചുങ്കം പാലം – പട്ടണവുമായി ബന്ധിപ്പിക്കുന്നു | 2. ചെറുനാരകം പാലം |
| 3. ചവിട്ടുവരി | 3. ജനസഹകരണത്തോടെ വടക്കേനടപാലം |
| 4. നീലിമംഗലം | 4. മങ്ങാട്ടുമന പാലംപണി തീരുമാനമായി |
| 5. വെള്ളുപ്പറമ്പ് – വിജയപുരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു. | 5. പഞ്ചായത്തിലെ 2,12 വാർഡുകളുമായി ബന്ധിപ്പിക്കുന്ന ഈ പാലം എം.പി. യുടെ ഫണ്ടും, പഞ്ചായത്തും ചേർന്നു നിർമ്മിക്കുന്നു. |

അവലംബം :- ദ്വിതീയ വിവരശേഖരണം

അവലംബം :- ദ്വിതീയ വിവരശേഖരണം

പട്ടിക 5-9

## കടത്തുകൾ

| P.W.D കടത്തുകൾ സ്ഥലം | പഞ്ചായത്തു കടത്തുകൾ സ്ഥലം |
|---|---|
| 1. പാറമ്പുഴ ഡിപ്പോ കടത്ത് | 1. പാറമ്പാഴ മുക്കുടിമാലി കടത്ത് |
| 2. വട്ടമൂട് കടത്ത് | 2. മാധവത്തു കടത്ത് |
| | 3. മങ്ങാട്ടുമനകടത്ത് |

അവലംബം : ദ്വിതീയ വിവരശേഖരണം

കുറിപ്പ്

പട്ടികയിൽ കാണിച്ചിരിക്കുന്നതിൽ മങ്ങാട്ടുമന കടവിൽ പാലം പണിയുന്നതിനുള്ള തീരുമാനങ്ങളായിട്ടുണ്ട്. ബാക്കി, നാലു കടവിലും, പാലങ്ങൾ അത്യന്താപേക്ഷിതമാണ്, വിദ്യാഭ്യാസപരമായും, തീർത്ഥാടനപരമായും വിജയപുരം പഞ്ചായത്തും അയർക്കുന്നം പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന ഈ പാലങ്ങൾ അസംഖ്യം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതാണ്.

പട്ടിക 5-5

## പണി പൂർത്തിയാക്കേണ്ട റോഡുകൾ

| | വാർഡ് | റോഡുകൾ | നീളം | വീതി | സ്ഥിതി നിർദ്ദേശം | പ്രാധാന്യം |
|---|---|---|---|---|---|---|
| 1. | I | പുതുക്കുളങ്ങര (ആയുർവേദപ്പടി) ബ്രാഹ്മണിപ്പടി, കിഴക്കേ നട | 250 മീ | 3–1 | ചിലഭാഗത്ത് വീതി കൂട്ടി നന്നാക്കണം | I |
| 2. | I | പടിഞ്ഞാറെ നട പാലുക്കടവ് | 350 മീ | 3 മീ | മോശം. ടാർ ചെയ്യണം | II |
| 3. | I | പുത്തൂർപ്പടി–തെക്കേനട (കല്ലുംപള്ളി) | 250 | 11/2 മീ | മോശം. വീതീ കൂട്ടണം | II |
| 4. | I | പുത്തൂർപ്പടി–കുടമാളൂർ റോഡ് | 300 | 31/2 മീ | മോശം. ടാർ ചെയ്യണം | III |
| 5. | I | കരിയമ്പാടം–കൊച്ചാലും മൂട് (കളരിക്കൽ) | 250 | 3 മീ | 1-3 വാർഡിന്റെ ടാർ ചെയ്യണം | II |
| 6. | I | കാക്കനാട്ടുപടി–ആശാരികടവ് | 350 | 31/2 | കോൺക്രീറ്റു ചെയ്യണം | |
| 7. | I | തെക്കിനിപ്പടി തലവന്നാട്ടു മഠം റോഡ് | 200 | 2 മീ | മോശം. വീതിയില്ല | |
| 8. | I | പോസ്റ്റ് ഓഫീസ് മുടക്കാലി പടി | 100 | 3-500 | കോൺക്രീറ്റ് ചെയ്യണം | |
| 9. | I | വടക്കേ മുറി–പനച്ചേ കൊട്ടാരം | 75 | 21/2 | വീതി കുറവ് മോശം | |
| 10. | I | ഇളംകുളത്തേൽ–കല്ലുമ്പള്ളി റോഡ് | 100 | 1 | | |
| 11. | I | എടത്തിൽ കൊട്ടാരം | 200 | 4 മീ | താഴ്ചയാണ് | |
| 11. | I | മധുരമഠം കൂടി വടക്കേ നട | 100 | 31/2 മീ | കോൺക്രീറ്റ് ചെയ്യണം | |
| 12. | I | വടക്കേനട മലയിൽച്ചിറ | 50 | 11/2 | " | |
| 13. | I | ലൈബ്രറി, പ്ലൈവുഡ് ഫാക്ടറി | 750 | 4 മീ | " | |
| 14. | I | ഇടയാടി സ്ക്കൂൾ കരിയമ്പാടം | 105 | 21/2 മീ | വീതിയില്ല | |
| 15. | I | പാരഗൺ കരിയമ്പാടം | 100 | 11/2 മീ | | |
| 16. | | കിഴക്കേ നട കാക്കനാട്ടു പടി പുന്നമാലി റോഡ് | 100 | 61/2 മീ | | |
| 17. | | ഭഗവതി മഠം റോഡ് | 50 | 11/2 മീ | | |
| 18. | | ബ്രാഹ്മണി കുന്നിൻപുറം, പായിക്കാട്ടുപടി | 70 | 11/2 മീ | | |
| 19. | II | കരയോഗം കണിയാമ്പറമ്പ് റോഡ് | | | | |
| 20. | | യു.പി.സ്ക്കൂൾ വേങ്ങച്ചേരി കടവ് | | | | |
| 21. | | ചവിട്ടുവരി–തത്രാംവേലിൽ | | | | |
| 22. | | വൈലപ്പള്ളി–നീലി മംഗലം റോഡ് | | | | |
| 23. | | മങ്ങാട്ടുപടി മാലി മേൽ കടവ് | | | | |
| 24. | | മാലിമേൽ കടവ്, കുമ്പളത്തു, കണിയാമ്പറമ്പ് | | | | |
| 25. | | സ്റ്റേഡിയം റോഡ് | | | | |
| 26. | | കോന്തു കടവ് | | | | |
| 27. | | പമ്പുഹൗസ് | | | | |
| 28. | | ആണ്ടൂർ കടവ് | | | | |
| 29. | | ചാവേലിത്തറ | | | | |
| 30. | | ചളുക്കിക്കടവ് | | | | |
| 31. | | ഉമ്പുക്കാട്ടുപടി | | | | |

| | | | | | |
|---|---|---|---|---|---|
| 32. | | വേങ്ങശ്ശേരി കടവ് | | | |
| 33. | | ചവിട്ടുവരി പാലം റോഡ് | | | |
| 34. | | കോളനി റോഡ് | | | |
| 35. | | മണക്കാട്ടുപടി റോഡ് | | | |
| 36. | III | കാഞ്ഞിരം കാലാ-വലിയപറമ്പ്, വാഴ്പ്പറമ്പ് നടപ്പാത | 50 മീ | 1 അടി 1 മീറ്റർ | കടന്നു ക്കൂടി യാത്രക്കാർ |
| 37. | | കപ്പോള-കുന്നിൻ പുറം റോഡ് | 75 മീ | 1മീ നടപ്പാത | |
| 38. | | കാച്ചപ്പള്ളി-പാലുക്കടവ് | | - | |
| 39. | | ഷാപ്പുംപടി-പര്യത്തുകാലാ-പാലുക്കടവ് റോഡ് | 100മീ | ടാർ ചെയ്യണം | |
| 40. | | വാളംപറമ്പ്-ആശാരികടവ് റോഡ് | | കോൺക്രീറ്റ് ചെയ്യണം | |
| 41. | | കടുന്നക്കുടി-പാലുകടവ് | | | |
| 42. | | പൊട്ടങ്ങാപ്പടി-ലക്ഷംവീട് | | മെറ്റൽ ചെയ്തു ടാറിടണം | |
| 43. | | പര്യത്തുകാലാ-പാലുക്കടവ് | | | |
| 44. | | എഴുമാ മഠം റോഡ് | | കോൺക്രീറ്റ് | |
| 45. | | ലക്ഷം വീട്-ജനരക്ഷാ റോഡ് | | | |
| 46. | | വാളംപറമ്പ്-ജനരക്ഷാറോഡ് | | | |
| 47. | | ജീവധാര - മാമ്പറ-കരിയമ്പാടം | | | |
| 48. | | ലക്ഷം വീട്- എഴുമാ മഠം റോഡ് | | വീതി കൂട്ടണം | |
| 49. | | ഫാക്ട്- അഞ്ചേരി കുന്നിൻ പുറം | | | |
| 50. | | തുത്തൂട്ടി - എസ്.ഐ. റ്റി.ഐ. റോഡ് | | ടാർ ചെയ്യണം | |
| 51. | | പര്യത്തുകാലാ- പര്യത്തുമാലി റോഡ് | | | |
| 52. | | ജനരക്ഷാറോഡ് | | | |

## വാർഡ് 4

| | | | |
|---|---|---|---|
| 1 | ജീവധാര - കരിയമ്പാടം | - | പുല്ലിക്കുന്ന് റോഡ് |
| 2. | പുല്ലരിക്കുന്ന് | - | ഉലുത്വാ റോഡ് |
| 3. | മൈക്രോവേവ് | - | സ്റ്റേഷൻ റോഡ് |
| 4. | മൈക്രോവേവ് | - | പാണം പറമ്പിൽ റോഡ് |
| 5. | കരിയമ്പാടം | - | ചിറക്കോൺ റോഡ് |
| 6. | പുല്ലരിക്കുന്ന് | - | പുത്തൻ പറമ്പ് റോഡ് |
| 7. | പുല്ലരിക്കുന്ന് | - | തിരുവാറ്റാ റോഡ് |
| 8. | കരിയമ്പാടം | - | വട്ടക്കാലാ - ശ്മശാനം റോഡ് |
| 9. | ശ്മശാനം | - | റോഡ് |
| 10 | മുറിക്കൽ | - | പാലമറ്റം റോഡ് |
| 11. | പുല്ലരിക്കുന്ന് ലക്ഷം വീട് റോഡ് | | |
| 12. | നിർമ്മിതി ഹൗസ് റോഡ് | | |
| 13. | പുതിയ വീട് ചെറുവള്ളി | - | കരിയമ്പാടം റോഡ് |
| 14. | കുന്നേൽ | - | കരിയമ്പാടം റോഡ് |
| 15. | പ്ലാക്കുഴി ലക്ഷം വീട് റോഡ് | | |
| 16. | പ്ലാക്കുഴി റെയിൽവേലൈൻ നടപ്പാത | | |
| 17. | മണലേച്ചിറ റെയിൽവേലൈൻ നടപ്പാത. | | |
| 18. | ജീവധാര | - | കുടമാളൂർ റോഡ് |
| 19. | നിർമ്മിതി ഹൗസ് | - | കരിയം പാടം നടപ്പാത. |
| 20. | മമ്പള്ളി താഴപ്പള്ളി നടപ്പാത. | | |
| 21. | മമ്പള്ളി-തിടമ്പു കുന്ന് നടപ്പാത | | |

## വാർഡ് 5

ദൈർഘ്യം

| | | | | |
|---|---|---|---|---|
| 1. | ഐക്കര | – | കാവക്കുഴി മറ്റം റോഡ് | 11/2 |
| 2. | തൃക്കേൽ | – | ഐക്കര റോഡ് | 300 മീ. |
| 3. | പാലപ്പുരക്കൽ റോഡ് | | 450 മീ. | |
| 4. | പരവൻ പറമ്പിൽ റോഡ് | | 400 മീ. | |
| 5. | മാലിക്കാട്ടുമാലി റോഡ് | | 200 മീ. | |
| 6. | ചുങ്കം | – | തിരുവാറ്റാ റോഡ് | 11/2 കി.മീ |
| 7. | ചുങ്കം | – | കുളിക്കടവ് റോഡ് | 100 മീ. |
| 8. | വാരിശ്ശേരി | – | മുതലക്കോണം റോഡ് | 11/2 കി.മീ. |
| 9. | വാരിശ്ശേരി | – | മള്ളിൽ റോഡ് | 1 കി.മീ. |
| 10. | മണത്തറ | – | പഴയം പള്ളി റോഡ് | 1 കി.മീ |
| 11. | ആപ്പീൽ റോഡ് | | 300 മീറ്റർ | |
| 12. | മള്ളൂർ കുളങ്ങര | – | പാറമറ്റം റോഡ് | 1 കി.മീ |
| 13. | മഠം | – | മാമലശ്ശേരി റോഡ് | 300 മീ. |
| 14. | മഠത്തിപ്പറമ്പ് | – | നാഗപ്പള്ളി റോഡ് | 150 മീ. |
| 15. | പാഴൂർപ്പടി | – | ചെത്തിമറ്റം റോഡ് | 200 മീ. |
| 16. | കൈപ്പള്ളി | – | ചെട്ടിയാത്ത് റോഡ് | 200 മീ. |
| 17. | ചെമ്മനാട്ട് കൊല്ലം പറമ്പിൽ റോഡ് | | | 200 മീ |
| 18. | കൊണ്ടേട്ടുമാലി | – | കൊട്ടാരപ്പറമ്പ് റോഡ് | 250 മീ |
| 19. | പാറക്കൽ പാറമട റോഡ് | | | |
| 20. | ചെറുപള്ളി കീഴാപാഠം റോഡ് | | | |
| 21. | പാലപ്പുരക്കൽ കാരിയിൽ റോഡ് | | | |

## വാർഡ് 6

| | | | |
|---|---|---|---|
| 1. | നാഗമ്പടം–ആറ്റുമാലി | – | മഞ്ഞാങ്കൽ–ചുങ്കം റോഡ് |
| 2. | നാഗമ്പടം | – | വെയർ ഹൗസ് റോഡ് |
| 3. | മഠം | – | പമ്പു ഹൗസ് റോഡ് |
| 4. | എസ്.എച്ച്.എം. പ്രാണിക്കുന്ന് റോഡ് | | |
| 5. | മഞ്ഞാങ്കൽ | – | ചുങ്കം റോഡ് |
| 6. | കൊച്ചു പറമ്പ് | – | മുണ്ടാക്കുളം റോഡ് |
| 7. | എസ്.എച്ച്.എം | – | കരിയമ്പാടം റോഡ് |
| 8. | മുണ്ടാക്കുളം | – | കരിയമ്പാടം റോഡ് |
| 9. | നെടുംചിറപ്പടി | – | മനക്കപ്പാടം റോഡ് |
| 10. | തേക്കുംപാലം | – | താന്നിക്കാട്ടുമന റോഡ് |
| 11. | കൊച്ചുപറമ്പ് | – | മുണ്ടാക്കുളം ലിങ്ക് റോഡ് |
| 12. | ആറ്റുമാലി | – | അടിച്ചിപ്പാടം റോഡ് |
| 13. | ചെറുകുന്ന് | – | അടിച്ചിപ്പാടം |
| 14. | വെണ്ണിക്കുളം കടവ് റോഡ് | | |
| 15. | കോൺവെൻറ്–അടിച്ചിപ്പാടം റോഡ് (പള്ളിപ്പറമ്പ്) | | |
| 16. | ചൂട്ടുവേലി | – | അടിച്ചിപ്പാടം റോഡ് |
| 17. | നാഗമ്പടം പാടം | – | പുകടി മാലി റോഡ് |

## വാർഡ് 7

| | | | |
|---|---|---|---|
| 1. | എം.സി.റോഡ് | – | വെട്ടിക്കനാൽ (പുത്തൂർ പടി റോഡ്) |
| 2. | വെട്ടിക്കനാൽ–കരിയമ്പാടം റോഡ് | | |
| 3. | തൈപ്പറമ്പ് | – | കരിയമ്പാടം റോഡ് |
| 4. | വെങ്ങാലിപ്പടി | – | കരിയമ്പാടം റോഡ് |
| 5. | തൈപ്പറമ്പ് റെയിൽവെലൈൻ ലിങ്ക് റോഡ് | | |
| 6. | എം.സി.റോഡ് | – | നെടുംചിറ ലിങ്ക് റോഡ് |
| 7. | പുല്ലാനപ്പള്ളി | – | ഇടപ്പള്ളി കരോട്ട്റോഡ് |
| 8. | മൗണ്ട് കാർമ്മൽ ചർച്ച് | – | എംസി.റോഡ് |
| 9. | ഈപ്പിപ്പടി | – | ഇടപ്പള്ളി കരോട്ട് റോഡ് |
| 10. | പമ്പ് ഹൗസ് | – | ശ്രീനിലയം റോഡ് |
| 11. | പമ്പ് ഹൗസ് | – | പിറവം തൊട്ടി റോഡ് |
| 12. | റെയിൽവെഗേറ്റ് | – | തൈപ്പറമ്പ് റോഡ് |
| 13. | സി.എസ്.ഐ.ചർച്ച് | – | മാലേപ്പറമ്പ് റോഡ് |
| 14. | വാട്ടർ ടാങ്ക് | – | കരിയമ്പാടം റോഡ് |
| 15. | കരിപ്പാൽ | – | വെങ്ങാലിപ്പടി റോഡ് |
| 16. | തുരുത്തിക്കാട്ടുപടി | – | റെയിൽവെ ലിങ്ക് റോഡ് |
| 17. | പാലക്കാട്ട് പടി എം.സി. റോഡ് | – | റെയിൽവെ ലൈൻ–റോഡ് |
| 18. | അമ്പ്രോസ്നഗർ (നോർത്ത്) | – | ലക്ഷം വീട് റോഡ് |
| 19. | ദയറാപ്പള്ളി | – | കരിയമ്പാടം റോഡ് |
| 20. | അമ്പ്രോസ് നഗർ (സൗത്ത്) താഴപ്പള്ളി റോഡ് | | |

## വാർഡ് 8

| | | | | |
|---|---|---|---|---|
| 1. | സർവ്വോദയം | – | ചക്കാത്തറ റോഡ് | 150 മീ. |
| 2. | നമ്പിയോട്ട് കടവ് റോഡ് | | | 400 മീ. |
| 3. | തലയനാട്ട് പടി ചിറയിൽ കടവ് റോഡ് | | | 300 മീ. |
| 4. | പ്രിയദർശിനി റോഡ് | | | 400 മീ. |
| 5. | മാലിമേൽ കടവ് | – | ഡിപ്പോ കടവ് റോഡ് | 200 മീ. |
| 6. | കുറത്തിയാട്ടുപടി | – | ഇടാട്ടുപടി | 200 മീ. |
| 7. | ഇടത്തിൽ | – | മണപ്പുറം റോഡ് | 250 മീ. |
| 8. | വടക്കേടത്തുപടി | – | കുറത്തിയാട്ടുപടി റോഡ് | 300 മീ. |
| 9. | ഡിപ്പോ | – | ചെറുനാരകം റോഡ് | 300 മീ. |
| 10. | പാലക്കാട്ടുപടി | – | ഇടക്കാട്ടുപടി | 300 മീ. |
| 11. | ചേന്നാത്രകടവ് റോഡ് (പാടത്തുപടി) | | | |
| 12. | പൂവത്തിൽപ്പടി | – | ചെറുനാരകം | 250 മീ. |
| 13. | കെ.കെ.നാരായണൻ നായർ മെമ്മോറിയൽ റോഡ് | | | 300 മീ. |
| 14. | എം.സി.റോഡ് | – | വട്ടമൂട് | 200 മീ. |
| 15. | മഠം | – | ആറുംകാലാ | 300 മീ |
| 16. | ആറുംകാലാ | – | നെടുങ്ങാട്ടുപടി | 250മീ. |
| 17. | ചാഴുവേലിത്തറ റോഡ് | | | 150 മീ. |
| 18. | ചൂട്ടുവേലി | – | വടക്കേടത്ത് | 250 മീ. |

| | | | | |
|---|---|---|---|---|
| 19. | നാഗമ്പടം | – | പൊറമ്പോക്കു മാലി റോഡ് | 250 മീ. |
| 20. | നാഗമ്പടം | – | മണലേൽ റോഡ് | 250 മീ. |
| 21. | നാഗമ്പടം ഈസ്റ്റ് ലാൻറിംഗ് റോഡ് | | | 250 മീ. |
| 22. | നാഗമ്പടം ലാൻറിംഗ് റോഡ് (വെസ്റ്റ്) | | | 300 മീ. |
| 23. | നാഗമ്പടം ക്ഷേത്രം റോഡ് | | | 300 മീ. |
| | **നടപ്പാത** | | | |
| 24. | എം.സി. റോഡ് കളത്രാ മറ്റം | | | 150 മീ. |
| 25. | വിലങ്ങയിൽ | – | ഇടാട്ടുപടി | 200 മീ |
| 26. | മുറിക്കപ്പടി | – | കണ്ണാട്ടേലും പടി | 250 മീ |
| 27. | മാവേലിൽ | – | മാലിയേൽ നടപ്പാത | |
| 28. | കുറത്ത്യാട്ടു പടി നടപ്പാത. | | | |
| 29. | പാലക്കാട്ട് പടി | – | ചേന്നാത്ര നടപ്പാത | |
| 30. | ചുട്ടുവേലി ശുഭാനന്ദാശ്രമം നടപ്പാത | | | |
| 31. | മള്ളൂറാട്ട് നടപ്പാത | | | |
| 32. | മാവേലിൽ നടപ്പാത | – | 5മീറ്റർ (1 മീറ്റർ വീതി) | |
| 33. | മാധോത്ത് കടവ് റോഡ് | – | 100 മീറ്റർ (21/2 മീറ്റർ വീതി) | |
| 34. | നമ്പ്യാട്ട് കടവ് | – | നമ്പ്യാട്ട് നടപ്പാത | 200 മീറ്റർ നീളം 1 മീറ്റർ വീതി |
| 35. | ചക്കാത്തറ-തറമേലിടം നടപ്പാത | – | 75 മീറ്റർ (1മീറ്റർ വീതി) | |
| 36. | അമ്പാട്ട്-റോഡ് | – | 300 മീറ്റർ | (1മീറ്റർ വീതി) |
| 37. | വെട്ടത്തു പടി നടപ്പാത. 200 മീറ്റർ നീളം | | | (11/2 മീറ്റർ വീതി) |
| 38. | ഹരിഹരൻ റോഡ്-750 മീറ്റർ നീളം 3 മീറ്റർ വീതി | | | |

## വാർഡ് 9

### ടാർ റോഡുകൾ

| | | | | |
|---|---|---|---|---|
| 1. | ചാത്തുകുളം | – | കാലടിമന | 500 മീ. |
| 2. | ചെറുവിരലിൽ | – | കല്ലാണി | 250 മീ. |
| 3. | പുത്തേട്ട് ചെറുതുരുത്തി | | | 250 മീ. |
| | **മൺറോഡുകൾ** | | | |
| 1. | ചവുട്ടുവരി | – | പുറകിടാരം | 600 മീ |
| 2. | തലപ്പള്ളി മറ്റം | – | തിരുത്തിക്കരി | 400 മീ |
| 3. | കെ.പി.ഡി. റോഡ് | | | 500 മീ. |
| 4. | വെട്ടിക്കാ കുഴി | – | ചൂരക്കാട്ടുപടി | 750 മീ. |
| 5. | അമ്മാറപ്പടി | – | കരങ്ങേലിചിറ | 300 മീ |
| 6. | കരങ്ങേലി ചിറ-മാന്താറ്റിൻപടി | | 750 മീ | |
| 7. | പുത്തോട്ട് | – | കരങ്ങേലിചിറ | 500 മീ |
| 8. | മള്ളിപ്പടി | – | കാവിനാപടി | 400 മീ |

| | | | | |
|---|---|---|---|---|
| 9. | B.S.S. | | | 200 മീ |
| 10. | നവോദയം | – | പാലുക്കാട് | 400 മീ |
| 11. | പറപ്പള്ളി | – | പരുത്തികുഴി | 300 മീ |
| 12. | കൊച്ചിപ്പടി | – | കുറുങ്ങൂർ | 400 മീ |
| 13. | മാന്നാറ്റിൽപടി | – | കുരോത്തുപടി | 600 മീ |
| 14. | കരിപ്പാൽ | – | കുരുവിടം | 250 മീ |
| 15. | ചെറുവിരലിൻ | | | 15 മീ |
| 16. | NSS കരയോഗം തിരുത്തികരി | | | 500 മീ |
| | **ഫുഡ് പാത്തുകൾ** | | | |
| 1. | ചുരക്കാട്ടിൽ | – | മരങ്ങാട്ടിൽ | 300 മീ |
| 2. | ഞണ്ടുപറമ്പ് ഇഞ്ചേരിക്കുന്ന് | | | 300 മീ |
| 3. | വറുകുഴി ഇഞ്ചേരിക്കുന്ന് | | | 300 മീ |
| 4. | ഞണ്ടുപറമ്പിൽ | – | ഫുഡ്പാത്ത് | 100 മീ |
| 5. | ഞണ്ടുപറമ്പ് | – | പാടുകുന്ന് | 200 മീ |
| 6. | ഐക്കരപറമ്പ് | | | 200 മീ |
| 7. | മാന്നാറ്റിൽ ഫുഡ്പാത്ത് | | | 400 മീ |
| 8. | ചെറുവിരലിൻ കുഴിയാമ്പാട്ട് | | | 300 മീ |
| 9. | മാന്താറ്റിൻ | – | പരുത്തികുഴി | 400 മീ |
| 10. | പരുത്തികുഴി | – | ഫുഡ്പാത്ത് | 150 മീ |
| 11. | ഏലുപറമ്പിൽ | – | കുറുങ്ങൂർ | 250 മീ |
| 12. | ഏലുപറമ്പ് | – | ഫുഡ്പാത്ത് | 100 മീ |
| 13. | മുഞ്ചാട്ട് ഫുഡ്പാത്ത് | | | 150 മീ |
| 14. | സർവ്വോദയം | – | ഫുഡ്പാത്ത് | 250 മീ |
| 15. | മറ്റത്തിൻ | – | ഫുഡ്പാത്ത് | 100 മീ |
| 16. | കൊട്ടാരത്തിൽ | – | ഫുഡ്പാത്ത് | 100 മീ |

## വാർഡ് 10

| | | | |
|---|---|---|---|
| 1. | ഇരുകവല | – | മൂപ്പരുപാറ റോഡ് |
| 2. | നാരകത്തൊട്ടി | – | മൂപ്പരുപാറ |
| 3. | ഇരുമ്പനത്തു പടി | – | പൊന്നാറ്റും പാറ |
| 4. | മുണ്ടക്കൽ | – | പുത്തൻപുര റോഡ് |
| 5. | ആനിക്കൽ | – | പിച്ചകശ്ശേരി മാലിൽ |
| 6. | മുക്കുടി മാലി | – | പറ്റോത്തുപടി |
| 7. | കുറത്തിയാട്ടു | – | മുക്കുടി മാലിൽ |
| 8. | വെള്ളൂപ്പറമ്പ് | – | മുക്കുടിമാലിയിൽ |
| 9. | മുള്ളൻകുഴി | – | കന്നതൊട്ടി. (ഞാറമുകളേൽ) |
| 10. | മുള്ളൻകുഴി | – | തടത്തിക്കാലാ |
| 11. | പിച്ചകശ്ശേരി മാലി | – | മുണ്ടാറ്റിൽ |
| 12. | കല്ലാണി | – | കാളിചിറക്കാലാ (കുഴിയൻകാലാ) |
| 13. | | | |

## വാർഡ് 11

| | | | | |
|---|---|---|---|---|
| 1. | പള്ളിത്താഴെ | – | മടുക്കുമുകളേൽ റോഡ് | 200 മീ |
| 2. | പള്ളിത്താഴെ | – | പൂഴിക്കുന്നേൽ | 500 മീ |
| 3. | ഈഴമാലി | – | മുക്കുടിമാലി | 300 മീ |
| 4. | ചെറുവിരൽ | – | കുഴിയാംപാട്ട് | 300 മീ |
| 5. | പള്ളിപ്പുറം | – | പാറമ്പുഴ | 750 മീ |
| 6. | മുള്ളുവേലി തടം | – | പാറമ്പുഴ | 100 മീ |
| 7. | പൂഴിക്കുന്നേൽ | – | മടുക്കമുകളേൽ | 120 മീ |
| 8. | രാമനാട്ടുതറ | – | കുമ്പളത്തിപ്പടി | 300 മീ |
| 9. | ചാത്തുകുളം | – | കാലടിമന | 1500 മീ |
| 10. | മണ്ണൂപടി | – | പാറമ്പുഴ | 225 മീ |
| 11. | സംക്രാന്തി | – | തെള്ളകം | 800 മീ |
| 12. | ചാത്തുകുളം | – | മടുക്കമുകളേൽ | 200 മീ |
| 13. | മണ്ണൂപ്പടി | – | മുക്കുമണിപ്പടി | 225 മീ |
| 14. | പാറമ്പുഴ | – | ഈഴമാലി | 600 മീ |
| 15. | വാഴക്കാലാ | – | മങ്ങാട്ടുകാലാ | 200 മീ |
| 16. | മാമ്മൂട് | – | തറേപ്പടി റോഡ് | |
| 17. | കൊച്ചുപറമ്പ് ലിങ്ക് റോഡ് | | | |
| 18. | പള്ളിപ്പുറം കെ. എൽ. ജോസഫ് മെമ്മോറിയൽറോഡ് | | | |
| 19. | മുള്ളുവേലിത്തടം | – | മുകളേൽ റോഡ് | |

## വാർഡ് 12

| | | | |
|---|---|---|---|
| 1. | ഇടത്തിനകം | – | കോളനിറോഡ് |
| 2. | സംക്രാന്തി | – | റെയിൽവെ ലെയിൻ ഫുട്ട്പാത്ത് |
| 3. | മുണ്ടകം | – | മുട്ടത്തുപടി റോഡ് |
| 4. | കൊച്ചുപറമ്പ് | – | മുണ്ടാകംകുളം |
| 5. | നീലിമംഗലം | – | ചെറുതുരുത്തി. |
| 6. | പാറേൽപടി | – | ഈഴമാലി |
| 7. | സംക്രാന്തി | – | ചെറുപൈങ്ങുളം |
| 8. | ചെറുപൈങ്ങുളം | – | വാഴക്കാല |
| 9. | പുൽത്തൊട്ടി | – | മുണ്ടകം |
| 10. | പാറേൽ പ്പടി | – | വട്ടക്കാട്ട് |
| 11. | S.N.L.P. | – | റെയിൽവെ ലൈൻ റോഡ് |
| 12. | M.C.റോഡ് | – | കൊച്ചുപറമ്പ് റോഡ് |
| 13. | ചെറുപൈങ്കുളം | – | നമ്പൂരിമുകളേൽ റോഡ് |
| 14. | ചെറുപൈങ്കുളം | – | കൊച്ചുപറമ്പ് റോഡ് |
| 15. | ചെറുപൈങ്കുളം | – | പനച്ചേൽ മറ്റം റോഡ് |
| 16. | വാഴക്കാലാനമ്പൂരി മുകളേൽ റോഡ് | | |

| | | | |
|---|---|---|---|
| 17. | വാഴക്കാലാ | – | കോളനിറോഡ് |
| 18. | വാഴക്കാലാ | – | റബർത്തോട്ടം റോഡ് |
| 19. | വാഴക്കാലാ | – | കോളനി റോഡ് |
| 20. | പള്ളിപ്പുറം | – | മുണ്ടകം റോഡ് |
| 21. | ഇളയിടം | – | കരിങ്ങാക്കുഴിറോഡ് |
| 22. | ഊരോമ്പറമ്പ് | – | ആറ്റുമാലിറോഡ് |
| 23. | കളത്തുപ്പടി | – | മങ്ങാട്ടുമഠം റോഡ് |
| 24. | നീലിമംഗലം | – | ചിറയിൽ റോഡ് |
| 25. | നീലിമംഗലം | – | ചാരംകുളങ്ങര |
| 26. | നീലിമംഗലം | – | കൊച്ചുപാലം റോഡ് |
| 27. | കരിങ്ങാക്കുഴി | – | മങ്ങാട്ടുമഠം റോഡ് |

## വാർഡ് 13

| | | | | |
|---|---|---|---|---|
| 1. | ചകിരിക്കുഴി M.C.H. റോഡ് | | | 250 മീ |
| 2. | M.C.H. തോപ്പിൻ പടി | | | 600 മീ |
| 3. | കൂരമറ്റം | – | അയ്യൻകോവിക്കൽ | 1500 മീ |
| 4. | JASS ലോഡ്ജ് | – | പോലീസ് സ്റ്റേഷൻ | 450 മീ |
| 5. | ആലുങ്കൽ പടി | – | ഉറുമ്പും കുഴി | 750 മീ |
| 6. | ആലുങ്കൽ പടി | – | കുളക്കാട്ടുപാടം | 225 മീ |
| 7. | ഗാന്ധിനഗർ | – | കുളക്കാട്ടുപാടം | 200 മീ |
| 8. | കുളക്കാട്ടുപാടം | – | കടവിൽ പറമ്പ് | 340 മീ |
| 9. | അയ്യൻകോവിക്കൽ | – | വടക്കെ നട | 250 മീ |
| 10. | വടക്കെനട | – | ആപ്പിൽപ്പടി | 200 മീ |
| 11. | പ്രിയദർശിനി | – | ആറ്റാംമൊയമ്പ് | 400 മീ |
| 12. | ആറ്റാംമൊയമ്പ് | – | സംക്രാന്തി | 1100 മീ |
| 13. | പുല്ലത്തിപ്പടി | – | ആണ്ടൂക്കാലാ | 600 മീ |
| 14. | ആറ്റംമൊയമ്പ് | – | മഠത്തിപ്പറമ്പ് | 850 മീ |
| 15. | ഗാന്ധിനഗർ | – | ചിറപ്പാട്ട് | 600 മീ |
| 16. | ഗാന്ധിനഗർ M.C.H. പുറമ്പോക്ക് റോഡ് 400 മീ | – | രണ്ടുഭാഗങ്ങൾ 150 + 50 | 200 മീ |
| 17. | ഗാന്ധിനഗർ | – | അയ്യൻകോവിക്കൽ | 450 മീ |
| 18. | അയ്യൻകോവിക്കൽ | – | ചിറപ്പാട്ട് | 300 മീ |
| 19. | പനമറ്റം | – | ഓണാട്ടുപടി | 300 മീ |
| 20. | ഷാപ്പുംപടി | – | ഉറുമ്പും കുഴികോളനി | 500 മീ |
| 21. | കൂരമറ്റം | – | കുന്നത്തേട്ട് | 460 മീ |
| 22. | കുട്ടുങ്കൽ തേവർക്കാട്ടുശ്ശേരി | | | 420 മീ |
| 23. | കാരിമറ്റം – പോലീസ് സ്റ്റേഷൻ | | | 300 മീ |

## വാർഡ് 14

| | | | | |
|---|---|---|---|---|
| 1. | M.C.H. | - | E.S.I. (I.C.H.) റോഡ് | 750 മീ |
| 2. | M.C.Road | - | M.C.H. റോഡ് | 2.കി.മീ |
| 3. | ഗാന്ധിനഗർ | – | ഗുരുമന്ദിരം ഹൗസിംഗ്കോളനി | 1.750 മീ |
| 4. | മുടിയൂർക്കരപ്പള്ളി | – | ഗാന്ധിനഗർ റോഡ് | 750 മീ |
| 5. | പാറക്കൻ പടി | – | അടിച്ചിറ റോഡ് | 400 മീ |
| 6. | ചൂരക്കാട്ടുപടി | – | വടക്കനാട്ടുകുന്ന് | 700 മീ |
| 7. | ചൂരക്കാട്ടുപടി | – | പട്ടത്താനം പടിപാലമറ്റം | 400 മീ |
| 8. | പോലീസ് ക്വാർട്ടേഴ്സ് | – | തടത്തിൽ പ്പടി | 400 മീ |
| 9. | വട്ടുകുന്ന് | – | കാരക്കട | 300 മീ |
| 10. | കണ്ണാമ്പടം | – | നെല്ലിക്കുന്ന് | 250 മീ |
| 11. | പാറക്കപ്പടി | – | നെല്ലിക്കുന്ന് | 275 മീ |
| 12. | ഇടിവെട്ടുകാലാ | – | വടക്കനാട്ടുകുന്നിൻ പുറം | 250 മീ |
| 13. | കണ്ണാന്തറ | – | ചൂരക്കാട്ടുപടി | 300 മീ |
| 14. | കുന്നുകാലാ | – | കുമരങ്കുളം | 250 മീ |
| 15. | കേളക്കൊമ്പ് | – | കുന്നുകാലാ | 150 മീ |
| 16. | ചൂപ്രറ്റത്തുപടി | – | അറമ്പിൽപ്പടി | 150 മീ |
| 17. | കണ്ണാമ്പടം | – | നെല്ലിക്കുന്ന് | 150 മീ |
| 18. | മുടിയൂർക്കരപള്ളി | – | മുടി : വണ്ടി : മുൻവശം ടാർറോഡ് | 300 മീ |
| 19. | ഡോക്ടേഴ്സ് ഗാർഡൻ റോഡ് | | 240 മീ | |
| 20. | കണ്ണാന്തറ | – | കോലാകുളം നടപാത | 500 മീ |
| 21. | അറമ്പിൻപ്പടി | – | കാക്കനാട്ടുപടി | 350 മീ |
| 22. | പട്ടത്താനം | – | ആക്കാംപറമ്പ് | 175 മീ |

7. ചൂട്ടുവേലി – ചുങ്കം റോഡ് ബസ്സ് ഗതാഗതത്തിന് യോഗ്യമാം വിധം പുനർനിർമിച്ച് ഈ റോഡിൽ കൂടി ബസ്സ് സർവ്വീസ് ആരംഭിക്കണം.

8. നിലവിലുള്ള എല്ലാറോഡുകൾക്കും ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കുകയും, ആവശ്യമായ എല്ലാ യിടത്തും. പുതിയകലുങ്കുകൾ സ്ഥാപിക്കുകയും. ചെയ്താൽ, ഗതാഗത സൗകര്യം പൂർണ്ണമായും സുഗമമാക്കുവാൻ സാധിക്കും.

9. നമ്മുടെ പഞ്ചായത്തിലെ 7 –ാം വാർഡിനെയും, നമ്മുടെ പഞ്ചായത്തിൻെറ തെക്കു പടിഞ്ഞാറൻ പ്രദേശമായ 3, 4, വാർഡുകളെയും ബന്ധിപ്പിക്കുന്ന രീതിയിൽ, കരിയമ്പാടത്തിനു കുറുകെ ആവശ്യമായ കലുങ്കുകളോടെ പുതിയ ഒരു റോഡു നിർമ്മിക്കേണ്ടത്, വാഹനഗതാഗതം സുഗമമാക്കുവാൻ ഏറ്റവും ആവശ്യമാണ്.

10. S.H.M. കരിയമ്പാടം റോഡുമായി ബന്ധിപ്പിക്കുന്ന രീതിയിൽ കരിയമ്പാടത്തിൻെറ തെക്കു കിഴക്കായി വസിക്കുന്ന ജനങ്ങളുടെ സഞ്ചാര സൗകര്യത്തിനായി 80 മീറ്റർ നീളത്തിലുള്ള മനക്കപ്പാടം മാലിറോഡ് നിർമ്മിക്കേണ്ടതാണ്.

11. ഈ പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിനായി മുൻകാലങ്ങളിലെ നികത്തപ്പെട്ട പുറമ്പോക്കു ഭൂമികളും വിവരശേഖരണത്തിലൂടെ കണ്ടെടുത്ത് നിലവിലുള്ള റോഡുകളുടെ വികസനം ആവശ്യമായ രീതിയിൽ നടത്താവുന്നതാണ്.

12. കോട്ടയം പട്ടണത്തോട് ചേർന്നുകിടക്കുന്നതിനാൽ നമ്മുടെ പഞ്ചായത്ത് വാഹനഗതാഗതത്തിൻെറ കാര്യത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

ആയതിനാൽ നമ്മുടെ പഞ്ചായത്തിൽ വാഹനഗതാഗതം സുഗമമാക്കുവാൻ അതീവ പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതായ കാര്യങ്ങൾ

⊛⊛⊛

# വിഭവ സമാഹരണം

ഇന്ത്യയിൽ ആദ്യമായി കേരള സംസ്ഥാനത്ത് ജനകീയ ആസൂത്രണം നടപ്പിലാക്കുകയാണല്ലോ. 9-ാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിൻെറ ആദ്യപടിയായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് തയ്യാറാക്കിയ വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് തൊട്ടുമുമ്പുള്ള 12 അദ്ധ്യായങ്ങളിലായി ചേർത്തിട്ടുണ്ട്.

വിവിധ വിഷയങ്ങളിലായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുക എന്നതാണ് വിഭവ സമാഹരണം എന്നുദ്ദേശിക്കുന്നത്. ഇത് സാധിക്കണമെങ്കിൽ നിലവിലുള്ള വരുമാന മാർഗ്ഗങ്ങൾ വിശദമായി പരിശോധിച്ച്, അതിൻെറ അപര്യാപ്തത കണക്കുകൂട്ടി, അത് പരിഹരിക്കുന്നതിനുള്ള പുത്തൻ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തി സാമ്പത്തികവും മാനവശേഷിയും ഉൾപ്പെടെയുള്ള വിഭവങ്ങൾ പരമാവധി സമാഹരിക്കണം. ഇത്തരത്തിൽ ആർജ്ജിക്കാൻ സാധിക്കുന്ന വിഭവങ്ങൾ വികസനസ്കീമുകളുടെ മുൻഗണനാ ക്രമത്തിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ പദ്ധതികാലയളവിനുള്ളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് സമഗ്ര വികസനം കൈവരിക്കുവാൻ കഴിയും.

## നിലവിലുള്ള സാമ്പത്തിക സ്രോതസ്സുകൾ.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ മുഖ്യമായ വരുമാനം നികുതികളാണ്. നികുതി വരുമാനത്തിൻെറ ഏറിയ പങ്കും കെട്ടിടനികുതിയിൽ നിന്നും ആണ് ലഭിക്കുന്നത്. പഞ്ചായത്തിലെ 14 വാർഡുകളിലുമായി മൊത്തം 9757 കെട്ടിടങ്ങളുണ്ട്. 95-96 സാമ്പത്തിക വർഷത്തിൽ കെട്ടിടനികുതിയിനത്തിലുള്ള വരവ് 5,29,728.35 രൂപയാണ്. ഇത് മൊത്തം നികുതി വരുമാനത്തിൻെറ % ആണ്. നികുതി ചുമത്തപ്പെടാത്ത കുടിലുകൾക്കും ആരാധനാലയങ്ങൾക്കും മാത്രമാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ചാൽ യഥാർത്ഥത്തിൽ ഈടാക്കാവുന്നതിലും കുറഞ്ഞ നികുതിയുള്ള കെട്ടിടങ്ങളും ഉണ്ട്.

നികുതി വരുമാനത്തിൽ അടുത്ത ഇനം ലൈസൻസ് ഫീസാണ്. പഞ്ചായത്തിൻെറ തെക്കേ അതിർത്തിയായ നാഗമ്പടം മുതൽ ചൂട്ടുവേലി കവലവരെയുള്ള പ്രദേശം വ്യവസായമേഖലയായി കണക്കാക്കപ്പെടുന്നു. ചൂട്ടുവേലി മുതൽ ഗാന്ധിനഗർ ജംഗ്ഷൻ വരെയുള്ള പ്രദേശത്ത്. എം.സി.റോഡിന് ഇരുവശവും പല വിധ വ്യാപാര-വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. 95-96 ൽ മൊത്തം 417 ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഈയിനത്തിലുള്ള മൊത്തം വരവ് 35, 201.00 രൂപയാണ്. ലൈസൻസ് എടുത്തിട്ടില്ലാത്ത ചുരുക്കം ചില സ്ഥാപനങ്ങൾ ഉണ്ട്.

തൊഴിൽ നികുതിയാണ് മറ്റൊരു വരുമാനമാർഗ്ഗം. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, കമ്പനികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തിനുമേൽ ചുമത്തുന്ന നികുതിയാണിത്. 95-96ൽ ജീവനക്കാരിൽ നിന്നായി മൊത്തം 324702.00 രൂപാ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ നികുതി അടച്ചുതീർക്കാത്ത സ്ഥാപനങ്ങളും ഉണ്ട്. കെട്ടിട നിർമ്മാണലൈസൻസ് ഫീസാണ് അടുത്ത ഇനം. നമ്മുടെ പഞ്ചായത്ത് കോട്ടയം വികസന അതോറിറ്റിയുടെ പരിധിയിൽ പെടുന്നതിനാൽ കെട്ടിടനിർമ്മാണത്തിനുള്ള അനുമതി ലഭിക്കുന്ന തിനുവേണ്ടി പഞ്ചായത്തിൽ അടയ്ക്കുന്ന ഫീസാണിത്. ഈ ഇനത്തിൽ 95-96 ലെ മൊത്തം വരവ് 62814 രൂപയാണ്. കോട്ടയം പട്ടണത്തിൻേറയും മെഡിക്കൽ കോളേജ് ആശുപത്രിയുടേയും സാമീപ്യം കൊണ്ട് നമ്മുടെ പഞ്ചായത്ത് അധിവാസപ്രദേശമായി ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്നതിനാൽ ഈ ഇനത്തിലുള്ള വരവ് വർദ്ധിക്കുവാനുള്ള സാധ്യതയുണ്ട്.

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയാണ് മറ്റൊരിനം. ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, കടമുറികൾ എന്നിവയിൽ നിന്ന് 95-96 ൽ 85000 രൂപാ കിട്ടി. ജനപങ്കാളിത്തത്തോടെ പണിപൂർത്തിയാക്കി ഇലക്ട്രിസിറ്റി ഓഫീസ് പ്രവർത്തനത്തിനായി വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടത്തിൻെറ വാടകകൂടിയായാൽ 96-97ൽ ഈ ഇനത്തിലെ വരുമാനം വർദ്ധിക്കും.



☐പഞ്ചായത്തിന്റെ കളിസ്ഥലം മന്ത്രി ശ്രീ ലോനപ്പൻ നമ്പാടൻ ഉത്ഘാടനം ചെയ്യുന്നു (ഫയൽ ഫോട്ടോ).

## നികുതി വിഹിതങ്ങൾ

സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന അടിസ്ഥാന നികുതി, വാഹനനികുതി എന്നീ ഇനങ്ങളിൽ 95-96 ലെ വരവ് 28, 2570 രൂപയാണ്. ഈ രണ്ടിനങ്ങളിലുള്ള തുക അതാതുകാലയളവിൽ സർക്കാരിൽ നിന്നും ലഭിയ്ക്കാറില്ല.

13-1 കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് 1995-96 ലെ വരുമാനം സംബന്ധിച്ച പട്ടിക.

[അവലംബം - ഗ്രാമപഞ്ചായത്ത് രേഖകൾ]

| ക്രമ നമ്പർ | വരവ് ഇനങ്ങൾ | തുക | |
|---|---|---|---|
| | | രൂപാ | പൈസ |
| 1. | കെട്ടിടനികുതി | 5,29,728 | 35 |
| 2. | ലൈസൻസ് ഫീസ് | 35,201 | 00 |
| 3. | തൊഴിൽ നികുതി | 3,24,702 | 00 |
| 4. | കെട്ടിടനിർമ്മാണലൈസൻസ് ഫീസ് | 62,814 | 00 |
| 5. | വാടക | 85,000 | 00 |
| 6. | അടിസ്ഥാന നികുതി വാഹന നികുതി | 2,82,570 | 00 |
| 7. | ജെ.ആർ.വൈ | 2,55,100 | 00 |
| 8. | ഉപാധിരഹിത ഫണ്ട് | 9,00,183 | 00 |
| 9. | പഞ്ചായത്ത് രാജ് നിയമപ്രകാരം | | |
| | പദ്ധതി വിഹിതം | 1,65,688 | 00 |
| | പദ്ധതിയേതരം | 42,566 | 00 |
| | മൊത്തം | 2683552 | 35 |

## ഗ്രാൻറുകൾ

ജവഹർറോസ്ഗാർയോജന, ഉപാധിരഹിതഫണ്ട്, എന്നീ ഇനങ്ങളിലായി സർക്കാർ നൽകുന്ന ധനസഹായങ്ങളാണിത്. ഈ ഇനങ്ങളിലായി യഥാക്രമം 2,55,100 രൂപയും 9,00,183 രൂപയും ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായമാണ് അടുത്തയിനം. നാളിതുവരെ പദ്ധതിയിനത്തിൽ 1,65,688 രൂപയും പദ്ധതിയേതര വിഹിതമായി 42,566 രൂപയും ലഭിച്ചിട്ടുണ്ട്.

[1-17] പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

**Ref: Q** പട്ടിക -13-2

| വകുപ്പ് | തുക | | വർഷം |
|---|---|---|---|
| | പദ്ധതി വിഹിത | പദ്ധതി യേതരവിഹിതം | |
| 1 | 2 | 3 | 4 |
| കൃഷി | 88,330 | | 1995-96 |
| | 52,980 | | 96-97 |
| മൃഗസംരക്ഷണം | 2610 | | 95-96 |
| | 11,750 | | 96-97 |
| പട്ടികജാതി വികസനം | 9018 | | 95-96 |
| വിദ്യാഭ്യാസം | 1000 | | |
| മൈനർ ഇറിഗേഷൻ | | 2466 | 95-96 |
| P.W.D. ജില്ലാ:പ: L.P. സ്കൂൾമെയിൻറൻസ് | | 14,600 | 95-96 |
| സംയോജിത കുടിവെള്ളം | | 22,000 | 96-97 |
| ഇന്ത്യൻ ചികിത്സാസമ്പ്രദായം | | 3500 | 96-97 |

13-3 കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് 1995-96 ലെ പ്രധാനചെലവുകൾ സംബന്ധിച്ച പട്ടിക.

[അവലംബം -ഗ്രാമപഞ്ചായത്ത് രേഖകൾ]

| ക്രമ നമ്പർ | ചെലവ് ഇനങ്ങൾ | തുക | |
|---|---|---|---|
| | | രൂപാ | പൈസ |
| 1. | പൊതുമരാമത്ത് | 6,22,038 | 00 |
| 2. | വഴിവിളക്കുകൾ | 24,430 | 00 |
| 3. | കുടിവെള്ളം | 6,22,038 | 00 |
| 4. | ഭരണചെലവ് | 7,62,224 | 70 |
| 5. | വായ്പതിരിച്ചടവ് (ഗ്രാമവികസന ബോർഡിൽ) | 1,45,679 | 00 |
| | മൊത്തം | 21,76,409 | 70 |

അടുത്തതായി ഗ്രാമപഞ്ചായത്തിലെ ചിലവിനങ്ങളെപ്പറ്റി പരിശോധിയ്ക്കാം. പൊതുമരാമത്ത്, വഴിവിളക്കുകൾ, വെള്ളക്കരം, വായ്പ തിരിച്ചടവ്, ഭരണ

ച്ചിലവ്. ധനസഹായങ്ങൾ എന്നിവയാണ് പഞ്ചായ വത്തിന്റെ പ്രധാന ചിലവുകൾ. ഇതിൽ പൊതുമരാമ ത്തിനാണ് ഏറ്റവും കൂടുതൽ തുക ചിലവഴിക്കുന്നത്. റോഡുകളുടെ അറ്റകുറ്റ പണികൾക്കും സംരക്ഷണ ത്തിനുമായി, 95-96 ൽ 6,22,038 രൂപ ചിലവഴിച്ചു. അത് മൊത്ത വരുമാനത്തിന്റെ % ആണ്. ഇതേ കാലയ ളവിൽ വഴിവിളക്കുകൾക്ക് 24, 430 രൂപയും കുടി വെള്ളത്തിന് 622038 രൂപയും ഭരണചിലവുകൾക്ക് 762224.70 രൂപയും ചിലവഴിച്ചു. ഗ്രാമവികസന ബോർഡിൽ നിന്നും എടുത്തിട്ടുള്ള വായ്പയിൽ 95-96 ൽ 145679.00 രൂപാ തിരിച്ചടച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. കെട്ടിടനികുതി കുടിശ്ശികയില്ലാതെ പിരിച്ചെടു ക്കുക നികുതികൾ കൃത്യമായി അടയ്ക്കുന്നതിന് ബോധവൽക്കരണം നടത്തുക.

2. പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അസസ്സ് മെന്റ് കാലതാമസം കൂടാതെ നടത്തുവാൻ കെട്ടിടം ഉടമകളെ പ്രേരിപ്പിക്കുക.

3. പഞ്ചായത്ത്രാജ് നിയമം നിലവിൽ വരുന്നതിന് മുമ്പ് നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി അസസ്സ്മെന്റുകൾ പലതും നിയമപ്രകാരം ഈടാക്കാവുന്നതിലും കുറഞ്ഞ തുകയാണ്. ഇത് പരിഹരിക്കുന്നതിനായി നിലവിലുള്ള സ്ലാബ് സമ്പ്രദാ യം അനുസരിച്ച് കൃത്യമായ അസസ്സ്മെന്റ് നടത്തി നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുക.

4. അനധികൃത കെട്ടിട നിർമ്മാണം തടഞ്ഞ് നിയമാനുസൃതമായ ഫീസടച്ച് അനുമതിയോടുകൂടി കെട്ടിടം പണിയുന്നതിനുള്ള പ്രേരണ നല്കുക.

5. ഭരണചിലവുകൾ പരമാവധി കുറച്ച് വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക മിച്ചം ഉണ്ടാക്കുക.

6. വ്യവസായ - കച്ചവട ലൈസൻസുകൾ നിർ ബന്ധിതമാക്കുകയും കാലാകാലങ്ങളിൽ ലൈ സൻസ് പുതുക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുക.

7. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാ രുടേയും തൊഴിലാളികളുടേയും കൃത്യമായ എണ്ണം കണ്ടെത്തി മുഴുവൻ പേരുടേയും തൊഴിൽ നികുതി കാലാകാലങ്ങളിൽ പിരിച്ചെടുക്കുക.

8. താരതമ്യേന പ്രയോജനം കുറഞ്ഞ മരാമത്ത് പണികൾ ഒഴിവാക്കി ദീർഘകാലം പ്രയോജനം ചെയ്യുന്ന പണികൾക്ക് മുൻഗണന നൽകുക.

9. അടിസ്ഥാന നികുതി, വാഹന നികുതി തുടങ്ങിയ നികുതി വിഹിതങ്ങൾ കാലാകാലങ്ങളിൽ ലഭ്യമാക്കുക.

## പുതിയ നികുതി നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ നാഗമ്പടം, ചൂട്ടുവേലി, ചവിട്ടുവരി, കുമാരനല്ലൂർ, സം ക്രാന്തി, ചുങ്കം, മെഡിക്കൽ കോളേജ് കുരിശു പള്ളി കവല എന്നിവിടങ്ങളിൽ ഓട്ടോറിക്ഷാ ടൂറിസ്റ്റ് ടാക്സി സ്റ്റാൻറുകൾ സ്ഥാപിച്ച് നികുതി ഏർപ്പെടുത്തുക.

2. നീലിമംഗലത്ത് പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമിയിൽ മത്സ്യമാർക്കറ്റ് നിർമ്മിച്ച് നൽകി നികുതി ഏർപ്പെടുത്തുക.

3. നീലിമംഗലം പഴയ പാലത്തിനു സമീപമുള്ള P.W.D. പുറമ്പോക്കു ഭൂമിപതിച്ചെടുത്ത് പച്ചക്കറി മാർക്കറ്റ് സ്ഥാപിച്ച് നികുതി ഈടാക്കുക. ഇവിടെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഉപഭോ ക്താക്കൾക്ക് നേരിട്ടുവിൽക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. കേബിൾ ടെലിവിഷൻ സ്ഥാപനങ്ങൾക്കും വീടുകളിൽ ഉപയോഗിക്കുന്ന ഡിഷ് ആന്റിനകൾക്കും ലൈസൻസ് ഏർപ്പെടുത്തി നികുതിവസൂലാക്കുക.

5. ബഹുനില കെട്ടിടങ്ങളുടെ നികുതി അസസ്സ് ചെയ്യുന്നതിന് ഓരോ നിലയ്ക്കും ക്രമമായി വർദ്ധി ക്കുന്ന വ്യത്യസ്ത സ്ലാബ് നിശ്ചയിക്കുക.

6. ചുടുകട്ട നിർമ്മാണം, സിമന്റിഷ്ടികനിർമ്മാണം തുടങ്ങി കച്ചവടഉദ്ദേശത്തിൽ നടത്തുന്ന ഉൽപ്പാദന കേന്ദ്രങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തി നികുതി ചുമത്തുക.

7. പഞ്ചായത്തിലെ 10, 11 വാർഡുകളിൽ നിന്നും വ്യവസായ അടിസ്ഥാനത്തിൽ പൊട്ടിച്ചെടുത്ത് വില്പന നടത്തുന്ന കരിങ്കല്ലിന് കടത്തു നികുതി ഏർപ്പെടുത്തുക.

8. പഞ്ചായത്ത് പ്രദേശത്തുള്ള മീനച്ചിലാറ്റിൽ നിന്നും മണൽ വാരി വില്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9. ലഭ്യമായ മുഴുവൻ മാനവശേഷിയും വികസന പ്ര വർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക.

10. പഞ്ചായത്തീരാജ് നിയമത്തിൽ പറഞ്ഞിട്ടുള്ള ഫിനാൻസ് കമ്മീഷൻ അവാർഡുകൾ ഈ പഞ്ചായത്തിന്റെ വികസനപ്രാധാന്യം പരിഗണിച്ച് ലഭ്യമാക്കുക.

# സംസ്കാരം

കോട്ടയം പട്ടണത്തിൻെറ വടക്കുകിഴക്കൻ അതിർത്തിയായ മീനച്ചിലാറിൻെറ വടക്കുനിന്നു ആരംഭിച്ച് പാറമ്പുഴ, നട്ടാശ്ശേരി, മള്ളുശ്ശേരി, പെരുമ്പായിക്കാട്ട്ശ്ശേരി, മുടിയൂർക്കര എന്നീ ചെറു ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതും, 8 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 14 വാർഡുകളിലായി 48,139-ഓളം ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്താണ് കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് പറമ്പുകാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ പ്രദേശം പിന്നീട് പെരുമ്പായിക്കാട് എന്നാവുകയും, അതിനുശേഷം കേരളത്തിലെ പ്രശസ്തമായ 108 ദുർഗ്ഗാക്ഷേത്രങ്ങളിൽ ഇന്നും പ്രമുഖസ്ഥാനം അലങ്കരിക്കുന്ന കുമാരനല്ലൂർ ഭഗവതി ക്ഷേത്രത്തിൻെറ ഉത്ഭവത്തോടെ ദേവിയുടെ ഐതിഹ്യവുമായി ഇഴചേർന്ന് കുമാരനല്ല ഊര് എന്ന ചൊല്ലിൽ നിന്നും രൂപാന്തരപ്പെട്ട കുമാരനല്ലൂർ എന്ന നാമത്തോടുകൂടി പൗരാണിക ചരിത്ര സംസ്ക്കാരത്തിൻെറ സംഭാവനകളുമായികുമാരനല്ലൂർ ഗ്രാമം സ്ഥിതി ചെയ്യുന്നു.

രാജഭരണകാലഘട്ടം മുതൽ ക്ഷേത്രകലകൾക്കും സംസ്കൃത വിദ്യാഭ്യാസത്തിനും നിരവധി സംഭാവനകൾ നൽകിയ ഈ ഗ്രാമത്തിൽ, ദേവീ പ്രീതിയ്ക്കും, അനുഗ്രഹത്തിനും കലാപാഠവം ഉൾക്കൊള്ളുന്നതിനും ഇവിടെ വന്നു ചേർന്ന ധാരാളം പ്രശസ്തരുണ്ട്. ആ കൂട്ടത്തിൽ ആദിശങ്കരാചാര്യർ, വില്വമംഗലത്ത് സ്വാമിയാർ, മധുര രാജാവായ തിരുമല നായ്ക്കർ, മാർത്താണ്ഡ വർമ്മ മഹാരാജാവ്, കുഞ്ചൻ നമ്പ്യാർ, സ്വാതിതിരുനാൾ മഹാരാജാവ്, ചിത്തിരതിരുനാൾ മഹാരാജാവ്, കുറൂരമ്മ, രാജരാജവർമ്മ, ശ്രീനാരായണഗുരു എന്നിവർക്കു പുറമെ രാഷ്ട്രപിതാവായ മഹാത്മജിയുടെയും രാഷ്ട്രശില്പിയും, പ്രഥമ പ്രധാനമന്ത്രിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുജിയുടേയും പാദസ്പർശം കൊണ്ട് ധന്യമായ ഗ്രാമം എന്ന ഖ്യാതിയും കുമാരനല്ലൂരിൻെറ പ്രത്യേകതയാണ്.

അവർണ്ണർക്കും അയിത്തജാതിക്കാർക്കും ക്ഷേത്രദർശനം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ ക്ഷേത്രപ്രവേശനവിളംബരത്തോടെ തിരുവിതാംകൂറിൽ ആദ്യമായി എല്ലാ ജനവിഭാഗങ്ങൾക്കുമായി തുറന്നു കൊടുത്ത ക്ഷേത്രമായിരുന്നു കുമാരനല്ലൂർ ക്ഷേത്രം.

ശ്രീനാരായണ ഗുരുവിൻെറ സാന്നിദ്ധ്യത്തിലൂടെയും ചരിത്രപ്രസിദ്ധമായ ശിവഗിരി തീർത്ഥാടനത്തിന് അനുമതിനൽകിയും രൂപംകൊണ്ട മറ്റൊരു പ്രശസ്തക്ഷേത്രം ആണ് നാഗമ്പടം ശിവക്ഷേത്രം. ഇവിടെ വാവുബലിദർശനം ഒരു വലിയ വിശേഷമാണ്. മീനച്ചിലാറിൻെറതീരത്ത് സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം ധാരാളം ഭക്തരെ ആകർഷിക്കുന്നു.

കേരളചരിത്രപ്പഴമയോടൊപ്പംതന്നെ പഴമയും, പാരമ്പര്യവും അവകാശപ്പെടുന്ന കേരളത്തിലെ ഏറ്റവും പ്രശസ്തമായ ബ്രാഹ്ണകുടുംബം (കാലടിമന) ഈ ഗ്രാമപഞ്ചായത്തിലാണ്. പാരമ്പര്യമായി മന്ത്രവിദ്യകൾക്ക് പ്രശസ്തമായ കുടുംബമാണ് ഇത്.

കുമാരനല്ലൂർ ദേവീക്ഷേത്രത്തോളം പഴക്കംവരുന്ന ശ്രീനാഗരാജാക്ഷേത്രവും, തൃക്കയിൽ കൃഷ്ണസ്വാമിക്ഷേത്രം, മുടിയൂർക്കര ധർമ്മശാസ്താക്ഷേത്രം, നട്ടാശ്ശേരി ഇടത്തിൽ ക്ഷേത്രം തുടങ്ങി ഹിന്ദുക്കളുടെ 10ലധികം ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. തൃക്കാർത്തിക ദിനം കുമാരനല്ലൂർ ദേവിയുടെ ജന്മനാളായി നമ്മുടെ ഗ്രാമപഞ്ചായത്ത് എമ്പാടും ആഘോഷിക്കുന്നു. രാജഭരണകാലത്ത് തൃക്കാർത്തിക പൊതുഒഴിവായി പ്രഖ്യാപിച്ചിരുന്നു. ഹിന്ദു, കൃസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ ഒരുമയോടുകൂടി കഴിയുന്ന ഗ്രാമമാണ് കുമാരനല്ലൂർ. 16 കൃസ്ത്യൻ ദേവലായങ്ങളും, 6 മുസ്ലിം പള്ളികളും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇതിൽ വർഷം തോറും നടക്കുന്ന മഞ്ഞനിക്കര തീർത്ഥാടകരുടെ ഒരു ഇടത്താവളദർശനദേവാലയമാണ് നീലിമംഗലം യാക്കോബായ സെൻറ് മേരീസ് ചർച്ച്. ഇവ കൂടാതെ ശുഭാനന്ദസ്വാമിയുടെ നാമധേയത്തിൽ S.H മൗണ്ട് ജംഗ്ഷനിൽ ഒരു ആശ്രമം സ്ഥിതിചെയ്യുന്നു.

## കലാസാംസ്കാരികസ്ഥാപനങ്ങൾ

കുമാരനല്ലൂർ പഞ്ചായത്തിൽ 10 ഓളം കലാ

സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നു. ഗ്രാമീണജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഗാന്ധിനഗറിൽ ഒരു പൗരസമിതിയും കുമാരനല്ലൂർ കേന്ദ്രമാക്കി ജനസേവനസമിതിയും പ്രവർത്തിക്കുന്നു.

## കായികസ്ഥാപനങ്ങൾ

കുമാരനല്ലൂർ പഞ്ചായത്തിലെ ആളുകളുടെ കായികമായ വികാസത്തിന് പഞ്ചായത്തുതലത്തിൽ സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ധ്രുതഗതിയിൽ വളരുന്ന നഗരവൽക്കരണത്തിന്റെ സ്വാധീനം കുമാരനല്ലൂർ പഞ്ചായത്തിനെ ഏറെ സ്വാധീനിക്കുന്നതിനാൽ പഞ്ചായത്തിൽ കായികവിനോദത്തിന് ആവശ്യമായ നല്ല കളിസ്ഥലം കണ്ടെത്താൻ കഴിയാതെ വരുന്നു. പഞ്ചായത്തിലെ വിവിധ സാംസ്ക്കാരിക സംഘടനകൾ കായിക കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും നല്ല പ്രതിഭകളെ കണ്ടെത്തുന്നതിൽ കൂടുതൽ താൽപര്യം കാണിക്കുന്നില്ല. ഈ പഞ്ചായത്തിൽ നിന്ന് കായികരംഗത്ത് വളർന്നുവരുന്ന രണ്ടു താരങ്ങളായ നിക്കോളാസും, ഷിജുമോനും ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. അതോടൊപ്പം മറ്റ് കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുവാൻ കൂടുതൽ താൽപര്യം കാട്ടണം. കളരി പയറ്റ്, യോഗാസനം, ജിംനാസ്റ്റിക്, മജാസ്, കരാട്ടേ എന്നിവ പരിശീലിപ്പിക്കുന്ന 2 സ്ഥാപനങ്ങളിലായി 300 ആളുകൾ പരിശീലനം നേടുന്നു.

## വാർത്താമാദ്ധ്യമങ്ങൾ

പത്രവാർത്താമാധ്യമങ്ങളുടെ സ്വാധീനം ഇന്ന് വളരെയധികം ജനങ്ങളിൽ ശ്രദ്ധയാകർഷിച്ചുകഴിഞ്ഞിരിക്കുന്നു. പത്രങ്ങളുടെയും മാഗസിനുകളുടെയും പ്രചാരണത്തിന് കേരളത്തിലെ പഞ്ചായത്തുകളിൽ പ്രഥമഗണനീയ സ്ഥാനമാണ് കുമാരനല്ലൂർ പഞ്ചായത്തിനുള്ളത്. കേരളത്തിലെ പ്രമുഖദിനപ്പത്രങ്ങളായ മാതൃഭൂമി, മംഗളം എന്നിവയും, അവയുടെ വാരികകളും മറ്റു പ്രസിദ്ധീകരണങ്ങളുമായ കന്യക, ബാലമംഗളം ചിത്രകഥ, പൂമ്പോപ്പ് ചിത്രകഥയും, സഖി വാരികയും, സ്നേഹസേന തുടങ്ങി കേരളത്തിൽ ഏറ്റവും കൂടുതൽ പ്രസിദ്ധീകരണം ഇറങ്ങുന്ന ഏക പഞ്ചായത്ത് എന്ന ബഹുമതിയും കുമാരനല്ലൂർ പഞ്ചായത്തിനാണ്.

വാർത്താവിനിമയരംഗത്ത് ആധുനിക ഫാക്സ് സംവിധാനവും, D.T.P കമ്പ്യൂട്ടർ സംവിധാനവും കേബിൾ T.V. ശൃംഖല സംവിധാനവുമുള്ള ഒരു പഞ്ചായത്താണ് കുമാരനല്ലൂർ പഞ്ചായത്ത്. ഏകദേശം 25% ആളുകളുടെ വീട്ടിൽ ടെലിവിഷനും 75% വീടുകളിലും റേഡിയോയും 10% വീടുകളിൽ ടെലിഫോൺ സംവിധാനവും നിലവിലുണ്ട്.

## ഗ്രന്ഥശാലകൾ

ഈ പഞ്ചായത്ത് അധീനതയിൽ 423 അംഗങ്ങളും 10000/- ത്തോളം പുസ്തകങ്ങളും ഗ്രന്ഥശാല സംഘത്തിൽ നിന്നും 447 രൂപ ഗ്രാൻറ് ലഭിക്കുന്നതുമായ ഒരു വായനശാലയും, 504 അംഗങ്ങളും 4350 പുസ്തകങ്ങളും 500 രൂപ ഗ്രാൻറ് ലഭിക്കുന്ന മള്ളൂശ്ശേരി വി.ജി. കെ.മെമ്മോറിയൽ ലൈബ്രറിയും, നട്ടാശ്ശേരി വനിതാ സമാജം വായനശാലയും, നട്ടാശ്ശേരി നവോദയം വായനശാലയും പ്രവർത്തിക്കുന്നു. കേരളത്തിലെ ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് നിലവിലുള്ള അപൂർവ്വം കലകളിലൊന്നായ മയിലാട്ടം എന്ന കലാരൂപം, ഉടലെടുത്തതും, ഇന്നും അതിന്റെ ഗുരുക്കന്മാർ ഉൾപ്പെടെയുള്ള മയിലാട്ട ക്കാരും ഈ പഞ്ചായത്തിന്റെ തനതായ സംസ്ക്കാര ത്തിന്റെ സംഭാവനകളാണ്. കൂടാതെ വിഭിന്ന വിഭാഗക്കാരുടെ വിഭിന്നകലാരൂപങ്ങളായ കോൽകളി, മാർഗ്ഗംകളി, അറബനാമുട്ട്, പരിചമുട്ടുകളി, ചാവുതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ, മറ്റു നാടൻ കലാരുപങ്ങളും സാംസ്ക്കാരിക ചരിത്ര പശ്ചാത്തലത്തിൽ നിന്നും ഉതിരുന്ന നാടൻ പാട്ടുകൾ മുതലായവ പ്രധാനകലയായി ഇന്നും തുടരുന്ന തിരുവാതിരകളി മുതലായ കലകൾ ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്.

കേരളത്തിന്റെ കലാസാംസ്ക്കാരികരംഗത്ത് വിളങ്ങിനിൽക്കുന്ന ഒരുപിടി പ്രശസ്തരായ കലാകാരന്മാരുടെ ജന്മനാടുകൂടിയാണ് കുമാരനല്ലൂർ. പ്രശസ്ത സംഗീതജ്ഞന്മാരായ ജയവിജയന്മാർ, നാദസ്വരവിദ്വാന്മാരായ തിരുവിഴ ജയശങ്കർ, തിരുവിഴ രാഘവപ്പണിക്കർ, പ്രസിദ്ധ മൃദംഗവിദ്വാൻ കുമാരനല്ലൂർ രാജാമണി, പ്രസിദ്ധ സിനിമാതാരം മനോജ് കെ.ജയൻ, സുപ്രസിദ്ധ സിനിമാനാടകനടനായ കോട്ടയം നാരായണൻ, ബാലൻമേനോൻസുപ്രസിദ്ധ കാഥികൻ കെ. ആർ. പ്രസാദ് മുതലായവർ കുമാരനല്ലൂർ ഗ്രാമത്തിന്റെ സംഭാവനയാണ്. പ്രശസ്തയുവ നാടകനടൻ K.P.A.C സാബുവും.

മാത്രമല്ല കലാപരമായി മുന്നിൽ നിൽക്കുന്ന (പാശ്ചാത്യസംഗീത ഉപകരണങ്ങളുടെ പ്രയോഗം അറിയാവുന്നവർ)വർ നമ്മുടെ പഞ്ചായത്തിന്റെ

വിവിധസ്ഥലങ്ങളിൽ പാർക്കുന്നുണ്ട്. അവർക്ക് ആവശ്യമായും പ്രോത്സാഹനവും സഹായങ്ങളും നൽകേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും ലൈബ്രറികൾ സ്ഥാപിക്കുക.

2) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻകലകളെ പുനർ ജീവിപ്പിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാക്കുക.

3) കലാകായികസ്ഥാപനങ്ങൾക്ക് ആവശ്യമായ ഗ്രാൻറ് നൽകി അവയെ നിലനിർത്തുക.

4) ദേശീയ ഉൽസവാഘോഷങ്ങളിൽ കലാകായിക വളർച്ചയ്ക്കുതകുന്ന പരിശീലനവും, മത്സരങ്ങളും സംഘടിപ്പിച്ച് ദേശീയ ശ്രദ്ധയെ ആകർഷിക്കണം.

5) കായികരംഗത്തെ പ്രതിഭകളെ വളർത്തിയെടുക്കുകയും വളരുന്ന പ്രതിഭകൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യുക.

6) വായനശാലകളിൽ T.V, റേഡിയോ സെറ്റുകൾ സ്ഥാപിക്കുക.

7) സാങ്കേതികമായും, സാമ്പത്തികമായും പ്രോത്സാഹനം നൽകി നാടിന് ഉപകാരപ്രദമായ പരിപാടികൾ ആവിഷ്ക്കരിക്കുക.

8) കുമാരനല്ലൂർ ഊരുചുറ്റ് വള്ളംകളിയോടനുബന്ധിച്ച് ഡിപ്പോകടവിൽ മത്സര വള്ളംകളി നടത്തുക.

9) എല്ലാ മാസവും വാർഡുകളിൽ ഗ്രാമസഭകൾകൂടി സാംസ്ക്കാരിക വിഷയങ്ങളിൽ പൊതുവായ ചർച്ചനടത്തി നിലവാരവളർച്ചയ്ക്ക് സഹായകരമായ സംഭാവനകൾ നൽകുക.

10) ജനസേവനസമിതികളുടെ വളർച്ചയ്ക്ക് സഹായം നൽകുക.

11) കുമാരനല്ലൂർ തൃക്കാർത്തികദിവസം ഗ്രാമപഞ്ചായത്തിൽ പൊതു ഒഴിവായി അംഗീകരിക്കുക.

## മതസൗഹാർദ്ദം

ഈ പഞ്ചായത്തിലെ ഹിന്ദു, മുസ്ലിം, ക്രൈസ്തവ പങ്കാളിത്തത്തോടുകൂടി ഉൽസവങ്ങളും തിരുനാളുകളും നടന്നുവരുന്നു.

❋❋❋

# സഹകരണം

വിഭിന്നജാതി മതസ്ഥരുൾപ്പെടെ ഏകദേശം 49139 ഓളം ആളുകൾ അധിവസിക്കുന്ന ഈ പഞ്ചായത്ത് സാംസ്ക്കാരിക കേരളത്തിന് ഒരു സംഭാവനയാണ് മതസൗഹാർദ്ദത്തിലൂടെ നൽകുന്നത്.

ജനകീയാസൂത്രണരംഗത്ത് സഹകരണസ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്.

ഈ പഞ്ചായത്തിൽ മുമ്പ് പ്രവർത്തിച്ചിരുന്ന പല സഹകരണസംഘങ്ങളുടെയും പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്.

പ്രവർത്തനം നിലച്ചുപോയ ആദ്യകാലസഹക രണ സംഘങ്ങളായ ശ്രീഗോവിന്ദപിള്ള പ്രസിഡൻറായ അമ്പാട്ടുസംഘം എന്നപേരിലും, പെരുമ്പായിക്കാട്ട് മാരാർ സംഘം എന്ന പേരിലും ഓരോ ചെറിയ സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും കൊല്ലവർഷം 1096-ാം മാണ്ടിൽ പ്രവർത്തനം ആരംഭിച്ച 182 -ാം നമ്പർ നായർ പരസ്പരസഹായസഹകരണസംഘമാണ് പ്രവർത്തനത്തിൽ കുറെ നാൾ നീണ്ടുനിന്നത്.

ആണ്ടൂർ ശങ്കരപിള്ള, കുമ്മണ്ണൂർ ശങ്കരപിള്ള, ടി.എൻ. കേശവപിള്ള, മേലേട്ട് ഈശ്വരപ്പണിക്കർ, പനിച്ചയിൽ നാരായണപിള്ള, മലേൽ ഈശ്വരപ്പണിക്കർ, കുന്നത്ത് ശങ്കരൻമൂത്തത് തുടങ്ങി 25 മെമ്പർമാരാണ് പ്രവർത്തനാരംഭത്തിൽ ഉണ്ടായിരുന്നത്.

പത്തുരൂപയുടെ ഷെയറുകൾ നാലുതവണകളായി അടച്ചാണ് അംഗങ്ങളായിട്ടുള്ളത്.

ഈ സ്ഥാപനത്തിൻെറ കീഴിൽ 1115 ൽ നാലു റേഷൻകടകളും അരി, പഞ്ചസാര, ഗോതമ്പ്, ബജറ, പാൽ മുതലായ ഭക്ഷ്യധാന്യങ്ങളുടെ മൊത്തവ്യാപാരവും നടത്തിവന്നു.

1110 ൽ സംക്രാന്തികേന്ദ്രീകരിച്ച് 732 -ാം നമ്പർ ആയി പരസ്പര സഹായസഹകരണസംഘവും പ്രവർത്തനം ആരംഭിച്ചു.

തലച്ചേൽ മാത്തൻ ചാക്കോ പ്രസിഡൻറും തെക്കിനിയിൽ കൃഷ്ണമാരാർ സെക്രട്ടറിയുമായിരുന്ന പരസ്പരസഹായ സഹകരണസംഘത്തിൻെറ പ്രവർത്തനവും 1947 ൽ തന്നെ നിലയ്ക്കുകയാണുണ്ടായത്.

9-2-1956 ൽ നട്ടാശ്ശേരി കേന്ദ്രമായി 3898-ാം നമ്പരായി കുമാരനല്ലൂർ വില്ലേജ് ബാങ്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനം 1956 മാർച്ച് മാസം മൂന്നാം തീയതി പ്രവർത്തനം ആരംഭിച്ചു.

സർവ്വീസ് സഹകരണബാങ്കിൽ SC/ST വിഭാഗങ്ങൾക്ക് ഷെയറുകൾ നൽകിയിട്ടുണ്ട്.

125 അംഗങ്ങൾ 558 ഓഹരികളിലായി 5000/- രൂപയുടെ നിക്ഷേപത്തോടെ പ്രവർത്തനം ആരംഭിച്ച ബാങ്കിൻെറ പ്രസിഡൻറ് C.M. ചാക്കോ പുത്തൻപുരയും, സെക്രട്ടറി V.R. രാമൻകുട്ടിയുമായിരുന്നു.

1-6-1961 ൽ കുമാരനല്ലൂർ പഞ്ചായത്തുമുഴുവനായി പരിധിയിൽപ്പെടുത്തികൊണ്ട് കുമാരനല്ലൂർ വില്ലേജ് ബാങ്ക്, കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്ക് നട്ടാശ്ശേരിയായി രൂപം പ്രാപിച്ചു.

1930 ൽ ആണ്ടൂർ ശങ്കരപ്പിള്ള പ്രസിഡൻറായി പ്രവർത്തനം നടത്തിവന്നിരുന്ന 182 -ാം നമ്പർ നായർ പരസ്പരസഹായ സഹകരണസംഘം കുമാരനല്ലൂർ പ്രദേശത്തെ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരെയും ഓഹരി ഉടമകളായി ചേർത്തുകൊണ്ട് കുമാരനല്ലൂർ വിവിധോദ്ദേശസഹകരണസംഘം ക്ലിപ്തം 182-ാം നമ്പരായി മാറുകയും പിന്നീട് കുമാരനല്ലൂർ നോർത്ത് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തമായും പ്രവർത്തിച്ചുവരവേ 3898 -ാം നമ്പർ സർവ്വീസ് സഹകരണബാങ്കുമായി കുമാരനല്ലൂർ പഞ്ചായത്ത് 1, 2, വാർഡുകൾ ഒഴിച്ചുള്ളവ വിഭജിച്ചു.

പിന്നീട് 1, 2 വാർഡുകൾ മാത്രം ഉൾപ്പെട്ട 182 -ാം നമ്പർ സംഘം കുമാരനല്ലൂർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തമായി മാറ്റുകയും കുമാരനല്ലൂർ പഞ്ചായത്തുപ്രദേശം മുഴുവനായി 182-ാം നമ്പറിൻെറ പരിധിയിൽ വരുകയും ചെയ്തു.

1967 ആരംഭത്തിൽ 1997-ാം നമ്പർ പാറമ്പുഴ ദേശീയ സഹകരണസംഘം ക്ലിപ്തവും.

1110 ൽ സംക്രാന്തി കേന്ദ്രീകരിച്ച് ആരംഭിച്ച് പ്രവർത്തനം നിലച്ചിരുന്ന 732 -ാം നമ്പർ പരസ്പര

സഹായ സഹകരണസംഘവും, അമ്പാട്ടു സഹകരണ സംഘം, പെരുമ്പായിക്കാട്ട് മാരാർ സംഘം എന്നീ സംഘങ്ങളും 1987 ജനുവരി മാസം ഒന്നാംതീയതി 182 -ാം നമ്പർ കൺസ്യൂമർ സഹകരണസംഘം ക്ലിപ്തവും 3898 -ാം നമ്പർ കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്കിലേക്ക് ലയിപ്പിച്ചു.

ഈ 182 -ാം നമ്പർ ബാങ്ക് ലയിപ്പിക്കുമ്പോൾ 603 അംഗങ്ങളുടെതായി 26820 രൂപയുടെ ഓഹരി മൂലധനവും, 192968 രൂപ 55 പൈസയുടെ മുതലും, 2,06,360 രൂപ 71 പൈസ ബാധ്യതയും 13392 രൂപ 16 സ നഷ്ടവും ഉണ്ടായിരുന്നു.

കുമാരനല്ലൂർ പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനമായി മാറിക്കഴിഞ്ഞ കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.3898 -ൽ 9-2-1956 മുതലുള്ള പ്രസിഡൻറ്മാരും സെക്രട്ടറിമാരും.

## പ്രസിഡൻറ്മാർ

1. സി.എം.ചാക്കോ പുത്തൻപുരയിൽ
2. കെ. സി. സഖറിയ ബുസിയ, നട്ടാശ്ശേരി
3. പി.റ്റി. ജോസഫ്, പൊക്കംതാനം മള്ളൂശ്ശേരി
4. എം.റ്റി. മാത്യ മാളേക്കത്തറ
5. കെ. തോമസ്സ് ജോൺ കൊപ്പഴ
6. കെ.എൻ. ഗംഗാധരൻ നായർ
7. ജോസ് സിറിയക്, മഴുവഞ്ചേരി
8. കെ. ആർ. കൃഷ്ണൻ നായർ

## സെക്രട്ടറിമാർ

1. വി. ആർ. രാമൻകുട്ടി 1956 To 1971
   വെളുത്തേടത്തു പറമ്പിൽ നട്ടാശ്ശേരി
2. കെ.പി. മാണി 1971 - കളിയാട്ടുകാലാ

ശ്രീ.കെ.എൻ. ഗംഗാധരൻ നായർ ബാങ്ക് പ്രസിഡൻറായിരുന്ന കാലഘട്ടത്തിലാണ് ബാങ്കിൻെറ 3 ശാഖകളായ, മള്ളൂശ്ശേരി ശാഖ, കുമാരനല്ലൂർ M/E ബാങ്ക്, കുമാരനല്ലൂർ കിഴക്കേനടബ്രാഞ്ച് എന്നിവ ആരംഭിച്ചതും, ബാങ്കിന് സ്വന്തമായി കെട്ടിടം ഉണ്ടായതും.കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്ക് 3898 -ാം നമ്പർ 1956 ൽ 558 ഓഹരികളിലായി 125 അംഗങ്ങളോടെ 5000/- രൂപ ഓഹരിമൂലധനത്തോടെ ആരംഭിച്ചു. 1996 ജൂൺ 30 വരെയുള്ള കണക്കിൽ 15488 അംഗങ്ങളും 23,38000 ഓഹരിമൂലധനവും 12 ലക്ഷം രൂപ ലാഭവുമായി പ്രവർത്തിക്കുന്നു.

ഈ ബാങ്കിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ബാങ്ക് നൽകിയ വിവിധ വായ്പകളും തുകയും ചേർക്കുന്നു.

പട്ടിക I

30-6-96 വരെ നൽകിയ വായ്പകളുടെ വിവരം:-

| | ഇനം | തുക | |
|---|---|---|---|
| 1. | സാധാരണവായ്പ | 9448335 | |
| 2. | ഭവനനിർമ്മാണവായ്പ | 395870 | |
| 3. | തൊഴിൽ വായ്പ | 4082965 | |
| 4. | ഗൃഹോപകരണവായ്പ | 5459847 | |
| 5. | വിദ്യാഭ്യാസവായ്പ | 109970 | |
| 6. | സ്വർണ്ണപ്പണയവായ്പ | 8974483 | |
| 7. | റിഹാബിലറ്റേഷൻ | 13864 | |
| 8. | S.T. ലോൺ | 330452 | |
| 9. | തെങ്ങുകൃഷി വായ്പ | 5361 | |
| 10. | I.R.D.P ലോൺ V.A.D.P. | 267196 | |
| 11. | വെറ്റിലകൃഷിവായ്പ | – | |
| 12. | പശുവായ്പ | 146773 | |
| 13. | കിണർ വായ്പ | 48284 | |
| 14. | പമ്പ് സെറ്റ് വായ്പ | 91902 | |
| 15. | S.T. വിദ്യാഭ്യാസവായ്പ | 4506 | |
| 16. | ഹഡ്കോ ലോൺ | 2562 | |
| 17. | ബയോഗ്യാസ് | 5828 | |
| 18. | കുറ്റിമുല്ല | 4274 | |
| 19. | തയ്യൽ മെഷീൻ വായ്പ | 37689 | |
| 20. | വാഹനവായ്പ | 704581 | |
| 21. | വ്യവസായ വായ്പ | 528302 | |
| | ആകെ | 30663044 | |

അവലംബം 1-3898. കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം 30-6-96 Loan Out Standing Record

കുമാരനല്ലൂർ സർവ്വീസ് സഹകരണബാങ്കിൻെറ ശാഖകൾ

1. മള്ളൂശ്ശേരി
2. കുമാരനല്ലൂർ പ്രഭാത സായാഹ്നകൗണ്ടർ
3. കുമാരനല്ലൂർ കിഴക്കേനടബ്രാഞ്ച്

ഈ പഞ്ചായത്തിൽ നാല് ഹൈസ്കൂളുകളിലായി ഒരു യു.പി.സ്കൂളിലുമായി നാലു സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിലെ 13-ാം വാർഡിൽ വനിതകൾ നടത്തുന്ന "ഗാന്ധിനഗർ ഇൻഡസ്ട്രിയൽ" എന്ന പേരിൽ ഒരു സഹകരണസംഘം ഉണ്ട്. നട്ടാശ്ശേരിയിൽ ഒരു ഗാന്ധിസ്മാരക വനിതാസംഘടനയും സഹ കരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

ഇതിൽ ഗാന്ധിനഗർ ഇൻഡസ്ട്രിയൽ എന്ന സ്ഥാപനം 10 വനിതാമെമ്പർമാർ സഹകരണാടി സ്ഥാനത്തിൽ 94-95 ൽ തുടങ്ങി കറിപൗഡർ നിർമ്മിച്ചു വിപണനം നടത്തിവരുന്നു.

സംക്രാന്തിയിൽ ഒരു ക്ഷീരവ്യവസായ സഹക രണസംഘം പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. സഹകരണബാങ്ക് നൽകുന്ന വായ്പക്ക് ഈടാക്കിവരുന്ന പലിശതോതും, ആധാര രജിസ്ട്രേഷനും, വായ്പ അനുവദിക്കുന്ന തിനുള്ള കാലതാമസവും അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്നതിനാൽ സ്വയംതൊഴിൽ താല്പര്യക്കാർ കുറയുന്നു.
2. വീടുകളിൽ, പശുക്കളെ വളർത്തുവാൻ താല്പര്യമുള്ളവരുണ്ടെങ്കിലും ഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാനുള്ള സംവിധാനം ഇല്ലാത്തതിനാൽ പശുവളർത്തൽ നടക്കുന്നില്ല.
3. റബ്ബർ ഉല്പാദകരെ സഹായിക്കുന്ന റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിപോലുള്ള സ്ഥാപ നങ്ങൾ ഇല്ലാത്തതിനാൽ റബ്ബർ ഉല്പാദനത്തിൽ മാന്ദ്യം സംഭവിക്കുന്നു.
4. പച്ചക്കറി, ഉല്പാദനത്തിന് ജനങ്ങൾക്കു താല്പര്യമുണ്ടെങ്കിലും വിപണസൗകര്യം ഇല്ലാത്തതിനാൽ സാധിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ കുമാരനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ ആഭിമുഖ്യത്തിൽ പല വ്യവസായ സംരംഭങ്ങളും തുടങ്ങാവുന്നതാണ്. ഇതിൽക്കൂടി ഈ പഞ്ചായത്തിലെ തൊഴി ലില്ലായ്മ ഒരു പരിധി വരെ നിയന്ത്രിക്കുവാൻ സാധിക്കും.
2. സഹകരണബാങ്കിൻെറ ശാഖകൾ കൂടുതലായി ആരംഭിക്കണം.
3. വായ്പയ്ക്കുവേണ്ടി ആധാരം രജിസ്റ്റർ ചെയ്യുന്ന നടപടി ഒഴിവാക്കണം.
4. പഞ്ചായത്തുതല വർക്കുകൾക്കായി ലേബർ തൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.
5. വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ തയ്യൽ പരിശീലനകേന്ദ്രം ആവശ്യമാണ്.
6. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം.
7. ക്ഷീര വ്യവസായ സഹകരണസംഘം രൂപീ കരിക്കണം.
8. കാർഷിക വിളകളുടെ വിപണനത്തിനും ഉല്പാദനത്തിനും ആവശ്യമായ സഹകരണ സംഘങ്ങൾ ഉണ്ടാകണം.
9. നെൽകൃഷി സഹകരണസംഘം സ്ഥാപിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തണം.
10. സഹകരണസ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് വായ്പാനിബന്ധനകളിൽ അയവുവരുത്തുകയും ഉദാരവൽക്കരണനടപടി കൾ നടത്തുകയും വെൽഫെയർ സൊസൈറ്റി യ്ക്കു രൂപം നൽകുകയും ചെയ്യുക.
11. കോഴി, താറാവ് വളർത്തൽ സഹകരണസംഘ ങ്ങൾ സ്ഥാപിക്കുകയും ഉല്പാദനം-വിപണന സൗകര്യം ചെയ്യുകയും വേണം.
12. നിത്യോപയോഗസാധനങ്ങൾ മിതമായ വില യ്ക്കു ലഭിക്കുവാൻ ഹോൾസെയിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുക.
13. കുടിൽ വ്യവസായങ്ങളെയും പരമ്പരാഗതതൊ ഴിൽ ഉല്പന്നങ്ങളുടെയും, ഉല്പാദനവിപണ ത്തിനായി സഹകരണാടിസ്ഥാനത്തിൽ സംഘ ങ്ങൾ രൂപീകരിക്കുക.
14. ഈ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളെയും സഹകരണബാങ്ക് അംഗങ്ങളാക്കുക.
15. സ്കൂൾ സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.
16. സഹകരണാടിസ്ഥാനത്തിൽ കല്പകഫലം മുഴുവനായും ഉപയോഗിച്ചുകൊണ്ടുള്ള പാനീയം, കരകൗശലവസ്തുക്കൾ എന്നിവയുടെ ഉല്പാ ദന-വിപണനസൗകര്യം ചെയ്യുക.

# പാർപ്പിടം സാമൂഹ്യക്ഷേമം

കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ 49139 ഉം വരുന്ന ജനങ്ങൾ 10,222 ഭവനങ്ങളിലായി താമസിക്കുന്നു. ഇതിൽ 2400-ഓളം ഭവനങ്ങൾ വാസയോഗ്യമല്ലാത്ത നിലയിലാണ്. ഇത്തരം വീടുകളിലും കുടിലുകളിലും ഒന്നിലധികം കുടുംബങ്ങൾ ഉള്ളതിനാൽ ആരോഗ്യ സംരക്ഷണവും സാമൂഹ്യജീവിതവും നിലവാരം കുറയാനിടയാകുന്നു. റോഡുപുറമ്പോക്കിലും റെയിൽവേ പുറമ്പോക്കിലും കുടിലുകളിൽ കഴിയുന്ന 440-ഓളം കുടുംബാംഗങ്ങൾക്ക് സൗകര്യപ്രദമായി താമസിക്കാൻ കഴിയുന്നില്ല. ഇവരുടെ പുനരധിവാസം പ്രധാന പ്രശ്നമാണ്. കൂലിപ്പണിക്കാരും, തൊഴിൽരഹിതരും, സ്വന്തമായി വരുമാനമില്ലാത്തവരും ഇവരിലുള്ളതിനാൽ ഗവൺമെൻറിൻെറയോ മറ്റ് ഏജൻസികളുടെയോ സഹായമില്ലാതെ സ്വന്തമായി സ്ഥലം വാങ്ങാൻ പോലും ഇവർക്ക് കഴിയില്ല.

തങ്ങളുടെ കഴിവിൻെറ മൂന്നും നാലും മടങ്ങ് പ്രൗഢികാണിക്കത്തക്ക ഭവനങ്ങൾ പണിയുന്നതിനാണ് സാധാരണക്കാർ പോലും പരിശ്രമിക്കുന്നത്. പണമുള്ളവർ ചെലവുകൂടിയ ബുദ്ധിയോടെ പണികഴിപ്പിച്ചിരിക്കുന്ന മാർബിൾ സൗധങ്ങളും പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും കാണാം. സംസ്ഥാനഭവനനിർമ്മാണ ബോർഡും, ഹൗസിംഗ് സൊസൈറ്റിയും, സർവ്വീസ് സഹകരണ ബാങ്കുകളും സ്വകാര്യ ഏജൻസികളും ഭവനനിർമാണവായ്പകൾ നൽകുന്നുണ്ടെങ്കിലും സാധാരണ ജനങ്ങൾക്ക് ഇവയുടെ നടപടിക്രമങ്ങളുടെ നൂലാമാലകൾമൂലം കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

ഭവനനിർമാണവായ്പകൾ ആവശ്യമുള്ളവർക്കെല്ലാം ലഭിക്കത്തക്കവിധത്തിൽ നിലവിലുള്ള വ്യവസ്ഥകൾ ഉദാരമാക്കണം.

1. അമ്പതിനായിരം രൂപയിൽ താഴെ നിർമ്മാണ ചെലവുവരുന്ന വീടുകൾക്കുള്ള വായ്പകളെ പലിശയിൽ നിന്ന് ഒഴിവാക്കേണ്ടതും, പണിയുന്ന വീടിനെ ഈടായി സ്വീകരിക്കുകും വേണം.
2. പൊതുവായി സ്ഥലം കണ്ടെത്തി ഫ്ലാററുകൾ നിർമ്മിച്ച് സാധാരണക്കാർക്ക് താങ്ങാവുന്ന തരം തവണ വ്യവസ്ഥകൾ നിശ്ചയിച്ച് വായ്പയായി നൽകണം.
3. വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തത മൂലം ചെലവും, കൂലിയും വർദ്ധിക്കുന്നതു നിയന്ത്രിക്കാൻ പഞ്ചായത്തിൽ നിർമ്മാണ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് പരിശീലനം നൽകി പണി നടത്തണം.
4. ഭവനനിർമ്മാണസാമഗ്രികൾ മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിനുള്ള ഭവനനിർമ്മാണസാമഗ്രി സഹകരണ സംഘം രൂപീകരിക്കണം.

പഞ്ചായത്തിലെ അഞ്ച് 'ലക്ഷം വീടു'കളിലും 3 കോളനികളിലുമായുള്ള ഭവനങ്ങളുടെ സ്ഥിതി

| No | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | കിണർ | ടാപ്പുകൾ | ആളുകൾ ആകെ |
|---|---|---|---|---|---|---|
| 1 | 3 | കുമാരനല്ലൂർ ലക്ഷം വീട് | 22 | 1 | 1 | 87 |
| 2 | 2 | തൃക്കേൽ കോളനി (റെയിൽവേ പുറംപോക്ക്)1 | 32 | - | - | 104 |
| 3 | 4 | പ്ലാക്കുഴി കോളനി | 26 | 2 | 2 | 143 |
| 4 | 4 | പുല്ലരിക്കുന്ന് കോളനി | 28 | 1 | 1 | 121 |
| 6 | 4 | മുളകുമറ്റം കോളനി | 10 | 1 | 1 | 61 |
| 7 | 4 | റെയിൽവേ ചേരി-നിർമ്മാർജ്ജനകോളനി | 83 | - | 3 | 317 |
| 8 | 11 | പട്ടമുകൾ കോളനി (പട്ടികജാതി) | 36 | - | 2 | 192 |
| 9 | 12 | പള്ളിപ്പുറം കോളനി | 6 | - | - | 39 |
| 10 | 13 | ഉറുമ്പുംകുഴി കോളനി | 12 | 1 | 1 | 42 |
| 11 | 14 | വടക്കനാട്ട് കോളനി | 14 | 1 | 1 | 30 |
| 12 | 14 | പട്ടത്താനം പട്ടികജാതി കോളനി | 7 | 1 | - | 26 |
| | | | 286 | | | |



□ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം മന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവഹിക്കുന്നു (ഫയൽ ഫോട്ടോ).

വിവരക്കണക്കുകൾ താഴെ ചേർക്കുന്നു.

സ്വന്തമായി സ്ഥലം വാങ്ങി വീട് വച്ച് താമസിക്കുവാൻ സാഹചര്യമില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർ മറ്റ് ദുർബ്ബലജനവിഭാഗങ്ങൾ എന്നിവയുടെ എണ്ണം 507 ആണ്. ഇവർക്കായി പഞ്ചായത്ത് സ്ഥലം എടുത്ത് വീടുകൾ നിർമ്മിച്ച് ഇവരെ പുനരധിവസിപ്പിച്ചാൽ മാത്രമേ പാർപ്പിടരംഗത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം പൂർത്തിയാകൂ. കൂടെക്കൂടെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ അപ്പപ്പോൾ പരിഹരിക്കണം. ഇക്കാര്യത്തിൽ റവന്യു ഉദ്യോഗസ്ഥന്മാർ അനാവശ്യമായ കാലതാമസം വരുത്താറുണ്ട്. വിവിധ ഭവനപദ്ധതികൾ പ്രകാരം വായ്പകൾ ലഭിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടി വരുന്നതിനാൽ പലപ്പോഴും ഗുണഭോക്താവിന് വീടുപണികൾ നടത്തുന്നതിന് അനുയോജ്യമായ സന്ദർഭത്തിൽ വായ്പകൾ കിട്ടാറില്ല.

ഭവന നിർമ്മാണരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ.

1. ഭവനനിർമ്മാണ പദ്ധതിപ്രകാരം വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുക.
2. പഞ്ചായത്തുതലത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സൊസൈറ്റികൾ രൂപീകരിച്ച്, നിർമ്മാണവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണം നടത്തുന്നതിനും ഈ സൊസൈറ്റികളെ ഏല്പിക്കുക.
3. ഭവനനിർമ്മാണ പദ്ധതികൾ ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കുക.
4. ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.
5. ചെലവ് കുറഞ്ഞ വീടുകൾക്ക് പലിശയിളവ് അനുവദിക്കുക.
6. ഭവന നിർമ്മാണത്തിന് 5 ലക്ഷം രൂപ വരെ പരിധി ഏർപ്പെടുത്തുക.
7. ദുർബല വിഭാഗങ്ങളുടെ ഭവനങ്ങളിൽ സാനിട്ടേഷൻ സൗകര്യവും വൈദ്യുതിയും എത്തിക്കുക.
8. ആർഭാടകരമായ കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
9. എല്ലാ ഭവന നിർമ്മാണ വായ്പകളും 5000/- രൂപയായി വർദ്ധിപ്പിക്കുക.

നിർദ്ദേശം

10. പുനരധിവാസ ഭവന പദ്ധതി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിലയ്ക്ക് സ്ഥലം എടുക്കുവാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക.
11. ലക്ഷം വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുക.
12. പട്ടിക ജാതിയിൽപ്പെട്ട ആളുകൾക്ക് വീടുവയ്ക്കുവാൻ അനുവദിക്കുന്ന തുക 20,000 ആയി വർദ്ധിപ്പിക്കും.

വിവിധ ഏജൻസികൾ മുഖേന പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ദുർബല വിഭാഗങ്ങൾക്കുവേണ്ടി ഭവന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. എങ്കിൽപോലും സ്വന്തമായ വീടും സൗകര്യങ്ങളും ഇല്ലാത്ത വളരെയധികം കുടുംബങ്ങൾ ഈ പഞ്ചായത്തിൻെറ പ്രദേശങ്ങളിൽ മറ്റുള്ളവരുടെ സഹായത്താലും പുറംപോക്കിലും താമസിക്കുന്നു. ഇവരുടെ പുനരധിവാസമാണ് പഞ്ചായത്തിൻെറ അടിയന്തിരശ്രദ്ധ പതിയേണ്ട വിഷയം.

### വിവിധ ഭവന പദ്ധതികളിലൂടെ ഗവൺമെൻറ് സഹായത്തോടെ നിർമ്മിച്ച വീടുകൾ (1993 മുതൽ)

| നമ്പർ | പദ്ധതിയുടെ പേര് | വീടുകളുടെ എണ്ണം | പട്ടികജാതി | മറ്റുള്ളവർ |
|---|---|---|---|---|
| 1 | ജെ.ആർ.വൈ | 18 | 18 | 00 |
| 2 | ഉപാധിരഹിതഫണ്ട് | 15 | 15 | 00 |
| 3 | കൈരളി | 75 | - | 75 |
| 4 | രാജീവ് ദശലക്ഷം 1996-ൽ | 127 | - | 127 |
| 6 | ഇന്ദിരാ ആവാസ്യോജന | 15 | - | 15 |
| | മൊത്തം | 250 | 33 | 217 |

അവലംബം: ദ്വിതീയവിവര ശേഖരണം.

പഞ്ചായത്തിൽ ജെ.ആർ.വൈ, ഉപാധിരഹിത ഫണ്ട്, കൈരളി, രാജീവ് ദശലക്ഷ പദ്ധതി, ഇന്ദിര ആവാസ്യോജന എന്നീ പദ്ധതികളിലായി 33 പട്ടിക ജാതിക്കാർക്കും, 217 വീടുകൾ ജനറൽ സെക്ടറിലും നൽകിയിട്ടുണ്ട്.

## സാമൂഹ്യക്ഷേമം

കോട്ടയം പട്ടണത്തിൻേറയും മെഡിക്കൽ കോളേജിൻേറയും മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് സാമൂഹ്യ ക്ഷേമരംഗത്ത് ഇനിയും

മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. 49139 ജനങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്ത് പ്രദേശം 100% സാക്ഷരത നേടിയതാണ്. വർദ്ധിച്ചുവരുന്ന ഈ സംഖ്യയുടെ തോതനുസരിച്ച് ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിത മാക്കേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന് IRDP പദ്ധതി ഉപയോഗപ്പെടുന്നു. 1996 വരെ ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ 2294 ആണ്. ഇതിൽ 186 കുടുംബങ്ങൾക്ക് IRDP സഹായം ലഭിച്ചിട്ടുണ്ട്. ആ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | സബ്സിഡി | വായ്പ | SC/ST |
|---|---|---|---|---|
| 92-95 | 49 | 2.50 ലക്ഷം | 3.50 ലക്ഷം | 20 |
| 93-94 | 67 | 2.72 ലക്ഷം | 5.14 ലക്ഷം | 9 |
| 94-95 | 29 | 1.20 ലക്ഷം | 3.68 ലക്ഷം | 11 |
| 95-96 | 43 | 1.82 ലക്ഷം | 6.82 ലക്ഷം | 9 |

അവലംബം- ദ്വിതീയ വിവര ശേഖരണം

സാമൂഹ്യക്ഷേമപ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ ഇനം പെൻഷനുകൾ

1. വിധവാ പെൻഷൻ
2. വാർദ്ധക്യകാല പെൻഷൻ
3. വികലാംഗ പെൻഷൻ
4. ക്ഷയ രോഗികൾക്കുള്ള പെൻഷൻ
5. ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ
6. കർഷകത്തൊഴിലാളി പെൻഷൻ എന്നിവയാണ്.

കാലാകാലങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന നിയമങ്ങൾക്ക് വിധേയമായി നമ്മുടെ പഞ്ചായത്ത് പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1996-ൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള വാർദ്ധക്യകാലപെൻഷന് അർഹതയുള്ള 53 ആളുകളെ തെരഞ്ഞെടുത്ത് പഞ്ചായത്ത് ലിസ്റ്റ് ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട പെൻഷനുകൾ തുടർച്ചയായി അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല. ഇതുമൂലം ഇത് മാത്രമാശ്രയിച്ചുകഴിയുന്ന അഗതികളായിട്ടുള്ള ആൾക്കാർ വളരെ ബുദ്ധിമുട്ടുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വളരെ പ്രചാരം ലഭിച്ചിട്ടും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി പുതിയ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് സാമൂഹ്യനീതി ഉറപ്പാക്കണമെന്ന് ആഗ്രഹിക്കുന്നു.

| നമ്പർ | പെൻഷനുകൾ | എണ്ണം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|---|
| 1. | വിധവാപെൻഷൻ | 101 | 101 | - | 101 |
| 2. | വികലാംഗപെൻഷൻ | 82 | 12 | 70 | 82 |
| 3. | വാർദ്ധക്യകാലപെൻഷൻ | 34 | 20 | 14 | 34 |
| 4. | ക്ഷയ രോഗിപെൻഷൻ | 41 | 1 | 40 | 41 |
| 5 | കർഷകത്തൊഴിലാളി പെൻഷൻ | 269 | 150 | 119 | 2 |
| 6. | ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ | 4 | 1 | 3 | 4 |

അവലംബം : ദ്വിതീയ വിവര ശേഖരണം.

തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കോട്ടയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തൊഴിൽ രഹിതവേതനം ലഭിക്കുന്നുണ്ട്. കുമാരനല്ലൂർ പഞ്ചായത്തിലെ തൊഴിൽരഹിതരും അഭ്യസ്ഥ വിദ്യരുമായ 612 യുവതീയുവാക്കൾക്ക് തൊഴിൽ രഹിതവേതനം ലഭിക്കുന്നുണ്ട്.

പട്ടിക A

| നമ്പർ | | സ്ത്രീ | പുരുഷൻ | പട്ടികജാതി പട്ടികവർഗ്ഗം | ആകെ |
|---|---|---|---|---|---|
| 1. | തൊഴിൽരഹിത വേതനം | 322 | 290 | 113 | 612 |

IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിലെ ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം 257 ആണ്. ഇതിൽ 3 പേർക്ക് തൊഴിലുപകരണം നൽകിയിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

## DWCRA സഹായലഭ്യതാ കണക്ക്

| വർഷം | തൊഴിൽ സംരംഭം | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 94-95 | ഡയറി യൂണിറ്റ് | 10 |
| 95-96 | മെറ്റൽ ക്രഷിംഗ് യൂണിറ്റ് | 10 |

അവലംബം: ദ്വിതീയ വിവര ശേഖരണം.

ഈ പഞ്ചായത്തിൽ 14 വാർഡുകൾ ഉള്ളതിനാൽ കേവലം 2 വാർഡുകളിൽ മാത്രമാണ് DWCRA യുടെ യൂണിറ്റ് പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിലെ സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമത്തിനായി വാർഡുകൾ തോറും അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്. ഇതുമൂലം പഞ്ചായത്തിലെ തൊഴിൽരഹിതരായ യുവതികൾക്ക് തൊഴിൽ നൽകാനും അതുമൂലം ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കുവാനും സാധിക്കും.

## ട്രൈസം പദ്ധതി

യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി.

## ട്രൈസം പരിശീലന ലഭ്യത കണക്ക്

| വർഷം | എണ്ണം |
|---|---|
| 92-93 | 8 |
| 93-94 | 1 |
| 94-95 | 4 |
| 95-96 | 5 |
| 96-97 | 6 |
| ആകെ | 24 |

അവലംബം: ദ്വിതീയ വിവര ശേഖരണം

ഈ പദ്ധതിയിൻ കീഴിൽ തൊഴിൽ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുവാനുള്ള വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം. ട്രൈസം പദ്ധതിയിൻ കീഴിൽ പരിശീലനം നേടാൻ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ മടികാണിക്കുന്നതും ഒരു പ്രശ്നമാണ്. അതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് ഉദ്യോഗാർത്ഥികളെ ബോധവാന്മാരക്കേണ്ടതുണ്ട്. 1992 മുതൽ 1996 വരെ ഈ പഞ്ചായത്തിൽ 24 പേർക്കുമാത്രമേ തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളൂ എന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്.

## നിർദ്ദേശം

കൂടുതൽ അഭ്യസ്ത വിദ്യർക്ക് ട്രൈസം പദ്ധതിയിൽ പരിശീലനം നൽകുകയും അവർക്ക് പരിശീലനം തീരുന്ന മുറയ്ക്ക് IRDP സഹായം ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ വകുപ്പിൽ കീഴിൽ പ്രവർത്തിക്കുന്ന 2 ബാലവാടികൾ ഈ പഞ്ചായത്തിൽ ഉണ്ട്. അംഗൻവാടികൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

IRDP സർവ്വേപ്രകാരം ഈ പഞ്ചായത്തിൽ സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത 2223 വീടുകൾ ഉള്ളതിൽ 75 വീടുകൾക്കുമാത്രമേ വിവിധ പദ്ധതികളിലായി കക്കൂസുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ.

ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾ മരണപ്പെട്ടാൽ അവരെ അടക്കം ചെയ്യുന്നതിന് 4-ാം വാർഡിൽ 40 cent വിസ്തീർണ്ണം വരുന്ന ഒരു പൊതു ശ്മശാനമുണ്ട്. ഈ ശ്മശാന പ്രദേശം വളരെ ജനസാന്ദ്രതയേറിയതിനാൽ ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം.

## പൊതുവിതരണ കേന്ദ്രം

ഈ പഞ്ചായത്തിലാകെ 16 റേഷൻകടകൾ ഉണ്ട്. 7673 കാർഡ് ഉടമകൾ ഉണ്ട്. പൊതുവിതരണ ശൃംഖലയിൽ റേഷൻ കടകൾ അല്ലാതെ മറ്റൊരു സ്ഥാപനവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കുമാരനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൻെറ ആഭിമുഖ്യത്തിൽ 1995 വരെ സംക്രാന്തിയിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്നു. അത് ഇപ്പോൾ പ്രവർത്തനരഹിതമാണ്.

## നിർദ്ദേശം

1) കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

2) അംഗൻവാടികൾ ബ്ളോക്കടിസ്ഥാനത്തിൽ പ്രോജക്ടുണ്ടാക്കി സ്ഥാപിക്കുക.

3) റേഷൻ കടകളുടെ മേലധികാരം പഞ്ചായത്ത് ഏറ്റെടുത്ത് പ്രശ്ന പരിഹാരം നടത്തേണ്ടതാണ്.

4) പഞ്ചായത്തിലെ ജനങ്ങളിൽ ഉപഭോക്തൃ സംസ്ക്കാരം വളർത്തിയെടുക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും സംരക്ഷണ സേന രൂപീകരിക്കുക.

പെൻഷൻ പദ്ധതികൾ ലളിതവും ക്രിയാത്മകവുമാകത്തക്കവിധത്തിലുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. എല്ലാവിധ പെൻഷനുകളും പ്രതിമാസം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

2. പെൻഷനുകൾ അനുവദിക്കുന്നതിനുള്ള നിയമ നടപടികൾ ലഘൂകരിക്കുക.

3. വിവിധ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിക്കുന്നതും അനുവദിക്കുന്നതും പഞ്ചായത്തു മുഖേനയാക്കുക.

4. പെൻഷൻ സംബന്ധിച്ചുള്ള അന്വേഷണം പഞ്ചായത്ത് മെമ്പർമാരുടെ അധികാര പരിധിയിൽ പെടുത്തുക.

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികളും നിർദ്ദേശങ്ങളും പൂർണ്ണമായി നടപ്പാക്കേണ്ടതാണ്. സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ നമ്മുടെ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടേയും സഹകരണത്തോടെ നടപ്പാക്കുന്നതാണ്.

ഈ പഞ്ചായത്തിൽ 232 വികലാംഗർ ഉണ്ട്. ഇവരുടെ ക്ഷേമപ്രവർത്തനത്തിന് തൊഴിൽ ബാധ്യതകളും ആരായുന്നതിനും സമൂഹത്തിലെ അവഗണിക്കപ്പെട്ടു കിടക്കുന്ന ഈ വിഭാഗത്തെ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരുന്നതിന് ആവശ്യമായ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ 14 കേന്ദ്രങ്ങളിൽ ബാങ്കുകൾ സ്ഥാപിച്ച് വികലാംഗരെ പുനരധിവസിപ്പിക്കണം.

2. വൈകല്യത്തിന്റെ ഘടനയനുസരിച്ച് പഠനോപകരണങ്ങളും തൊഴിൽ ഉപകരണങ്ങളും വിതരണം ചെയ്യണം.

3. വികലാംഗക്ഷേമത്തിനായി വികലാംഗസഹകരണസംഘം രൂപീകരിക്കുക.

4. പഞ്ചായത്തിൽ പുതിയതായി ആരംഭിക്കാൻ നിർദ്ദേശിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വികലാംഗർക്ക് ഒരു യൂണിറ്റ് സംവരണം ചെയ്യുക.

## X. വികലാംഗരേക്കുറിച്ചുള്ള സ്ഥിതിവിവരം ചുവടെ ചേർക്കുന്നു

| നമ്പർ | പ്രായം താഴെ | 40% മേൽ | 40% | 100% | | ആകെ | |
|---|---|---|---|---|---|---|---|
| 1 | | 86 | 118 | 28 | – | 232 | |
| 2 | 5 വയസ്സിൽ താഴെ | – | – | – | – | 17 | |
| 3 | 5 വയസ്സിനു മേൽ | – | – | – | – | 215 | |
| 4 | 9std താഴെ വിദ്യാഭ്യാസമുള്ളവർ | – | – | – | – | 60 | |
| 5 | 9 std മേൽ വിദ്യാഭ്യാസമുള്ളവർ | – | – | – | – | 32 | 92 |

വിദ്യാഭ്യാസ യോഗ്യരല്ലാത്തവർ 140 പേർ ഉണ്ട്. ഇവർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കഴിവില്ല.

## കുമാരനല്ലൂർ ഗ്രാമ പഞ്ചായത്തിലെ 16 റേഷൻ കടകളിലുമുള്ള കാർഡുടമകളുടെ എണ്ണം

| No. | റേഷൻ കടയുടെ നമ്പർ | കാർഡുടമകളുടെ എണ്ണം |
|---|---|---|
| 1 | ARD 44 | 384 |
| 2 | ARD 45 | 467 |
| 3 | ARD 47 | 573 |
| 4 | ARD 48 | 367 |
| 5 | ARD 49 | 668 |
| 6 | ARD 129 | 577 |
| 7 | ARD 130 | 489 |
| 8 | ARD 235 | 452 |
| 9 | ARD 236 | 517 |
| 10 | ARD 239 | 627 |
| 11 | ARD 240 | 468 |
| 12 | ARD 241 | 408 |
| 13 | ARD 242 | 501 |
| 14 | ARD 361 | 544 |
| 15 | ARD 410 | 282 |
| 16 | ARD 414 | 369 |
| | ആകെ | 7693 |

# ഉപസംഹാരം

73-ാം ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പഞ്ചായത്ത് രാജ് നിയമം അധികാരം ജനങ്ങൾക്ക് നല്കിയിരിക്കുകയാണ്. ഇത് പ്രാവർത്തികമാക്കുവാൻ ശക്തമായ പ്രാദേശിക ഭരണകൂടങ്ങൾ ഉണ്ടാകണം.

ആസൂത്രണം താഴെ തലത്തിൽ നിന്നും ആരംഭിച്ച് വികസനപ്രതിസന്ധിതരണം ചെയ്ത് വളർച്ച കൈവരിച്ചാൽ മാത്രമേ പ്രാദേശികഭരണകൂടങ്ങൾ ശക്തമാകുകയുള്ളു. ഈ ലക്ഷ്യത്തോടെയാണല്ലോ ജനകീയ ആസൂത്രണപരിപാടികൾ ആരംഭിച്ചിട്ടുള്ളത്.

എന്നാൽ നമ്മുടെ പഞ്ചായത്ത് രാജ് നിയമം ധൃതിയിൽ പാസ്സാക്കിയതാകയാൽ വളരെ യധികം അവ്യക്തതകൾ ഉണ്ടായിട്ടുണ്ട്. ഈ ന്യൂനതകൾ പരിഹരിച്ച് നിയമത്തിന് വ്യക്തത ഉണ്ടായെങ്കിലേ ശരിയായ അധികാരവികേന്ദ്രീകരണം സാധ്യമാവുകയുള്ളു. അതുപോലെ തന്നെ നിയമങ്ങൾ ഫലപ്രദമായി പ്രയോഗിക്കുവാൻ ചില തടസങ്ങൾ ഉണ്ട്. 50 -ൽ പരം നിയമങ്ങൾ പൊളിച്ചെഴുതിയെങ്കിൽ മാത്രമേ നിലവിലുള്ള നിയമം അനുസരിച്ച് പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. അതോടൊപ്പം ആവശ്യമായ നടപടിക്രമങ്ങളും, ചട്ടങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയമിച്ച ഡോ.എസ്.ബി.സെൻ കമ്മറ്റിയുടെ ഇടക്കാലറിപ്പോർട്ട് നൽകി കഴിഞ്ഞിട്ടുണ്ട്. താമസിയാതെ സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കും. ഈ റിപ്പോർട്ടിൽ യഥാർത്ഥ അധികാരവികേന്ദ്രീകരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടായിരിക്കും എന്നു പ്രതീക്ഷിക്കാം. അത്തരം നിർദ്ദേശങ്ങൾ താമസംവിനാ നടപ്പാക്കി അധികാരവികേന്ദ്രീകരണം കുറ്റമറ്റതാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ 14 ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന വികസന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോർകമ്മറ്റികൾ തയ്യാറാക്കിയ, പഞ്ചായത്തുസമിതി അംഗീകരിച്ച 13 വികസന റിപ്പോർട്ടുകളാണ് ഇവിടെ പരിഗണനയ്ക്കു വച്ചിട്ടുള്ളത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കർമ്മസേനകൾ രൂപീകരിക്കും. ഇവർ തയ്യാറാക്കുന്ന പ്രൊജക്ടുകൾ പഞ്ചായത്തു ഭരണസമിതി മുൻഗണനാക്രമം നിശ്ചയിച്ച് സർക്കാരിനു സമർപ്പിക്കുന്നതാണ്.

സർക്കാർ ഈ പദ്ധതികൾ അംഗീകരിച്ച് അവയുടെ നടത്തിപ്പിനാവശ്യമായ സാമ്പത്തികം അനുവദിക്കും. അതോടൊപ്പം നമ്മുടെ തനതായ സാമ്പത്തികവും മനുഷ്യശേഷിയും സമാഹരിച്ച് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയാൽ ദ്രുതഗതിയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് സമഗ്രവികസനം കൈവരിക്കുവാൻ കഴിയും. ഈ ലക്ഷ്യത്തിൽ അടിപതറാതെ ഒരു മനസ്സായി നമുക്കു പ്രവർത്തിക്കാം.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ കാർഷിക വ്യാവസായിക, വിദ്യാഭ്യാസമേഖലകളടക്കം 12 വികസനമേഖലകളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും വികസനത്തിനുമായുള്ള ഈ റിപ്പോർട്ട് കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ പരമാധികാരികളായ ജനങ്ങളുടെ വിശകലനത്തിനും ചർച്ചയ്ക്കും, നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസനസെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

എന്ന്

തമ്പാൻ തോമസ് പ്രസിഡൻറ്

ഗ്രാമപഞ്ചായത്ത്

കുമാരനല്ലൂർ

# വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

**കൃഷി- ജലസേചനം**

പി.കെ. നാരായണപിള്ള(ചെയർമാൻ)

ഓ.ജെ.തോമസ്

പി.ബാലകൃഷ്ണപിള്ള

പി.എ. ശ്രീധരൻനായർ

**മൃഗസംരക്ഷണം - മത്സ്യബന്ധനം**

കുട്ടപ്പൻ വെട്ടിക്കനാൽ (ചെയർമാൻ)

കോട്ടയം മണി

ഡോ. ജയചന്ദ്രൻ

**വ്യവസായം**

ചിന്നമ്മവർഗ്ഗീസ് (ചെയർപേഴ്സൺ)

സാബു മാത്യു

ഏ.അബ്ദുൾ ലത്തീഫ്

**വൈദ്യുതി - ഗതാഗതം**

റ്റി.സി. റോയി (ചെയർമാൻ)

കോട്ടയം മണി

റെജി മാത്യു

**പാർപ്പിടം - സാമൂഹ്യക്ഷേമം**

രമാദേവി രവീന്ദ്രൻ (ചെയർപേഴ്സൺ)

ജയശ്രീ പ്രസന്നൻ

ബാബു. പി.റ്റി.

**കുടിവെള്ളം - പൊതുജനാരോഗ്യം**

ഇ.പി.ചെല്ലപ്പൻ (ചെയർമാൻ)

പി.എസ്. കുഞ്ഞൻ

സൂസൻ ഏബ്രഹാം

**വിദ്യാഭ്യാസം**

സി.എൻ. വാസന്തിക്കുട്ടി (ചെയർപേഴ്സൺ)

പി. പ്രകാശ്

റ്റി.കെ. ശ്രീകുമാർ

സി.വി. ലൂക്കോസ്

**വനിതാക്ഷേമം**

ആലീസ് ജോസഫ് (ചെയർപേഴ്സൺ)

കെ.ജി.വിശ്വം

വി.ആർ. രാമൻകുട്ടി

**പട്ടികജാതി - പട്ടികവർഗ്ഗ വികസനം**

പി.ജെ. സുധീന്ദ്രകുമാർ (ചെയർമാൻ)

ബേബി പ്രസാദ്

എം.കെ. നാരായണൻ

**സംസ്കാരം - വാർത്താവിനിമയം**

റ്റി.ആർ. ഹാഷിക് (ചെയർമാൻ)

ഷാജി ജോസഫ്

അജിത് കുരുവിള

**സഹകരണം**

ഐപ്പ് മുതലക്കോണം (ചെയർമാൻ)

കോട്ടയം മണി

കെ. പി. ഗോപാലകൃഷ്ണൻ നായർ

കെ.പി. മാണി

**വിഭവസമാഹരണം**

കെ.എൻ. ശിവരാമപിള്ള (ചെയർമാൻ)

രവീന്ദ്രവർമ്മ

പി.ജെ.സുധീന്ദ്രകുമാർ




"എൻജന്മഗേഹമാകുമീകേരളം
നിൻകരവിരുതിനാൽ മനോജ്ഞമായിടും
സ്വച്ഛത, സുഭിക്ഷത കളിയാടുമിടം
പ്രകൃതി നിൻവരദാനമാണല്ലോ നിത്യം."